III B 129
3067

# മതം
# ശാസ്ത്രവേദിയിൽ

— രണ്ടാംഭാഗം —

അതിസ്വാഭാവികമതം

TR

# മതം ശാസ്ത്രവേദിയിൽ

എസ്. എച്ച്. ലീഗ്,

൧൮൪൦

# മതം ശാസ്ത്രവേദിയിൽ

(രണ്ടാം ഭാഗം)

SACRED HEART PROVINCIAL LIBRARY
No 3067
111 B 129
C 13
M 32
ACHARYA PALACKAL JEEVASS KENDRAM
LIBRARY
3062

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത് P. O.

വില 1രൂ. 62 ന. പൈ.

ഒന്നാം പതിപ്പ്
അഗസ്റ്റ് 28—1957

കോപ്പി 2,000

M/239
MAT

---

**NIHIL OBSTAT**

Fr. Michael Angel, O. C. D.,
*Rector. Ap. Seminary.*

*Alwaye,*
*27-8-1957.*

**IMPRIMATUR**

† Joseph Attipetty,
*Abp. of Verapoly.*

*Ernakulam,*
*28-8-'57.*

---

പകർപ്പവകാശം എസ്. എച്ച്. ലീഗിന്

Printed by Bro. C. F. Joseph, at the J. M. Press,
Ap. Seminary, Alwaye North P. O. (S India)

SACRED HEART PROVINCIAL LIBRARY
No ... ... ...

# രചയിതാക്കൾ

റവ. സിബാസ്റ്റ്യൻ മങ്കുഴിക്കരി

" ജേക്കബ് നെടുങ്കല്ലേൽ

" സിറിയക്ക് പടിഞ്ഞാറേമണ്ണിൽ

" ജോസഫ് പാനാപ്പള്ളിൽ

" പീററർ സേവ്യർ പുല്ലുവിള

" ജെയിംസ് ചാവേലി

" സിബാസ്റ്റ്യൻ തുരുത്തേൽ

" അലക്സാണ്ടർ ചെറുകരക്കുന്നേൽ

" ജോസഫ് മനക്കിൽ

# മതം ശാസ്ത്രവേദിയിൽ

## വിഷയസൂചി(*)

### ഒന്നാമദ്ധ്യായം

### മതത്തിന്റെ സ്വഭാവവും ആവശ്യകതയും

മതശബ്ദം–2. ഉൽപത്തിയും അർത്ഥവ്യാപ്തിയും–2. മതത്തിന്റെ ഘടകങ്ങൾ–4. എന്താണു മതം?–5. മതം സ്വാഭാവികവും അതിസ്വാഭാവികവും–6.

മതത്തിന്റെ ആവശ്യകത

i സാർവ്വത്രികസമ്മതത്തിൽനിന്ന്–7. മതത്തിന്റെ സാർവ്വത്രികത അതിന്റെ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുന്നു–9.

ii മനുഷ്യൻ ഈശ്വരനെ സർവ്വഥാ ആശ്രയിച്ചിരിക്കുകകൊണ്ടു മതം ആവശ്യകമാണ്–12. iii ദൈവനിർദ്ദിഷ്ടമായ പൂർണ്ണതപ്രാപിക്കാൻ–15. iv ദൈവമഹത്വത്തിനു മതം ആവശ്യകമാകുന്നു–16. v ധാർമ്മികതയുടെ നിലനില്പിനു മതം ആവശ്യകമാകുന്നു–18. മതംകൂടാതെ ധാർമ്മികനിയമങ്ങൾക്കു പര്യാപ്തമായ അനുശാസനം കണ്ടെത്തുക സാദ്ധ്യമല്ല–20. a) ലൗകികാധികാരത്തിനു കഴിവില്ല–21. b) ധർമ്മാധർമ്മങ്ങളുടെ സ്വാഭാവികഫലങ്ങൾ പര്യാപ്തമായ അനുശാസനമാവുകയില്ല–23. c) മതത്തിന്റെ അനുശാസനമാണ് ഏററം ശക്തിമത്തായ അനുശാസനം–26. d) ജ്ഞാനവർദ്ധനവും മതിയാകയില്ല–27. vi ഐഹികജീവിതം സുഗമമാക്കുവാൻ മതം ആവശ്യകമാകുന്നു–29. vii സമുദായത്തിന്റെ നിലനില്പിനു മതം

(*) സംഖ്യകൾ പേജ്നംബർ സൂചിപ്പിക്കുന്നു.

ആവശ്യകമാണ്-32. viii രാഷ്ട്രത്തിന്റെ സുസ്ഥിതിക്ക മതം ആവശ്യകമാകുന്നു-33. എന്തുകൊണ്ട സാധ്യമല്ല-35.

രണ്ടാമദ്ധ്യായം

മതാത്മകമായ അനുഷ്ഠാനങ്ങൾ

*(Acts of Religion).*

A) ആന്തരികകൎത്തവ്യങ്ങൾ-38. i ബുദ്ധിയുടെ കൎത്തവ്യം-മതാത്മകജ്ഞാനസമ്പാദനം-39. ii ഇച്ഛാശക്തിയുടെ കൎത്തവ്യങ്ങൾ-42. ഇച്ഛാശക്തിയുടെ മതാത്മകകൃത്യം ദൈവത്തെ സ്രഷ്ടാവും പരമാന്ത്യവുമായി ആരാധിക്കുന്നതിൽ അടങ്ങിയിരിക്കുന്നു-42. a) ആത്മാർപ്പണവും വിധേയത്വവും-43. b) സ്നേഹവും പ്രത്യാശയും-44. ഇച്ഛാശക്തിയുടെ ലക്ഷ്യം: ദൈവത്തെ സ്നേഹിക്കുക-45. B) മതപരമായ വികാരങ്ങൾ-48. വികാരങ്ങൾക്കുള്ള സ്ഥാനം-49. c) മതത്തിന്റെ ബാഹ്യമായ കൎത്തവ്യങ്ങൾ-51. 1) ആന്തരികകൎത്തവ്യങ്ങളുടെ സ്വഭാവത്തിൽനിന്ന്-51. 2) മനുഷ്യന്റ് ആത്മശരീരങ്ങളെസ്സംബന്ധിച്ച ദൈവത്തോടുള്ള വിധേയത്വത്തിൽനിന്ന്-53. 3) മനുഷ്യന്റെ സാമൂഹികസ്വഭാവത്തിൽനിന്ന്-54.

മൂന്നാമദ്ധ്യായം

a) മതത്തിനെതിരായ ആക്ഷേപങ്ങൾ

i ദൈവത്തിനു മനുഷ്യന്റെ മതാനുഷ്ഠാനം ആവശ്യമില്ല-56. ii നിൎമ്മതരുടെ സംഖ്യ വിപുലമാണുപോലും-58. a) മതത്തെ എതിർക്കുന്നവരെല്ലാം നിൎമ്മതരല്ല-59. b) വെറും അഭിനയം-59. c) രാഷ്ട്രത്തിന്റെ ബലാൽകാരം-60. d) നിൎമ്മതമായ വിദ്യാഭ്യാസം-61. e) ധാർമ്മികമായ അധ:പതനം-61. iii ഒരു മതവിശ്വാസവുമില്ലാത്തവരിലും ധർമ്മനിരതർ അനേകരുണ്ട്. അതിനാൽ, ധാർമ്മികതയുടെ നിലനില്പിനു മതം ആവശ്യകമല്ല-62.

b) മതോൽപത്തിയെക്കുറിച്ചുള്ള അഭിമതങ്ങൾ

i "മതം മനുഷ്യൻെറ കണ്ടുപിടിത്തമാണ്"–66. ii "ഭയമാണു മതോൽപത്തിക്കു നിദാനം"–67. iii മതം ഭാവനയിൽനിന്നുണ്ടായി–70. a) ഫെററിഷിസം (Fetishism)–73. b) അനിമിസം (Animism)–74. c) മാനിസം (Manism)–75. d) ടോട്ടമിസം (Totemism)–76. e) മാജിസം (Magism)–78. തീയറികളുടെ ഖണ്ഡനം–79. i ഫെററിഷിസം–79. ii അനിമിസവും മാനിസവും–80. iii ടോട്ടമിസം–83. iv മാജിസം–85. പൊതുഖണ്ഡനം–88. പൗരാണികമതത്തിലെ ഏകദൈവവിശ്വാസം–96. ഏകദൈവവിശ്വാസം മർത്ത്യവംശത്തിൻെറ ആദിമമതം–103.

# മതം ശാസ്ത്രവേദിയിൽ

## (രണ്ടാംഭാഗം—അതിസ്വാഭാവികമതം)

### ഒന്നാമദ്ധ്യായം

### ആവിഷ്കരണം

i എന്താണ് ആവിഷ്കരണം? (Divine Revelation)–110. ii ആവിഷ്കരണം സംഭവ്യമോ?–115. iii ആവിഷ്കരണത്തിൻെറ ഘടകങ്ങൾ–116. a) ആവിഷ്കരണകർത്താവായ ദൈവം–116. b) ആവിഷ്കരണത്തെ സ്വീകരിക്കുന്ന മനുഷ്യൻ–117. c) ആവിഷ്കൃതസത്യങ്ങൾ–119 എതിർവാദങ്ങൾ–119.

### രണ്ടാമദ്ധ്യായം

### ആവിഷ്കൃതമതത്തിൻെറ ആവശ്യകത

ആവിഷ്കരണത്തിൻെറ അഭാവത്തിൽ മനുഷ്യകുല

ത്തിന്റെ സ്ഥിതി എന്തായിരുന്നു?–126. അവരുടെ ദൈവവിശ്വാസം–126. അവരുടെ സദാചാരം–127.

മൂന്നാമദ്ധ്യായം

ആവിഷ്കരണത്തിന്റെ നിർണ്ണായകലക്ഷണങ്ങൾ

നിർണ്ണായകലക്ഷണങ്ങളുടെ ആവശ്യകത–133. പ്രസ്തുതലക്ഷണങ്ങളുടെ നിർവ്വചനം–134. അവയുടെ തരംതിരിവുകൾ:- i) ആഭ്യന്തരം–136. ii) ബാഹ്യം. 1. ആഭ്യന്തരലക്ഷണങ്ങൾ: a) നിഷേധകലക്ഷണങ്ങൾ–136. b) സ്ഥാപകലക്ഷണങ്ങൾ–137. 2. ബാഹ്യലക്ഷണങ്ങൾ. a) നിഷേധകലക്ഷണങ്ങൾ–137. b) സ്ഥാപകലക്ഷണങ്ങൾ–138. ഇപ്പറഞ്ഞ ലക്ഷണങ്ങളുടെ വിലയിരുത്തൽ–139.

നാലാമദ്ധ്യായം

അത്ഭുതം

എന്താണ് അത്ഭുതം?–143. അത്ഭുതം സംഭവ്യമോ?–144. അത്ഭുതം സംശയരഹിതമാംവിധം ഗ്രാഹ്യമാണ്, ചരിത്രപരമായും താത്വികമായും–147. i) അത്ഭുതം ചരിത്രപരമായി ഗ്രാഹ്യമാണ്–148. ii) അത്ഭുതം താത്വികമായും ഗ്രാഹ്യമാണ്–149. അത്ഭുതത്തിന്റെ സ്ഥാപകശക്തി–151

അഞ്ചാമദ്ധ്യായം

അത്ഭുതം–എതിർവാദങ്ങൾ—152.

ആറാമദ്ധ്യായം

പ്രവചനം

എന്താണ് പ്രവചനം?–163. പ്രവചനം സാദ്ധ്യമോ?–164. പ്രവചനം ഗ്രാഹ്യമാണ്: i) ഒരു ചരിത്രവസ്തുതയെന്ന നിലയ്ക്കും, ii) ദൈവഹേതുകകാര്യമെന്ന നിലയ്ക്കും–166. പ്രവചനത്തിന്റെ സ്ഥാപകശക്തി–167.

ഏഴാമദ്ധ്യായം

വേദപുസ്തകം

അതിൻെറ ചാരിത്രികപ്രാമാണ്യം-169. പഴയനിയമം-170. മാനദണ്ഡങ്ങൾ. പഴയനിയമത്തിന് ഇപ്പറഞ്ഞ ത്രിവിധ ഗുണങ്ങളുണ്ട്. 1) അകൃത്രിമത-175. 2) അവികലത-176. 3) വാസ്തവികത-177. പുതിയനിയമവും ലക്ഷണസംയുക്തമായ ചരിത്രരേഖയാണ്-178. I അകൃത്രിമത-180. A ബാഹ്യതെളിവുകൾ i) ആദിമശതകങ്ങളിലെ ക്രിസ്തീയ ഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങൾ-181. ii) പാഷണ്ഡികളുടെ സാക്ഷ്യം-186. iii) അക്രൈസ്തവരുടെ സാക്ഷ്യങ്ങൾ-187. B ആഭ്യന്തരതെളിവുകൾ-189. II അവികലത-192. III വാസ്തവികത-195. C ഗവേഷണസിദ്ധമായ തെളിവുകൾ-200.

എട്ടാമദ്ധ്യായം

പുതിയനിയമം-ആക്ഷേപങ്ങൾ

I റാഷണലിസ്റ്റുകളുടെ തീയറികൾ

a) വഞ്ചനാസിദ്ധാന്തം—The Theory of Deception. b) സ്വാഭാവികസിദ്ധാന്തം—The Theory of Naturalism 207. c) കല്പിതകഥാവാദം—The Mythical Theory. d) പരിണാമവാദം—The Tendency Theory-208. e) അജ്ഞേയവാദം—The Theory of Scepticism. f) സ്വതന്ത്രവാദം—The Theory of the Liberal School. g) ശുഭാന്ത്യപ്രതീക്ഷാവാദം—The Eschatological Theory-209. h) തത്വരഞ്ജനാവാദം—The Theory of Syncretism i) സംയുക്തവാദം—The Theory of Form-Criticism-210. II വി. യോഹന്നാൻെറ

സുവിശേഷം–212. പ്രതിപക്ഷം കൊണ്ടുവരുന്ന മറേറ യോഹന്നാൻ–213. തമ്മിൽ പൊരുത്തമില്ല!-214. A ബാഹ്യമായ തെളിവുകൾ-216. B ആഭ്യന്തരതെളിവുകൾ: i) സുവിശേഷകൻ ഒരു യഹൂദനായിരുന്നു. ii) സുവിശേഷകൻ പലസ്തീനാക്കാരനായിരുന്നു-220. iii) ഇദ്ദേഹം ക്രിസ്തുവിന്റെ ജീവിതം അടുത്തറിഞ്ഞിരുന്നു. iv) സുവിശേഷകൻ ഒരു അപ്പോസ്തലനാണ്-221. v) സുവിശേഷകർത്താവു 'വത്സല ശിഷ്യ'നായ യോഹന്നാൻ അപ്പോസ്തലനാണ്–222. III സമാനസുവിശേഷം—Synoptic Question. a) അലിഖിതോപദേശ സിദ്ധാന്തം? (oral tradition or Apostolic catechism)-223. b) പരസ്പരാശ്രിതസിദ്ധാന്തം (The hypothesis of Mutual Dependence)–224. c) ലിഖിതരേഖാസിദ്ധാന്തം (Hypothesis of Written Documents)-225. d) സമ്മിശ്രസിദ്ധാന്തം (The Mixed Hypothesis)–226.

ഒമ്പതാമദ്ധ്യായം

## ക്രിസ്തുമതം ഈശ്വരാവിഷ്കൃതമാണോ?

A ആഭ്യന്തരലക്ഷണങ്ങൾ i) നിഷേധകലക്ഷണം-229. ii) സ്ഥാപകലക്ഷണം-230. B ബാഹ്യലക്ഷണങ്ങൾ-233. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ ചരിത്രയാഥാർത്ഥ്യങ്ങളാണ്-237. ക്രിസ്തുവിന്റെ അത്ഭുതങ്ങൾ പ്രകൃത്യതീതങ്ങളായിരുന്നു-243. ലൂർദ്ദ്–247. രോഗശമനങ്ങളുടെ പ്രത്യേകതകൾ-248. ശമനകാരണമെന്ത്?-249. റഡറുടെ രോഗശാന്തി-250. സംഭവകാരണം പ്രകൃത്യതീതം-254. പ്രവചനങ്ങൾ സ്ഥാപിക്കുന്ന ക്രിസ്തുമതം ഈശ്വരാവിഷ്കൃതമെന്ന്-255. a) ആദ്യം പഴയനിയമത്തിൽനിന്ന്-256. b) പുതിയനിയമത്തിൽനിന്ന്-258.

SACRED HEART PROVINCIAL LIBRARY
No ... ... ...

# മതം ശാസ്ത്രവേദിയിൽ

## സ്വാഭാവികമതം*

### ഒന്നാമദ്ധ്യായം

## മതത്തിന്റെ സ്വഭാവവും ആവശ്യകതയും

ഈശ്വരനുണ്ടു്. അവിടുന്നു സ്വയംഭൂവും എല്ലാത്തിന്റെയും ആദികാരണവുമാണു്; പുരുഷാത്മകനും അപരിമിതപരിപൂർണ്ണനുമാണു്. "ശാസ്ത്രവേദി"യുടെ ഒന്നാംഭാഗത്തിന്റെ പൂർവ്വാർദ്ധത്തിൽ ഈ മൗലികസത്യങ്ങൾ സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ടു്. അവയൊന്നും നാം മറക്കരുതു്, മുമ്പോട്ടുള്ള പോക്കിൽ.

മനുഷ്യനുണ്ടോ? നിരർത്ഥകമായ ഈ ചോദ്യം നമ്മളാരും സ്വപ്നേപി ചോദിച്ചിരിക്കയില്ല. മനുഷ്യനുണ്ടു്. മാത്രമല്ല, "ശാസ്ത്രവേദി"യുടെ ഒന്നാംഭാഗം ഉത്ത

---

* ഒന്നാംഭാഗത്തിൽ ഈ വിഷയത്തെക്കുറിച്ചു സംക്ഷിപ്തമായി മാത്രമേ പ്രതിപാദിക്കുവാൻ സൗകര്യപ്പെട്ടുള്ളു. സവിസ്തരമായ ഒരു പ്രതിപാദനം ആവശ്യകമാകയാലാണു് ഈ വിഷയം ഇവിടെ ആവർത്തിക്കുന്നതു്.

രാർദ്ധത്തിൽ തെളിയിച്ചതുപോലെ, അമർത്ത്യമായ ഒരാത്മാവും ചിന്താശക്തിയും ഇച്ഛാസ്വാതന്ത്ര്യവും അവൻേറതാണെന്നും നമുക്കറിയാം.

ഇനി ഒരു പടികൂടി കടന്നുനിന്ന്, ഈശ്വരനും മനുഷ്യനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നു ചോദിക്കുക പ്രസക്തമാണ്. ഉണ്ടോ? ശില്പിക്കും ശില്പത്തിനും തമ്മിൽ, പൂവിനും പൂഴിയ്ക്കും തമ്മിൽ, രാജാവിനും പ്രജയ്ക്കും തമ്മിൽ ഉള്ളതിലേറെ ഒരു ബന്ധം ഈശ്വരനും മനുഷ്യനും തമ്മിലുണ്ട്. സ്വന്തം അസ്തിത്വത്തിനും നിലനില്പിനും മനുഷ്യൻ ഈശ്വരനോടു പൂർണ്ണമായി കടപ്പെട്ടിരിക്കുന്നു. ഈ കടപ്പാടിനെ ബുദ്ധിയുപയോഗിച്ചു കണ്ടുപിടിക്കുവാൻ അവനു കഴിയും. മാനവചരിത്രം പരിശോധിച്ചു നോക്കുക. ഈശ്വരനെക്കുറിച്ചു ജനതകൾക്കുണ്ടായിരുന്ന ധാരണകൾ എത്രതന്നെ വിഭിന്നങ്ങളായിരുന്നെങ്കിലും എല്ലാത്തിൻേറയും സ്രഷ്ടാവായി ഒരു പരംപൊരുൾ ഉണ്ടെന്നും അവിടത്തോടു തങ്ങൾക്കു ചില കടമകൾ ഉണ്ടെന്നും സകല മനുഷ്യരും ഒന്നടങ്കം വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തിന് ആധാരമായി നില്ക്കുന്ന ബന്ധത്തേയും അതിൽനിന്നു രൂപമെടുക്കുന്ന കടമകളേയുംകുറിച്ചാണ്, മതത്തെക്കുറിച്ചാണ്, നാം ഇനി ചർച്ചചെയ്യുവാൻ പോകുന്നത്.

## മതശബ്ദം—ഉൽപത്തിയും അർത്ഥവ്യാപ്തിയും.

വണങ്ങുക, വിശ്വസിക്കുക, ചിന്തിക്കുകമുതലായ അർത്ഥമുള്ള 'മന്' ധാതുവിൽനിന്നു വ്യുൽപന്നമാണു മതശബ്ദം. ഇംഗ്ലീഷിൽ 'റിലിജ്യൻ' (religion) എന്ന പദ

ത്തിനു സമാനമായി മതശബ്ദം ഭാഷയിൽ ഉപയോഗിച്ചു വരുന്നു. ഇംഗ്ലീഷ് സംജ്ഞയാകട്ടെ, ലത്തീനിലേ 'റെലിജിയോ' (religio) എന്ന വാക്കിൻെറ തത്സമവും. 'റെലിജിയോ എന്ന വാക്കിൻെറ ആഗമത്തെക്കുറിച്ചു് അഭിപ്രായാന്തരങ്ങൾ ഇല്ലാതില്ല. ദൈവികകാര്യങ്ങളെക്കുറിച്ചു് അവധാനപൂർവ്വം വിചിന്തനം ചെയ്യുക എന്നത്ഥമുള്ള relegere (റെലേജെരെ) എന്ന പദത്തിൽനിന്നാണു മതശബ്ദത്തിൻെറ ഉൽപത്തി എന്നത്രേ സിസറോയുടെ അഭിപ്രായം.(1) മാക്സ് മുള്ളർ (Max Muller) സിസറോയെ അനുകൂലിക്കുന്നു. അതല്ല, യോജിപ്പിക്കുക, ബന്ധിക്കുക എന്നീ അത്ഥങ്ങളുള്ള religare (റെലിഗാരെ) എന്ന ധാതുവിൽനിന്നാണു പ്രസ്തുത ശബ്ദത്തിൻെറ ആഗമം എന്നത്രേ ലക്റ്റാൻഷ്യസ് അഭിപ്രായപ്പെട്ടിരിക്കുന്നതു്. അദ്ദേഹം പറയുന്നു: 'ഭക്തിയുടെ ശൃംഖലയാൽ നാം ദൈവത്തോടു യോജിപ്പിക്കപ്പെടുകയും ബന്ധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇതിൽനിന്നാണു റെലിജിയോ എന്ന പദം ഉണ്ടായിട്ടുള്ളതു്.'(2) ഈ അഭിപ്രായം സ്വീകാര്യമായി പൊതുവേ പരിഗണിക്കപ്പെട്ടുപോരുന്നു. സിസറോയും ലെക്റ്റാൻഷ്യസും എന്തു പറഞ്ഞാലും ഈശ്വരനും മനുഷ്യനുംതമ്മിലുള്ള ബന്ധത്തെ കൊണ്ടു നില്ക്കാത്ത ഒരു നിവ്വചനവും ഉൽപത്തിയും മതത്തിനില്ലെന്നു് ആക്ക്മറിയാം.

---

(1) Cfr. De Natura Deorum.

(2) Cfr. Divinae Institutes—IV, 28.

<u>മതത്തിന്റെ ഘടകങ്ങൾ.</u>

എല്ലാ ബന്ധങ്ങളിലുമെന്നതുപോലെ മതാത്മകമായ ബന്ധത്തിലുമുണ്ടു മൂന്നു ഘടകങ്ങൾ:

i) എന്തിനെ ബന്ധിക്കുന്നുവോ അതു് (subject)—മനുഷ്യൻ.

ii) എന്തിനോടു ബന്ധിക്കുന്നുവോ അതു് (termi-nus)—ഈശ്വരൻ.

iii) എന്തുകൊണ്ടു്, അഥവാ എന്തുവഴി ബന്ധിക്കുന്നുവോ അതു് (foundation)—ആശ്രയത്വം. (dependence).

ആരാകുന്നു മനുഷ്യൻ? ഈശ്വരസൃഷ്ടി. അവൻ എന്താകുന്നുവോ, അവനിൽ എന്തുണ്ടോ അതെല്ലാം ഈശ്വരനിൽനിന്നു സ്വീകരിച്ചുവ മാത്രം. ഈശ്വരന്റെ അനന്തശക്തിയാൽ, അവശ്യംഭവനല്ലാത്ത മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. ആ ശക്തിയാൽത്തന്നെ അവൻ നിലനില്ക്കുകയും പ്രവൎത്തിക്കുകയും ചെയ്യുന്നു. ആ ശക്തി പിൻവലിക്കപ്പെട്ടാൽ അവൻ ശൂന്യതയിൽ ആണ്ടുപോകും.

ആരാകുന്നു ഈശ്വരൻ? സ്വയംഭൂ; അപരിമിതൻ; അസ്തിത്വമുള്ള മററു സകലത്തിന്റേയും ആദികാരണം. തത്വശാസ്ത്രം തൊട്ടുകാണിക്കുന്ന യാഥാൎത്ഥ്യങ്ങളാണിവ.

ഇനി ആശ്രയത്വത്തെസ്സംബന്ധിച്ചു്: മനുഷ്യനു ദൈവത്തോടുള്ള ആശ്രയത്വം മുൻപറഞ്ഞവയിൽനിന്നുതന്നെ കുറെയൊക്കെ വിശദമാണു്. ഈശ്വരകരങ്ങ

ളുടെ സദ്ഗുശക്തിനിമിത്തം പിറന്നുവീണ മനുഷ്യൻ-ഈശ്വരസന്നിധിയിൽ സൗഭാഗ്യമനുഭവിക്കുവാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ-(മ. ശാ. 1: 78-85) സർവ്വഥാ ദൈവത്തിനു വിധേയനാണ്. മററു വാക്കുകളിൽ, മനുഷ്യൻ തൻെറ ആദികാരണമെന്ന നിലയിലും പരമാന്ത്യമെന്ന നിലയിലും ദൈവത്തെ ആശ്രയിച്ചിരിക്കുന്നു. അവൻ തൻെറ ഉൽപത്തിയിലും അസ്തിത്വത്തിലും സ്വഭാവത്തിലും ലക്ഷ്യപ്രാപ്തിയിലും ദൈവത്തിനു വിധേയനായിരിക്കുന്നു. പരിപൂർണ്ണവും നിശ്ശേഷവുമായ ഈ വിധേയത്വമാണു മതത്തിൻെറ അസ്തിവാരംതന്നെ; അല്ലാതെ തോന്നലും അനുഭവവും അല്ല.

മതത്തിൻെറ, ഈശ്വര-മനുഷ്യ-ബന്ധത്തിൻെറ, ത്രിവിധഘടകങ്ങളെക്കുറിച്ചു പ്രതിപാദിച്ചതിൽനിന്നു നമുക്കു കാണാവുന്നതിതാണ്: പ്രസ്തുതബന്ധം യഥാർത്ഥവും വാസ്തവികവും തന്നെ. എന്തുകൊണ്ടെന്നാൽ, അതിൻെറ എല്ലാ ഘടകങ്ങളും—ഈശ്വരനും മനുഷ്യനും ആശ്രയത്വവും—യഥാർത്ഥങ്ങളും വാസ്തവികങ്ങളുമാണ്.

എന്താണു മതം?

മതത്തെ രണ്ടുവിധത്തിൽ വീക്ഷിക്കാം—കർത്തൃനിഷ്ഠമായും വസ്തുനിഷ്ഠമായും. മനുഷ്യന് അവൻെറ ആദികാരണവും പരമാന്ത്യവുമെന്ന നിലയിൽ ദൈവത്തോടുള്ള ആശ്രയത്വത്തിൽനിന്നുളവാകുന്ന സത്യങ്ങളുടേയും കർത്തവ്യങ്ങളുടേയും സമാഹാരമാണു വസ്തുനിഷ്ഠമായ (Objective)മതം(1). മനുഷ്യനു ദൈവത്തോടുള്ള വസ്തുനി

(1) Brunsmann-Preuss. Fund-Theology, I. p. 81.

ഷ്ഠമായ ആശ്രയതത്വത്തിൽനിന്ന കതിരെടുക്കുന്ന കടമ കളുടെ നിർവ്വഹണമത്രേ കർത്തൃനിഷ്ഠമായ (Subjective) മ തം. ഇപ്പറഞ്ഞ കർത്തൃനിഷ്ഠമായ മതം ദൈവസേവന ത്തെപ്രതി സ്വാതന്ത്ര്യമായി ചെയ്യുന്ന ഒരുതരം ആത്മാർ പ്പണംതന്നെയാണ്. പലവിധത്തിലുള്ള അർത്ഥം കല്പി ച്ചുകൊണ്ടു ചില താത്വികന്മാർ മതത്തെ പലവിധ ത്തിൽ തിരിക്കാറുണ്ട്. പക്ഷേ, നാം മുൻപറഞ്ഞ തിരി വുകളെ മാത്രമേ കാര്യമായി എടുക്കേണ്ടതുള്ളു.

## മതം സ്വാഭാവികവും അതിസ്വാഭാവികവും.

മതത്തെ സ്വാഭാവികമെന്നും അതിസ്വാഭാവിക മെന്നും രണ്ടായി തിരിക്കാം. മനുഷ്യന്റെ ദൈവത്തോടുള്ള കടമകളിൽ ബുദ്ധിയുടെ പ്രകാശത്താൽമാത്രം ഗ്രഹിക്കാ വുന്നവയുടെ സംഹിതയാകുന്നു സ്വാഭാവികമതം. ഈശ്വ രാവിഷ്കരണത്താൽ അറിയുന്ന കടമകളുടെ സം ഹിതയാകുന്നു അതിസ്വാഭാവികമതം: മററുവാക്കുക ളിൽ, ബുദ്ധിയാൽമാത്രം നിർദ്ദിഷ്ടമായ ഈശ്വരാരാധ ന സ്വാഭാവികമതം; അവിഷ്കരണത്താൽ നിർദ്ദിഷ്ട മായതു് അതിസ്വാഭാവികമതം. ആദ്യത്തേതു മനുഷ്യ പ്രകൃതിയിൽനിന്നു പുറപ്പെടുന്നു; രണ്ടാമത്തേതു ഈശ്വ രനിൽനിന്നും. സ്വാഭാവികമതസിദ്ധാന്തങ്ങൾ ഈശ്വ രൻതന്നെ പ്രകൃതിയുടെ ഉള്ളറകളിൽ നിക്ഷേപിച്ചിട്ടു ള്ള പ്രാഥമികതത്വങ്ങളാകയാൽ, അവ ഈശ്വരപ്രകാ ശിതമായ മതസിദ്ധാന്തങ്ങൾക്കു വിരുദ്ധമാകാൻ പാടി ല്ല. അതിസ്വാഭാവികമതം സ്വാഭാവികമതത്തിനു പ രിപൂർണ്ണതയും പ്രകൃത്യതീതമൂല്യവും പ്രദാനം ചെയ്യുന്നു.

ഈ അദ്ധ്യായത്തിൽ സ്വാഭാവികമതത്തെക്കുറിച്ചുമാത്രമാണു പ്രതിപാദിക്കുന്നതു്. സ്വാഭാവികമതം ദൈവത്തിൻേറയും മനുഷ്യൻേറയും സ്വഭാവത്തിൽനിന്നു പുറപ്പെടുന്നതാകയാൽ, ഇവിടെ പറയുന്ന സംഗതികൾ എല്ലാ മതങ്ങളേയും പൊതുവേ സ്പർശിക്കുന്നതാണു്.

## മതത്തിൻെറ ആവശ്യകത.

മതം, മതം എന്നു കേൾക്കുമ്പോൾ പുച്ഛംകാണിക്കാറുള്ള പുരോഗമനക്കാരുണ്ടു്. മതത്തെപ്പററി ചിന്തിക്കുവാൻ നേരമില്ലാത്ത മഹാന്മാരുടെ എണ്ണം എല്ലാ തുറകളിലും പെരുകിവരുകയാണെന്നും നമുക്കറിയാം. ആ നിലയ്ക്കു മതത്തിൻെറ ആവശ്യകതയെ സ്ഥാപിക്കുന്നതിനുള്ള ഉദ്യമം ചിലർക്കെങ്കിലും അരോചകമായേ വരു എങ്കിലും പ്രധാനമായവയ്ക്കു പ്രാധാന്യം കൊടുക്കണമല്ലോ, എല്ലായ്പോഴും.

i. സാർവ്വത്രികസമ്മതത്തിൽനിന്നു്.

ഭൂമുഖത്തെവിടെയുമുള്ള ജനപദങ്ങളാകെ, അവർ പരിഷ്കൃതരോ അപരിഷ്കൃതരോ ആയിരുന്നുകൊള്ളട്ടെ, ഒരു മതം എല്ലാക്കാലത്തും അംഗീകരിച്ചുപോന്നതായി കാണാം. നരവംശശാസ്ത്രവും ഭൂഗർഭഗവേഷണവും മതത്തിൻെറ സാർവ്വത്രികതയെ നിതരാം സ്പഷ്ടമാക്കുന്നുണ്ടു്. ജാക്ക്ഫിനെഗൻ തൻെറ «Archeology of World Religions» എന്ന ബൃഹമാണ്ഡഗ്രന്ഥം തുടങ്ങുന്നതുതന്നെ ഈ വാചകത്തോടെയാണു: "ലോകമതങ്ങളെസ്സംബന്ധിച്ച പ്രതിപാദനം ചരിത്രാതീതകാലംമുതല്ക്കുതന്നെ തുട

ങ്ങനെ. ഭൂഗർഭഗവേഷണത്തിൽനിന്ന സിദ്ധിക്കുന്ന രേഖകൾ തെളിയിക്കുന്നു, മാനവചരിത്രത്തിന്റെ പുലരിയിൽത്തന്നെ മതം ദൃശ്യമായിരുന്നെന്ന്." എന്നാൽ, ഇതുപോലെ ദൃഢതരവും സാർവ്വജനീനവും സാർവ്വത്രികവുമായ ഒരു അംഗീകാരം, അധമവികാരങ്ങൾക്കുശമിടുന്ന ധാർമ്മികവിഷയങ്ങളിൽ പ്രത്യേകിച്ചും, സംസിദ്ധമാകാൻ കാരണം മുൻവിധികളോ വിദ്യാഭ്യാസമോ പ്രകൃതിശക്തികളെക്കുറിച്ചുള്ള അജ്ഞതയോ അടിസ്ഥാനമില്ലാത്ത ഭീതിയോ അധികാരികളുടെ കബളിപ്പിക്കലോ മൺമറഞ്ഞവരെക്കുറിച്ചുള്ള ബഹുമാനമോ ഒന്നും അല്ല,(1) യുക്തിയുടെ ശാസനയാണ്; പ്രകൃതിയുടെ ആജ്ഞയാണ്. സിസറോ പ്രസ്താവിക്കുന്നു: "ദൈവത്തെ ആരാധിക്കണമെന്നു പ്രകൃതിക്കറിയാം. ആരാധിക്കണമെന്നു കല്പിക്കുന്ന ഈ നിയമം അറിയാത്ത മനുഷ്യനില്ല." (De Natura Deorum.)

ഇന്നിന്ന ജനപദങ്ങൾക്കു യാതൊരുവക മതവുമില്ലായിരുന്നുവെന്നു ചില വിദ്വാന്മാർ കഥ പറയുന്നതുകൊണ്ടോ, നമ്മുടെ കാലത്തുതന്നെ യാതൊരുമതത്തേയും അനുഗമിക്കാത്തവരും ഇങ്ങേയററം ഈശ്വരനെ ആരാധിക്കണമെന്ന കടമയെ പാടേ നിഷേധിക്കുന്നവരും വളരെയുള്ളതുകൊണ്ടോ മുകളിൽ ഉന്നയിച്ച തെളിവിനു ശക്തിക്ഷയം ഭവിക്കുന്നില്ല. കാരണം: 1) മതമില്ലാത്തവരെന്നു ചിലർ പറയുന്നവരിൽ പലരും സ്പഷ്ടമേ ഒരു

(1) മതത്തെപ്പററിയുള്ള ആക്ഷേപങ്ങൾ ഖണ്ഡിക്കുന്നിടത്തു് ഇതെപ്പററി സവിസ്തരം പ്രതിപാദിക്കുന്നതാണ്.

പ്രത്യേകമതവിഭാഗത്തിൽപ്പെട്ടവരല്ലെന്നു വന്നാലും കു റഞ്ഞപക്ഷം, ആന്തരികമായിട്ടെങ്കിലും മതവിശ്വാസമു ള്ളവരാണ്.

2) ഈശ്വരനെ പൂജിക്കണമെന്ന കർത്തവ്യത്തെ പാടേ നിഷേധിക്കുന്നവർ—അവരുടെ ആത്മാർത്ഥത ആർക്കറിയാം?—മനുഷ്യവംശത്തിൻെറ സാർവ്വത്രികവി ശ്വാസത്തെ തളർത്തുവാൻ അപര്യാപ്തമാകുമാറു് അത്ര വിരളമാണ്. മനുഷ്യൻ അവശ്യം മതാനുയായിയാണ്. യുക്തിയുടേയും പ്രകൃതിയുടേയും ശാസനങ്ങൾ ചപലവി കാരത്താലും മുൻവിധിയാലും അവ്യക്തമാവാൻ വയ്യാ എന്നൊന്നും ആരും വാദിക്കുന്നില്ല. പക്ഷേ, മതത്തെ അവഹേളിക്കുന്നവർ ഒരു തരക്കാരായിരിക്കുമെന്നു തീർച്ച്.

### മതത്തിൻെറ സാർവ്വത്രികത അതിൻെറ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുന്നു.

മതത്തിൻെറ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിന് അനിഷേധ്യമായ ഒരു സ്ഥിരീകരണം നല്കുന്നുണ്ട്, മനു ഷ്യവർഗ്ഗത്തിൻെറ സാർവ്വത്രികമായ മതവിശ്വാസം.

മതം ചുമത്തുന്ന കടമകളിൽനിന്നു് ഒഴിഞ്ഞുമാറു വാൻ പ്രേരിപ്പിക്കുന്ന കാരണങ്ങൾ പലതുണ്ടായിരുന്നി ട്ടും; എല്ലാക്കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലുമുണ്ടായി രുന്ന മനുഷ്യൻ മതത്തെ താത്വികമായും പ്രായോഗിക മായും, വിശ്വാസത്തിലും ആചാരത്തിലും, അംഗീകരി ച്ചിരുന്നു. താദൃശമായ ഒരു അംഗീകരണം, താദൃശമായ

സാഹചര്യങ്ങളിൽ സംഭവ്യമാവുകയില്ലായിരുന്നു, മതത്തിനു വസ്തുനിഷ്ഠമായ യാഥാർത്ഥ്യം ഉണ്ടായിരുന്നില്ലെങ്കിൽ. ആകയാൽ, മനുഷ്യവർഗ്ഗം മുഴുവന്റെയും മതവിശ്വാസവും മതാചരണവും മതത്തിന്റെ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിൽ അടിയുറച്ചതായിരിക്കണം.

ഈ നിഗമനത്തിന്റെ ശക്തി, അധിഷ്ഠിതമായിരിക്കുന്നതു്, മനുഷ്യൻ എല്ലാക്കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും മതവിശ്വാസി ആയിരുന്നു എന്നതിനെക്കാൾ, മതം അതിന്റെ ഭാരമേറിയ കടമകൾ, അത്തരം കടമകളിൽനിന്നു് ഒഴിഞ്ഞുമാറുവാൻ സ്വാഭാവികമായ പ്രവണതയുള്ള മനുഷ്യന്റെമേൽ ചുമത്തുകയും മനുഷ്യവർഗ്ഗം ഒന്നടങ്കം മതത്തിന്റെ ആജ്ഞാശക്തിക്കു വഴങ്ങിക്കൊടുക്കുകയും ചെയ്യുവെന്നതിലാണു്.

ഒരു വിശ്വാസം സാർവത്രികമായിരുന്നു എന്നതിൽനിന്നുമാത്രം അതിന്റെ വാസ്തവികത നിസ്സന്ദേഹം തെളിയുന്നുവെന്നു പറഞ്ഞുകൂടാ. സൂര്യൻ ഭൂമിക്കു ചുററും കറങ്ങുന്നുവെന്നു് അനേകശതാബ്ദങ്ങളായി സകലമനുഷ്യരും വിശ്വസിച്ചുപോന്നതാണല്ലോ. എന്നാൽ, അങ്ങനെയല്ല നാമിപ്പോൾ വിശ്വസിക്കുന്നതു്. ആകയാൽ, ഒരു വിശ്വാസത്തിനു സാർവത്രികത്വം സിദ്ധിക്കുവാനിടവരുത്തിയ സാഹചര്യങ്ങൾകൂടെ നാം പരിഗണിക്കണം. ദൈവത്തോടും ഇതരമനുഷ്യരോടും തന്നോടുതന്നേയും ക്ലേശാവഹമായ കടമകൾ നിർവ്വഹിക്കുവാൻ അനുശാസിക്കുന്ന മതത്തിനു് എല്ലാക്കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലുമുള്ള സകല മനുഷ്യരിലും സ്വാധീനത ചെലുത്തുവാൻ സാധിക്കണമെങ്കിൽ, പ്രകൃ-

ത്യതീതമായ പരമശക്തിയുടെ അസ്തിത്വവും, ഈ ശക്തിക്കു വിധേയനാകുന്നതിനുള്ള കടമയും അനിഷേധ്യമാംവിധം മനുഷ്യമനസ്സിൽ പതിയുകതന്നെവേണം. പ്രപഞ്ചതത്വങ്ങളുടെ ഗതി ഇപ്രകാരമല്ല. സൂര്യൻ ഭൂമിക്കു ചുററും കറങ്ങിയാലും ഭൂമി സൂര്യനുചുററും കറങ്ങിയാലും സാധാരണമനുഷ്യനേയും അവൻെറ അനുദിനജീവിതത്തേയും ജീവിതലക്ഷ്യത്തേയും സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമൊന്നുമില്ല. എന്നാൽ, മതമാണു ജീവിതത്തിലെ സർവപ്രധാനമായ പ്രശ്നമെന്നും അതിനെ ആശ്രയിച്ചാണു വ്യക്തികളുടേയും സമുദായത്തിൻെറയും ശ്രേയസ്സു സ്ഥിതിചെയ്യുന്നതെന്നും ഉള്ള ബോധം മതത്തിൻെറ വസ്തുനിഷ്ഠമായ യാഥാൎത്ഥ്യത്തേയും മതാചരണത്തിനുള്ള കടമയേയുംകുറിച്ചു ചിന്തിക്കുവാൻ അവനെ നിരന്തരം പ്രേരിപ്പിച്ചിരുന്നു. മതത്തിൻെറ നില യുക്തിയിൽ അടിയുറച്ചതല്ലായിരുന്നെങ്കിൽ, തീർച്ചയായും ഈശ്വരവിശ്വാസവും ഈശ്വരാരാധനയും പണ്ടേതന്നെ ലോകത്തുനിന്നു തിരോധാനം ചെയ്യുമായിരുന്നു. തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽപ്പോലും മതത്തിൻെറ സാൎവ്വദികവും സാൎവ്വത്രികവുമായ നിലനില്പ്, അതിൻെറ വസ്തുനിഷ്ഠമായ യാഥാൎത്ഥ്യത്തിന് അനിഷേധ്യമായ തെളിവാണ്. അതിനെ നിരാകരിക്കുക, യുക്തിയേയും മനുഷ്യസ്വഭാവത്തെത്തന്നേയും തിരസ്കരിക്കുന്നതിനു തുല്യമാണ്(1).

(1) Cfr. Le Roy, «The Religion of the Primitives» p. 302.

### ii. മനുഷ്യൻ ഈശ്വരനെ സർവ്വഥാ ആശ്രയിച്ചിരിക്കുകകൊണ്ട് മതം ആവശ്യകമാണ്.

ഈശ്വരനെ ആരാധിക്കുന്നതിനും കൃതജ്ഞതാപ്രസ്സരം അംഗീകരിക്കുന്നതിനും മനുഷ്യൻ കടപ്പെട്ടവനാണോ? അല്ലെന്നു പറയുവാൻ ഇവിടെയും ആളുകൾ കണ്ടേക്കും: "അവനവൻെറ ഇഷ്ടംപോലെ ഈശ്വരനെ ആരാധിക്കുകയോ ആരാധിക്കാതിരിക്കുകയോ ചെയ്യാം. മനുഷ്യൻെറ ഉപചാരങ്ങളെ ഈശ്വരൻ ഗണിക്കാറില്ല! അതിന് അവിടുത്തേക്ക് ആവശ്യമില്ല. ആകയാൽ, മതം അനാവശ്യവും നിരർത്ഥകവുമാണ്."

എന്നാൽ, മതം ആചരിക്കുവാൻ കർശനമായ ഒരു ധാർമ്മികകടമ (moral obligation) മനുഷ്യനു തീർച്ചയായും ഉണ്ട്. കാരണം, അവൻെറ അസ്തിത്വവും ശരീരവും ആത്മാവും എല്ലാം ദൈവത്തെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യൻ ഈ ആശ്രയത്വം അംഗീകരിക്കണം.

യുവമാതാവിൻെറ കരതലങ്ങളിലിരുന്നു സ്തന്യപാനം ചെയ്യുന്ന ഒരു നവജാതൻ: നിരാലംബതയുടെ പ്രതിബിംബമാണ് ആ ശിശു. ഒരടി തടയാൻ പോരാതെ, ഒരു ചുവടുവയ്ക്കാൻ വയ്യാതെ, ഒരു മൊഴി പൊഴിയാൻ കഴിയാതെ, ഒരൊററക്കാര്യം നിറവേററാൻ പററാതെ മാറത്തമരുന്ന ആ കുഞ്ഞു മനുഷ്യൻെറ കഴിവുകേടിൻെറ പ്രതീകമാണ്. ജീവനുവേണ്ടി, ജീവിതത്തിനുവേണ്ടി, അപ്പനേയും അമ്മയേയും അതു് ആശ്രയിക്കുന്നു. അവരുടെ പരിരക്ഷണം പിൻവലിക്കുക, താമസംവിനാ അതിൻെറ ജീവനാളം പാളിപ്പൊലിഞ്ഞു പോകും.

ഏതാണ്ടിതുപോലെയാണ്, ഇതിലേറെ നിശ്ശേഷവും സാത്വികവുമാണ്, ജീവൻെറ ഉറവിടമായ സ്രഷ്ടാവിനോടു മനുഷ്യനുള്ള വിധേയത്വം. നാം ശ്വസിക്കുന്ന ഓരോ ശ്വാസത്തിനും, ചലിക്കുന്ന ഓരോ ചലനത്തിനും, ചിന്തിക്കുന്ന ഓരോ വിചാരത്തിനും, എടുക്കുന്ന ഓരോ തീരുമാനത്തിനും എല്ലാം നാം ഈശ്വരനെ ആശ്രയിക്കുന്നു. ദേഹവും ദേഹിയും അവയുടെ വ്യാപാരമോരോന്നും ദൈവത്തിൻെറ ദാനങ്ങളാണ്. അവയൊക്കെയ്ക്കും നമുക്ക് അവിടുത്തോടു കടപ്പാടുണ്ട്. ഒരു നിമിഷത്തേയ്ക്കു മനുഷ്യനേയും പ്രപഞ്ചമഖിലത്തേയും താങ്ങിനിറുത്തിയിരുന്ന ഈശ്വരകരങ്ങൾ പിൻവലിക്കപ്പെടട്ടെ, ഒരു കുഞ്ഞിനെപ്പോലെ ഒന്നു കരയാൻപോലും നമുക്ക് ആവാതെ വരും. ദൈവം നമ്മുടെ ഉള്ളായ്മയുടെ ഉടയവനും നിലനില്പിൻെറ നെടുംതൂണും പ്രവർത്തനങ്ങളുടെ ശക്തികേന്ദ്രവും ആകുന്നു. സിംഹത്തിൻെറ ധീരതയും മഴവില്ലിൻെറ അഴകും കാളിദാസൻെറ ഭാവനയും ഗാന്ധിജിയുടെ പ്രകീർത്തിയും എല്ലാം ഒരുവനിൽ തങ്ങിനില്ക്കട്ടെ, അവനിലെ അണുവോരോന്നും നിമന്ത്രണം ചെയ്യും: "നീയും നിൻെറ നേട്ടമാകയും ഈശ്വരൻെറതാണ്."

കടപ്പാടു സമ്മതിക്കുകയും കടം വീട്ടുകയും ചെയ്യുക പ്രകൃതിനിയമവും ധാർമ്മികശാസനവും ആണ്. നാം നമ്മുടെ അസ്തിത്വത്തിനും നിലനില്പിനും ഈശ്വരനെ ആശ്രയിച്ചിരിക്കകൊണ്ട്, അവിടുത്തോടുള്ള കടപ്പാടു സമ്മതിക്കുകയും യുക്തമായ കർമ്മങ്ങളാൽ കടം

വീട്ടുകയും ചെയ്യണം. ഈ സമ്മതിക്കലും കടംവീട്ടലുമാണു മതാത്മകകർമ്മങ്ങളുടെ കാതലായ ഘടകങ്ങൾ.

ഇപ്പറഞ്ഞ കാര്യങ്ങൾ ഒരു താത്വികൻെറ ശൈലിയിൽ നിബന്ധിച്ചു നോക്കാം: മനസ്സും ഇച്ഛാശക്തിയുമുള്ള മനുഷ്യൻ പ്രകൃത്യനുസൃതനിയമങ്ങൾ സിദ്ധാന്തപരമായി അറിയുകയും അതിനൊപ്പിച്ചു തൻെറ സ്വതന്ത്രപ്രവൃത്തികൾ ചെയ്യുകയും വേണം. എന്നാൽ, പ്രകൃതിനിയമം അനുശാസിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു, മനുഷ്യൻ ദൈവത്തിനു പരമപൂർണ്ണമായ വണക്കവും വിധേയത്വവും സ്നേഹവും നല്കണമെന്ന്. ആകയാൽ, മനുഷ്യൻ ഈ അനുശാസനം, ആവശ്യപ്പെടൽ, സിദ്ധാന്തപരമായി അറിയുന്നതിനും പ്രവൃത്തിപരമായി നിറവേററുന്നതിനും ബാധ്യസ്ഥനാണ്—മനുഷ്യനു മതം ആവശ്യമാണെന്നു ചുരുക്കം.

വിശദമാക്കാം. മനസ്സും ഇച്ഛാശക്തിയും മനുഷ്യനു തന്നിരിക്കുന്നതു കാര്യങ്ങൾ ഗ്രഹിക്കാനും നിയമാനുസൃതം ചെയ്യേണ്ടവ തിരഞ്ഞെടുത്തു ചെയ്യാനുമാണ്. സ്വാതന്ത്ര്യമുള്ളതുകൊണ്ടു മനുഷ്യനു പ്രകൃതിനിയമങ്ങളെ അപകടംകൂടാതെ അവഗണിക്കാമെന്നോ ലംഘിക്കാമെന്നോ ആരും കരുതുകയില്ല. ദൈവത്തെ വണങ്ങുന്നതിനും സ്നേഹിക്കുന്നതിനും അനുസരിക്കുന്നതിനും പ്രകൃതിനിയമം അനുശാസിക്കുന്നു എന്നും നാം പറഞ്ഞു. കാരണമുണ്ട്: ഗുണവാന്മാരെ വണങ്ങണം, ഉടയവർക്കു വഴങ്ങണം, പക്ഷ്യത്തെ സ്നേഹിക്കണം—എന്നെല്ലാം പ്രകൃതിയും യുക്തിയും നമ്മെ ഉപദേശിക്കുകയും നമ്മോടു കല്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, ഈശ്വരൻ ഗുണ

വാനല്ലേ? ഉടയവനല്ലേ? പരമലക്ഷ്യമല്ലേ? നാമാരും സംശയിക്കുന്നില്ല. അതുകൊണ്ട് എന്താണു നാം തീരുമാനിക്കേണ്ടതു്? ദൈവത്തിനു നാം വഴങ്ങണം, അവിടുത്തെ സ്നേഹിക്കണം വണങ്ങണം, എന്നെല്ലാം. അതായതു്, മതം ആവശ്യകമാണു്(1).

## iii. ദൈവനിശ്ചിതമായ പൂർണ്ണത പ്രാപിക്കാൻ.

ഒരു വസ്തുവിന്റെ പ്രവൃത്തിയും പ്രകൃതി(സത്ത)യും തമ്മിൽ ദൃഢബന്ധമുണ്ട്. പ്രകൃതിയനുസരിച്ചിരിക്കും പ്രവൃത്തി. ഓരോ വസ്തുവിനും അതിന്റെ പ്രകൃതിയും നിശ്ചിതശക്തികളും പ്രദാനം ചെയ്തുകൊണ്ട് അതിന്റെ വ്യാപാരങ്ങളെസ്സംബന്ധിച്ചിടത്തോളം ഈശ്വരൻ തന്റെ അഭിലാഷം പ്രകാശിപ്പിച്ചിട്ടുണ്ട്. സൂര്യൻ വെളിച്ചവും ചൂടും നല്കണമെന്നും, നെല്ല് വളന്നു പൂവണിഞ്ഞു കതിരുകൾ വിളയിക്കണമെന്നും, കോകിലം പാട്ടുപാടി മാന്തളിർ തിന്നു മാനത്തു പറക്കാൻ മററു കോകിലങ്ങൾക്കു കാരണമാകണമെന്നും ഉദ്ദേശിച്ചുകൊണ്ടു സമുചിതമായ പ്രകൃതി ഈശ്വരൻ അവയ്ക്കു നല്കി. വസ്തുക്കളുടെ വ്യാപാരങ്ങൾ അവയുടെ പ്രകൃതിക്കു നിതരാം അനുഗുണമാണെങ്കിൽ ഈശ്വരൻ ഉദ്ദേശിച്ച രീതിയിലുള്ള വികസനവും പരിപൂർണ്ണതയും അവയുടെ പ്രകൃതിക്കു സംലബ്ധമാകും. സൂര്യൻ ചൂടും വെളിച്ചവും നല്കുമ്പോൾ അതിന്റെ പ്രകൃതിയ്ക്കനുസരണമായി പ്രവർത്തിച്ചു പൂർണ്ണത പ്രാപിക്കുകയാണ്.

(1) Van Noort «Tractatus de Vera Religione»-p.7.

ചുരുക്കത്തിൽ പ്രകൃതിയ്ക്കനുഗുണമായി വികസിക്കുമ്പോഴാണ് ഏതൊരു സൃഷ്ടിയും ദൈവം ഉദ്ദേശിച്ച പൂർണ്ണത പ്രാപിക്കുന്നത്. സ്വാതന്ത്ര്യവും സചേതനനുമായ മനുഷ്യൻ പ്രകൃതിക്കൊത്തു വ്യാപരിക്കുന്നതാകട്ടെ, അചേതനവസ്തുക്കളെപ്പോലെ പ്രകൃതിയുടെ അലംഘ്യനിയമങ്ങൾ അന്ധമായി അനുസരിച്ചു വ്യാപരിക്കുമ്പോഴല്ല; പ്രത്യുത, ബുദ്ധിയുപയോഗിച്ച് ആദികാരണവും പരമാന്ത്യവുമെന്ന നിലയിൽ ദൈവത്തിലുള്ള ആശ്രയത്വം അംഗീകരിക്കുകയും സ്വാതന്ത്ര്യമുപയോഗിച്ചു തദനുസരണം പ്രവർത്തിക്കുകയും ചെയ്യുമ്പോഴത്രേ. ആകയാൽ, ദൈവം ഉദ്ദേശിച്ച പൂർണ്ണത പ്രാപിക്കുക, ദൈവത്തിലുള്ള ആശ്രയത്വം പ്രായോഗികമായി സമ്മതിച്ചുകൊണ്ടല്ലാതെ സാധ്യമല്ല. ഈ സമ്മതിക്കലാണ്, ദൈവം മനുഷ്യന്റെ ആദികാരണവും അന്തിമലക്ഷ്യവുമാണെന്നുള്ള അംഗീകാരമാണ്, മതം. അങ്ങനെ ദൈവനിർദ്ദിഷ്ടമായ പൂർണ്ണത പ്രാപിക്കാൻ മതം അവശ്യാവശ്യകമാണ്.

## iv. ദൈവമഹത്വത്തിനു മതം ആവശ്യകമാകുന്നു

ദൈവം പ്രപഞ്ചത്തേയും മനുഷ്യനുൾപ്പെടെ അതിലുള്ള സകലത്തേയും സൃഷ്ടിച്ചതു് ഒരു ഉദ്ദേശ്യത്തോടേ ആയിരിക്കണം. ഉദ്ദേശ്യംകൂടാതെയുള്ള പ്രവൃത്തി പരിമിതബുദ്ധിയായ മനുഷ്യനുതന്നെ യോജിച്ചതല്ലെങ്കിൽ, അനന്തവിജ്ഞാനമായ ദൈവത്തിനു് എങ്ങനെ യോജിക്കും? അതേസമയം, ഈശ്വരനു തന്നിൽനിന്നു് അന്യമായ ഉദ്ദേശ്യമൊന്നും ഉണ്ടായിക്കൂടാ; ഉണ്ടാക

ന്നതു് അവിടുത്തെ പരിപൂർണ്ണതയ്ക്കു ചേരുന്നതല്ല. വേറെ എന്തിനോ വേണ്ടിയാണു ദൈവം സൃഷ്ടികർമ്മം നിർവ്വഹിച്ചതെങ്കിൽ, അവിടുത്തേക്കില്ലാത്ത വേറെ എന്തോ ഉണ്ടെന്നു വരുകയില്ലേ? സകലത്തിൻെറയും ആദികാരണമായ അവിടുത്തെ പരിപൂർണ്ണതയോടു് ഇതെങ്ങനെ പൊരുത്തപ്പെടും? അതിനാൽ, ദൈവം സൃഷ്ടികർമ്മം നിർവ്വഹിച്ചതു തന്നിക്കുവേണ്ടിത്തന്നെയാണു്. തൻെറ പരിപൂർണ്ണതകളുടെ പ്രകാശനംവഴി തൻെറ മഹത്വത്തിനുവേണ്ടിയാണു്. ഇതല്ലാതെ മറെറാരുദ്ദേശ്യവും അവിടുത്തേക്കു് ഉണ്ടായിക്കൂടാ.

ഇതിൽനിന്നു വിശദമാകുന്നതെന്താണു്? ഓരോ സൃഷ്ടിയും അതിൻെറ സ്വഭാവത്തിനു യോജിച്ചവിധം പ്രകൃതിക്കു സാധ്യമായ രീതിയിൽ—സ്രഷ്ടാവിൻെറ പരിപൂർണ്ണതകളെ പ്രകാശിപ്പിക്കുകയും അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്തുകയും വേണം. അചേതനസൃഷ്ടികൾ—മനുഷ്യനൊഴികെയുള്ള സജീവവും നിർജ്ജീവവുമായ സകല സൃഷ്ടികളും—പ്രപഞ്ചനിയമങ്ങൾക്കു വിധേയമായി വർത്തിച്ചുകൊണ്ടു്, അവയുടെ സ്വഭാവത്തിനനുസൃതമായി പ്രകൃതിസിദ്ധവും നിയതവുമായ വാസനയ്ക്കൊത്തവിധം വികാസം പ്രാപിച്ചുകൊണ്ടു ദൈവത്തിൻെറ പൂർണ്ണതകളെ പ്രതിഫലിപ്പിക്കുന്നു; അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

എന്നാൽ, മനുഷ്യന്നു് ഇതരസൃഷ്ടികൾക്കില്ലാത്ത ബുദ്ധിശക്തിയും ഇച്ഛാശക്തിയുമുണ്ടു്. അതിനാൽ, ഈ ശക്തികൾ ഉപയോഗിച്ചു്, അതായതു്, ബോധപൂർവ്വകമായും സ്വതന്ത്രമായും ദൈവത്തെ മഹത്വപ്പെടുത്തേ

ണ്ടിയിരിക്കുന്നു. മററുവാക്കുകളിൽ പറഞ്ഞാൽ, ബുദ്ധിയു പയോഗിച്ചു്, ദൈവത്തെ സകല സൃഷ്ടികളുടെയും ആദികാരണവും പരമാന്ത്യവുമായി അംഗീകരിക്കുകയും ഈ അംഗീകാരത്തിനൊത്തവിധം ഇച്ഛാശക്തിയുപയോഗിച്ചു തന്റെ വ്യാപാരങ്ങളെ ക്രമവൽക്കരിക്കുകയും വേണം. ദൈവത്തോടുള്ള വിധേയത്വത്തെ അംഗീകരിക്കുകയും തദനുസരണം ജീവിക്കുകയുമാകുന്നു മതം. അതിനാൽ, ദൈവത്തെ മഹത്വപ്പെടുത്തണം എന്ന കടമ നിർവ്വഹിക്കുവാൻ മനുഷ്യനു മതം ആവശ്യകമാകുന്നു. അതേ, മനുഷ്യൻ തനിക്കുള്ളതെല്ലാം—ബുദ്ധിയും മനസ്സും ശരീരവും അവയുടെ സകല കഴിവുകളും — ഈശ്വരമഹത്വത്തിനായി അർപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യാത്തപ്പോൾ അവൻ തന്റെ കഴിവുകളെ വ്യഭിചരിപ്പിക്കുകയാകുന്നു, പ്രകൃതിവിരുദ്ധമായി പ്രവർത്തിക്കുകയാകുന്നു ചെയ്യുന്നതു്.

## V. ധാർമ്മികതയുടെ നിലനില്പിനു മതം ആവശ്യകമാകുന്നു.

നന്മ ചെയ്യണം, തിന്മ ചെയ്യരുതു് എന്നു നമ്മോടു് ആജ്ഞാപിക്കുന്നതും, ഒരു വിധികർത്താവിന്റേയും നിയമദാതാവിന്റേയും അധികാരത്തോടുകൂടെ നമ്മിൽ പ്രവർത്തിക്കുന്നതും ജീവനെപ്പോലും ബലികഴിച്ചുകൊണ്ടു നന്മയെ ആശ്ലേഷിക്കുവാനും തിന്മയെ തിരസ്കരിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നതുമായ ഒരു ശക്തി നമ്മുടെ അന്തഃകരണത്തിൽ പ്രവർത്തിക്കുന്നുണ്ടു്—ധാർമ്മികനിയമം. എന്നാൽ, എവിടെനിന്നാണു കടപ്പെടുത്തുന്നതിനുള്ള ശക്തി ധാർമ്മികനിയമം ആർജ്ജിക്കുന്ന

ത്? സുഖപ്രയോജനാവാദം(Hedonism), ഹിതവാദം(Utilitarianism), ചിദാത്മകവാദം(Idealism) തുടങ്ങിയ തിയറികൾക്ക തൃപ്തികരമായൊരുത്തരം നല്കാനില്ല(1). യുക്തിയുടെ ശാസനത്തിൽനിന്നോ വികാരത്തിന്റെ പ്രചോദനത്തിൽനിന്നോ ആണ് ധാർമ്മികനിയമം പ്രാമാണ്യവും നിബന്ധനശക്തിയും സ്വീകരിക്കുന്നത് എന്നും പറയാൻ വിഷമം. കാരണം, മനുഷ്യന്റെ ശക്തികൾ ആയ യുക്തിക്കും വികാരത്തിനും, മനുഷ്യന്റെ ആജ്ഞ കേൾക്കാനല്ലാതെ, അവയുടെ നാഥനായ മനുഷ്യനെ ചൊല്പടിക്ക നിറുത്താൻ സ്വന്തമായൊരു കഴിവോ അധികാരമോ ഇല്ല. കൂടാതെ, ഒരു മനുഷ്യനോട് കല്പിക്കുവാൻ മററുമനുഷ്യർക്ക് അധികാരമില്ലാതിരിക്കെ, നമ്മുടെ മനസ്സാക്ഷിയെ കടപ്പെടുത്തുന്ന ഈ നിയമം മറെറാരു വ്യക്തിയാലോ സമുദായത്താലോ ചുമത്തപ്പെട്ടതാവാനും പാടില്ല ആകയാൽ, മനുഷ്യനിൽനിന്ന് അന്യമായ, അവന്റെ യജമാനസ്ഥാനം വഹിക്കുന്ന, അവന്റെ അന്തഃകരണത്തിന്മേൽ അധികാരമുള്ള ദൈവത്തിൽനിന്നായിരിക്കണം ഈ ധർമ്മബോധം എന്നു നമുക്കു ന്യായമായി കരുതാം. അപ്പോൾ, നന്മമാത്രമേ ചെയ്യാവൂ എന്നനുശാസിക്കുന്ന ധാർമ്മികനിയമങ്ങൾ പാലിക്കണമെങ്കിൽ മനുഷ്യൻ ഈശ്വരനെ സർവ്വാധിനാഥനും പരമനിയമദാതാവുമായി അംഗീകരിച്ചേ പററൂ. ദൈവത്തെ അംഗീകരിക്കുക മതാനുഷ്ഠാനമാണ്. ഫ്രഞ്ചുചിന്തകനും സാമുദായികശാസ്ത്രജ്ഞനുമായ ജെ. ജെ. റൂസ്സോ ഇക്കാ

(1) Cfr. «Why should I be Moral»—"സന്മാർഗ്ഗ പരിഷത്ത്."

ത്ര്യത്തെപ്പററി "Emile"യിൽ പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്: "ധർമ്മത്തിൻെറ നിദാനം യുക്തിയെന്നു സ്ഥാപിക്കുവാൻ പലരും ശ്രമിച്ചിട്ടുണ്ട്. പക്ഷേ, ധാർമ്മികബോധത്തിൻെറ ഉറപ്പുള്ള ഒരേ ഒരു അസ്തിവാരം മതമാണെന്നത്രേ എൻെറ വിശ്വാസം. ക്രമത്തോടുള്ള സ്നേഹമാണു ധർമ്മമെന്നു ചിലർ പറയുന്നു. എന്നാൽ, ഈ ക്രമത്തെച്ചൊല്ലി ഞാനെൻെറ ആനന്ദം ബലികഴിക്കണമെന്നോ? ശരിയാണ്, ബുദ്ധിയുള്ളിടത്തെല്ലാം ഒരിനം ധാർമ്മികക്രമമുണ്ട്. പക്ഷേ, ഒരു വ്യത്യാസം കാണാം. നീതിമാൻ ധാർമ്മികക്രമത്തിനു തന്നെത്തന്നെ കീഴ്പ്പെടുത്തുന്നു; നീചൻ മുഴുവൻ ധാർമ്മികക്രമത്തേയും തനിക്ക് അടിമയാക്കി സർവ്വതിൻേറയും കേന്ദ്രമായി തന്നെത്തന്നെ പ്രതിഷ്ഠിക്കുന്നു. ഈശ്വരൻ സ്ഥിതിചെയ്യുന്നില്ലെങ്കിൽ, ഇങ്ങനെ കരുതുന്നതിൽ നീചൻെറ യുക്തിക്കു പിശകു പിണയുന്നില്ല."

### മതം കൂടാത്ത ധാർമ്മികനിയമങ്ങൾക്കു പര്യാപ്തമായ അനുശാസനം കണ്ടെത്തുക സാധ്യമല്ല.

ഏതൊരു നിയമവും പാലിക്കപ്പെടണമെങ്കിൽ അതിനു പര്യാപ്തമായ അനുശാസനം (sanction) ആവശ്യകമാണ്. ധാർമ്മികനിയമത്തിനു മതമല്ലാതെ പര്യാപ്തമായ അനുശാസനം വേറെയില്ല. അതിനാൽ, ധാർമ്മികനിയമത്തിന്ന് ഒരു അനുശാസനമെന്ന നിലയിൽ മതം ആവശ്യകമാണ്.

അനുശാസനം എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു്, നിയമപാലനത്തിനു പ്രേരകമായി വർത്തിക്കുന്ന

ഏതൊന്നുമാണ്. നിയമം അനുസരിക്കുന്നവർക്കു സമ്മാനം വാഗ്ദാനം ചെയ്തുകൊണ്ടും ലംഘിക്കുന്നവർക്കു ശിക്ഷ നല്കുമെന്നു ഭീഷണിപ്പെടുത്തിക്കൊണ്ടും നിയമപാലനത്തിനു പ്രേരണ ചെലുത്താം. ധാർമ്മികനിയമങ്ങളെ സംബന്ധിച്ചിടത്തോളം, ധർമ്മം അനുഷ്ഠിക്കുന്നതിനുള്ള സമ്മാനവും അധർമ്മം പ്രവത്തിക്കുന്നതിനുള്ള ശിക്ഷയുമാണു് അനുശാസനം എന്ന പദംകൊണ്ടു് ഉദ്ദേശിക്കുന്നതു്. മതത്തിനുമാത്രമേ ഫലപ്രദമായി ഈ അനുശാസനം നടപ്പിലാക്കുവാൻ കഴിയൂ. അതിനാൽ, ധാർമ്മികനിയമങ്ങളുടെ പാലനത്തിനു മതം ആവശ്യകമാണു്.

a) ലൗകികാധികാരത്തിനു കഴിവില്ല.

മനുഷ്യൻ ബോധപൂർവ്വം ചെയ്യുന്ന ബാഹ്യവും ആന്തരികവുമായ സകല പ്രവൃത്തികളേയും ധാർമ്മികനിയമങ്ങൾ ബാധിക്കുന്നതാകയാൽ, ഈ നിയമങ്ങൾക്കുള്ള അനുശാസനവും ബാഹ്യവും ആന്തരികവുമായ പ്രവൃത്തികളെ ഒന്നുപോലെ ബാധിക്കുന്നതായിരിക്കണം. എന്നാൽ, മതത്തിനല്ലാതെ മററു യാതൊന്നിനും മനുഷ്യൻെറ ആന്തരികവ്യാപാരങ്ങളെ നിയന്ത്രിക്കുവാൻ കഴിവില്ല.

ലൗകികാധികാരത്തിൽനിന്നു പുറപ്പെടുന്ന അനുശാസനം ബാഹ്യമാത്രമാണു്. അതിനു് ഒരുവൻെറ ആന്തരികമായ—ചിന്താപരമായ—പ്രവൃത്തികളെ സമ്മാനിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുവാൻഎങ്ങനെ സാധിക്കും? എന്നാൽ, അത്തരം പ്രവൃത്തികൾക്കാണു് അ

നുശാസനം കൂടുതൽ ആവശ്യകമായിരിക്കുന്നതു്. എന്തു കൊണ്ടെന്നാൽ, നമ്മുടെ പ്രവൃത്തികളുടെ ബീജം ചിന്തയിലാകുന്നു സ്ഥിതിചെയ്യുന്നതു്. 'ഒരുവൻ ചിന്തിക്കുന്നതെന്തോ അതുപോലെയാകുന്നു അവൻ' എന്നു വിജ്ഞാനിയായ സോളമൻ രേഖപ്പെടുത്തിയിരിക്കുന്നു. ഏതൊരു കർമ്മവും ചിന്തയിൽ രൂപമെടുത്തതിനുശേഷമാണല്ലോ പ്രവൃത്തിയിൽ പ്രത്യക്ഷമാകുന്നതു്. എന്നാൽ, ഒരുവൻെറ അക്രമപ്രസക്തമായ വിചാരങ്ങളെ ആസ്പദമാക്കി അയാളെ ഒരു പോലീസുകാരനു് അറസ്ററു ചെയ്യുവാനോ ഒരു ന്യായാധിപനു ശിക്ഷിക്കുവാനോ സാധിക്കുകയില്ല.

ആന്തരികവ്യാപാരങ്ങളെക്കുറിച്ചു പറഞ്ഞതു ബാഹ്യമായ രഹസ്യവ്യാപാരങ്ങളെക്കുറിച്ചും സാധുവാണു്. പോലീസിൻെറയോ ന്യായാധിപൻെറയോ ദൃഷ്ടിയിൽപ്പെടാതെ, ലോകത്തിൽ യാതൊരു മനുഷ്യനും അറിയാതെ, എത്രയെത്ര അധർമ്മങ്ങൾ അനുദിനം പ്രവർത്തിക്കപ്പെടുന്നു! അവയ്ക്കൊന്നിനും ... വ്യാപ്തമായ അനുശാസനങ്ങൾ നടപ്പിൽ വരുത്തുവാൻ രാഷ്ട്രത്തിനോ മററു ലൗകികാധികാരത്തിനോ കഴിയുകയില്ല.

എന്നാൽ, മതം നമ്മെ അറിയിക്കുന്നു, നമ്മുടെ അതിനിഗൂഢമായ വിചാരങ്ങളും ഏററം രഹസ്യമായ പ്രവൃത്തികളും ദൈവം സ്പഷ്ടമായി കണ്ടറിയുന്നുവെന്നും അവയുടെ യഥാർത്ഥമായ അർഹതയനുസരിച്ചു് അവയെ സമ്മാനിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുമെന്നും, അപ്രകാരം ചെയ്യുവാൻ അവിടുത്തേയ്ക്കു മാത്രമേ കഴിയൂ എന്നും. മാനുഷികനിയമങ്ങൾക്കോ ലൗകികാധികാര

ത്തിനോ നല്കാവുന്ന അനുശാസനം മനുഷ്യൻെറ ബാഹ്യവും പരസ്യവുമായ പ്രവൃത്തികളെ മാത്രമേ സ്പർശിക്കൂ. അതും വിവിധകാരണങ്ങളാൽ വളരെ അപര്യാപ്തമായ നിലയിൽമാത്രവും. അതിനാൽ, ധാർമ്മികനിയമങ്ങൾക്കു ഫലവത്തായവിധം—പര്യാപ്തമായവിധം—അനുശാസനം ഏർപ്പെടുത്തുവാൻ ഈശ്വരകർത്തൃത്വത്തെ അംഗീകരിക്കുന്ന മതത്തിനു മാത്രമേ സാധിക്കുകയുള്ളൂ.

**b) ധർമ്മാധർമ്മങ്ങളുടെ സ്വാഭാവികഫലങ്ങൾ പര്യാപ്തമായ അനുശാസനമാവുകയില്ല.**

സുകൃതാനുഷ്ഠാനത്താലുണ്ടാകാവുന്ന സൽഫലങ്ങളും ദുഷ്കൃതങ്ങൾനിമിത്തം വന്നുചേരാവുന്ന അനർത്ഥങ്ങളും ധാർമ്മികനിയമങ്ങളെസ്സംബന്ധിച്ചിടത്തോളം പര്യാപ്തമായ അനുശാസനമാകുന്നുവെന്നും, അതിനാൽ, ധാർമ്മികതയുടെ നിലനില്പിനു മതം ആവശ്യകമല്ലെന്നും മതവിരോധികൾ വാദിക്കുന്നു.

സുകൃതത്തിനും ദുഷ്കൃതത്തിനും, അഥവാ, ധർമ്മത്തിനും അധർമ്മത്തിനും അതതിൻെറ സ്വാഭാവികമായ അനുശാസനങ്ങൾ ഉണ്ടെന്നു സമ്മതിക്കുകതന്നെവേണം. ഒരുവൻ ധാർമ്മികനിയമങ്ങൾ പതിവായി പാലിക്കുന്ന പക്ഷം സുകൃതാനുഷ്ഠാനം ഒരു ശീലമായിത്തീരുകയും, തൽഫലമായി സമാധാനവും സംതൃപ്തിയും അനുഭവപ്പെടുകയും ചെയ്യേക്കാം. ചിലപ്പോൾ അതു ശരീരസുഖത്തിനും പൊതുജനാഭിനന്ദനത്തിനും ഉപകരി

ച്ചെന്നുംവരാം. ഇതുപോലെതന്നെ, ധാർമ്മികനിയമങ്ങളെ പതിവായി ലംഘിക്കുന്നവരിൽ തിന്മയിലേക്കുള്ള പ്രവണത വർദ്ധിക്കുകയും അധമാംശത്തിന്റെ പ്രവർത്തനങ്ങൾ, ശക്തിപ്പെടുകയും തദ്വാരാ, ആന്തരികമായ അസ്വാസ്ഥ്യങ്ങൾ ഉൽഭൂതമാവുകയും ചെയ്യുവാനിടയുണ്ട്. അധാർമ്മികമായ ജീവിതം ആരോഗ്യത്തെ ശിഥിലീകരിക്കുവാനും ലോകനിന്ദനത്തെ ക്ഷണിച്ചുവരുത്തുവാനും കാരണമാകാം. ഇങ്ങനെ നമ്മുടെ സുകൃതങ്ങൾക്കും ദുഷ്കൃതങ്ങൾക്കും പ്രകൃത്യാ ഉണ്ടാകുന്ന ഈ അനുശാസനങ്ങൾ നന്മ ചെയ്യുന്നതിനും തിന്മയെ വെറുക്കുന്നതിനും പ്രേരകമാകാം. എന്നാൽ, പലപ്പോഴും ഈ അനുശാസനങ്ങൾ വളരെ ദുർബലമായ പ്രേരകങ്ങളായിട്ടാണു കാണപ്പെടുക. കാമക്രോധാദികളുടെ വികാരാവേശങ്ങൾക്കു വശംവദരാകുന്നവർ മനസ്സാക്ഷിയുടെ സ്വരത്തേയും പൊതുജനാഭിപ്രായത്തേയും അവഗണിച്ചു പ്രവർത്തിക്കുമെന്നതിന് ഉദാഹരണങ്ങൾ ധാരാളമുണ്ട്. അക്രമങ്ങൾ ചെയ്യുന്നവർ ഐശ്വര്യവാന്മാരും ആരോഗ്യവാന്മാരും ബഹുമാന്യന്മാരുമായി കഴിഞ്ഞുകൂടുന്നതും വിരളമല്ല. ഇങ്ങനെയുള്ളവരെ തിന്മയിൽനിന്ന് അകററുവാൻ പ്രേരകമായി എന്തെങ്കിലുമുണ്ടെങ്കിൽ അതു്, മരണാനന്തരജീവിതത്തിലും ദുഷ്കർമ്മങ്ങൾക്കു യഥാർഹം ശിക്ഷ നല്കുന്ന ഈശ്വരനെ അംഗീകരിക്കുന്ന മതം ഒന്നുമാത്രമാണു്.

ഇതുപോലെതന്നെ, ധാർമ്മികജീവിതത്തിനു പ്രകൃത്യാ സിദ്ധിക്കുന്ന പ്രതിസമ്മാനവും സുകൃതാനുഷ്ഠാനത്തിനു മനുഷ്യനെ പ്രേരിപ്പിക്കുവാൻ തികച്ചും പര്യാപ്ത

മല്ല. സുകൃതികൾ ഈലോകത്തിൽ കഷ്ടതയനുഭവിക്കുന്നതും ദുഷ്ടന്മാരാൽ നിന്ദിക്കപ്പെടുന്നതും അനുദിനമെന്നോണം നാം കണ്ടുവരുന്ന സംഭവങ്ങളാണ്. സൽകർമ്മങ്ങൾക്കു ഭാവിജീവിതത്തിൽ യഥാർഥം നിത്യസമ്മാനം വാഗ്ദാനം ചെയ്യുന്ന മതത്തെ മാററിനിറുത്തിയാൽ— സുകൃതാനുഷ്ഠാനത്തിന് ഈ ലോകം നല്കുന്ന തുച്ഛവും നിസ്സാരവുമായ പ്രതിഫലമേ ഉള്ളുവെങ്കിൽ—ധർമ്മനിരതരായിരിപ്പാൻ അധികമാരും കാണുകയില്ല.

ഐഹികജീവിതത്തിൽ ധർമ്മാനുഷ്ഠാനംമൂലം പ്രകൃത്യാ സിദ്ധിക്കുന്ന സൽഫലങ്ങളും അധർമ്മം നിമിത്തമുണ്ടാകുന്ന ദുരനുഭവങ്ങളും അനുശാസനമെന്ന നിലയിൽ തികച്ചും അപര്യാപ്തങ്ങളാണെന്നു നാം കണ്ടുകഴിഞ്ഞു. ഐഹികജീവിതത്തെ അതിക്രമിച്ച്, പാരത്രികജീവിതത്തിലേക്കു വ്യാപിക്കുന്ന അനുശാസനങ്ങൾക്കു മാത്രമേ ധാർമ്മികജീവിതം നയിക്കുന്നതിനു മനുഷ്യനെ പ്രേരിപ്പിക്കുവാൻ ശക്തിയുള്ളു. ഈദൃശമായ അനുശാസനം മതത്തിൽനിന്നു മാത്രമാണു നമുക്കു സിദ്ധിക്കുന്നത്.

മതം നമ്മെ പഠിപ്പിക്കുന്നു, മനുഷ്യൻെറ അന്ത്യം അനന്തസത്യവും അനന്തനന്മയുമായ ദൈവത്തെ പ്രാപിച്ചു നിത്യമായി ആനന്ദിക്കുകയാണെന്നും അതിലേക്കു ധാർമ്മികനിയമങ്ങളെ നാം അവശ്യം അനുസരിക്കണമെന്നും. ഈ നിയമങ്ങൾ അനുസരിക്കാത്തവർ പരമാന്ത്യത്തിൽനിന്നു വ്യതിചലിച്ചു നിത്യമായി ശിക്ഷയനുഭവിക്കുമെന്നും മതം അറിയിക്കുന്നു. അതിനാൽ, മതമാണു ധാർമ്മികനിയമങ്ങളുടെ പാലനത്തിനു പര്യാപ്തമായ അനുശാസനം നല്കുന്നത്.

## c) മതത്തിൻെറ അനുശാസനമാണ് ഏററം ശക്തിമത്തായ അനുശാസനം.

മതം ഉദ്ബോധിപ്പിക്കുന്നു, മരണാനന്തരം സുകൃതത്തിനു നിത്യമായ സമ്മാനവും ദുഷ്കൃതത്തിനു നിത്യമായ ശിക്ഷയും ഉണ്ടാകുമെന്ന്. സമ്മാനത്തിൻേറയും ശിക്ഷയുടേയും നിത്യതയാണു ധാർമ്മികനിയമത്തിന് ഏററം ശക്തിമത്തായ അനുശാസനമായി വർത്തിക്കുന്നത്. മനുഷ്യൻ പരിപൂർണ്ണമായ സൗഭാഗ്യം കാംക്ഷിക്കുന്നു. സൗഭാഗ്യം പരിപൂർണ്ണമായിരിക്കണമെങ്കിൽ നിത്യമായിരിക്കണം. എന്തെന്നാൽ ഒരിക്കൽ അവസാനിച്ചു പോകും എന്ന ചിന്തയ്ക്ക് അവകാശമുള്ളിടത്തു പരിപൂർണ്ണമായ സൗഭാഗ്യം സാദ്ധ്യമല്ല. ഇതുപോലെതന്നെ, അധർമ്മത്തിനുള്ള ശിക്ഷയും നിത്യമായിരിക്കണം. എങ്കിൽ മാത്രമേ, ദൈവത്തെ പ്രാപിക്കുക എന്ന പരമാന്ത്യത്തിൽ എത്തിച്ചേരാൻ, ക്ലേശകരമായ മാർഗ്ഗത്തിലൂടെ, വ്യതിചലനമെന്നിയേ നേരേപോകുവാൻ മനുഷ്യൻ പ്രേരിതനാവുകയുള്ളൂ. താൻ ഏതു് അധർമ്മം പ്രവർത്തിച്ചാലും, അതിൻെറ ശിക്ഷ ഒരുകാലത്തു് അവസാനിച്ചു്, താൻ നിത്യസൗഭാഗ്യത്തിൽ ചെന്നുചേരുമെന്നു കണ്ടാൽ, ദുരാഗ്രഹങ്ങൾക്കും പ്രലോഭനങ്ങൾക്കുമെതിരായി സമരംചെയ്തു ധാർമ്മികത നിലനിറുത്തുവാൻ വേണ്ട പ്രേരകശക്തി അവനുണ്ടാവുകയില്ല.

അതിനാൽ, നിത്യസൗഭാഗ്യത്തെക്കുറിച്ചുള്ള പ്രതീക്ഷയും നിത്യശിക്ഷയെക്കുറിച്ചുള്ള ഭയവും കൂടാതെ ധാർമ്മികനിയമങ്ങൾക്കു പര്യാപ്തമായ അനുശാസനം ലഭ്യ

മാവുകയില്ല. ഇവയെക്കാ൰ പ്രേരകശക്തിയുള്ള അനുശാസനങ്ങ൰ വേറെ ഇല്ലതാനും. നിത്യസമ്മാനവും നിത്യശിക്ഷയും മതത്തിൽ അധിഷ്ഠിതമാകുന്നു. അതിനാൽ, മതത്തെക്കൂടാതെ ധാർമ്മികത നിലനില്ക്കുകയില്ല.

d) ജ്ഞാനവൎദ്ധനവും മതിയാകയില്ല.

മാനുഷികവിജ്ഞാനം എത്രതന്നെ സമുന്നതമായ നിലയിൽ ഒരുവനുണ്ടായാലും അതിനു മതത്തിൻെറ അവലംബമില്ലാത്തപക്ഷം, പലപ്പോഴും നിഷ്പ്രയോജനമായിരിക്കും; ധാർമ്മികതയുടെ നിലനില്പിനു പര്യാപ്തമായ പ്രേരകമാവുകയുമില്ല. പണ്ഡിതാഗ്രേസരനായ ന്യൂമാൻ (Newman) പറയുന്നു: "ക്ഷുരകക്കത്തികൊണ്ടു കരിങ്കല്ലു കൊത്തി മിനുക്കാമെങ്കിൽ, പട്ടുനൂലിഴകൊണ്ടു കപ്പലിനെ ബന്ധിച്ചുനിറുത്താമെങ്കിൽ മാത്രമേ, മാനുഷികവിജ്ഞാനവും ആലോചനാശക്തിയുമാകുന്ന മൃദുലോപകരണങ്ങ൰കൊണ്ടു ദുരാശകളും ഔദ്ധത്യവുമാകുന്ന രാക്ഷസന്മാരോടു പോരാടുവാൻ സാധിക്കൂ."

അമേരിക്കയിലെ പബ്ലിക്കു സ്കൂ൰പദ്ധതിയുടെ ജനയിതാവായ ഹോറെസ്മാൻ (Horace Mann) നല്കുന്ന മുന്നറിയിപ്പ് ഇതാണ്: "ബുദ്ധി എത്രതന്നെ അനുഗൃഹീതമായാലും അതു നീതിബോധം, മനുഷ്യസ്നേഹം, കർത്തവ്യവിശ്വസ്തത എന്നിവയാൽ ഭരിക്കപ്പെടുന്നില്ലെങ്കിൽ അതിൻെറ ഉടമസ്ഥൻ കൂടുതൽ ആപൽക്കാരിയായ ഒരു കിരാതനായിരിക്കും. എന്തുകൊണ്ടെന്നാൽ, മതസത്യങ്ങളുടെ ലവണത്തിനു മാത്രമേ വിദ്യാഭ്യാസ

ത്തെ ദൂഷിച്ചുപോകാതെ സംരക്ഷിക്കുവാൻ കഴിയൂ എന്നു നമുക്കു പൂർണ്ണമായി ബോധപ്പെട്ടിരിക്കുന്നു."

മനുഷ്യന്റെ ശ്രേഷ്ഠശക്തികളായ ബുദ്ധിയും ഇച്ഛയും ഒന്നുപോലെ സംസ്കരിക്കപ്പെട്ടെങ്കിൽ മാത്രമേ അവനു ജീവിതത്തിൽ വിജയം നേടുവാൻ സാധിക്കൂ. ജ്ഞാനം ബുദ്ധിയെ മാത്രമാണു സംസ്കരിക്കുക. ഇച്ഛാശക്തിയെ അവഗണിച്ചിട്ടു ബുദ്ധിശക്തിയെ എത്രതന്നെ പരിപുഷ്ടമാക്കിയാലും വലിയ പ്രയോജനമൊന്നും ലഭിക്കുകയില്ല. നേരെമറിച്ച്, ബുദ്ധിയെ തെല്ലു് അവഗണിച്ചാലും ഇച്ഛാശക്തിയെ സംസ്കാരവിധേയമാക്കുന്നതുകൊണ്ടു വളരെ സൽഫലങ്ങൾ കരഗതമാക്കാവുന്നതാണു്. ഇച്ഛാശക്തിയുടെ സംസ്കരണത്തിനു സർവ്വപ്രധാനമായി സഹായിക്കുന്നതു മതമാണു്. മതത്തിന്റെ രക്ഷാകരമായ പ്രേരകശക്തികളെ തീർത്തും അവഗണിച്ചതുനിമിത്തം ജീവിതത്തിൽ പരാജയമടഞ്ഞ പലരുടേയും—ബുദ്ധിപരമായ കഴിവുകൾ പരമാവധി സംലബ്ധമായിരുന്ന പലരുടേയും—ചരിത്രം നമുക്കറിവുള്ളതാണു്. വാസനാസമ്പന്നനായ ഒരു കവിയും കഥാകൃത്തും വാഗ്മിയുമായിരുന്ന ഒസ്കാർ വൈൽഡിന്റെ ജീവിതകഥ ഇതിനൊരുദാഹരണമാണു്. ആ പ്രതിഭാശാലി സാന്മാർഗ്ഗികമായി ഏററം ജുഗുപ്സാവഹമാംവിധം അധഃപതിച്ചു. അവമാനത്തിനും അവഹേളനത്തിനും പാത്രമായി ഫ്രാൻസിലേക്കു് ഒളിച്ചോടുവാൻ അദ്ദേഹം നിർബന്ധിതനായി. ലജ്ജാകരമായ ഒരു ജീവിതത്തിന്റെ മൂകസാക്ഷിയായി പാരീസിൽ Pere La Chaise എന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന അദ്ദേഹത്തിന്റെ ശവ

കടീരം ലോകത്തെ ഉൽബോധിപ്പിക്കുകയാണു: "ബുദ്ധിപരമായ കഴിവുകഠംക്കൊന്നിനും പ്രക്ഷുബ്ധമായ മാനുഷികദുരാശകളെ നിയന്ത്രിക്കുവാൻ ശക്തിയില്ല. ഉഗ്രമായ കൊടുങ്കാററിൽ ദുർബ്ബലമായ ഞാങ്കണയ്ക്കു തുല്യമായിരിക്കും ആ കഴിവുകളെല്ലാം. ബുദ്ധിപ്രകർഷംവഴി ഒരുവൻ താരാപഥങ്ങളിലൂടെ സഞ്ചരിച്ചേക്കാം. എന്നാൽ, അതേസമയം, സാന്മാൎഗ്ഗികമായി അവൻെറ വാസം പോർക്കുകളുടെ മദ്ധ്യത്തിലുമായിരിക്കാം. മനസ്സിനെ ശുചീകരിക്കുകയും ഹൃദയത്തെ നിർമ്മലമാക്കുകയും ദുരാശകളെ നിയന്ത്രിക്കുകയും ഇച്ഛാശക്തിക്കു അസാധാരണമായ ഊൎജ്ജസ്വലത നല്കുകയും ചെയ്യുന്ന മതത്തിൻെറ മഹത്തായ കഴിവുകഠം ധാർമ്മികമായ സത്യസന്ധതയോടെ ജീവിതം നയിക്കുവാൻ അനപേക്ഷണീയമാണ്. മതത്തിൻെറ രക്ഷാകരമായ ശക്തിയെ അവഗണിച്ചുകൊണ്ടു യുവജനങ്ങളെ പരിശീലിപ്പിക്കുന്ന ജനതകഠം അറിഞ്ഞിരിക്കട്ടെ, തങ്ങഠം വിനാശത്തിലേയ്ക്കുള്ള മാൎഗ്ഗം വെട്ടിത്തുറക്കുകയാണെന്നു്."

## vi. ഐഹികജീവിതം സുഗമമാക്കുവാൻ മതം ആവശ്യകമാകുന്നു.

1) ജീവിതത്തിലേ ഏററം പ്രധാനമായ പ്രശ്നങ്ങഠംക്കു സമാധാനം നല്കിക്കൊണ്ടു മതം ബുദ്ധിയെ സംതൃപ്തമാക്കുന്നു. "മനുഷ്യൻ എവിടെനിന്നു വരുന്നു?" "എവിടേയ്ക്കു പോകുന്നു?" "ലക്ഷ്യം പ്രാപിക്കുവാൻ ഏതുമാൎഗ്ഗം സ്വീകരിക്കണം?" ഇത്യാദി സൎവ്വപ്രധാനമായ

പ്രശ്നങ്ങൾക്കു സമാധാനം നല്കുവാൻ സയൻസിനു സാധിക്കുന്നില്ല. ഇവ സയൻസിൻെറ വിഷയമേ അല്ല. എന്നാൽ, ഇവയെസ്സംബന്ധിച്ചു മനുഷ്യമനസ്സിന് അതിരററ ജിജ്ഞാസയുണ്ട്. ഈ ജിജ്ഞാസ ശമിപ്പിക്കാതെ അതു് ഒരിക്കലും സ്വസ്ഥമാവുകയില്ല; പ്രവൎത്തകശക്തി ഊർജ്ജസ്വലമാവുകയില്ല. ഈ പ്രശ്നങ്ങൾക്കു തൃപ്തികരമായ സമാധാനം നല്കുവാൻ, ലക്ഷ്യവും മാൎഗ്ഗവും നിർദ്ദേശിക്കുവാൻ, മതത്തിനു സാധിക്കും; മതത്തിനുമാത്രമേ സാധിക്കയുള്ളു താനും.

2) മതം മനുഷ്യനു ശ്രേഷ്ഠമായ ലക്ഷ്യം ചൂണ്ടിക്കാണിച്ചുകൊണ്ടു് അവനെ കർമ്മനിരതനാക്കുന്നു. മരണാനന്തരജീവിതത്തിൽ അവനു ലഭിക്കുവാനിരിക്കുന്ന മഹനീയതകൾ വീരോചിതകൃത്യങ്ങൾ ചെയ്യുവാനും സഹജീവികൾക്കുവേണ്ടി സേവനമനുഷ്ഠിക്കുവാനും പ്രതിബന്ധങ്ങളെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുവാനും അങ്ങനെ ജീവിതത്തെ ധന്യതരമാക്കുവാനും അവനെ പ്രേരിപ്പിക്കുന്നു ഇന്നു ഭൂമുഖത്തു കാണുന്ന സകല ജീവകാരുണ്യപ്രവൎത്തനങ്ങളും മതത്തിൻെറ പ്രേരകശക്തിയിൽനിന്നു രൂപംകൊണ്ടിട്ടുള്ളവയാണു്. സുകൃതാനുഷ്ഠാനത്തിൻെറ മാഹാത്മ്യത്തേയും അവമൂലം മരണാനന്തരജീവിതത്തിൽ പ്രാപിക്കാവുന്ന ശാശ്വതമഹിമാവിനേയും കുറിച്ചു മതം നല്കുന്ന ഉറപ്പുകളില്ലായിരുന്നെങ്കിൽ ഐഹികജീവിതത്തിലെ സകല സുഖസൗകര്യങ്ങളേയും പരിത്യജിച്ചു്, ആമരണം ആതുരസേവനത്തിൽ ഏർപ്പെടുവാനും, ജീവനെക്കൂടെ അപകടത്തിലാക്കിക്കൊണ്ടു സാംക്രമികരോഗബാധിതരെ പരിചരിക്കുവാ

നും സമസ്തസൃഷ്ടങ്ങൾക്കുവേണ്ടി ജീവിതത്തെ ബലിസമർപ്പിക്കുവാനും ആർ സന്നദ്ധരാകുമായിരുന്നു? "സ്നേഹത്തിൻെറയും സഹനത്തിൻെറയും ധീരതയുടേയും വിഹായസ്സിൽ മനുഷ്യപ്രകൃതി പറന്ന പറക്കലെല്ലാം മതാത്മകമായ ആദർശങ്ങളെച്ചൊല്ലിയാണ്."(1)

3) മതം മനുഷ്യനെ സഹനസന്നദ്ധനമാക്കുന്നു. സകല സൃഷ്ടികളേയും വാത്സല്യപൂർവ്വം സംരക്ഷിക്കുകയും പരമമായ വിവേകത്തോടും അപാരമായ കൃപാവാത്സല്യത്തോടുംകൂടെ ലോകഗതിയെ നയിക്കുകയും ചെയ്യുന്ന ദൈവത്തിൻെറ പരിപാലനയിൽ വിശ്വാസം ജനിപ്പിച്ചുകൊണ്ടു മതം ജീവിതക്ലേശങ്ങളെ സുസഹമാക്കുന്നു. ഭയാനകവും സുദീർഘവുമായ പീഡനങ്ങൾക്കുശേഷം അവമാനകരമായ മരണത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ടുന്ന ദുർഭഗർക്കു പ്രോത്സാഹനവും സാന്ത്വനവും നല്കുവാൻ, നീതിമാന്മാർക്കു പാരത്രികജീവിതത്തിൽ നിത്യസമ്മാനം വാഗ്ദാനം ചെയ്യുന്ന മതത്തിനല്ലാതെ മററെന്തിനാണു കഴിവുള്ളതു്? മതം മനുഷ്യനു നിസ്സന്ദേഹമായ ഉറപ്പു നല്കുന്നു, സൽകർമ്മനിരതമായ ജീവിതത്തിനും മരണാനന്തരസൗഭാഗ്യത്തിനും തമ്മിൽ പൊരുത്തമുണ്ടായിരിക്കുമെന്നു്. മതത്തിൻെറ സാന്ത്വനമില്ലെങ്കിൽ, മനുഷ്യനാണു മററു സകല സൃഷ്ടിയേയുംകാൾ ദയനീയൻ, ഏററം നിസ്സഹായൻ; പ്രകൃതിശക്തികൾ അവനെയിട്ടു് അമ്മാനമാടുന്നു; ജീവിതക്ലേശങ്ങൾ അവ

(1) William James-«Varieties of Religious Experiences» p. 259.

നെ വിഗതധൈര്യനാക്കുന്നു; അവൻെറ ചിന്താശക്തി അവൻെറ പീഡകളെ വർദ്ധിപ്പിക്കുവാനേ ഉപകരിക്കുന്നുള്ളൂ; ഭാവിയെപ്പററി ശുഭപ്രതീക്ഷകൾക്കൊന്നിനും അവന് അവകാശമില്ല; മ്ലാനതയും നൈരാശ്യവും അവനെ ഞെരിച്ചമർത്തും; ആത്മഹത്യ മാത്രമായിരിക്കും ഒരു പരിഹാരമാർഗ്ഗമായി അവൻ കണ്ടെത്തുക.

മതവിശ്വാസമില്ലാത്തവരിൽ വിഷാദാത്മകത്വവും ആത്മഹത്യയിലേക്കുള്ള പ്രവണതയും കൂടുതൽ കാണുന്നുവെന്നതു വിദിതമായ ഒരു വാസ്തവമാണ്.

## vii. സമുദായത്തിൻെറ നിലനില്പിനു മതം ആവശ്യകമാണ്.

മൗലികപ്രാധാന്യമുള്ള പ്രശ്നങ്ങൾക്കുത്തരം നല്കിക്കൊണ്ട്, ധാർമ്മികനിയമങ്ങൾ പാലിക്കുവാൻ പ്രേരകങ്ങൾ നിർദ്ദേശിച്ചു സ്വഭാവരൂപവൽകരണത്തെ സാധിച്ചുകൊണ്ട്, കർത്തവ്യബോധത്തെ വളർത്തിക്കൊണ്ടു വ്യക്തിയെമാത്രം സഹായിക്കുകയല്ല മതം ചെയ്യുന്നതു്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ഉറപ്പിച്ച്, കുടുംബജീവിതത്തെ ഉന്നമിപ്പിച്ച്, അങ്ങനെ സമുദായം നിലനില്ക്കുവാൻ മതം വളരെയേറെ ഉപകരിക്കുന്നു. ദൈവത്തിൻെറ മക്കളാകകൊണ്ടു മനുഷ്യരെല്ലാം സഹോദരന്മാരെന്ന് ഉൽബോധിപ്പിക്കുന്ന മതമാണു വ്യക്തിമാഹാത്മ്യം വളരുന്നതിനു്, ജനായത്തസിദ്ധാന്തം പുലരുന്നതിനു്, അടിമത്തം, നരഹത്യതുടങ്ങിയ അനീതികളെ ഉച്ചാടനം ചെയ്യുന്നതിനു്, സമത്വവും

സാഹോദര്യവും സഹവർത്തിത്വവും അംഗീകരിക്കുന്നതിനു മനുഷ്യസമുദായത്തെ പ്രേരിപ്പിച്ചതു്, പ്രേരിപ്പിക്കുന്നതു്. സൂര്യബിംബത്തെ ദൂരത്തെറിയുക, ശശാങ്കൻെറ ആർജ്ജിതശോഭ നശിച്ചുപോകും. ഈശ്വരനെ—മതത്തെ സമുദായജീവിതത്തിൽനിന്നു മാററിനിറുത്തുക, മനുഷ്യൻ ഭാരംവഹിക്കുന്ന മൃഗമായി അധഃപതിക്കുന്നതു കാണാം.

വൈവാഹികബന്ധത്തിൻെറ പവിത്രതയെ ഉറപ്പിച്ചുറപ്പിച്ചു പറയുന്നതു്, കുടുംബഭദ്രതയ്ക്കുവേണ്ടിനിന്നു് ഉദ്ബോധിപ്പിക്കുന്നതു്, മതമല്ലാതെന്താണു്? ഭാര്യാഭർതൃബന്ധത്തേയും പിതൃപുത്രകർത്തവ്യത്തേയും സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാനും നിഷ്കർഷ കാണിക്കുവാനും മതത്തെപ്പോലെ മറേറതൊരു സ്ഥാപനമാണുള്ളതു്? പിണങ്ങിപ്പിരിയാൻ പാടുള്ള കുടുംബാംഗങ്ങളെ സ്നേഹത്തിൻെറ ഊഷ്മാവിൽ വിളക്കിച്ചേർക്കുന്നതു മതമാണു്. വീടിനെ ദൈവത്തിൻെറ ആലയമാക്കുന്നതും സ്വർഗ്ഗത്തിൻെറ പടിവാതിലാക്കുന്നതും മതമത്രേ. ലോകസംസ്കാരങ്ങൾ കുടുംബത്തിൻെറ തകിട്ടുപാറയിലാണു് ഉറപ്പിക്കപ്പെട്ടിരിക്കുന്നതു് എന്നു നമുക്കറിയാം. അകത്തുനിന്നും പുറത്തുനിന്നും സംസ്കാരങ്ങളെ ശിഥിലീഭവിപ്പിക്കുന്ന ശക്തികളോടു് എതിർനിന്നു സമുദായത്തെ പരിരക്ഷിക്കുന്ന കുടുംബത്തെ കാത്തുപോരുന്ന മതത്തിൻെറ ആവശ്യകത ചോദ്യം ചെയ്യാവുന്നതല്ല.

## viii. രാഷ്ട്രത്തിൻെറ സുസ്ഥിതിക്കു മതം ആവശ്യകമാകുന്നു.

പ്ലേറേറാ പറയുന്നു: "മതത്തെ നശിപ്പിക്കുന്നവൻ

മനുഷ്യസമുദായത്തിൻെറ അസ്തിവാരം ഇളക്കിമറിക്കുക യാണു ചെയ്യുന്നതു്. ഒരു നഗരത്തിൻെറ സ്ഥാപന ത്തിൽ ഈശ്വരൻ ആധ്യക്ഷ്യം വഹിക്കുന്നില്ലെങ്കിൽ, അതിനു മാനുഷികമായ അടിസ്ഥാനം മാത്രമേ ഉള്ളു വെങ്കിൽ, അതിദാരുണമായ അത്യാഹിതങ്ങളിൽനിന്നു രക്ഷനേടുവാൻ അതിനു സാധിക്കുകയില്ല. ഒരു രാഷ്ട്രം ഈശ്വരനിന്ദയിൽ വളരുകയും, നീതിയെ ചവിട്ടിമെതി ക്കുന്നവർ അതിനെ ഭരിക്കുകയും ചെയ്താൽ, അതിൻെറ സുരക്ഷിതത്വത്തിനു യാതൊരു മാർഗ്ഗവുമില്ല".(1)

"നിനക്കു (ദൈവത്തിനു) സേവനം ചെയ്യാത്ത ജാ തിയും രാഷ്ട്രവും നശിക്കുതന്നെ ചെയ്യും" എന്നു പ്രവാ ചകനായ ഐസയാസ്; "ദൈവാരാധനയിൽ ഏററ വും ദത്തശ്രദ്ധരായിരുന്ന നഗരങ്ങളും ജാതികളുമാണു് ഏററവും ദീർഘകാലം നിലനില്ക്കുകയും ഏററവും ബു ദ്ധിയോടേ ഭരിക്കപ്പെടുകയും ചെയ്തിട്ടുള്ളതു്" എന്നു സെനോഫൺ; "ദൈവത്തോടുള്ള ഭക്തിക്കു നാശംഭവി ച്ചാൽ പരസ്പരവിശ്വാസത്തിനും സമുദായബന്ധത്തി നും അത്യുൽകൃഷ്ടപുണ്യമായ നീതിക്കും നാശം ഭവിക്ക യില്ലയോ എന്നു ഞാൻ സംശയിക്കുന്നു" എന്നു സിസ റോ; "ഒരു ജനതതിയ്ക്കു മതവിശ്വാസമില്ലെന്നു ക ണ്ടാൽ അവർ മൃഗങ്ങളെക്കാൾ ഭേദമല്ലെന്നു ഉറച്ചുകൊ ള്ളുക" എന്നു ഹ്യൂം; "മതവിശ്വാസത്തിൽ അടിയുറപ്പി ക്കാത്ത രാഷ്ട്രം ഒരുകാലത്തും ഏർപ്പെടുത്തപ്പെട്ടിട്ടില്ല" എന്നു്റൂസ്സോ; "സ്രഷ്ടാവും ഭരണകർത്താവും സമ്മാനശി ക്ഷകളുടെ ദാതാവുമായ ഒരു ദൈവത്തിലുള്ള വിശ്വാ

(1) Rep-tom, viii.

സം രാജാക്കന്മാരുടേയും പ്രജകളുടേയും അന്തരംഗത്തിൽ ആഴമായി ലേഖനം ചെയ്യപ്പെട്ടിരിക്കുക അത്യന്താപേക്ഷിതമാണ്” എന്നു വോൾട്ടെയർ.

രാഷ്ട്രവിജ്ഞാനത്തിൻെറ അന്തഃസാരം ഗ്രഹിച്ച എഡ്‌ബണ്ട് ബർക്ക് പറയുന്നു: “യഥാർത്ഥമതമാകുന്നു സമുദായത്തിൻെറ അസ്തിവാരം. അതിന്മേലാകുന്നു എല്ലാ സിവിൾഗവണ്മെൻറുകളും നിലകൊള്ളുന്നതു്. അതിൽനിന്നാണ് അധികാരത്തിന് അതിൻെറ പ്രാമാണ്യവും നിയമത്തിന് അതിൻെറ ശക്തിയും, ഇവരണ്ടിനും അവയുടെ അനുശാസനവും സംസിദ്ധമാകുന്നതു്. അവഗണനനിമിത്തം മതമാകുന്ന അടിസ്ഥാനം ഇളകിയാൽ സമുദായത്തിനു സ്ഥിരമായും ശാശ്വതമായും നിലനില്ക്കുക സാദ്ധ്യമല്ല.”

### എന്തുകൊണ്ടു സാദ്ധ്യമല്ല?

കർത്തവ്യങ്ങളെ അനുവർത്തിക്കുന്നതിനു പ്രേരിപ്പിക്കുവാൻ പര്യാപ്തമായ അധികാരംകൂടാതെ ഒരു സമുദായത്തിനും നിലനില്ക്കുക സാദ്ധ്യമല്ല. എന്നാൽ, കർത്തവ്യങ്ങളുടെ അന്തിമാവലംബം ഈശ്വരനാണ്. എന്തുകൊണ്ടെന്നാൽ, മനുഷ്യന് ഈശ്വരനോടുള്ള വിധേയത്വത്തിൽനിന്നാണ് അവനു ദൈവത്തോടും തന്നോടുതന്നെയും അന്യരോടും ഉള്ള എല്ലാ കടമകളും രൂപമെടുക്കുന്നതു്. അതിനാൽ, രാഷ്ട്രത്തിനു കർത്തവ്യങ്ങൾ അനുവർത്തിക്കുന്നതിന് ആവശ്യകമായ അധികാരം ഈശ്വരാധികാരത്തെ അംഗീകരിക്കുന്ന മതത്തിൽനിന്നു മാത്രമേ ലഭിക്കൂ.

അധികാരത്തിനു വിധേയരായ ജനങ്ങളെസ്സംബന്ധിച്ചും ഈ അനുമാനം സാധുവാണ്. മതമില്ലാത്ത ജനതയെ ഭരിക്കുക ദുഷ്കരമാണ്. എന്തുകൊണ്ടെന്നാൽ, അനുസരണത്തിനു പ്രേരകമായ കർത്തവ്യബോധം അവർക്കുണ്ടായിരിക്കുകയില്ല. ഈശ്വരൻെറ പരമാധികാരത്തെ അംഗീകരിക്കാത്ത ഒരാളെക്കൊണ്ടു രാഷ്ട്രത്തിൻെറ അധികാരത്തെ അംഗീകരിപ്പിക്കുവാൻ എന്തു ന്യായമാണ് എടുത്തു കാണിക്കുവാൻ സാധിക്കുക?

രാഷ്ട്രത്തിൻെറ നിലനില്പിനും പുരോഗതിക്കും ആവശ്യകമായ നീതിനിർവ്വഹണത്തിനും മതം കൂടിയേ തീരൂ. നിയമങ്ങൾ നിർമ്മിക്കുക, നിയമങ്ങൾ നടപ്പിലാക്കുക, നികുതി പിരിക്കുക, അവകാശങ്ങളേയും അഭിപ്രായ ഭിന്നതകളേയും കുറിച്ചു വിധി പ്രസ്താവിക്കുക മുതലായവയിലെല്ലാം പക്ഷപാതരഹിതമായ നീതി പ്രദർശിതമാകണം. ഈ സാമുദായികനീതി അധിഷ്ഠിതമായിരിക്കുന്നതു്, രാഷ്ട്രം ദൈവികാധികാരത്തിൽനിന്നാണു രൂപം കൊള്ളുന്നതെന്നും ഭരണകർത്താക്കൾ ഭരിക്കുന്നതു ദൈവത്തിൻെറ അധികാരത്തിലും അവിടുത്തെ പ്രതിനിധികളെന്ന നിലയിലുമാണെന്നും ഉള്ള തത്വങ്ങളിലാണ്. മതമാകുന്നു ഈ തത്വങ്ങൾ നമ്മെ പഠിപ്പിക്കുന്നതു്. അതിനാൽ, രാഷ്ട്രത്തിൻെറ സുസ്ഥിതിക്കു മതം ആവശ്യകമാണ്.

ഇതിനാലാണു പ്ലേറോ പറയുന്നതു്: "രാഷ്ട്രത്തിൽനിന്നു മതത്തെ മാററി നിറുത്തുന്നവൻ അതിനു ശവക്കുഴി തോണ്ടുകയാണു ചെയ്യുന്നതു്" എന്നു്.

രാഷ്ട്രത്തിൽ മതം ചെലുത്തുന്ന രക്ഷാകരമായ പ്രേ

രണകളെപ്പററി ജസ്റ്റിൻ ഇപ്രകാരം പറയുന്നു: "ഞങ്ങൾ (മതവിശ്വാസികൾ) ആകുന്ന രാഷ്ട്രത്തിൻെറ സുസ്ഥിതിക്കുവേണ്ടി ഏററം കൂട്ടതൽ സഹകരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, ഞങ്ങൾ പഠിപ്പിക്കുന്നു ദൈവം എല്ലാവരേയും ഭരിക്കുന്നുവെന്നു്; ദുഷ്കർമ്മങ്ങൾ ചെയ്യുന്നവർ, ദുരാഗ്രഹികൾ, കൊലപാതകികൾ ഇവരെയെല്ലാം സുകൃതികളെ എന്നതുപോലെ ദൈവം അറിയുന്നുവെന്നു്; ഈ ലോകത്തിൽനിന്നു കടന്നുപോകുന്ന ഓരോ വ്യക്തിയും യോഗ്യതയനുസരിച്ചു നിത്യമായ ശിക്ഷയോ സമ്മാനമോ പ്രാപിക്കുന്നുവെന്നു്. എല്ലാവരും ഈ സത്യങ്ങൾ വിശ്വസിക്കുന്ന പക്ഷം ആരും ഒരു നാഴികയെങ്കിലും പാപത്തിൽ നിലനില്ക്കുകയില്ല; മറിച്ച്, ശിക്ഷയിൽനിന്നു ഒഴിഞ്ഞുമാറുവാനും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സമ്മാനം കൈക്കലാക്കുവാനുംവേണ്ടി ആത്മസംയമനം പാലിക്കുകയും നന്മ പ്രവൎത്തിക്കാൻ ശ്രമിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ, തിന്മ പ്രവൎത്തിക്കുന്നവന് അറിയാം, നിങ്ങളുടെ(രാഷ്ട്രത്തിൻെറ)നിയമങ്ങളിൽനിന്നു് ഒഴിഞ്ഞു മാറുവാൻ തനിക്കു സാധിക്കുമെന്നു്; എന്നാൽ യാതൊന്നും യാതൊരു പ്രവൃത്തിയും, ഒരു വിചാരംപോലും, ദൈവത്തിൻെറ ദൃഷ്ടികളിൽനിന്നു മറയ്ക്കുക സാദ്ധ്യമല്ലെന്നു് അവൻ അറിയുകയും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്ന പക്ഷം, അവൻ, ശിക്ഷയെ ഭയന്നെങ്കിലും സൽകൎമ്മനിരതനായേക്കും."(1)

---

(1) Hettinger «Natural Religion» p. 290-291.

രണ്ടാമദ്ധ്യായം

# മതാത്മകമായ അനുഷ്ഠാനങ്ങൾ

## (Acts of Religion.)

മതം വസ്തുനിഷ്ഠമായി, ഈശ്വരനും മനുഷ്യനുംതമ്മിലുമുള്ള ബന്ധത്തിൽനിന്ന് ഉളവാകുന്ന കർത്തവ്യങ്ങളുടെ സമാഹാരമാകുന്നുവെന്നു നാം കണ്ടുകഴിഞ്ഞു. ഈ കത്തവ്യങ്ങൾ ഏവയെന്നും അവയുടെ സ്വഭാവം എന്തെന്നുമാണ് ഇതിനുപരി പരിശോധിക്കുവാനുള്ളതു്.

മനുഷ്യൻെറ മതപരമായ കത്തവ്യങ്ങൾ അവനു ദൈവത്തോടുള്ള ആശ്രയത്വത്തേയും, ആധ്യാത്മികവും ശാരീരികവുമായ അവൻെറ പ്രകൃതിയുടെ സ്വഭാവത്തേയും - ആശ്രയിച്ചാണിരിക്കുന്നതു്. മനുഷ്യപ്രകൃതിയുടെ ഈ പ്രത്യേകതയെ ആസ്പദമാക്കി മതകർത്തവ്യങ്ങളെ ആന്തരികമെന്നും ബാഹ്യമെന്നും രണ്ടായി വിഭജിക്കാം.

## a) ആന്തരികകർത്തവ്യങ്ങൾ

മതാത്മകമായ ആന്തരികകത്തവ്യങ്ങൾ, ബുദ്ധി, ഇച്ഛ, വികാരങ്ങൾ എന്നിവയുടേതാണ്. ഈ കർത്തവ്യങ്ങളെ ബാഹ്യമായ കർത്തവ്യങ്ങൾ പ്രകാശിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

i. ബുദ്ധിയുടെ കർത്തവ്യം — മതാത്മകജ്ഞാനസമ്പാദനം.

മനുഷ്യൻെറ മതപരമായ കൃത്യങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു ബുദ്ധിയുടെ പ്രവർത്തനങ്ങളാണ്. ഇവയിൽനിന്നത്രേ മറെറല്ലാ മതകൃത്യങ്ങളുടേയും പ്രാരംഭം.

മനുഷ്യൻ തൻെറ സ്രഷ്ടാവിനു സ്വാതന്ത്ര്യമായി ചെയ്യുന്ന ആരാധനയും സേവനവുമാണല്ലോ മതം. എന്നാൽ, ഈദൃശമായ സ്വാതന്ത്ര്യപ്രവർത്തനങ്ങൾ നടത്തുവാൻ ഇച്ഛാശക്തിക്കു കഴിയണമെങ്കിൽ ബുദ്ധിയുടെ പ്രവർത്തനം ആദ്യം നടക്കണം. ബുദ്ധിശക്തി കാണിച്ചുകൊടുക്കാത്തതൊന്നും ഇച്ഛാശക്തി പ്രവർത്തിക്കുകയില്ല. "അറിവിൻെറ പിന്നാലെ ആഗ്രഹം; ആഗ്രഹത്തിൻെറ പിന്നാലെ പ്രവൃത്തി" എന്നതു മനശ്ശാസ്ത്രത്തിൽ സർവ്വസമ്മതമായി അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്. അനുഭവവും ഇതുതന്നെയാണു വിളിച്ചറിയിക്കുന്നതു്. ഒരു വസ്തുവിനെക്കുറിച്ചു് അറിവുണ്ടായതിനു ശേഷമാണല്ലോ അതിൽ നമുക്കു താൽപര്യം തോന്നുന്നതും അതു കരസ്ഥമാക്കുവാൻ ഉദ്യമം നടത്തുന്നതും. മതത്തിൻെറ മണ്ഡലത്തിലും ഇതു വാസ്തവമാണ്. നമ്മുടെ പരമാന്ത്യമായ ദൈവത്തെക്കുറിച്ചു ബുദ്ധി ആരായുകയും അവിടത്തേക്കു സേവനമനുഷ്ഠിക്കേണ്ടതിനുള്ള കാരണങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു; അവിടത്തെ അനന്തപരിപൂർണ്ണതകൾനിമിത്തം അവിടുന്നു പരമമായ ആരാധനയ്ക്കു് അർഹനാകുന്നുവെന്നു ഇച്ഛാശക്തിയെ അറിയിക്കുന്നു. ബുദ്ധിക്കു കണ്ടുപിടിക്കുക സാധ്യമല്ലാത്ത കർത്തവ്യങ്ങൾ ദൈവം മനുഷ്യനിൽനിന്നു് ആവശ്യ

പ്പെടുന്നതായാൽത്തന്നെയും അതു ബുദ്ധിശക്തിവഴിയാണ് ഇച്ഛാശക്തിയുടെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതു്. അങ്ങനെ, മതാത്മകമായി ഇച്ഛാശക്തി ചെയ്യുന്ന ഓരോ പ്രവൃത്തിക്കും മുന്നോടിയായി ബുദ്ധിയുടെ പ്രവർത്തനം നടക്കുന്നു. ഇച്ഛാശക്തിയുടെ മാർഗ്ഗത്തിൽ പ്രകാശം വീശുന്നതു ബുദ്ധിയാണ്. ബുദ്ധി വഴിതെളിക്കുന്നില്ലെങ്കിൽ, ഇച്ഛാശക്തിക്കു പ്രവൃത്തിമണ്ഡലത്തിലൂടെ പുരോഗമിക്കുക—മതാനുഷ്ഠാനങ്ങൾ നിർവഹിക്കുക – സാധ്യമല്ല.

മതാത്മകമണ്ഡലത്തിൽ അറിയേണ്ട സംഗതികളെ മതസത്യങ്ങൾ എന്നു പറയുന്നു. ഈ സത്യങ്ങളെക്കുറിച്ചുള്ള അറിവ്—മനുഷ്യനു ദൈവത്തോടുള്ള വിധേയത്വം മുതലായവയുടെ അറിവ്—മാത്രമല്ല മതമെന്നു പറയുന്നതു്. അറിവു മതാത്മകകർത്തവ്യങ്ങളുടെ പ്രഥമപദവിമാത്രമാണ്. അതിനാൽ, താഴെപ്പറയുന്ന സിദ്ധാന്തങ്ങൾ അപൂർണ്ണവും അബദ്ധവുമാണെന്നു വ്യക്തമാകുന്നു:

1) പരബ്രഹ്മത്തെക്കുറിച്ചുള്ള ധ്യാനം മതി മനുഷ്യനെ സകല ദുഃഖങ്ങളിൽനിന്നും വിമോചിക്കുന്നതിനും സായുജ്യപ്രാപ്തിക്ക് അവനെ ശക്തനാക്കുന്നതിനും എന്നു വാദിക്കുന്ന ഹൈന്ദവവേദാന്തികളുടെ സിദ്ധാന്തം.

2) മതജീവിതം—മതാത്മകമായ ജീവിതം - ബുദ്ധിയുടെ ഒരു അനുഷ്ഠാനം മാത്രമാണെന്നും, സൽപ്രവൃത്തികളെക്കുറിച്ചു പരിഗണനയാവശ്യകമല്ലെന്നും വാദിക്കുന്ന ജ്ഞേയവാദി(Gnostics)കളുടെ അഭിമതം.

ഇവരണ്ടും മനുഷ്യൻെറ എല്ലാ കഴിവുകളേയും മുഴുവനായി ദൈവത്തിന്ന് അർപ്പിക്കാത്തതിനാൽ, മതാനുഷ്ഠാനമെന്ന നിലയിൽ അപൂർണ്ണങ്ങളും അപര്യാപ്തങ്ങളുമാണു്

മതകർത്തവ്യങ്ങളിൽ പ്രഥമസ്ഥാനം നല്കേണ്ടതു ബുദ്ധിയുടെ പ്രവർത്തനമായ അറിവിനാണു്. ബുദ്ധിവഴി ആദ്യമായി ദൈവത്തിൻെറ സ്വഭാവം, പരിപൂർണ്ണതകൾ, മനുഷ്യൻെറമേൽ അവിടുത്തേക്കുള്ള അധികാരം, ദൈവത്തോടു മനുഷ്യനുണ്ടായിരിക്കേണ്ട വിധേയത്വം, സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിൽനിന്നു രൂപമെടുക്കുന്ന കടമകൾ ഇവയെക്കുറിച്ചുള്ള അറിവാണു മതാനുഷ്ഠാനങ്ങളിൽ ആദ്യമായി വേണ്ടതു്.

### ബുദ്ധിയുടെ ലക്ഷ്യം: ദൈവത്തെ അറിയുക.

മനുഷ്യബുദ്ധി ദൈവത്തെ അറിയുവാനായിട്ടാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് എന്നു് അതിൻെറ സ്വഭാവം തന്നെ വിളിച്ചറിയിക്കുന്നു. മനുഷ്യനു മൗലികമായ മൂന്നു അഭിനിവേശങ്ങളിൽ ആദ്യത്തേതു് അറിവിനുവേണ്ടിയുള്ളതാണെന്നും പരിമിതമായ ജ്ഞാനംകൊണ്ടു് മനുഷ്യബുദ്ധി സംതൃപ്തമാകുന്നില്ലെന്നും നാം കണ്ടുകഴിഞ്ഞു. (മ. ശാ. 1. പുറം 83) കാരണങ്ങളെ ആരാഞ്ഞുകൊണ്ടിരിക്കുക ബുദ്ധിയുടെ സ്വഭാവമാണു്. സകലതിൻേറയും കാരണവും, കാരണത്തിൻെറ കാരണവും അതു് അന്വേഷിക്കുന്നു. അങ്ങനെ, ആദികാരണത്തിൽ, കാരണമില്ലാത്ത കാരണത്തിൽ ചെന്നവസാനിക്കാതെ അതു സംതൃപ്തമാവുകയില്ല. ഈ ആദികാരണമാകുന്ന

ദൈവം. അതിനാൽ ഈ ബുദ്ധി ദൈവത്തെ അറിയു വാൻതന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നു സിദ്ധിക്കുന്നു.

## ii. ഇച്ഛാശക്തിയുടെ കൎത്തവ്യങ്ങൾ.

മതത്തിൻെറ ഏററവും സാരവത്തായ അംശം ഇച്ഛാശക്തിയുടെ പ്രവൎത്തനത്തിലാണു് അടിയുറപ്പിച്ചിരിക്കുന്നതു്.

മതമെന്നതു മനുഷ്യൻ ദൈവസേവനത്തിനായി സ്വാതന്ത്ര്യപൂർവ്വം ചെയ്യുന്ന പരിപൂൎണ്ണമായ ആത്മാൎപ്പണമാണല്ലോ. മാനുഷികസ്വാതന്ത്ര്യത്തിൻേറയും സ്വയംനിർണ്ണയത്തിൻേയും ആസ്ഥാനം ഇച്ഛയാകയാൽ, മതാത്മകമായ കൃത്യങ്ങളെല്ലാം ആത്മാവിൻെറ ഈ ശക്തിയിൽനിന്നാണു പുറപ്പെടുക.

### ഇച്ഛാശക്തിയുടെ മതാത്മകകൃത്യം ദൈവത്തെ സ്രഷ്ടാവും പരമാന്ത്യവുമായി ആരാധിക്കു(worship)ന്നതിൽ അടങ്ങിയിരിക്കുന്നു.

ആരാധന എന്നതു ബഹുമാനത്തെക്കാൾ ഉന്നതമാണു്. ബഹുമാനം നമ്മുടെ കീഴുള്ളവർക്കും നല്കാവുന്നതാണു്, അവരുടെ സ്വഭാവവിശേഷത്തേയും യോഗ്യതകളേയും പ്രകാശിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്തുകൊണ്ടു്. എന്നാൽ, ആരാധന, നമ്മെക്കാൾ ഉൽകൃഷ്ടരായവർക്കു മാത്രമേ—ശ്രേഷ്ഠവരങ്ങളാൽ നമ്മെ അതിശയിക്കുകയും അത്ഭുതാദരങ്ങൾ നമ്മിൽ ഉദ്ദീപിപ്പിക്കുകയും നമ്മുടെ വിധേയത്വത്തേയും സ്തുതികീർത്തനങ്ങളേയും അവകാശപ്പെടുകയും ചെയ്യുന്നവർക്കു മാത്രമേ—നല്കപ്പെടുന്നുള്ളൂ.

ദൈവം നമ്മുടെ ആരാധനയെ അർഹിക്കുന്നു. അവിടത്തേക്ക് അതിനുള്ള അവകാശം, അവിടുന്നു നമ്മുടെ സ്രഷ്ടാവും പരമാന്ത്യവും ആകുന്നുവെന്നതിൽ അടങ്ങിയിരിക്കുന്നു. അവിടുന്നു തന്റെ അനന്തപരിപൂർണ്ണതകളാൽ നമ്മെ അനന്തമായി അതിശയിക്കുകയും നമ്മുടെ അത്ഭുതാദരങ്ങൾക്കു വിഷയമാവുകയും ചെയ്യുന്നു. തന്റെ സൃഷ്ടികളെന്ന നിലയിൽ നമ്മിൽനിന്നു പരിപൂർണ്ണമായ ആശ്രയത്വത്തെ അവകാശപ്പെടുവാൻ അവിടത്തേക്കു അധികാരവുമുണ്ട്. ഇങ്ങനെ, ദൈവത്തിന്റെ അനന്തമായ മഹത്വത്തിന്റേയും പ്രതാപത്തിന്റേയും, അതേസമയം നമ്മുടെ ഉൽപത്തിക്കും അസ്തിത്വത്തിനും ഹേതുവായ അവിടത്തോടുള്ള വിധേയത്വത്തിന്റേയും, നമ്മുടെ അന്ത്യപ്രാപ്തിക്കുവേണ്ടിയുള്ള ആശ്രയത്വത്തിന്റേയും അംഗീകാരമാകുന്നു ആരാധന. ഇതു സൃഷ്ടികൾക്കു നല്കപ്പെടുന്ന സകലവിധബഹുമാനങ്ങളിൽനിന്നും വ്യത്യസ്തവും വ്യതിരിക്തവുമാകുന്നു; ദൈവത്തിനുമാത്രമേ ഈ ആരാധനയ്ക്കു് അവകാശമുള്ളൂ.

a) <u>ആത്മാർപ്പണവും വിധേയത്വവും.</u>

ദൈവികാരാധനയിൽ പരിപൂർണ്ണമായ വിധേയത്വത്തിന്റേയും ആത്മാർപ്പണത്തിന്റേയും അനുഷ്ഠാനങ്ങൾ അടങ്ങിയിരിക്കുന്നു. നമ്മുടെ അസ്തിത്വത്തിന്റെ കാരണവും ജീവിതത്തിന്റെ ലക്ഷ്യവും ദൈവമാണെന്നുള്ള ബോധം, നിരുപാധികം നമ്മെത്തന്നെ അവിടത്തേക്കു അടിയറവു വയ്ക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. സകല മാനുഷികമഹത്വങ്ങളേയും അനന്തമായി അതി

ശയിക്കുന്ന അവിടുത്തെ പരിപൂർണ്ണതകളുടെ മുമ്പാകെ നാം, നമ്മുടെ നിസ്സാരതയും ബലഹീനതയും ഗ്രഹിച്ചു കൊണ്ടു വിനയപൂർവ്വം ശിരസ്സു നമിക്കുന്നു. അതുപോലെ തന്നെ, സകലത്തിൻേറയും പരമാധികാരിയും അധിനാഥനുമായി അവിടുത്തെ അംഗീകരിക്കുമ്പോൾ അവിടുന്നു കല്പിക്കാതെതന്നെ അവിടുത്തോട് അനുസരണം പ്രദർശിപ്പിക്കുവാൻ നാം പ്രേരിതരാകുന്നു. എല്ലാ സൃഷ്ടികളുടേയും പരിപാലകനായ അങ്ങേക്കു നാം നമ്മെത്തന്നെ അർപ്പിക്കുകയും ചെയ്യുന്നു.

b) സ്നേഹവും പ്രത്യാശയും.

ദൈവത്തെ സ്നേഹിക്കുകയും അവിടുത്തേ സഹായത്തിൽ പ്രത്യാശിക്കുകയും ചെയ്യുകയെന്നതും ഇച്ഛാശക്തിയെസ്സംബന്ധിക്കുന്ന, മതത്തിൻേറ ആന്തരികകൃത്യങ്ങളായി പരിഗണിക്കപ്പെടാം. സ്നേഹവും പ്രത്യാശയും ദൈവത്തോടു നേരിട്ടുള്ള മാനസികവ്യാപാരങ്ങളാകയാൽ, നിഷ്കൃഷ്ടമായ അർത്ഥത്തിൽ ദൈവികാരാധനയുടെ ഘടകങ്ങളല്ല. എങ്കിലും ദൈവികാരാധനയോട് ഇവയ്ക്കു് അടുത്ത ബന്ധമുണ്ടു്; പ്രായോഗികമായി ഇവ ദൈവികാരാധനയ്ക്കു പിൻതുണയും പ്രോത്സാഹനവും നല്കുന്നു.

മനുഷ്യൻ ബുദ്ധിയുടെ വ്യാപാരത്താൽ, താത്വികമായി ദൈവത്തിൻേറ പരിപൂർണ്ണതകളെ ഗ്രഹിക്കുന്നു. അവിടുന്നു് അനന്തനന്മയാകുന്നുവെന്നു ബുദ്ധി ഇച്ഛാശക്തിക്കു വെളിപ്പെടുത്തുന്നു. നന്മയെ സ്നേഹിക്കുക ഇച്ഛ

യുടെ സ്വഭാവമാകയാൽ, ആത്മാവു പ്രകൃത്യാതന്നെ നന്മയിലേക്ക് ആകർഷിക്കപ്പെടുന്നു.

ഇച്ഛാശക്തിയുടെ ലക്ഷ്യം: ദൈവത്തെ സ്നേഹിക്കുക.

മാത്രമല്ല, സൗഭാഗ്യത്തിനുവേണ്ടിയുള്ള ആത്മാവിന്റെ ദുഃശമമായ അഭിവാഞ്ഛ, യാതൊരു സൃഷ്ടവസ്തുവിനും അതിന്റെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ലെന്നുള്ള അനുഭവസിദ്ധമായ ജ്ഞാനം ഇവയിൽനിന്നെല്ലാം മനുഷ്യൻ ഗ്രഹിക്കുന്നു, അനന്തനന്മയായ ദൈവമാണു തന്റെ ഉദ്യമങ്ങളുടെയെല്ലാം അന്തിമലക്ഷ്യമെന്നും ആ ലക്ഷ്യം പ്രാപിക്കാതെ തന്റെ പ്രകൃതി അഭിലഷിക്കുന്ന സൗഭാഗ്യം കണ്ടെത്തുക സാദ്ധ്യമല്ലെന്നും. ആദികാരണമായ ദൈവത്തെ അറിയുവാനാണു മനുഷ്യബുദ്ധി സൃഷ്ടമായിരിക്കുന്നതെന്നും ആ അറിവുകൊണ്ടുമാത്രമേ ബുദ്ധി സംതൃപ്തമാകുന്നുള്ളുവെന്നും നാം കണ്ടുകഴിഞ്ഞു. ബുദ്ധി കാണിച്ചുകൊടുക്കുന്ന അറിവനുസരിച്ച് ഇച്ഛാശക്തി പ്രവർത്തിക്കുന്നതിനാൽ, അനന്തനന്മയായി ബുദ്ധികാണിച്ചുകൊടുക്കുന്ന ആദികാരണത്തെ സ്നേഹിക്കുവാനാണ് ഇച്ഛാശക്തി സൃഷ്ടമായിരിക്കുന്നതു്. ആ സ്നേഹംകൊണ്ടു മാത്രമേ അതു സംതൃപ്തമാവുകയുള്ളൂ.

ആകയാൽ, മനുഷ്യനു പരമാന്ത്യം പ്രാപിക്കുവാൻ ഇച്ഛാശക്തിയുടെ സഹകരണം ആവശ്യകമാണെന്നു സ്പഷ്ടം. അവൻ തന്റെ അഭിലാഷങ്ങളെ പരമനന്മയായ ദൈവത്തിങ്കലേക്കു തിരിച്ചുവിടണം. സൃഷ്ടവസ്തുക്കളെയും ഇച്ഛാശക്തിക്കു വിഷയമാക്കാവുന്നതാണ്.

എന്നാൽ, അതു് എപ്പോഴും, പരമനന്മയ്ക്കു വിഘാതമാകാതെയും അതിന് അധീനമായും വേണ്ടിയിരിക്കുന്നു. സർവ്വോപരി ദൈവത്തെ സ്നേഹിക്കുക, ആ സ്നേഹവിഷയത്തിലേക്ക് ഉന്മുഖനായി സദാ വർത്തിക്കുക ഇതാണു സ്രഷ്ടാവു മനുഷ്യനു നിശ്ചയിച്ചിരിക്കുന്ന ജീവിതലക്ഷ്യം.

എന്നാൽ, ഈ സ്നേഹവിഷയം ലബ്ധമാകാത്തിടത്തോളം കാലം, അതിനെ പ്രാപിക്കുന്നതിനുവേണ്ടിയുള്ള യത്നം സുഗമമാക്കുവാൻ പ്രത്യാശയും ആവശ്യകമാണ്. എന്തുകൊണ്ടെന്നാൽ, ഏതെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടായാലും ദൈവത്തിന്റെ സഹായത്താലും സ്വന്തം പരിശ്രമങ്ങളാലും മഹനീയമായ ആ ലക്ഷ്യത്തിൽ എന്നെങ്കിലും എത്തിച്ചേരാമെന്നുള്ള സുദൃഢമായ പ്രത്യാശ ഇല്ലാത്തപക്ഷം, മഹാമതികൾക്കുടെ മനസ്സു മടുത്തു്, നഷ്ടധൈര്യർ ആകാതിരിക്കുകയില്ല. ആകയാൽ, മനുഷ്യൻ ഈ ഭൂമിയിൽ ആയിരിക്കുന്നിടത്തോളംകാലം, ദൈവത്തെ പ്രാപിച്ചു നിത്യസൗഭാഗ്യം ആസ്വദിക്കാം എന്ന പ്രത്യാശ അവനെ വിട്ടുപിരിയാതിരിക്കേണ്ടതാണ്.

അനന്തനന്മയെ സ്നേഹിക്കുവാൻ ഇച്ഛാശക്തിക്കു കഴിവു നല്കിയ ദൈവം, ആ നന്മയെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗവും കാണിച്ചുകൊടുക്കാതിരിക്കുകയില്ല എന്ന ന്യായം ഈ പ്രത്യാശയ്ക്കു് അവലംബമായി നില്ക്കുന്നുമുണ്ട്.

മേൽപ്പറഞ്ഞ സ്നേഹവും പ്രത്യാശയുമാണ്, മനുഷ്യന്റെ സ്വാതന്ത്ര്യേച്ഛയുടെ പ്രവർത്തനങ്ങളും അവന്റെ അന്ത്യമലക്ഷ്യമായ ദൈവവും തമ്മിലുള്ള പ്രഥമവും മൗ

ലികവുമായ ബന്ധത്തെ സ്ഥാപിക്കുന്നതു്. ഈ സുകൃതങ്ങളുടെ—സ്നേഹത്തിൻേറയും പ്രത്യാശയുടേയും—പ്രവർത്തനങ്ങളെ, ദൈവികാരാധനയുടെ ആവശ്യഘടകങ്ങളായ അനുഷ്ഠാനങ്ങൾ ക്രമവൽകരിക്കുകയും കൂടുതൽ കു്ഌപ്തമായി നിശ്ചയിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ, ദൈവത്തെ സർവ്വോപരി സ്നേഹിക്കുകയും അങ്ങിൽ പ്രത്യാശ സമപ്പിക്കുകയും അങ്ങയെ പ്രാപിക്കുവാൻ സവ്വാത്മനാ ശ്രമിക്കുകയും ചെയ്താൽമാത്രം പോരാ. അവൻ തൻെറ സ്നേഹാത്മകവും പ്രത്യാശാപരവുമായ സകല കൃത്യങ്ങളിലും, ദൈവത്തിൻെറ അനന്തമഹിമയേയും അവിടത്തോടുണ്ടായിരിക്കേണ്ട പരിപൂണ്ണമായ വിധേയത്വത്തേയും സദാ കൺമുമ്പാകെ വച്ചുകൊണ്ടിരിക്കുകയും ഇവയാൽ നയിക്കപ്പെടുകയും വേണം. അങ്ങനെ, സ്നേഹവും പ്രത്യാശയും സത്യത്തിൽ അടിയുറച്ചതാവണം. ദൈവികാരാധനയുടെ പ്രേരക (motive)കാരണങ്ങൾ, പ്രസ്തുതസുകൃതങ്ങളോടു ചേർന്നു്, എല്ലാം പരസ്പരം യോജിച്ചു്, ഒന്നുപോലെ ആയിത്തീന്നെങ്കിൽ മാത്രമേ, മനുഷ്യൻെറ ജീവിതം, ദൈവത്തോടു് അവനുള്ള വിധേയത്വം ആവശ്യപ്പെടുന്ന ഗുണങ്ങൾ തികഞ്ഞതാവുകയുള്ളു.

മതാത്മകജീവിതത്തിൽ ഇച്ഛാശക്തിയുടെ പ്രവർത്തനമാണു ബുദ്ധിശക്തിയുടെ പ്രവർത്തനത്തെക്കാൾ പ്രാധാന്യമർഹിക്കുന്നതു്. എന്നാൽ, അതു കാൻ്റും (Kant) അദ്ദേഹത്തിൻെറ പല അനുഗാമികളും ശഠിക്കുന്നതുപോലെ ബുദ്ധിശക്തിയുടെ പ്രവർത്തനത്തിൽനിന്നു വേർപെട്ടു നില്ക്കുവാൻ പാടില്ല. താത്വി

കജ്ഞാനം മതാത്മകജീവിതത്തിന്ന് അത്യന്താപേക്ഷിതമാണ്. അതിൽനിന്നത്രേ, നാം മുകളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ, ഇച്ഛാശക്തിക്കു പ്രവർത്തിക്കുവാൻ വേണ്ട പ്രകാശവും പ്രചോദനവും ലഭിക്കുന്നതു്.

## b) മതപരമായ വികാരങ്ങൾ

ബുദ്ധിയുടേയും ഇച്ഛയുടേയും പ്രവൎത്തനങ്ങളെ അനുഗമിച്ചു സ്വാഭാവികമായി ഉണ്ടാകുന്നവയാണു വികാരങ്ങൾ.

മനുഷ്യൻ ആത്മശരീരസംയുക്തനാകയാൽ, അവന്നു തന്റെ ആത്മാവിന്റെ ശക്തികളെ ഇതരശക്തികളിൽനിന്ന് അകററിനിറുത്തി പ്രവൎത്തിക്കുക സാധ്യമല്ല. ശാരീരികശക്തികൾ ആത്മാവിന്റെ എല്ലാ പ്രവൎത്തനങ്ങളിലും അതതിന്റെ പങ്കു വഹിക്കുന്നു. ഭാവന (imagination) ചിന്തയുടെ സന്തതസഹചാരിയായി വൎത്തിക്കുകയും പലപ്പോഴും ഇന്ദ്രിയലാലസകളെ ഉണൎത്തുകയും ചെയ്യുന്നുവെന്നതു സുവിദിതമാണല്ലോ.

മനുഷ്യന്റെ വിവിധവികാരങ്ങൾക്ക് ഇച്ഛാശക്തിയുമായി അവശ്യബന്ധം ഒന്നുമില്ല. ചിലപ്പോൾ ഇച്ഛാശക്തിക്കെതിരായിത്തന്നെ വികാരങ്ങൾ ഉണ്ടാകാം. ഈ വികാരങ്ങളെ ജയിച്ചു കീഴടക്കാൻ ഇച്ഛാശക്തിക്കു ചിലപ്പോൾ സാധിക്കും; ചിലപ്പോൾ സാധിക്കുകയില്ല. എന്നുവരുകിലും, നമ്മുടെ മതാത്മകജീവിതത്തിൽ വികാരങ്ങൾക്കും സുപ്രധാനമായ സ്ഥാനമുണ്ട്. നമ്മുടെ ചിന്തകളേയും ഇച്ഛകളേയും ഏതെങ്കിലും തരത്തിലുള്ള

വികാരങ്ങൾ സദാ അനുഗമിക്കുന്നു. തന്നിമിത്തം, ബുദ്ധിശക്തിയുടേയും ഇച്ഛാശക്തിയുടേയും പ്രവർത്തനങ്ങളെ ഉൾക്കൊള്ളുന്ന മതവും ഏതെങ്കിലും വിധത്തിലുള്ള വികാരങ്ങളാൽ അനുഗതമാവാതിരിക്കുക സാദ്ധ്യമല്ല. മാത്രമല്ല, മതത്തിന്റെ മണ്ഡലത്തിൽ, മററു മണ്ഡലങ്ങളിലെന്നതിനെക്കാൾ വികാരങ്ങൾ കൂടുതൽഭാഗം അഭിനയിക്കുന്നുണ്ട്. ഇതിനു കാരണം മതകർത്തവ്യങ്ങളുടെ പ്രാധാന്യവും അവയിൽ ബുദ്ധിയും ഇച്ഛയും പ്രദർശിപ്പിക്കുന്ന സജീവതാൽപര്യവുമാണ്. ദൈവത്തെ അഖിലസൃഷ്ടികളുടേയും അധിപനായും സർവ്വസൗഭാഗ്യങ്ങളുടേയും കേന്ദ്രമായും വീക്ഷിക്കുന്ന മതത്തിന്റെ മണ്ഡലത്തിൽ ഉദയംകൊള്ളുന്ന വികാരങ്ങൾ പ്രധാനമായി, ആശ്രയബോധം, ആദരാന്വിതമായ ഭയം, പ്രത്യാശ, ആഹ്ലാദം മുതലായവയോട് ഒട്ടിനില്ക്കുന്നവയാണ്.

### വികാരങ്ങൾക്കുള്ള സ്ഥാനം

വികാരങ്ങൾ മതാനുഷ്ഠാനത്തിൽ സുപ്രധാനമായ ഘടകങ്ങളല്ലെങ്കിലും അവയുടെ ശക്തി നാം അവഗണിക്കരുത്. എന്തുകൊണ്ടെന്നാൽ, വികാരങ്ങൾക്കു ബുദ്ധിയുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുവാനുള്ള കഴിവു വളരെയാണ്. മനുഷ്യന്റെ പ്രവർത്തനങ്ങൾ കൂടുതൽ കൂടുതൽ ബുദ്ധിപരമായിത്തീരുംതോറും അവനു് ആയാസം വർദ്ധിച്ചുവരും; ആത്മാവ് അതിവേഗം ക്ഷീണിക്കുകയും അലസമാവുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ, ബുദ്ധിപരമായ പ്രവർത്തനങ്ങൾ മനുഷ്യന്റെ ഇരുഘടകങ്ങളിൽ ഒന്നായ ആത്മാവിനെ മാത്രമേ വ്യാപരിപ്പിക്കു

ന്നുള്ളു. ശരീരശക്തികൾക്കും അവയുടെ ആനുപാതികമായ വീതം ലഭിക്കുമ്പോൾ മാത്രമാണു മനുഷ്യൻെറ പൂർണ്ണമായ പ്രകൃതി പ്രവർത്തിക്കുന്നതു്. അങ്ങനെ, ആത്മശരീരങ്ങൾ യോജിച്ചുള്ള വ്യാപാരങ്ങൾ അനായാസേന ആനന്ദപൂർവ്വം നിർവഹിക്കപ്പെടുന്നു. മനുഷ്യൻെറ മാനസികവും ശാരീരികവുമായ ശക്തികൾ പരസ്പരം ഐകമത്യത്തോടേ സഹകരിക്കുമ്പോൾ കൂടുതൽകൂടുതൽ പൂർണ്ണമായ അനുഷ്ഠാനങ്ങൾക്കു വഴി തെളിയും.

ആകയാൽ, മതത്തിൻെറ ആന്തരികകർത്തവ്യങ്ങളിൽ ബുദ്ധിക്കും ഇച്ഛയ്ക്കും വികാരങ്ങളുടെ സഹായം ആവശ്യകമാണു്.

ബുദ്ധിയുടെ മതപരമായ കൃത്യങ്ങൾക്കു്, വികാരങ്ങളുടെ സഹകരണത്താൽ കൂടുതൽ ശക്തി സിദ്ധിക്കുന്നതുപോലെ, വികാരങ്ങൾ ബുദ്ധിപരമായ കൃത്യങ്ങളുടെ തീവ്രതയെ പ്രതിബിംബിപ്പിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഓജസ്സും ചൈതന്യവുംനിറഞ്ഞ ഒരു അറിവിനു മാത്രമേ വികാരങ്ങളെ ഉണർത്തുവാൻ കഴിയൂ.

വികാരങ്ങൾ മതപരമായ അനുഷ്ഠാനങ്ങളിൽ സാരമായ പങ്കു വഹിക്കുന്നുണ്ടെങ്കിലും അവയ്ക്കു് അതിപ്രധാനമായ സ്ഥാനം നല്കുക അബദ്ധമാണു്. ഒരുപടികൂടെ കടന്നു്, ജാക്കോബി(Jacobi)മുതലായവരെപ്പോലെ, മതത്തിൻെറ സാരാംശംമുഴുവൻ വികാരങ്ങളിലാണു സ്ഥിതി ചെയ്യുന്നതു് എന്നു വാദിക്കുന്നതു മൂഢതയല്ലാതെ മറെറാന്നുമല്ല.

## c) മതത്തിൻെറ ബാഹ്യമായ കർത്തവ്യങ്ങൾ

ആന്തരികകത്തവ്യങ്ങളുടെ പൂത്തീകരണവും ദൃശ്യമായ പ്രകാശനവും എന്ന നിലയിൽ മതത്തിനു ബാഹ്യമായ കത്തവ്യങ്ങളും ആവശ്യകമാണു്. ഇതു് 1) ആന്തരികകത്തവ്യങ്ങളുടെ സ്വഭാവത്തിൽനിന്നും 2) മനുഷ്യനു് ആത്മശരീരങ്ങളിൽ ദൈവത്തോടുള്ള വിധേയത്വത്തിൽനിന്നും 3) മനുഷ്യനു സാമൂഹികജീവിതത്തിനു ദൈവദത്തമായുള്ള വാസനയിൽനിന്നും തെളിയിക്കാവുന്നതാണു്.

### 1) ആന്തരികകത്തവ്യങ്ങളുടെ സ്വഭാവത്തിൽനിന്നു്.

മനുഷ്യൻെറ പ്രകൃതി ഒരേ സമയം മൂർത്തവും(material) അമൂർത്തവും(spiritual) ആകയാൽ അവൻെറ മതപരമായ ആന്തരികകത്തവ്യങ്ങൾ ബാഹ്യമായി പ്രകാശിപ്പിക്കപ്പെടാതെ പരിപൂർണ്ണമായി വികാസം പ്രാപിക്കുന്നതല്ല എന്നാൽ, മതം ആന്തരികകൃത്യങ്ങളുടെ പരിപൂർണ്ണവികാസം ആവശ്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, മതമെന്നതു മനുഷ്യൻെറ ആത്മശരീരങ്ങളുടെ പരിപൂർണ്ണസമർപ്പണമാണല്ലോ. ആകയാൽ, ആന്തരികമായ കത്തവ്യങ്ങളോടു ബാഹ്യമായ കത്തവ്യങ്ങളും യോജിപ്പിക്കപ്പെടേണ്ടതാണു്.

ആന്തരികകൃത്യങ്ങളുടെ പരിപൂർണ്ണവികാസത്തിനു ബാഹ്യകൃത്യങ്ങൾ ആവശ്യകമാണെന്നു പറയുവാൻ രണ്ടു കാരണങ്ങളാണുള്ളതു്:

a) മനുഷ്യൻെറ ആത്മാവും ശരീരവുംതമ്മിലുള്ള ഗാഢമായ ബന്ധം. ദൈവാരാധനയെസ്സംബന്ധിക്കുന്ന മാനസികകൃത്യങ്ങൾ സുശക്തങ്ങളാണെങ്കിൽ പ്രകൃത്യാ തന്നെ, ഇന്ദ്രിയങ്ങൾവഴി പുറമേ ദൃശ്യമാകാതിരിക്കുകയില്ല. അപ്പോൾ അവ ബാഹ്യാരാധനയുടെ അംശങ്ങളായിത്തീരുന്നു. അങ്ങനെ മതാത്മകമായ ആന്തരികകൃത്ത്യങ്ങൾ—ബുദ്ധിയുടെ മതപരമായ ചിന്തകൾ, ഇച്ഛയുടെ ദൈവഹിതത്തോടുള്ള വിധേയത്വം, മതാത്മകമായ വികാരങ്ങൾ—ഇവയെല്ലാം വാക്കുകളുടേയും പ്രവൃത്തികളുടേയും രൂപം ധരിക്കുന്നു. അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രാൎത്ഥന, അഞ്ജലിബന്ധനം, ഗാനാലാപം, സാഷ്ടാംഗപ്രണാമം, സൎവ്വോപരി, ബലിസമൎപ്പണം മുതലായവയെല്ലാമാണ് മേല്പറഞ്ഞ ആന്തരികകൃത്യങ്ങളുടെ ബാഹ്യരൂപങ്ങൾ. ഇവയെക്കൂടാതെ, ആന്തരികകൃത്യങ്ങൾ പരിപൂൎണ്ണങ്ങളാവുകയില്ല.

b) ബാഹ്യാരാധന ആന്തരികമനോഭാവങ്ങളെ പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ബുദ്ധിയുടെ വ്യാപാരങ്ങൾക്ക് ഇന്ദ്രിയജ്ഞാനത്തെ ആശ്രയിക്കേണ്ടുന്ന മനുഷ്യനു ബാഹ്യേന്ദ്രിയങ്ങളുടെ പ്രവൎത്തനങ്ങൾവഴി ആദ്ധ്യാത്മികമണ്ഡലങ്ങളിലേക്കു പ്രവേശിക്കുക സ്വാഭാവികം മാത്രമാണ്. സാമൂഹികമായ ഭക്ത്യനുഷ്ഠാനങ്ങൾ, പൊതുവായ പ്രാൎത്ഥനകൾ മുതലായവയിൽനിന്നുളവാകുന്ന സൽഫലങ്ങളും മതപരമായ സമ്മേളനങ്ങൾ, ഘോഷയാത്രകൾ ഇത്യാദികളിൽനിന്നു ലഭിക്കുന്ന ഉത്തേജനങ്ങളും ഈ പ്രസ്താവത്തിന് ഉപോൽബലകമാണ്.

## 2) മനുഷ്യന് ആത്മശരീരങ്ങളെസ്സംബന്ധിച്ച ദൈവത്തോടുള്ള വിധേയത്വത്തിൽനിന്ന്.

മനുഷ്യന്റെ മതപരമായ അനുഷ്ഠാനങ്ങൾ സ്രഷ്ടാവിനോട്ട് അവനുള്ള വിധേയത്വത്തിന്റെ പ്രതിബിംബനമായിരിക്കണം. ഈ വിധേയത്വം ആത്മാവിനെയെന്നോണം ശരീരത്തേയും ബാധിക്കുന്നു. ആകയാൽ, അവന്റെ മതാത്മകകൃത്യങ്ങൾ ആത്മാവിന്റേത് എന്നതുപോലെതന്നെ ശരീരത്തിന്റേതും ആയിരിക്കണം. അതായത്, ആന്തരികവും ബാഹ്യവുമായിരിക്കണം.

നാം മുകളിൽ കണ്ടതുപോലെ, മനുഷ്യനു സ്രഷ്ടാവിനോടുള്ള വിധേയത്വമാണു മതത്തിന്റെ അടിസ്ഥാനമെങ്കിൽ, ശാരീരികമായ ബാഹ്യാരാധനയ്ക്കു സുപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. അതു മതകൃത്യങ്ങളുടെ സാരാംശത്തെക്കൂടെ സ്പർശിക്കുന്നു. മനുഷ്യൻ ആദരത്തോടും വിധേയത്വത്തോടുംകൂടെ ദൈവമഹത്വത്തെ ഏററു പറയുകയും, പ്രാർത്ഥനയുടേയും ബലിയുടേയും സമർപ്പണംവഴി സ്വന്തം ദുർബലത സമ്മതിക്കുകയും ചെയ്യുമ്പോൾ ആത്മാവോട് ഐക്യപ്പെട്ടിരിക്കുന്ന ശരീരവും അതിന്റെ പ്രകൃതിക്കു യോജിച്ചവിധം ഈ ആരാധനയിൽ ഭാഗഭാക്കാകേണ്ടതാണ്. എന്നാൽ, ഈ ഭാഗഭാഗിത്വം ബുദ്ധിയാൽ പ്രചോദിതവും പ്രോത്സാഹിതവുമായിരിക്കണം. എന്തുകൊണ്ടെന്നാൽ, മതപരമായ ഏതു കൃത്യവും—ആന്തരികമാകട്ടെ, ബാഹ്യമാകട്ടെ—അതിന്റെ സ്വഭാവത്താൽത്തന്നെ, ബുദ്ധിയുടേയും സ്വതന്ത്രേച്ഛയുടേയും സജീവമായ പ്രകാശനംതന്നെയാണ്.

### 3) മനുഷ്യന്റെ സാമൂഹികസ്വഭാവത്തിൽനിന്ന്.

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. സഹജീവികളോടൊത്തു സമൂഹമായി വസിക്കുവാനാണ് അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആകയാൽ, സമുദായത്തിന്റെ ഒരംഗമെന്ന നിലയിലും അവൻ മതം ആചരിക്കേണ്ടതാണ്. സാമൂഹികമായ ഈ മതാചരണം ബാഹ്യകൃത്യങ്ങൾവഴി മാത്രമേ സാധ്യമാകു. ആകയാൽ, മനുഷ്യൻ തന്റെ മതാത്മകവിശ്വാസങ്ങൾ ബാഹ്യമായി പ്രകാശിപ്പിക്കുവാൻ കടപ്പെട്ടവനാകുന്നു

മനുഷ്യനു സമസൃഷ്ടങ്ങളോടൊന്നിച്ചു ജീവിക്കുവാൻ സുശക്തമായ സ്വാഭാവികവാസന ഉണ്ട് എന്നതു സുവിദിതമാണ്. സാമൂഹികജീവിതത്തിൽ മാത്രമത്രേ അവന്റെ കഴിവുകളും വാസനകളും പൂർണ്ണവികാസം പ്രാപിക്കുന്നത്. ഇതുപോലെതന്നെ, ഓരോ വ്യക്തിയും സമൂഹത്തിന്റെ അംഗമെന്നനിലയിൽ അതിന്റെ ശ്രേയസ്സിനും പുരോഗതിക്കുംവേണ്ടി സഹകരിക്കുകയും ചെയ്യുന്നു. മനുഷ്യൻ ജീവിതകാലം മുഴുവൻ ഏകാന്തത്തിൽ ജീവിക്കുവാൻ നിർബന്ധിതനാകുന്നപക്ഷം, അവന്റെ ആത്മശരീരശക്തികൾ മുരടിച്ചുപോകും.

ഈ വാസ്തവം അവന്റെ ജീവിതത്തിലെ സർവ്വപ്രധാനകൃത്യമായ മതാനുഷ്ഠാനങ്ങളെസ്സംബന്ധിച്ചും പ്രത്യക്ഷരം അന്വർത്ഥമാണ്. തന്നിമിത്തം, മതത്തിന്റെ മണ്ഡലത്തിൽ, മനുഷ്യന്റെ സാമൂഹികസ്വഭാവവും പ്രവണതകളും ഒരിക്കലും അവഗണിക്കപ്പെടാവുന്നതല്ല.

അവൻ മതാനുശാസനങ്ങളനുസരിച്ചു ജീവിക്കുവാൻ കടപ്പെട്ടിരിക്കുന്നു; തന്റെ സാമൂഹിക സ്വഭാവമനുസരിച്ച്, അതായത്, സമൂഹത്തിന്റെ അംഗമെന്ന നിലയിൽ ആ കടമ നിർവ്വഹിക്കുകയും വേണം. മററുവാക്കുകളിൽ പറഞ്ഞാൽ, മതാനുഷ്ഠാനം വ്യക്തിയുടെമാത്രം കത്തവ്യമല്ല; സമൂഹത്തിന്റേതുകൂടിയാണ്. സമൂഹം ഒരു ധാർമ്മികവ്യക്തി എന്നനിലയിൽ, ദൈവത്തെ തന്റെ സ്രഷ്ടാവും പരമാന്ത്യവുമായി അംഗീകരിക്കേണ്ടിയിരിക്കുന്നു.

ഈ സാമൂഹികമതാനുഷ്ഠാനം—ഈ സാമൂഹിക ദൈവാരാധന—ബാഹ്യവും ദൃശ്യവുമായ കമ്മങ്ങൾവഴി മാത്രമേ നിർവ്വഹിക്കുവാൻ കഴിയൂ. ബാഹ്യകൃത്യങ്ങൾവഴിയല്ലാതെ വ്യക്തികൾക്കു സമൂഹമായി യോജിക്കുവാൻ എങ്ങനെ സാധിക്കും? വ്യക്തികളുടെ വെറും ആന്തരികമായ അനുഷ്ഠാനങ്ങൾ ഇതരർക്ക് അജ്ഞാതമായിത്തന്നെയിരിക്കും. തന്നിമിത്തം, സഹജീവികളുടെ മതപരമായ ചിന്താഗതിയെയോ ജീവിതവ്യാപാരങ്ങളെയോ പ്രചോദിപ്പിക്കുവാൻ അവയ്ക്കു കഴിയുകയില്ല. മാത്രമല്ല, അവയെ നിയന്ത്രിക്കുവാനും പൊതുലക്ഷ്യത്തിലേക്കു നയിക്കുവാനും ലൗകികാധികാരികൾക്കു സാധിക്കാതെ വരുകയും ചെയ്യും.

ആകയാൽ, ദൈവാരാധന യഥാർഹം നടക്കണമെങ്കിൽ, അതു മനുഷ്യന്റെ പ്രകൃതിക്കും ആവശ്യങ്ങൾക്കും ഒത്തതായിരിക്കണമെങ്കിൽ, മതത്തിനു ബാഹ്യാനുഷ്ഠാനങ്ങൾ അവശ്യം ആവശ്യകമാണ്. എന്നാൽ, ബാഹ്യാനുഷ്ഠാനങ്ങൾ എപ്പോഴും ആന്തരികാനുഷ്ഠാനങ്ങ

ളോട്ട യോജിച്ചിരിക്കണം. ആന്തരികാനുഷ്ഠാനങ്ങൾ കൂടാതെയുള്ള ബാഹ്യാനുഷ്ഠാനങ്ങൾ, കാമ്പില്ലാത്ത പുറംതൊണ്ടുപോലെയേ ആവുകയുള്ളൂ.

മൂന്നാമദ്ധ്യായം

# a) മതത്തിനെതിരായ ആക്ഷേപങ്ങൾ

## 1. ദൈവത്തിനു മനുഷ്യന്റെ മതാനുഷ്ഠാനം ആവശ്യമില്ല.

വിനയം നിമിത്തമോ ഈശ്വരന്റെ മഹത്വത്തെക്കുറിച്ചുള്ള മതിപ്പുനിമിത്തമോ എന്തോ, ചിലർ സഗൗരവം ചോദിക്കാറുണ്ട്: "ഈശ്വരനു നമ്മുടെ നാമം ജപിക്കലും ബലികഴിക്കലുംകൊണ്ട് എന്താവശ്യമാണുള്ളത്? അവിടുത്തെ ആനന്ദം പെരുകുകയോ പ്രതാപം വർദ്ധിക്കുകയോ ചെയ്യുന്നുണ്ടോ?" പിന്നെന്തിനാണ് ഈ മതാനുഷ്ഠാനം?

ഭിക്ഷകൊടുത്ത രാജാവു സമ്പന്നനാണെന്നു കരുതി, നന്ദി കാണിക്കേണ്ട ആവശ്യമില്ലെന്നു ഭിക്ഷ വാങ്ങിച്ച ദരിദ്രനോടു നാം ആരെങ്കിലും നെറിവു ചൊല്ലിക്കൊടുക്കുമോ? രാജാവിന് അർഹതയുണ്ട്, കൃതജ്ഞത സ്വീകരിക്കാൻ. യാചകനു കടമയുണ്ട്, കൃതജ്ഞത പ്രകാശിപ്പിക്കുവാൻ. ഒരു പിതാവിന് അവകാശമുണ്ട്, പുത്ര

ൻെറ സ്നേഹബഹുമാനാദികൾക്ക്. കാരണം, പിതാവാണു പുത്രനെ ജനിപ്പിച്ചത്; പോററിയത്. അക്കാരണത്താൽ മകൻ നന്ദി കാണിക്കാൻ കടപ്പെട്ടവനാണ്. മററുവാക്കിൽ, തൻെറ ജനകനും സംരക്ഷകനും എന്ന നിലയിൽ പിതാവിനോടുള്ള ആശ്രയത്വത്തിൽ അധിഷ്ഠിതമായ ബന്ധത്തിൽനിന്ന് അപരിത്യാജ്യമായ കടപ്പാടുകൾ മകൻ പ്രകൃത്യാ ഏറെറടുക്കുന്നുണ്ട്. ആ കടപ്പാടിൽനിന്നു മകനെ ഒഴിവാക്കാൻ പിതാവിനു സാധിക്കുകയില്ല.

മകനിൽനിന്നു പുത്രസഹജമായ ബഹുമാനം ആവശ്യപ്പെടാത്ത അപ്പനെക്കുറിച്ചു നാം എന്തു വിചാരിക്കും? ആ അപ്പൻ മകനോട് ഇങ്ങനെ പറയുന്നു എന്നു കരുതുക: "മകനേ, ശരിയാണ്, നീ എൻെറ മകൻതന്നെ. കുഞ്ഞുന്നാളിലേതൊട്ടു നിന്നെ തീററിപ്പോററിയതും, വിയത്തു പണിയെടുത്ത ഞാൻതന്നെ. പക്ഷേ, ഇവയൊന്നും നീ അംഗീകരിക്കേണ്ടതില്ല. എന്നെ അവഗണിച്ചേക്കൂ. കൂട്ടുകാരുടെ മുമ്പിൽ എന്നെ അറിയുകയില്ലാത്തതുപോലെ പെരുമാറിക്കൊള്ളൂ. ഞാൻ നിനക്കുവേണ്ടി ചെയ്തതെല്ലാം മറന്ന് എന്നോടു പകയോടേ വർത്തിച്ചുകൊള്ളൂ." ഈ അപ്പനെക്കുറിച്ചു നാം എന്തു വിചാരിക്കും? ധാർമ്മികമായി അനുവദിക്കാൻ അവകാശമില്ലാത്ത ഒരു ഒഴിവു നല്കാൻ ശ്രമിക്കയാണ് അയാൾ എന്നു നാം വിചാരിക്കയില്ലേ? സാമാന്യവിവേകമില്ലാത്ത ഒരു ഭ്രാന്തനാണെന്ന്, പൈതൃകവികാരങ്ങളില്ലാത്ത ഒരു ഭൂതമാണെന്ന് അയാളെ നാം കരുതുകയില്ലേ? ഇതുപോലെ, പിതാവിന് അഹമായ സ്നേഹം, നന്ദി തു

ടങ്ങിയവ പിതാവിന്നു കൊടുക്കാതിരിക്കുക മകന്നും സാദ്ധ്യമല്ല കാരണം, ആ കടപ്പാട്, ബഹുമാനിക്കപ്പെടുവാൻ പിതാവിനുള്ള അഭിലാഷത്തിലല്ല, പിതാവിനേയും പുത്രനേയും ഒപ്പം ബന്ധിക്കുന്ന ധാർമ്മികനിയമത്തിലത്രേ അധിഷ്ഠിതമായിരിക്കുന്നതു്. ആ ധാർമ്മികനിയമമാകട്ടെ, ദൈവത്തിന്റെ മനസ്സിന്റെയും ഇച്ഛയുടേയും പ്രതിഫലനവുമാണു്.

പുത്രൻ പിതാവിനോടെന്നതിനെക്കാൾ സൃഷ്ടികളായ നാം സ്രഷ്ടാവായ ദൈവത്തോടു കടപ്പെട്ടവരാണു്. ഈ കടപ്പാടിൽനിന്നു ദൈവത്തിനുപോലും ആരേയും ഒഴിവാക്കാൻ വയ്യാ. കാരണം, ദൈവത്തിൽ പരസ്പര വൈരുദ്ധ്യമില്ല. പ്രകൃതിക്കെതിരായി, ധാർമ്മികനിയമങ്ങൾക്കെതിരായി, സൃഷ്ടികൾ വ്യാപരിക്കാൻ ദൈവത്തിന്നു് അനുവദിക്കുക സാദ്ധ്യമല്ല. മാത്രമോ? മതാനുഷ്ഠാനം ദൈവത്തിന്റെ ബാഹ്യപ്രതാപത്തെച്ചൊല്ലിയും നമ്മുടെ പ്രയോജനത്തെപ്രതിയും ആവശ്യകമാണെന്നു നമുക്കറിയാൻ പാടില്ലേ?

## ii. നിർമ്മതരുടെ സംഖ്യ വിപുലമാണുപോലും.

മതരഹിതരുടെ സംഖ്യ വളരെ വലുതാണെന്നും പരിഷ്കൃതങ്ങളെന്നു പരിഗണിക്കപ്പെടുന്ന പല രാജ്യങ്ങളിലും നിർമ്മതത്വം ശക്തിപ്പെട്ടു വരുന്നുവെന്നും പ്രതിയോഗികൾ പറയുന്നു. ഇതു്, മതം അനാവശ്യകമാണു് എന്നതിനു തെളിവാണത്രേ!

നിർമ്മതരുടെ സംഖ്യ വർദ്ധിച്ചുവരുന്നുവെന്നതു് മതം അനാവശ്യകമാകുന്നുവെന്നതിന്നു് ഒരു തെളിവല്ല.

മതത്തിൻെറ ആവശ്യകതയെ അവഗണിക്കുന്നവരുടെ സംഖ്യ വർദ്ധിക്കുന്നുവെന്നേ അതു തെളിയിക്കുന്നുള്ളു. ഈ സംഖ്യാവർദ്ധനത്തിനു കാരണങ്ങൾ പലതുണ്ട്; പലേ സാഹചര്യങ്ങളും പരിഗണിക്കേണ്ടതുമുണ്ട്.

a) മതത്തെ എതിർക്കുന്നവരെല്ലാം നിർമ്മതരല്ല.

ഒരു മതത്തോടും ബന്ധപ്പെടാതെ, ഒരു മതത്തിൻെറയും കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ ഇഷ്ടപ്പെടാതെ അകന്നു നില്ക്കുന്നവരെല്ലാം ബാഹ്യമായും ആന്തരികമായും യാതൊരു മതവുമില്ലാത്തവരാണെന്നു വരുന്നില്ല. A. Sabatier പറയുന്നു: "ഒരു ബാഹ്യമതത്തിനോ മതപ്രബോധനത്തിനോ, ഏതെങ്കിലും സഭയുടെ പാരമ്പര്യത്തിനോ എതിരായി സ്വരമുയർത്തുന്നതു നിരീശ്വരത്വവും നിർമ്മതത്വവുമായി തെററിദ്ധരിക്കപ്പെടാറുണ്ട്. ഇതിനെക്കാൾ അബദ്ധമായി ഒന്നുമില്ല. തൻെറ വ്യർത്ഥവും മൃഗീയവുമായ അഹന്തയ്ക്കൊരു മൂടുപടമായും, ഒരു രക്ഷാകവചമായും തൻെറ നിസ്സാരതയെത്തന്നെ ഉപയോഗിക്കുന്ന നിസ്സാരനായ മനുഷ്യൻമാത്രമാണു നിരീശ്വരനും നിർമ്മതനും."(1)

b) വെറും അഭിനയം.

നിർമ്മതന്മാരെന്നു പുറമേ ഭാവിക്കുന്നവരിൽ പലരും പരിഷ്കാരത്തിൻെറ ചിഹ്നമായും ആധുനികയുഗത്തിൻെറ 'ഫാഷ'നായും കരുതി നിർമ്മതത്വം അഭിന

(1) Esquine de une philosophie de la Religion. pp. 27-28.

യിക്കാറുണ്ട്. മതഭക്തന്മാരായി കാണപ്പെടുന്ന സ്നേഹിതന്മാരെ പരിഹസിക്കയും എന്നാൽ, അതേ സമയം ഉറക്കംവരുവോളം ഈശ്വരനെ ഭജിക്കുകയും ചെയ്യുന്ന ആധുനികരെ ആർക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയും?

നിർമ്മതത്വം പ്രസംഗിച്ചു നടക്കുന്നവർതന്നെ അപകടവേളയിൽ മതത്തിൽ അഭയംതേടുക അസാധാരണമല്ല.

പ്രസിദ്ധ നിരീശ്വരനായിരുന്ന വോൾനി(Volney) കപ്പലപകടത്തിൽ പെട്ടപ്പോൾ പ്രാർത്ഥനയിൽ അഭയം തേടുന്നതുകണ്ടു സ്നേഹിതന്മാർ ആ പ്രവൃത്തിയുടെ അനൗചിത്യത്തെക്കുറിച്ച് ആക്ഷേപിച്ചു. മറുപടി ഇതായിരുന്നു: "ആപത്തൊന്നും ഭയപ്പെടാനില്ലാതെ സ്വന്തം ഭവനത്തിലായിരിക്കുമ്പോൾ അവിശ്വാസി ആയിരിക്കുക എളുപ്പമാണ്. എന്നാൽ, മരണവക്ത്രത്തിൽ അകപ്പെട്ടിരിക്കുമ്പോൾ അതു സാദ്ധ്യമല്ല."

ജീവിതകാലമത്രയും നിർമ്മതത്വത്തിന്റെ പ്രവാചകന്മാരായിരുന്നവരിൽ ഭൂരിഭാഗവും മരണവേളയിൽ മതത്തിന്റെ സാന്ത്വനങ്ങൾക്കായി മുറവിളികൂട്ടിയതിന് ഉദാഹരണങ്ങൾ അനവധിയാണെന്നു നാം കണ്ടുകഴിഞ്ഞു. (മ ശാ. 1. പു. 111.)

### c) രാഷ്ട്രത്തിന്റെ ബലാൽകാരം.

ബലപ്രയോഗത്താലും ഭീഷണിയാലും മർദ്ദനത്താലും നിർമ്മതത്വം നടപ്പിലാക്കുവാൻ രാഷ്ട്രം ശ്രമിക്കുന്നതാണ് അവിശ്വാസം പ്രചരിക്കുന്നതിന്റെ വേറൊരു കാരണം. മതത്തെ നിയമവിരുദ്ധമാക്കിയിരിക്കുന്ന രാ

ഷ്ട്രീയാധികാരികളുടെ മർദ്ദനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുവാനും മതരഹിതരായ അധികാരികളെ പ്രീണിപ്പിച്ച് അവരിൽനിന്ന് ആനുകൂല്യങ്ങൾ സമ്പാദിക്കുവാനുംവേണ്ടി പലരും നിർമ്മതത്വം അംഗീകരിക്കുന്നു.

d) നിർമ്മതമായ വിദ്യാഭ്യാസം.

വിദ്യാഭ്യാസകാലത്തു യുവജനങ്ങളിൽ മതവിദ്വേഷം കുത്തിവയ്ക്കുന്നതും മതവിരുദ്ധമായ പ്രബോധനങ്ങൾ അപക്വമാനസരായ വിദ്യാർത്ഥികൾക്കു നല്കുന്നതും അവരുടെ സമക്ഷം മതത്തെ പരിഹാസവിഷയമാക്കുന്നതും നിർമ്മതത്വപ്രചാരത്തിനു വളരെ സഹായിച്ചിട്ടുണ്ട്. ഇന്നു മിക്ക രാഷ്ട്രങ്ങളിലും മതേതരവിദ്യാഭ്യാസമാണു നല്കപ്പെടുന്നതു്. അതു മതരഹിതവും ഒടുവിൽ മതവിരുദ്ധവുമായ വിദ്യാഭ്യാസമായി പരിണമിക്കുമെന്നതിന് അനുഭവങ്ങൾതന്നെ സാക്ഷി.

e) ധാർമ്മികമായ അധഃപതനം.

"നിരീശ്വരത്വം ബുദ്ധിയുടെ ഒരബദ്ധം ആയിത്തീരുന്നതിനുമുമ്പുതന്നെ അതു ഹൃദയത്തിന്റെ—ആത്മാവിന്റെ-ഒരു രോഗമായിത്തീരുന്നു"എന്നു പ്ലേറ്റോ പറയുന്നു. അതേ, മിക്കവർക്കും ധാർമ്മികമായ അധഃപതനമാണു മതാത്മകമായ വ്യതിയാനത്തിനു മുമ്പുണ്ടാകുന്നതും അതിനു കാരണമാകുന്നതും. ആധുനികലോകത്തിന്റെ വശീകരണങ്ങളിലകപ്പെട്ട് ഐന്ദ്രിയകവും വൈഷയികവുമായ സുഖാനന്ദങ്ങളിൽ അനിയന്ത്രിതമായി ലയിക്കുന്ന യുവജനങ്ങളിൽനിന്നാണു നിർമ്മതത്വ

ത്തിന് അനുയായികളെ ധാരാളം ലഭിക്കുന്നതു് എന്ന വാസ്തവം മറയ്ക്കാവുന്നതല്ല. നിഷിദ്ധവും പ്രകൃതി വിരുദ്ധവുമായ വിഷയലമ്പടത്വത്തിനു മതം മാൎഗ്ഗതടസ്സമായി കാണുമ്പോഠം മതത്തെ തിരസ്കരിക്കുവാനാണു് ഇക്കൂട്ടർ തുനിയുക.

മാത്രമല്ല, ധാർമ്മികമായ അധഃപതനം മാനസികമായ അന്ധതയ്ക്കു വഴിതെളിക്കുന്നതിനാൽ മതസത്യങ്ങളുടെ പ്രാധാന്യത്തേയും പ്രാമാണ്യത്തേയും ഗ്രഹിക്കുവാൻ അവർക്കു കെല്പില്ലാതാകുന്നു. സെൻറഗസ്റ്റിൻ പറയുന്നു: "വിഷയാസക്തിയുടെ ചെളിക്കുണ്ടിൽനിന്നും യൗവനത്തിൻെറ മായാജലത്തിൽനിന്നും പൊന്തിവന്ന മൂടൽമഞ്ഞു എൻെറ ആത്മാവിനെ ആവരണം ചെയ്തു കളഞ്ഞു." (Confessions)

## iii. ഒരു മതവിശ്വാസവുമില്ലാത്തവരിലും ധർമ്മനിരതർ അനേകരുണ്ടു്. അതിനാൽ, ധാർമ്മികതയുടെ നിലനില്പിനു മതം ആവശ്യകമല്ല.

നിർമ്മതരുടെയിടയിൽ ധാർമ്മികജീവിതം നയിക്കുന്നവർ ഉണ്ടെന്നു സമ്മതിക്കാം. എന്നാൽ, അവരിൽ മിക്കവരും മതപരമായ വിദ്യാഭ്യാസം സിദ്ധിച്ചവരോ, മതവിശ്വാസികളുമായുള്ള സഹവാസത്താൽ അറിയാതെതന്നെ മതത്തിൻെറ സൽപ്രേരണകഠംക്കു വശംവദരായവരോ ആണെന്നു സൂക്ഷ്മാന്വേഷണത്തിൽ തെളിയുന്നതാണു്. മതാനുഷ്ഠാനം ഒന്നുമില്ലാത്തവരും മതത്തിൻെറ പ്രേരണ ഒട്ടുംതന്നെ ലഭിക്കാത്തവരും, അനുകൂലമായ സാഹചര്യങ്ങളിൽ, സുബുദ്ധിയുടെ പ്രേരണകഠം

ക്ക വിധേയരായി ജീവിക്കുന്നപക്ഷം ധർമ്മനിരതരായിരിക്കുവാൻ പാടില്ലായ്കയില്ല. എന്നാൽ, ഒരു ജനതമുഴുവനുമോ ജനതയുടെ ഭൂരിഭാഗമോ മതംകൂടാതെ ധാർമ്മികരായി ജീവിക്കുക സംഭവ്യമല്ല, വിശേഷിച്ചും, സുകൃതാനുഷ്ഠാനം ആയാസകരവും ദുർവൃത്തിക്കുള്ള ആകർഷണങ്ങൾ സുലഭവുമായ സാഹചര്യങ്ങളിൽ ജീവിക്കുമ്പോൾ.

ഏ. ബാൽഫോർ(A. Balfour)എന്ന പണ്ഡിതന്റെ അഭിപ്രായം ശ്രദ്ധേയമാണ്: "മതത്തെ അവഗണിച്ചിട്ടുള്ള ചിലരിൽ കാണുന്ന സുകൃതമാതൃകകളെ മറയ്ക്കുകയോ കുറയ്ക്കുകയോ ചെയ്യണമെന്ന് എനിക്ക് ഉദ്ദേശമില്ല. അവ യഥാർത്ഥങ്ങളാണെങ്കിൽത്തന്നെ, അവയെ ആസ്പദമാക്കി ഉന്നയിക്കുന്ന യുക്തിവാദം സൂക്ഷ്മപരീക്ഷണത്തിൽ നിലംപതിക്കുന്നതാണ്. ജന്തുശാസ്ത്രജ്ഞന്മാർ വിവരിക്കുന്നുണ്ട്, ചില ജന്തുക്കളുടെ ശരീരത്തിൽ പരാന്നഭുക്കുക(parasites)ളായ പ്രാണികൾ, ആ ജന്തുക്കളുടേതിനെക്കാൾ വികസിതമായ ശരീരഘടനയോടുകൂടെ ജീവിക്കുന്നുണ്ടെന്ന്. ഇവ അവയുടെ ശരീരങ്ങളിൽ മാത്രമേ ജീവിക്കുകയുള്ളുതാനും. നിർമ്മതതത്വത്തെ മഹനീയമായ സുകൃതങ്ങൾകൊണ്ടു പൊതിയുവവാൻ അങ്ങനെ അതിനെ സ്ഥാപിക്കുവാൻ—ശ്രമിക്കുന്നവരെക്കുറിച്ചു പറയേണ്ടതും ഇതുതന്നെയാണ്. സുകൃതജീവിതത്തെസ്സംബന്ധിച്ചിടത്തോളം ഇവർ പരാന്നഭുക്കുകളാണ്. ഇവർ തങ്ങളുടെ തത്വങ്ങളിലല്ല, തങ്ങൾ ജീവിക്കുന്ന സമുദായത്തെസ്സംബന്ധിക്കുന്ന തത്വങ്ങളിലാണ് അടിയുറപ്പിച്ചിരിക്കുന്നതു്. ഈ തത്വങ്ങൾ

ദുർബലങ്ങളാകുമ്പോൾ, അഥവാ, തിരോഭവിക്കുമ്പോൾ ഇവയിൽനിന്നു രൂപംകൊണ്ട ഇവരുടെ ജീവിതവും അവലംബരഹിതമാകും. പിന്നെ അതിനു നിലനില്ക്കുക ദുസ്സാധമത്രേ." (Foundation of Belief p. 82-83)

"സൂര്യാസ്തമനശേഷം സന്ധ്യാവെളിച്ചവും അതിനുപരി ചന്ദ്രപ്രകാശവും ഭൂമിക്കു ലഭിക്കുന്നതുകൊണ്ട്, സൂര്യനല്ല ആ വെളിച്ചത്തിനു കാരണമെന്ന് ആരെങ്കിലും വാദിക്കുമോ? അസ്തമനത്തോടുകൂടെ സൂര്യൻ നമ്മുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞിട്ടും അതിൻെറ അവസാനരശ്മികൾ പിന്നേയും കുറെനേരത്തേക്കുകൂടി ഭൂമിയിൽ വീശിക്കൊണ്ടിരിക്കുന്നതിനാലും, സൂര്യവെളിച്ചം ചന്ദ്രനിൽനിന്നു പ്രതിഫലിച്ചു ഭൂമിക്കു ലഭിക്കുന്നതിനാലും അവസാനത്തിൽ സൂര്യൻതന്നെയാണു ഭൂമിയിലെ ആ വെളിച്ചത്തിനു കാരണമെന്നു സമ്മതിക്കേണ്ടയോ? അപ്രകാരംതന്നെ, മതവിശ്വാസം ഒരു സമുദായത്തിൽനിന്നോ വ്യക്തികളിൽനിന്നോ പ്രത്യക്ഷത്തിൽ മറഞ്ഞശേഷവും അതിൻെറ നഷ്ടശിഷ്ടങ്ങളായോ പ്രതിഫലനമായോ സാന്മാർഗ്ഗബോധം ആ സമുദായത്തിലോ വ്യക്തികളിലോ നിലകൊള്ളുന്നതിൽ അപ്രകൃതമായൊന്നുമില്ല." ("യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക്" പു. 43)

## b) മതോൽപത്തിയെക്കുറിച്ചുള്ള അഭിമതങ്ങൾ

മതത്തിന് എക്കാലത്തും മർത്ത്യജീവിതത്തിൽ അതിപ്രധാനമായ സ്ഥാനം നല്കപ്പെട്ടിരുന്നുവെന്നതു നിഷേധിക്കാനാവാത്ത ഒരു വാസ്തവമാണ് എന്നു മതത്തി

ൻെറ സാർവത്രികതയിൽനിന്നു സുസ്പഷ്ടം തെളിയുന്നുണ്ട്. നാസ്തികരുടെ ഭൗതികപരിണാമവാദത്തിന് ഇതൊരു കണ്ടകോടാലിതന്നെയാണ്. തന്നിമിത്തം, ഈ സാർവ്വത്രികവിശ്വാസത്തിൻെറ അടിസ്ഥാനമിളക്കുവാൻ അവർ കിണഞ്ഞു പരിശ്രമിക്കുന്നു. ജനതകളുടെ മതാത്മകവിശ്വാസം മനുഷ്യൻെറ പ്രകൃതിയിൽനിന്നും, അവനു ദൈവത്തോടുള്ള വിധേയത്വത്തിൽനിന്നും അല്ല, അവൻെറ ദുർബലതകളിൽനിന്നും ചപലമായ സങ്കല്പങ്ങളിൽനിന്നുമാണ് ഉടലെടുത്തിട്ടുള്ളത് എന്നു സമർത്ഥിക്കുവാൻ അവർ ബദ്ധപ്പെടുന്നു.

മതോൽപത്തിയെക്കുറിച്ചു നാസ്തികന്മാർ വകഞ്ഞുകെട്ടിയിട്ടുള്ള അഭ്യൂഹങ്ങൾ അനവധിയാണ്. ഇവയെല്ലാത്തിനുംതന്നെ മലയാളത്തിലെ "വിജ്ഞാനം" എൻസൈക്ലോപ്പീഡിയായിൽ പ്രാധാന്യം കൊടുത്തുകാണുന്നു.(1) അവയെല്ലാം നിരർത്ഥകങ്ങളും അനാസ്പദങ്ങളുമാണെന്നു പണ്ഡിതന്മാർ സയുക്തികം തെളിയിച്ചിട്ടുള്ളതാണ്. എങ്കിലും, മതത്തിൻെറ ബലിഷ്ഠമായ അസ്തിവാരം എങ്ങനേയും ഇളക്കണം എന്ന ദൃഢവ്രതത്തോടെ യത്നിക്കുന്ന മതവിരോധികൾ ഉള്ള കാലത്തോളം അവ വീണ്ടുംവീണ്ടും രംഗപ്രവേശം ചെയ്യാതിരിക്കുകയില്ല. അതിനാൽ, അവ ഓരോന്നിനേയുംകുറിച്ചു ചർച്ച ചെയ്യുക ആവശ്യകംതന്നെ.

---

(1) "വിജ്ഞാനം" Vol. 1. പുറം 136–138)

i. "മതം മനുഷ്യന്റെ കണ്ടുപിടിത്തമാണ്."

മതം മനുഷ്യനിർമ്മിതമാണെന്നു ചിലർ വാദിക്കുന്നു. ഇവർതന്നെ വിഭിന്നാഭിപ്രായക്കാരാണ്. ഒരുകൂട്ടർ പറയുന്നു, വഞ്ചകന്മാരായ ചിലർ പുരോഹിതന്മാരും നിയമദാതാക്കളും ജനങ്ങളെ കബളിപ്പിച്ചു മതവിശ്വാസികളാക്കിയെന്ന്. അതല്ല, ജനങ്ങൾ പരസ്പരസമ്മതപ്രകാരം മതത്തെ സൃഷ്ടിച്ചുവെന്നാണ് ഇതരപക്ഷം വാദിക്കുന്നതു്.

a) മതം പുരോഹിതന്മാരുടേയും നിയമദാതാക്കളുടേയും സൃഷ്ടിയാണ് എന്ന വാദം പൗരാണികമാണെങ്കിലും വോൾട്ടയറിന്റെ കാലത്താണ്—അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്—ഈ വാദത്തിനു പ്രചാരം സിദ്ധിച്ചതു്. ഈ വാദം എത്ര കഴമ്പില്ലാത്തതെന്ന്, ഈശ്വരാസ്തിത്വത്തെക്കുറിച്ചു പ്രതിപാദിക്കുകയിൽ സവിസ്തരം ചർച്ച ചെയ്തിട്ടുള്ളതാണ്.(1)

b) മതം പരസ്പരസമ്മതപ്രകാരം ഏർപ്പെടുത്തപ്പെട്ടതുമല്ല. മനുഷ്യൻ അന്യോന്യം ആലോചിച്ച്, പൊതുസമ്മതത്തിലെത്തിയതിനുശേഷം കണ്ടുപിടിച്ച ഒരേപ്പാടാണ് മതം എന്ന അഭിപ്രായം ഹോബസ്(Hobbes), റൂസ്സോ(Rousseau)എന്നിവരുടെ മനസ്സങ്കല്പമത്രേ. മനുഷ്യവർഗ്ഗത്തിന് ആരംഭത്തിൽ യാതൊരു മതവുമില്ലായിരുന്നു എന്ന മിഥ്യാധാരണയാണ് ഈ അഭ്യൂഹത്തി

(1) (മ. ശാ. 1 പുറം 101-105)

ന് ആധാരം. എന്നാൽ, പലരും പഠിച്ചപണിയെല്ലാം നോക്കിയിട്ടും മതവിശ്വാസമോ മതാനുഷ്ഠാനങ്ങളോ ഒട്ടുമില്ലാത്ത ഒരു ജനത ആധുനികകാലത്തു് ഉള്ളതായോ പൗരാണികകാലത്തു് ഉണ്ടായിരുന്നതായോ തെളിയിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

പൊതുസമ്മതപ്രകാരം ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതാണു മതം എന്നു സമ്മതിക്കണമെങ്കിൽ, ആ ചരിത്രവസ്തുതയ്ക്കു്, എവിടെവച്ചു് ആ സംഭവം നടന്നുവെന്നതിന്, തെളിവുകൾ ലഭിക്കേണ്ടിയിരിക്കുന്നു. എന്നാൽ, ഇന്നുവരെ ആർക്കും അങ്ങനെയൊരു സംഭവം നടന്നതായി തെളിയിക്കുവാൻ സാധിച്ചിട്ടില്ല. ആരുമേതുമറിയാത്ത ഒരു പൊതുസമ്മതത്തിൻെറ പേരിൽ ഗുരുതരങ്ങളും ക്ലേശകരങ്ങളുമായ മതകർത്തവ്യങ്ങൾ ഏറെറടുക്കുവാൻ മനുഷ്യവർഗ്ഗം മുഴുവൻ സന്നദ്ധമാകും എന്നതു സംഭവ്യമല്ല. ഇനി, അങ്ങനെയൊരു പൊതുസമ്മതം ഉണ്ടായിരുന്നാൽത്തന്നേയും, അതിൻപ്രകാരം മതകർത്തവ്യങ്ങൾ ഏറെറടുക്കുവാൻ അനന്തരതലമുറകളെ പ്രേരിപ്പിക്കുവാൻ ആർക്കു് എന്തധികാരമാണുള്ളതു്?

## ii. "ഭയമാണു മതോൽപത്തിക്കു നിദാനം."

ഭയമാണു മതത്തിൻെറ ആവിർഭാവത്തിനു കാരണം എന്നു് എപ്പിക്ക്യുറസ്, പെട്രോണിയസ് തുടങ്ങിയ പൗരാണികരും ഡേവിഡ് ഹ്യൂം, ഫ്രഡറിക്കു സ്ട്രാവുസ് തുടങ്ങിയ ആധുനികരും വാദിച്ചിട്ടുണ്ടു്. ഈ വാദംതികച്ചും അടിസ്ഥാനരഹിതമെന്നു് ഒന്നാംഭാഗത്തിൽ തെളിയിച്ചു കഴിഞ്ഞു. (മ ശാ. 1. 105-107)

അപരിഷ്കൃതനായ മനുഷ്യനു പ്രകൃതിശക്തികളെക്കുറിച്ചുണ്ടായ ഭയമാണ്, ഈശ്വരവിശ്വാസത്തിൻേറയും തന്മൂലം മതത്തിൻേറയും ഉൽപത്തിക്കു കാരണമെങ്കിൽ, വിജ്ഞാനവും സംസ്കാരവും സിദ്ധിച്ച മനുഷ്യർ, വിശിഷ്യ, പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും, പ്രപഞ്ചശക്തികളുടേയും അവയെ നയിക്കുന്ന പ്രകൃതിനിയമങ്ങളുടേയും യഥാൎത്ഥസ്വഭാവം ഗ്രഹിച്ചുകഴിയുമ്പോഠം, ഭയവും അതോടൊപ്പം അബദ്ധമായി വന്നുകയറിയ മതവും തിരോഭവിക്കേണ്ടതാണല്ലോ. എന്നാൽ, അനുഭവം നേരെമറിച്ചാണ്. പ്രകൃതിശക്തികളുടെ സ്വഭാവത്തേയും പ്രവൎത്തനങ്ങളേയുംകുറിച്ചു പരീക്ഷണനിരീക്ഷണങ്ങഠം ചെയ്യുക ജീവിതവൃത്തിയായി സ്വീകരിച്ചിരിക്കുന്ന ശാസ്ത്രജ്ഞന്മാർ ബഹുഭൂരിപക്ഷവും മതവിശ്വാസികഠംതന്നെ ആയിരുന്നു.

19-ാം ശതകത്തിൽ, പ്രകൃതിവിജ്ഞാനംവഴി നമ്മെ ഏററം പ്രബുദ്ധരാക്കിയ ശാസ്ത്രജ്ഞന്മാരിൽ മിക്കവാറും എല്ലാവരുംതന്നെ മതവിശ്വാസികളായിരുന്നുവെന്നു K.A. Kneller(1) എന്ന പണ്ഡിതൻ തെളിയിച്ചിട്ടുണ്ട്. ജ്യോതിശ്ശാസ്ത്രംമുതൽ ജന്തുശാസ്ത്രംവരെയുള്ള വിവിധശാസ്ത്രവകുപ്പുകളിൽ അഗ്രഗണ്യന്മാരായിരുന്ന ഇരുനൂറിലധികം പണ്ഡിതന്മാരുടെ പേരുകഠം അദ്ദേഹം എടുത്തുകാണിക്കുന്നുണ്ട്.

Emeyieu എന്ന പണ്ഡിതൻ പ്രസിദ്ധിയാൎജ്ജിച്ച 432 ശാസ്ത്രജ്ഞന്മാരുടെ ഒരു ലിസ്ററു ശേഖരിച്ചു

(1) «Christianity and Leaders of Modern Science.» (by K. A. Kueller)

തിൽ 367–പേർ മതവിശ്വാസികളാണു്. നിരീശ്വരന്മാർ 16; അജ്ഞേയവാദികൾ 15. 34 പേരുടെ മതവിശ്വാസങ്ങൾ എന്തെന്നു വ്യക്തമായി അറിവാൻ കഴിഞ്ഞിട്ടില്ല."(1)

മതവിശ്വാസികളായ ഈ മഹാഭൂരിപക്ഷം ശാസ്ത്രജ്ഞന്മാർ എന്താണു വ്യക്തമാക്കുന്നതു്? "ജ്ഞാനത്തിൻെറ അല്പമായ ആസ്വാദനം മനുഷ്യനെ നാസ്തിക്യത്തിലേയ്ക്കു നയിച്ചേക്കാം. എന്നാൽ, പ്രകൃതിശക്തികളിലേക്കുള്ള അഗാധമായ അവലോകനം അവനെ പരിപൂർണ്ണമതവിശ്വാസിയാക്കും" എന്നു ബേക്കൺ(Bacon) പറഞ്ഞിരിക്കുന്നതു തികച്ചും സാൎത്ഥകമാണു്. സർ വില്യം തോംസണും ഇതേ അഭിപ്രായംതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്.

T. A. Findlay എന്ന പണ്ഡിതൻ പ്രസ്താവിക്കുന്നു: "ആധുനികസയൻസിൻെറ ജനയിതാക്കളുടെ—പതിനേഴും പതിനെട്ടും ശതകങ്ങളിലെ മഹാമതികളുടെ—പ്രശസ്തിക്കു മാററുകൂട്ടുന്നതേയുള്ളു, ശാസ്ത്രീയപരീക്ഷണങ്ങളുടെ പരിമിതിയെക്കുറിച്ചു് അവർക്കു ബോധമുണ്ടായിരുന്നു എന്ന വസ്തുത. അനന്തരകാലങ്ങളിലെ സകല പുരോഗതികൾക്കും മാർഗ്ഗം തെളിയിച്ച അവരുടെ കണ്ടുപിടിത്തങ്ങൾ അവരുടെ ഈശ്വരവിശ്വാസത്തിനു ബാധകമായതേയില്ല. പ്രകൃതിസംഭവങ്ങളെക്കുറിച്ചുള്ള ജ്ഞാനത്തിൻെറ അഗാധം വർദ്ധിക്കുന്തോറും പ്രകൃതിയിൽ പ്രതിഫലിക്കുന്ന ആ പരമബോധജ്ഞാനത്തോടുള്ള അവരുടെ സമാദരവും വർദ്ധമാനമായി

(1) B. Conway, «The Question Box.» p. 113.

ക്കൊണ്ടേയിരുന്നു. 19-ാം ശതകത്തിൽ രംഗപ്രവേശം ചെയ്ത, കൂടുതൽ പ്രബുദ്ധരായ അവരുടെ അനുഗാമികൾ, പ്രകൃതിനാഥനായ ദൈവത്തേയും പ്രകൃതിയിൽ മനുഷ്യനുള്ള സ്ഥാനത്തേയുംകുറിച്ചു പൂർവ്വഗാമികൾക്കുണ്ടായിരുന്ന അഭിപ്രായത്തെത്തന്നെ നിലനിറുത്തിപ്പോന്നു."(1)

iii. മതം ഭാവനയിൽനിന്നുണ്ടായി.

പത്തൊമ്പതാം നൂററാണ്ടിൽ പ്രകൃതിശാസ്ത്രങ്ങളിലും ചരിത്രാതീതകാലങ്ങളെക്കുറിച്ചുള്ള പഠനത്തിലും ഉണ്ടായ പുരോഗതിയും യൂറോപ്പ് അതിൻെറ അതിർത്തികൾ കടന്ന്, ആഫ്രിക്കാ, ഓഷിയാനിയാ, അമേരിക്കാ മുതലായ രാജ്യങ്ങളിൽ ചെന്നുപററി പൗരാണിക സംസ്കാരങ്ങളിൽപ്പെട്ട ജനവർഗ്ഗങ്ങളെക്കുറിച്ചു നടത്തിയ ഗവേഷണങ്ങളും മതത്തിൻെറ ഉൽപത്തിയെക്കുറിച്ചുള്ള പുതിയപുതിയ അഭ്യൂഹങ്ങൾക്കു വഴിതെളിച്ചു. അന്നത്തെ ബുദ്ധിജീവികളിൽ മിക്കവരേയും നയിച്ചിരുന്നതു പ്രത്യക്ഷതത്വശാസ്ത്രം(Positive Philosophy)എന്ന പേരിൽ അറിയപ്പെട്ടിരുന്ന മററീരിയലിസത്തിൻെറ ആദർശങ്ങളാണ്. അവർ പരിണാമസിദ്ധാന്തത്തിൻെറ ചുവടുപിടിച്ചുകൊണ്ടുതന്നെ മതത്തെപ്പററി ചിന്തിച്ചു.

മനുഷ്യൻെറ ബുദ്ധി വികസിച്ച് ഇന്ദ്രിയങ്ങളുടെമേൽ ആധിപത്യം നേടുന്നതിനുമുമ്പ്, ഭാവനാശക്തി

(1) «Christianity and Leaders of Modern Science.» Preface.

കൂടുതൽ പ്രവൎത്തിക്കുന്ന ഘട്ടമാണല്ലോ ശൈശവം. അപ്പോൾ ഭാവന സങ്കല്പലോകത്തിലൂടെ സഞ്ചരിക്കയും ചുററും കാണുന്ന നിർജ്ജീവവസ്തുക്കളിൽപ്പോലും വ്യക്തിത്വം ആരോപിക്കുകയും മനോരാജ്യങ്ങളെ സങ്കല്പസൃഷ്ടികളെക്കൊണ്ടു നിറയ്ക്കുകയും മററും ചെയ്യുക സ്വാഭാവികമാണ്. ഇങ്ങനെയുള്ള ഒരു ശൈശവം മൎത്ത്യവംശത്തിനും ഉണ്ടായിരുന്നുവെന്നും അന്നു മനുഷ്യൻ മൃഗങ്ങളിൽനിന്നു വ്യത്യസ്തനല്ലായിരുന്നുവെന്നും മേൽപറഞ്ഞ ചിന്തകന്മാർ ഊഹിച്ചു. ആത്മാവിലും ശരീരത്തിലും രോമം കൊഴിഞ്ഞ കുരങ്ങിൻെറ കഴിവുകൾ മാത്രമുണ്ടായിരുന്ന ആ പൗരാണികമനുഷ്യന്, മതത്തിൻെറ ഉയർന്നരൂപമായ ഏക ദൈവവിശ്വാസത്തെക്കുറിച്ചു ബോധമുണ്ടാവുക സാദ്ധ്യമല്ല. മതമെന്നപേരിനർഹമായ ഒരു മതമുണ്ടായതു വളരെ പില്ക്കാലത്തുമാത്രമാണത്രേ!

ഈ അഭിപ്രായത്തെ പ്രകൃതിശാസ്ത്രസിദ്ധമായ ഒരു മൗലികതത്വമായി അംഗീകരിച്ചുകൊണ്ടാണു പത്തൊമ്പതാംശതകത്തിലെ പരിണാമവാദികൾ മതത്തിൻെറ ഉൽപത്തിയെക്കുറിച്ചു ചിന്തിച്ചുതുടങ്ങിയതു്. ഈശ്വരനെയോ മതാനുഷ്ഠാനങ്ങളെയോകുറിച്ചു യാതൊരറിവുമില്ലാത്ത ജനവൎഗ്ഗങ്ങൾതന്നെ ഇന്നുമുണ്ടു് എന്നു ചില ദേശസഞ്ചാരികൾ എഴുതിപ്പിടിപ്പിച്ചതും ഇവർക്കു് അവലംബമായി. ഇവയെല്ലാം മതത്തിൻെറ ഉൽപത്തിയെക്കുറിച്ചുള്ള അഭ്യൂഹങ്ങൾക്കു വഴിതെളിച്ചു. മതത്തിനു വസ്തുനിഷ്ഠമായ അടിസ്ഥാനമൊന്നുമില്ലെന്നും മനുഷ്യവൎഗ്ഗത്തിനു് ആരംഭത്തിലുണ്ടായിരുന്ന ജന്തുസഹജമായ വാ

സനയും ഭാവനയും പരിണാമമാഗ്ഗേണ വികസിച്ചു ബു ദ്ധിശക്തിയായിത്തീർന്നതിനോടിടയ്ക്കു്, മതബോധവും മതരഹിതമായ അവസ്ഥയിൽനിന്നു പുരോഗമിച്ചു വിവിധദശകൾ കടന്നു് ഒടുവിൽ ഏകദൈവവിശ്വാസമായിത്തീർന്നുവെന്നും ഇക്കൂട്ടർ സങ്കല്പിച്ചു.(1)

ഈ വഴിക്കു ചിന്തിക്കുകയും ഗവേഷണങ്ങൾ നടത്തുകയും ചെയ്തു നവനവങ്ങളായ അഭ്യൂഹങ്ങൾ ഉന്നയിച്ചവരിൽ പ്രമുഖർ, ലൂബ്ബോക്കു്(Sir John Lubbock), കോംറു് (A. Comte), സ്പെൻസർ, ജെ. എഫ്. മാക്ലനൻ (J.F. Mc Lennan), ടൈലർ (Tylor), സബാത്തിയർ (Sabatier), കിങ്ങ്(King) മുതലായവരാണു്.

ഇവരെല്ലാം ഭാവനയുടെ സൃഷ്ടിയാണു മതം എന്ന അഭിപ്രായത്തോടു യോജിക്കുന്നവരാണെങ്കിലും, ഏതു വിധമാണു ഭാവനയുടെ പ്രവത്തനം വികാസം പ്രാപിച്ചു മതവിശ്വാസംവരെ ചെന്നെത്തിയതു് എന്നതിനെക്കുറിച്ചു് ഓരോരുത്തർക്കും വിഭിന്നങ്ങളായ അഭിപ്രായങ്ങളാണുള്ളതു്. ഈ അഭിപ്രായങ്ങളുടെ പിന്നാലെ രൂപംകൊണ്ട അഭ്യൂഹങ്ങൾ (തീയറികൾ) ആണു ഫെററിഷിസം(Feteshism), "ആനിമിസം" (Animism), മാനിസം (Manism), "ടോട്ടമിസം" (Totemism), "മാജിസം" (Magism) മുതലായവ. ഇവയിൽ ഓരോന്നിനെയുംകുറിച്ചു സംക്ഷിപ്തമായി:

---

(1) Cfr. Sir John Lubbock, «The Origin of Civilisation and Primitive Condition of Man» pp. 209 sq.

a) ഫെററിഷിസം (Fetishism).

ഫെററിഷിസമാണ മതത്തിൻെറ ആദിമരൂപമെന്നു കോംററും ലുബ്ബോക്കും പ്രസ്താവിക്കുന്നു.

'ഫെററിഷ്' എന്ന പദത്തിൻെറ ആഗമം ലത്തീനിലെ ഫക്ടീസിയുസ് (factitius) എന്ന ശബ്ദത്തിൽനിന്നാണ്. ഉണ്ടാക്കപ്പെട്ട ഒരു വസ്തു എന്നാണിതിൻെറ അത്ഥം. ധാത്വത്ഥത്തിൽനിന്നു വിഭിന്നമായ പല അത്ഥങ്ങളും പിന്നീട്ട പിന്നീട്ട് ഈ വാക്കിനുണ്ടായി. ആഫ്രിക്കയുടെ പശ്ചിമതീരത്തുള്ള നീഗ്രോകൾ ഉപയോഗിച്ചിരുന്ന ഗ്രന്ഥപത്രങ്ങൾക്കും മാന്ത്രികവസ്തുക്കൾക്കും 'feitico' എന്ന സംജ്ഞയാണ പോർട്ടുഗീസ് നാവികന്മാർ നല്കിയിരുന്നത്. കരനിർമ്മിതമോ പ്രകൃതിയിൽ കാണുന്നതോ ആയ ഒരു വസ്തുവാണ ഫെററിഷ്—അതിൽത്തന്നെ ഒരു വിലയുമില്ലാത്ത മൂത്തവസ്തു. എന്നാൽ അതിൽ ഒരാത്മാവു വസിക്കുകയോ സ്വാധീനശക്തി ചെലുത്തുകയോ ചെയ്യുന്നുണ്ടാവാമെന്ന് ആദിമമനുഷ്യൻ സങ്കല്പിച്ചു. അത്ഭുതാവഹമായ സഹായവും സംരക്ഷണവും നല്കാൻ ശക്തമെന്ന നിലയിൽ അവൻ അതിനെ വണങ്ങുകയും ചെയ്തു. അചേതനമായ വസ്തുക്കളിൽ അരൂപികൾ വസിക്കാനാവാമെന്ന ധാരണയാണ് ഈ വിശ്വാസത്തിനും വണക്കത്തിനും നിദാനം. ആവശ്യനേരത്തു പററിയ ഒരു 'ഫെററിഷി'നെ തിരഞ്ഞെടുക്കുവാൻ തൻെറ ദേവത തന്നെ സഹായിക്കുന്നെന്നു മനുഷ്യൻ വിശ്വസിക്കുന്നു.(1)

---

(1) Cfr. A. Le. Roy «The Religion of the Primiti-

## b) ആനിമിസം (Animism)

ഈ. ബി. ടൈലർ (E. B. Tyler)ആണ് ഈ അഭ്യൂഹത്തിൻെറ പ്രണേതാവ്.(1) ശിശുക്കൾ വിചാരിക്കും, സകല വസ്തുക്കൾക്കും ജീവനുണ്ടെന്ന്. നിർജ്ജീവമായ വസ്തുക്കളോടും പാവകളോടും അവർ സംസാരിക്കുന്നതും ഇഷ്ടപ്പെടാത്തവയോടു വഴക്കുകൂടുന്നതും മററും നാം കാണുന്നു. ഇതുപോലെ, മനുഷ്യവർഗ്ഗത്തിന് അതിൻെറ ശൈശവാവസ്ഥയിൽ, മനുഷ്യശരീരത്തിൽനിന്നു ഭിന്നമായി വർത്തിക്കുന്ന ആത്മാവിനെക്കുറിച്ച് ഒരാശയം ഭാവനാസൃഷ്ടമായി ഉദയം ചെയ്തു. 'ആനിമാ' (anima= ആത്മാവ്) എന്ന പദത്തിൽനിന്നാണ് 'ആനിമിസം' എന്ന സംജ്ഞയുണ്ടായതു്. നിദ്രാവസ്ഥയും ജാഗ്രദവസ്ഥയും തമ്മിലുള്ള വ്യത്യാസം, സ്വപ്നം, രോഗങ്ങൾ, മരണം മുതലായവ ആത്മാവിനെക്കുറിച്ചു ബോധം അവനിൽ ഉളവാക്കി. കാലാന്തരത്തിൽ, മരണാനന്തരജീവിതം, പുനർജന്മം എന്ന ആശയങ്ങളും അവനുണ്ടായി. ശരീരത്തിൽനിന്നു വേർപെട്ട ആത്മാക്കൾ ഉണ്ടെന്നും അവയ്ക്കു യഥേഷ്ടം ഇതരവസ്തുക്കളിൽ പ്രവേശിക്കാമെന്നും, ഇത്തരം ആത്മാക്കൾ പ്രവേശിക്കുന്നതിൻെറ ചില ദൃഷ്ടലങ്ങളാണ് രോഗവും മരണവുമെന്നും അവനു തോന്നി. ഇത്തരം ആത്മാക്കൾ പ്രകൃതിയിൽ ആവസിക്കുന്നതുകൊണ്ടാണത്രേ പ്രകൃതിക്ഷോഭങ്ങളുംമററും സംഭ

---

ves» pp. 299 sq., Schneider, «Die Religioni der afrikanischen p. 227.

(1) E. B. Tyler, «Primitive Culture.»

വിക്കുന്നതു്. തൽഫലമായി വിഗ്രഹാരാധന, പ്രകൃതിവന്ദനം മുതലായവ ക്രമേണ രംഗപ്രവേശം ചെയ്തു. ടൈലറിൻെറ അഭിപ്രായത്തിൽ, ആദിമമനുഷ്യരുടെ ഈദൃശസങ്കല്പങ്ങളിൽനിന്നു പരിണാമമാർഗ്ഗേണ ബഹുദേവതാവിശ്വാസവും ഒടുവിൽ ഏകദൈവവിശ്വാസവും സംജാതമായി.(1)

### c) മാനിസം (Manism)

മാനിസത്തിനു ഭൂതാരാധന(Ghost Worship) എന്നും സംജ്ഞയുണ്ട്. ഹെർബർട്ടു സ്പെൻസറാണു് ഈ തീയറിയുടെ ജനയിതാവു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, ആദിമമതങ്ങളിൽ കാണുന്ന അരൂപികൾ, മനുഷ്യൻ സങ്കല്പിച്ചുണ്ടാക്കിയ പരേതാത്മാക്കളല്ല, ദേവതാപദവി നല്കപ്പെട്ട മനുഷ്യർതന്നെയാണു്. ആദിമമനുഷ്യനു തന്നെക്കാൾ മികച്ചുനില്ക്കുന്നവരെല്ലാം പ്രകൃത്യതീതരും ദൈവികരുമാണു്. ഇവർ, വംശത്തിൻെറ സ്ഥാപകരോ, ധീരതയ്ക്കും ശക്തിയ്ക്കും പേരെടുത്തവരോ, പ്രസിദ്ധിയാർജ്ജിച്ച വൈദ്യന്മാരോ, എന്തെങ്കിലും പുതിയതായി കണ്ടുപിടിച്ച ബുദ്ധിശാലികളോ ആവാം. ജീവിതകാലത്തു് ഇവരെ ഭക്ത്യാദരങ്ങളോടേ ബഹുമാനിച്ചിരുന്ന പൗരാണികമനുഷ്യൻ, ഇവരുടെ മരണത്തിനുശേഷം ഇവരെ വന്ദിക്കുവാൻ തുടങ്ങി. ഈ വന്ദനമാണു ക്രമേണ ദേവതാരാധനയായി രൂപംകൊണ്ടതു്.(2)

---

(1) Cfr. W. Schmidt, «The Origin and Growth of Religion» pp. 73-89.

(1) Cfr. W. Schmidt, Op. cit. pp. 63-72.

'മാനിസ'ത്തെ 'ആനിമിസ'ത്തിന്റെ വകഭേദമായി കരുതാം. ആനിമിസത്തിൽ മനുഷ്യൻ തനിക്ക് ആത്മാവുണ്ടെന്നു സങ്കല്പിക്കുകയും, ആ സങ്കല്പമനുസരിച്ച് ഇതരവസ്തുക്കൾക്കും ആത്മാക്കളുണ്ടെന്നു വിചാരിക്കുകയും ചെയ്യുന്നു. മാനിസം മനുഷ്യനെത്തന്നെ ദേവത്വം കല്പിച്ച് അവന്റെ ആത്മാവിനെ ആരാധിക്കുന്നു.

## d) ടോട്ടമിസം (Totemism)

ടോട്ടമിസത്തിനു മൃഗാരാധനയെന്നും സംജ്ഞയുണ്ട്. ചില വർഗ്ഗങ്ങൾക്ക്, അവരുടെ ഗോത്രങ്ങൾക്കും കുടുംബങ്ങൾക്കും ചിലതരം ജന്തുക്കളോടു ബന്ധമുണ്ട് എന്ന വിശ്വാസമാണ് ടോട്ടമിസം. കരടി, സർപ്പം, കഴുകൻമുതലായ ജന്തുക്കളെ ചില വർഗ്ഗക്കാർ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്തുവന്നു. തങ്ങളുടെ പൂർവ്വന്മാർ ഈ ജന്തുക്കളിൽനിന്നു പിറന്നവരാണെന്നോ, കുറഞ്ഞപക്ഷം, ഇവയുമായി പ്രത്യേകബന്ധമുണ്ടെന്നോ ആയിരുന്നു അവരുടെ വിശ്വാസം. ഈ ജന്തുക്കളിൽ, തങ്ങളുടെ ഗോത്രത്തിന്റെ പ്രത്യേകസ്വഭാവഗുണങ്ങൾ—ധീരത, കൗശലം മുതലായവ - അവർ ദർശിച്ചിരുന്നു. തന്നിമിത്തം, അവയെ അവർ ബഹുമാനിച്ചുതുടങ്ങി. ബഹുമാനം ഒടുവിൽ ആരാധനയായി മാറി. ഇങ്ങനെയാണത്രേ മതത്തിന്റെ ആരംഭം.

മാക്‌ലനൻ (Mc Leunan) ആണ് ഈ തീയറിയുടെ ഉപജ്ഞാതാവ്. S. Reinach, Robertson Smith, Durkheim, J.J. Frazer, Freud മുതലായവർ ഈ തീയറിയെ വിവിധതരത്തിൽ വിശദീകരിക്കുകയും വ്യാഖ്യാനിക്കുക

യും ചെയ്തിട്ടുണ്ട്. ടോട്ടമിസത്തെ ഫ്രോയിഡ് തൻെറ "മനോവിശകലന" (Psycho-analysis) തത്വങ്ങൾക്കു Oedipus Complex(1) നം അടിസ്ഥാനമായി സ്വീകരിച്ചിട്ടുണ്ട്.(2)

'വിജ്ഞാനം' എൻസൈക്ലോപ്പീഡിയായിൽ, ആനിമിസത്തിൻെറ അടുത്ത ഘട്ടമാണു ടോട്ടമിസം എന്നു പറഞ്ഞിരിക്കുന്നു: "മതം അടുത്ത ഘട്ടത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ മേല്പറഞ്ഞ ശക്തിയെ (ആദിമമനുഷ്യൻ വിഭാവനം ചെയ്ത പരമശക്തിയെ) ബഹുധാ ദർശിക്കുന്നതായിട്ടാണു നാം കാണുന്നത്. മാത്രമല്ല, ഈ ശക്തിയെ പരിമിതങ്ങളായ ചിലവ്യകളിൽ അധ്യാരോപിക്കുന്നതായും കാണാവുന്നതാകുന്നു. അങ്ങനെ വിഗ്രഹാരാധനയുടെ ബീജാവാപമാകുന്നു നാമിവിടെ ദർശിക്കുന്നത്. ആദ്യഘട്ടത്തിൽ മൃഗരൂപത്തിലുള്ള വിഗ്രഹങ്ങളെയാണു മനുഷ്യൻ ആരാധിച്ചിരുന്നത്. മത്സ്യം, പശു മുതലായ ജീവികളെ ആരാധിക്കുന്ന ഘട്ടത്തെ ടോട്ടമിസം എന്ന പദംകൊണ്ടു വ്യവഹരിച്ചുവരുന്നു. ഈ Totem ഒരു സമുദായത്തിൻെറയോ ജനവിഭാഗത്തിൻെറയോ അധിദേവതയായിട്ടോ ഉൽപത്തിസ്ഥാനമായിട്ടോ കല്പിച്ചുകൊണ്ടാണ് ഈ ആരാധനാസമ്പ്രദായം നിലനിന്നിരുന്നത്.

---

(1) Oedipus Complex= പുത്രനു മാതാവിനോടും പുത്രിക്കു പിതാവിനോടും ലൈംഗികാഭിലാഷം ഉണ്ടെന്നുള്ള അഭ്യൂഹം.

(2) W. Schmidt= «Origin and Growth of Religion» pp. 110-115.

«Totemism»(മൃഗാരാധന) നടപ്പിലിരുന്ന കാലത്തു മനുഷ്യൻ മൃഗങ്ങളിൽനിന്നു വ്യത്യസ്തമല്ലാത്ത ഒരു ജീവിതമാണു നയിച്ചിരുന്നത്. അവന് അവൻെറ വ്യക്തിത്വത്തെപ്പററി ബോധമുണ്ടായിരുന്നില്ല. ജംഗമലോകത്തിലെ അംഗങ്ങളെ സഹോദരതുല്യം കരുതിവന്നിരുന്ന കാലത്താണു Totemism രൂപം പ്രാപിച്ചത്."(1)

## e) മാജിസം (Magism)

ജെ. എച്ച്. കിങ്ങ് (J. H. King)ഡർക്കീം (Durkheim) മുതലായവർ മതത്തിൻെറ ഉൽപത്തി എവിടെനിന്നാണ് എന്നു കണ്ടുപിടിച്ചു—മാജിക്കിൽ—മന്ത്രവാദത്തിൽ—നിന്ന്. മതത്തിൻെറ തുടക്കത്തിൽ മനുഷ്യൻെറ ആത്മീയജീവിതം എങ്ങനെയായിരുന്നെന്നു നമുക്കു നിശ്ചയമില്ലാത്തതിനാലും, അക്കാലത്തെസ്സംബന്ധിച്ചു വിശ്വസിക്കാൻ കൊള്ളാവുന്ന രേഖകളില്ലാത്തതിനാലും, ജെ. എച്ച്. കിങ്ങ് പ്രസ്താവിക്കുകയാണ്, പ്രശ്നം മനശ്ശാസ്ത്രപരമായി പരിഹരിക്കാൻ നോക്കണമെന്ന്. പുരാതനമനുഷ്യൻ ചുററുപാടുകളെ നിരീക്ഷിക്കാൻ തുടങ്ങിയപ്പോൾ കൊടുങ്കാററ്, ബോധക്കേട്, ഉറക്കത്തിൽ നടപ്പ് മുതലായ അസാധാരണസംഭവങ്ങൾകണ്ട് അന്തിച്ചുപോയി. എല്ലാക്കാര്യത്തിനും കാരണം കണ്ടുപിടിക്കുവാൻ സ്വാഭാവികമായ ഒരു പ്രേരണയാൽ നയിക്കപ്പെടുന്ന അവൻ, അന്തരംഗത്തെ പേടിയാൽ കിടുക്കുകയും ആഗ്രഹത്താൽ തുടിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങളുടെ കാരണം ആരാഞ്ഞു. അവൻ മനുഷ്യനെ

(1) "വിജ്ഞാനം", Vol I p. 138.

പ്പോലെ ചിന്തിച്ചു. ഒടുക്കം അവനു മനസ്സിലായി. പ്രകൃത്യതീതമായ നിഗ്രഢശക്തികളാണു ഇതിനൊക്കെ കാരണം! മാജിക്ക്!

പുരോഗമനത്തിന്റെ നാം വന്നപ്പോൾ പുരാതനമനുഷ്യൻ പ്രകൃതിയുടെ നിഗ്രഢശക്തികളിന്മേൽ മന്ത്രതന്ത്രങ്ങൾവഴി, നിയന്ത്രണം കൈവരിച്ചു. ഈ നിയന്ത്രണംവഴി നന്മതിന്മകൾ ചെയ്യാൻ കഴിവുണ്ടെന്ന് അവകാശപ്പെട്ട വൈദ്യന്മാരുടേയും മാജിക്കുകാരുടേയും ഒരു വർഗ്ഗംതന്നെ ക്രമേണ ഉണ്ടായി. പരിണാമം നിന്നില്ല. മാജിക്കുശക്തി ആളായി വളർന്നു. ഇനിമേൽ അതു് അവ്യക്തമായ ശക്തിയല്ല, ആളത്തമുള്ള ആത്മാവാണ്. ആത്മാവു പിന്നെ പിന്നെ ദൈവമായി. അതോടേ മതവുമുണ്ടായി.

പ്രകൃത്യതീതമായ, പുരുഷാത്മകമല്ലാത്ത മാജിക്കുശക്തികൾ വളർന്ന വളർച്ച!

## തീയറികളുടെ ഖണ്ഡനം

i. ഫെററിഷിസം.

മതത്തിന്റെ ഉൽപത്തി 'ഫെററിഷിസ'ത്തിൽ നിന്നല്ല. ഫെററിഷ് ആരാധകൻ മൂർത്തവസ്തുക്കളെ വണങ്ങുന്നതിനു നിമിത്തം ആ വസ്തുക്കളല്ല, അവയിൽ അധിവസിക്കുകയോ ശക്തി ചെലുത്തുകയോ ചെയ്യുന്നെന്നു കരുതുന്ന അരൂപിയാണ്. അപ്പോൾ, അയാൾക്കു നേരത്തേതന്നെ അമാനുഷികമായ അരൂപികളിലും മനുഷ്യന് അവരോടുള്ള ആശ്രയബോധത്തിലും വിശ്വാ

സമുണ്ടായിരുന്നെന്നു സിദ്ധിക്കുന്നു. എന്നാൽ, ഈ വിശ്വാസമല്ലേ മതത്തിന്റെ ആധാരം? തീർച്ചയായും.

നമുക്കിനി ഈ തീയറിക്കാരോടു തിരിഞ്ഞുനിന്നൊരു ചോദ്യം ചോദിക്കാം. "തന്നേക്കാൾ ഉപരിയായൊരു അരൂപിയെ അംഗീകരിക്കാൻ മനുഷ്യൻ പ്രേരിതനായതെങ്ങനെയാണു്?" ഫെററിഷിസമാണ് മതത്തിന്റെ പഴയപഴയ രൂപം എന്നു പറയുന്ന കോംററും കൂട്ടരും ഉത്തരം തരുകയില്ല. മനുഷ്യന്റെ മതബോധത്തിന്റെ ഉത്ഭവത്തേയും അതിന്റെ പരിണാമഗതിയിലുള്ള ഒരു ഘട്ടത്തേയും തമ്മിൽ പാവങ്ങൾ കുഴച്ചുമറിച്ചു. എന്നിട്ട്, വികൃതംഭവിച്ച ഭൂതാരാധനയാണു ഫെററിഷിസം എന്നു ഗ്രഹിക്കാതെ പോയി.

## ii. അനിമിസവും മാനിസവും.

ടൈലരും സ്പെൻസരും കണ്ടുപിടിച്ച ആനിമിസവും മാനിസവും ആണോ മതത്തിന്റെ ഉൽപത്തിഗേഹങ്ങൾ?

പരിണാമസിദ്ധാന്തത്തിനു പററിയ രീതിയിൽ മുൻപറഞ്ഞ പണ്ഡിതന്മാർ ആദ്യം ഒന്നങ്ങു സങ്കല്പിച്ചു. വാസന ഏകവഴികാട്ടിയും ഭാവന നായാട്ടുപട്ടിയുമായിരുന്ന ഒരു കാലം പണ്ടുപണ്ടുണ്ടായിരുന്നു. അന്നു മനുഷ്യൻ, ഭാവന വേട്ടയാടിപ്പിടിച്ച അസാധാരണസൃഷ്ടികളെ വാസ്തവികലോകത്തിൽ തളച്ചിട്ട് അവയ്ക്കു അലൗകികമായ വ്യക്തിത്വവും വിലയും നല്കി ആരാധിച്ചു! ടൈലരും സ്പെൻസരും സങ്കല്പം ശരിയോ തെററോ എന്നു നോക്കിയില്ല. നോക്കിയിരുന്നെങ്കിൽ തെററാണെ

ന്നു സമ്മതിച്ചേനെ. കുറഞ്ഞപക്ഷം, സാധാരണക്കാരന്റെ സംശയങ്ങൾ നീക്കുവാൻ ശ്രമിക്കുമായിരുന്നു. മൃഗസാധാരണമായ വാസനകളിൽനിന്നു മനുഷ്യനിൽ എങ്ങനെ മാനസികവ്യാപാരം ആവിർഭവിച്ചു? സങ്കീർണ്ണത്തിൽനിന്നു കേവലവും പദാർത്ഥത്തിൽനിന്ന് അരൂപിയും അപൂർണ്ണതയിൽനിന്നു പൂർണ്ണതയും എങ്ങനെ പുറപ്പെടും? കാര്യം ഒരിക്കലും കാരണത്തേക്കാൾ ഉൽകൃഷ്ടമായിരിക്കുകയില്ല. മൂർത്തവസ്തുക്കളെ അരൂപമായ ആദർശലോകത്തിലേയ്ക്കുയർത്തി വ്യക്തിതാമണിയിക്കാൻ ഭാവനയ്ക്ക് ഒരുനാളും കഴിവില്ലെന്ന നിഗമനത്തിലേയ്ക്കല്ല നാം പോകുന്നത്. മുൻപറഞ്ഞ തീയറികൾ ആവശ്യപ്പെടുംപോലൊരു ജോലി മാനസികവൈകല്യം ഭവിക്കാത്ത മനുഷ്യന്റെ ഭാവന ചെയ്യുകയില്ല എന്നു മാത്രം. തീയറിക്കാർ പറയുന്ന വിധത്തിലൊരു ശൈശവദശ മനുഷ്യവംശത്തിനില്ലായിരുന്നെന്നു സാരം.

മാത്രമല്ല, ആനിമിസത്തിനും മാനിസത്തിനും പിടിച്ചു നില്ക്കാൻ ഒരു താങ്ങും കിട്ടാതെവരും, ഇന്നു നിലവിലിരിക്കുന്ന മതത്തിന്റെ ഉറവിടങ്ങളിലേയ്ക്കു നാം നടന്നുനടന്നു കേറുന്തോറും. അങ്ങെത്തിയാൽ ഏകദൈവാരാധനയേയുള്ളൂ. പിതൃക്കളെ ഉപാസിക്കുക തെക്കുകിഴക്കെ ആസ്ത്രേലിയായിലേയും, ടിയറ ഡെൽ ഫ്യൂഗോയി(Tierra del Feugo)ലേയും ആദിമവാസികളുടെയിടയിൽ അജ്ഞാതമാണ്.(1) ടൈലരും സ്പെൻസരും പറയുന്നകണക്കിനു

(1) Cfr. Andrew Lang—«The Making of Religion». pp. 174, 195; W. Schmidt—«Der Usprung Der Gottesidee» 6 Vols.

പുരാതനന്മാരുടേയും പുരോഗതിയില്ലാത്തവരുടേയും മതവിശ്വാസങ്ങൾ പിതൃപൂജയ്ക്കും ഭൂതാരാധനയ്ക്കും— അവയുണ്ടായിരുന്നെങ്കിൽ! —സാക്ഷ്യം നല്കേണ്ടതല്ലേ?

പിതൃപൂജയിൽനിന്നു മതം ഉത്ഭവിക്കുകയല്ല മതത്തിൽനിന്നു പിതൃപൂജ ഉത്ഭവിക്കുകയാണു ചെയ്തിട്ടുള്ളത്. ശുദ്ധവും കേവലവുമായ പിതൃപൂജയെ ഒരു മതമായി കരുതിപ്പോന്ന ഒരു വംശത്തെപ്പോലും ചരിത്രം കണ്ടെത്തിയിട്ടില്ല. മാത്രമല്ല, നിലവിലിരിക്കുന്ന മതങ്ങളിൽ വളരെ പിന്നീടു മാത്രമാണു പിതൃപൂജ സ്ഥലംപിടിച്ചിട്ടുള്ളതെന്നു മതിയായ തെളിവുകളുണ്ട്.(1) പിതൃപൂജയുടെ തറവാടായ ചൈനയിൽപ്പോലും ഈ ആചാരം മതത്തിൻെറ ആരംഭമായിരുന്നില്ല മററെവിടെയുമെന്നതുപോലെ ഏകദൈവവിശ്വാസം പ്രചരിച്ചിരുന്ന ചൈനയിൽ മൺമറഞ്ഞ നേതാക്കന്മാരും സമരവീരന്മാരും ദേവപദവിലേയ്ക്കു ഉയർത്തപ്പെടുകയും ദേവതുല്യം വണങ്ങപ്പെടുകയും ചെയ്തിരുന്നു. ഇങ്ങനെ, പിതൃക്കളുടെ ആത്മാക്കൾക്കു നല്കിവന്ന ദൈവികാരാധന സ്പഷ്ടമായി തെളിയിക്കുന്നതു് ഈശ്വരവിശ്വാസവും ഈശ്വരവന്ദനവും—ചുരുക്കത്തിൽ മതം—നേരത്തെ ഉണ്ടായിരുന്നു എന്നതാണ്. ഇക്കാരണങ്ങളാൽ പിതൃപൂജ അതിൻെറ സ്വഭാവത്താൽത്തന്നെ മുമ്പു് ആചരിച്ചിരുന്ന വിധത്തിലോ ഇപ്പോൾ ആചരിച്ചുവരുന്നവിധത്തിലോ മതത്തിൻെറ ആദിമരൂപമായിരിക്കുക ഒരിക്കലും സാദ്ധ്യമല്ല.

(1) (A. Borchert Der Animismus p. 47)

iii. ടോട്ടമിസം.

1) ടോട്ടമിസത്തിന് സാർവ്വത്രികമായ മതവിശ്വാസത്തിന്റെ ഉൽപത്തി-ഹേതു-ആകത്തക്ക സാർവ്വത്രികതയോ മതവുമായി അടുത്ത ബന്ധമോ ഇല്ല എന്നാണ് ഈ വിഷയത്തെപ്പററി സമഗ്രമായി പഠിച്ചിട്ടുള്ളവർ അഭിപ്രായപ്പെടുന്നത്. ജെ. ജി. ഫ്രേസർ (J. G. Fraezer) എന്ന പണ്ഡിതൻ ടോട്ടമിസത്തെപ്പററി ദീർഘമായ ഗവേഷണങ്ങൾ നടത്തുകയും ബൃഹത്തായ ഗ്രന്ഥങ്ങൾ വിരചിക്കുകയും ചെയ്തിട്ടുണ്ട്. «Totemism and Exogamy» എന്ന ഗ്രന്ഥപരമ്പരയിൽ തന്റെ അവസാനത്തെ അഭിപ്രായം അദ്ദേഹം രേഖപ്പെടുത്തുന്നു. "ശുദ്ധമായ ടോട്ടമിസം അതിൽത്തന്നെ ഒരു മതമല്ല. കുലചിഹ്നങ്ങൾ തനിരൂപത്തിൽ ആരാധിക്കപ്പെടുന്നില്ല. (Totems as such are not worshipped. അവ യാതൊരർത്ഥത്തിലും ദേവതകളുമല്ല. അവയെ പ്രീതിപ്പെടുത്തുവാൻ പ്രാർത്ഥനയും ബലികളും അർപ്പിക്കപ്പെടുന്നുമില്ല. ആകയാൽ, ചിലർ അഭിപ്രായപ്പെടുന്ന തരത്തിലുള്ള ശുദ്ധവും സാധാരണവുമായ മൃഗാരാധനയുണ്ടെന്നു പറയുന്നതുതന്നെ, വസ്തുതകളെ ഗൗരവാഹമായവിധം തെററിദ്ധരിക്കുന്നതുകൊണ്ടാണ്."(Vol. IV p. 27)

2) മാത്രമല്ല, മതത്തിന്റെ ആരംഭമാകത്തക്കവിധത്തിലുള്ള സാർവ്വത്രികത ടോട്ടമിസത്തിന് ഉണ്ടായിരുന്നില്ല എന്ന വസ്തുത നിസ്തർക്കമായി തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഫ്രേസർ അതിനുവേണ്ട തെളിവുകൾ നല്കിയിട്ടുണ്ട്. അനന്തരമുള്ള ഗവേഷണങ്ങൾ

ഫ്രേസരുടെ നിഗമനങ്ങളെ സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.

ഇൻഡോ യൂറോപ്യൻ, ഹെമിററിക്ക്, സെമിററിക്ക്; യൂറൽ അൽറൈറക്ക് എന്നീ വംശങ്ങൾക്കു ആരംഭത്തിൽ ടോട്ടമിസം ഒട്ടുംതന്നെ ഉണ്ടായിരുന്നില്ലെന്നും പിന്നീട് ദേശാന്തരങ്ങളിൽ കുടിയേറിപ്പാർത്തതിൻെറ ഫലമായി മാത്രമാണ് അങ്ങിങ്ങായി ടോട്ടമിസവുമായി ബന്ധമുണ്ടായിട്ടുള്ളതെന്നും ഫ്രേസർ തെളിയിച്ചിട്ടുണ്ട്.

അതുപോലെതന്നെ അപരിഷ്കൃതവർഗ്ഗങ്ങളിൽ മിക്കവയിലും ടോട്ടമിസത്തെപ്പററി കേട്ടുകേൾവിപോലുമില്ല. നരവംശശാസ്ത്ര(Ethnology)ത്തിൻെറ ദൃഷ്ടിയിൽ ഏററം പുരാതനമായ വർഗ്ഗങ്ങളിലാണ് ഈ വസ്തുത സ്പഷ്ടമായി കാണുന്നത്. The Pygmoids, the Pygmies of Asia and Africa, the South East Australians, the Ainus, the Primitive Eskimos, the Koryaks, the Samoyeds of the extreme north of the Globe, the North Central Californians, the primitive Algonkins of North America, the Ges Tapuya tribes of South America, and the Tierra del Feugians of the extreme South എന്നീ വർഗ്ഗങ്ങൾക്കൊന്നിനും ടോട്ടമിസം ഒട്ടുംതന്നെയില്ല.

അപരിഷ്കൃതവർഗ്ഗങ്ങൾ എല്ലാത്തിലുംതന്നെ മതവിശ്വാസം പ്രകടമായി കാണുന്നുണ്ടെന്നും, കൂടുതൽ പഴക്കംചെന്നവയിലാണു കൂടുതൽ ശുദ്ധമായതും ഏകദൈവവിശ്വാസത്തോടു വളരെ അടുക്കുന്നതുമായ മതം കാണുന്നതെന്നുമുള്ള ആധുനിക"നരവംശശാസ്ത്ര"ത്തിൻെറ വിധിത്തീർപ്പ്, "ടോട്ടമിസ"ത്തെ അടിസ്ഥാനമാ

ക്കിയുള്ള പരിണാമവാദികളുടെ സങ്കല്പം എത്ര നിരർത്ഥകവും നിരാലംബവുമാണെന്നു തെളിയിച്ചിരിക്കുന്നു.

മനുഷ്യൻ ആരംഭത്തിൽ മൃഗത്തിൽനിന്നു വ്യത്യസ്തനല്ലായിരുന്നുവെന്നുള്ള "വിജ്ഞാന"ത്തിൻെറ പ്രഖ്യാപനവും തെളിയിക്കപ്പെട്ടിട്ടില്ലാത്ത ഒരു അഭ്യൂഹം മാത്രമാണെന്നു, തീയറികളെക്കുറിച്ചുള്ള പൊതുവിമർശനത്തിൽനിന്നു തെളിയുന്നതാണു്.

## iv. മാജിസം.

മതത്തിൻെറ ഉത്ഭവം മാജിക്കിൽനിന്നാണെന്നും പറഞ്ഞുകൂടാ. ഒന്നാമതു്, ഈ തീയറിയെ ശരിയല്ലാത്ത പൂർവ്വസങ്കല്പങ്ങളിന്മേലാണു പണിതുയർത്തിയിരിക്കുന്നതു്. വിസ്മയാമഹമായ വസ്തുതകളുടെ കാരണമായി പുരുഷാത്മകമല്ലാത്ത മാജിക്കു ശക്തികളെയാണു് ആദിമമനുഷ്യൻ കണ്ടെത്തിയതു് എന്നു പറയുക എല്ലാക്കാര്യത്തിനും കാരണം കണ്ടുപിടിക്കാനുള്ള മനുഷ്യൻെറ പ്രവണതയേയും ആവശ്യത്തേയും മുഴുവനേ തെററിദ്ധരിക്കുകയാണു്. പിൻമുറക്കാരെപ്പോലെതന്നെ വിവേകബുദ്ധിയുണ്ടായിരുന്ന മുൻമുറക്കാരും അനുഭവിച്ചറിഞ്ഞിട്ടുണ്ടായിരിക്കണം, കാര്യത്തിനു കാരണം കണ്ടുപിടിക്കുന്നതിൻെറ ആവശ്യം; അതിനു മനസ്സിനുള്ള പ്രവണത. ഈ പ്രവണതയാകട്ടെ യുക്ത്യധിഷ്ഠിതമാണു്. കാര്യമേതിനും കാരണമുണ്ടായിരിക്കണമെന്നുള്ള നിയമത്തെപ്പററി നാം ആദ്യം അറിയുന്നതു നമ്മുടെതന്നെ മനസ്സിൻേറയും ഇച്ഛയുടേയും വ്യാപാരങ്ങളെപ്പററി വീണ്ടുവിചാരിക്കുമ്പോഴാണു്. നമ്മളിൽ തോന്നിയ കാര്യകാരണബോധത്തെ

നാം ചുററുമുള്ള ലോകത്തിൽ പ്രയോഗിച്ചുനോക്കുന്നു. ചില വസ്തുതകൾ വിശദീകരിക്കാൻ കേവലം ഭൗതിക കാരണങ്ങൾ അപര്യാപ്തമെന്നു കാണുമ്പോൾ ആത്മീയവും പുരുഷാത്മകവുമായ കാരണങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള നിഗമനത്തിലെത്തും. ഇതേവിധത്തിലാണു പൗരാണികനും പ്രവർത്തിച്ചതു്. അവനു് അനുഭവപ്പെട്ട സംഗതികൾ എത്രയ്ക്കു ശ്രദ്ധേയവും വിസ്മയാവഹവുമായിരുന്നോ അത്രയ്ക്കു നിലനില്ക്കുന്നതായിരുന്നു അവൻെറ അനുഭൂതികൾ; അത്രയ്ക്കു് അഗാധമായിരുന്നു മനസ്സിൻെറ പര്യന്വേഷണങ്ങൾ. സൂര്യൻ, ചന്ദ്രൻതുടങ്ങിയ ആകാശഗോളങ്ങളുടെ ചലനത്തിനും ഇടി, കൊടുങ്കാററു് മുതലായ പ്രകൃതിശക്തികളുടെ ക്ഷോഭത്തിനും മററും കാരണം, ജ്ഞാനത്തിലും ശക്തിയിലും മനുഷ്യനെക്കാൾ തുലോം ഉന്നതനായ ഒരു പരാശക്തിയാണെന്നു് അവനു ബോധപ്പെട്ടു. ഈ ബോധം അവനെ മതാത്മകചിന്തയിലേക്കാണു തിരിച്ചുവിട്ടതു്. അല്ലാതെ, അവനു് അജ്ഞാതമായ, തികച്ചും അവ്യക്തമായ മാജിക്കു ശക്തികളിലേയ്ക്കാണു ചിന്ത തിരിഞ്ഞതെന്നു വിചാരിക്കുവാൻ കാരണം കാണുന്നില്ല.

കൂടാതെ, ഈ തീയറിയുടെ പിമ്പിലുള്ള ചരിത്രപരമായ സങ്കല്പങ്ങൾ പലതും തെററാണു്. ജന്തുരൂപങ്ങളിൽനിന്നു മനുഷ്യമനസ്സു പരിണമിച്ചെന്നും, കുറെ യുഗങ്ങൾക്കുശേഷം മാജിക്കിൻെറ അന്ധവിശ്വാസങ്ങൾ പൊടിച്ചു വളരുവാൻ പററിയ ഒരു ഘട്ടത്തിൽ പരിണാമം എത്തിയെന്നും തീർച്ചപ്പെടുത്തുന്നതു ശരിയല്ല. മൃഗത്തിൽനിന്നാണു മനുഷ്യശരീരം രൂപം പ്രാപിച്ചതു്

എന്നു വയ്ക്കുക. എന്നാൽത്തന്നെയും അതുപോലൊരു പരിണാമത്തിൻെറ ഫലമാണ് ആത്മാവ് എന്നുവരുന്നില്ല. പദാർത്ഥത്തോട് അവിഭാജ്യമെന്നോണം ഒട്ടിച്ചേർന്നു നില്ക്കുന്ന മൃഗജീവനിൽനിന്ന് അരൂപമായ ആത്മാവുണ്ടാകുക എല്ലാപ്രകാരത്തിലും അസാധ്യമാണ്. മറിച്ച്, മനസ്സിൻേറയും ഇച്ഛയുടേയും തികവിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കാനേ വഴിയുള്ളൂ.

ടൈലർ, സ്പെൻസർപ്രഭൃതികൾ ശരിയെന്നു കരുതിയ നരവംശശാസ്ത്രസങ്കല്പങ്ങൾ (ethnological postulates) ശരിയാണോ എന്നുകൂടി നമുക്കു കാണണം. അവ ശരിയായിരുന്നെങ്കിൽ ഭൂമുഖത്തെ ഏററം അപരിഷ്കൃതജനതയുടെയെങ്കിലും ജീവിതത്തിൽ മാജിക്കിനും അതിൻെറ ആചരണത്തിനും ഈശ്വരബോധത്തെ നിർമ്മാർജ്ജനം ചെയ്യുമാറൊരു സ്ഥാനം ലഭിക്കേണ്ടതായിരുന്നു. പരമാർത്ഥം മറിച്ചാണ്. "ഭൂമിയിലേ ഏററം പൗരാണികരായ വിവിധപിഗ്മിവർഗ്ഗങ്ങൾ വിശ്വാസത്തിലും ആചാരത്തിലും മാജിക്കിൻെറ അടയാളങ്ങൾ താരതമ്യേന കുറച്ചേ കാണിക്കുന്നുള്ളു — പിഗ്മികളേക്കാൾ കാലത്തിൽ പഴക്കം കുറഞ്ഞവരും പരിഷ്കാരത്തിൽ മുന്നിട്ടു നില്ക്കുന്നവരുമായ വർഗ്ഗങ്ങളിലുള്ളതിനെക്കാൾ കുറച്ച്. മാത്രമല്ല പിഗ്മിവർഗ്ഗങ്ങളിൽത്തന്നെയാണ് പൊതുവായ മതബോധവും അതിലുപരി പരമസത്തയെക്കുറിച്ചുള്ള ആശയവും സുവ്യക്തം വികാസം പ്രാപിച്ചുകാണുന്നത്."(1)

---

(1) Cfr. W.Schmidt, «Der Ursprung der Gottesidee»

## പൊതുഖണ്ഡനം

മതത്തിൻെറ ഉൽപത്തിയെക്കുറിച്ച്, "നരവംശ ശാസ്ത്ര(Ethnology)ത്തെ ആസ്പദമാക്കിയുള്ള തീയറികൾ ഇനിയുമുണ്ട്. അവയെ എല്ലാം ഓരോന്നായി നീട്ടി വിസ്തരിക്കുകയും വിമർശിക്കുകയും ആവശ്യകമല്ല, ഇവയെല്ലാം ആസ്പദമായി സ്വീകരിക്കപ്പെട്ട അഭിപ്രായം അടിസ്ഥാനരഹിതമാകുന്നുവെന്നു തെളിയിച്ചുകഴിഞ്ഞാൽ.

തുടക്കത്തിൽ മനുഷ്യനു മൃഗത്തിൽനിന്നു വലിയ വ്യത്യാസമൊന്നുമില്ലായിരുന്നു; അവനു ബുദ്ധിയോ വിവേകശക്തിയോ മതബോധമോ മതാനുഷ്ഠാനമോ ഒന്നുമുണ്ടായിരുന്നില്ല. നരവംശശാസ്ത്രത്തെ ആസ്പദമാക്കിയുള്ളോക്കു പ്രവൃത്തികൾ ചെയ്ത പ്രഖ്യാപനങ്ങളാണിവ. എന്നാൽ, ഇവയ്ക്കു നിസ്സന്ദേഹമായ തെളിവുകളൊന്നും ഇന്നുവരെ ഹാജരാക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, ലഭിച്ചിട്ടുള്ള തെളിവുകൾ ഈ പ്രഖ്യാപനങ്ങൾക്കു വിപരീതവുമാണ്.

ആദ്യപരിശുദ്ധിയിൽനിന്നു മതം അധഃപതിച്ചിരിക്കുവാൻ ഇടയുണ്ടെന്നു ലുബ്ബോക്കു പ്രവൃത്തികൾക്കു ഒരു തോന്നലേ ഉണ്ടായില്ല. മനുഷ്യവർഗ്ഗം മതരഹിതമായ അവസ്ഥയിൽനിന്നു ക്രമേണ ഉയർന്നുയർന്ന് ഏകദൈവവിശ്വാസത്തിൽ ചെന്നെത്തിയെന്ന സങ്കല്പവുമായി അവർ നടന്നുനടന്നു ചെന്നിളച്ചതു മതത്തിൻെറ ഉത്ഭ

Vol. I, P. 487; A. Le Roy, «The Religion of the Primitives», p. 248. sq.

വസ്ഥാനത്തെങ്ങുമല്ല; വളരെ ഇപ്പുറത്ത്, പുരാതനമല്ലാത്ത സംസ്കാരചക്രങ്ങളിൽ (later culture circles). അവർ അവിടെനിന്നുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടുമൊക്കെ ഉപായത്തിലൊന്നു നോക്കി. അവരുടേതുപോലെ അടുക്കും ചിട്ടയുമുള്ള പൊതുവായ ഒരു ആരാധനക്രമം അവിടെയെങ്ങും കണ്ടില്ല. പരമസത്തയെക്കുറിച്ച് അവരുടെ തലയിലേതുപോലെ വികാസം പ്രാപിച്ച(?)ജ്ഞാനമൊന്നും അവിടെയൊരിക്കലും കണ്ടില്ല. ദേശവാസികളോടു നേരിട്ടു ചോദിക്കാമെന്ന് അവർ കരുതി, അടുത്തുചെന്നു. അവിടത്തുകാർ, 'അപകടത്തിലാക്കാൻ വരുന്ന സായ്പന്മാരെ'കണ്ടു പേടിച്ചോടി. നയശാലികളായ ചില പരിണാമപ്പിള്ളേർ അടുത്തുകൂടി നാട്ടുകാരിൽ കുറച്ചുപേരെ കണ്ടു. എന്നിട്ടും സംശയാലുക്കളായ ആ സാധുക്കൾ ഒളിച്ചും മറഞ്ഞുമാണു വ്യാപരിച്ചത്. "ഗവേഷകന്മാർ" പലതും ചോദിച്ചു. പക്ഷേ, ഉത്തരമൊന്നും കിട്ടിയില്ല. ചോദ്യം മനസ്സിലാകാതെ ഉത്തരം പറയുന്നതെങ്ങനെ? പറഞ്ഞാൽ ആർക്കു തിരിയാൻ! 'ലോകത്തിലേററം അപരിഷ്കൃതരായ ഒരിനം മനുഷ്യജീവികളെ ഞങ്ങൾ കണ്ടു; അവക്കു മതവുമില്ല, ഭാഷയുമില്ല'എന്നു ഗവേഷകന്മാർ മൂന്നാം പക്കം പുസ്തകമെഴുതി! തെരുതെരെ മാറിമാറി എഴുതി.

കഴിഞ്ഞ നൂററാണ്ടിൻെറ നടുമറിക്കു സംഭവിച്ച ചരിത്രസംഭവങ്ങളാണിവ. ആരൊക്കെയാണു ഗവേഷണം കഴിച്ച് ഇങ്ങനെ പുസ്തകങ്ങൾ എഴുതിക്കൂട്ടിയതെന്നു പറയാം. Comte, Morgan, McLennan Lubbock, Spencer, Tylor, Frazer, Hartland, Bastian, Letourneau,

Reinach, Durkheim, Mauss, Levy-Bruhl....മുതലായവർ. പരിണാമസിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള നരവംശശാസ്ത്ര(Ethnology)ത്തിൽ "പ്രവീണ"രാണ് ഇവരെല്ലാം.

എന്നാൽ, ചരിത്രയാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പുതിയ നരവംശശാസ്ത്ര(Historical Ethnology)ത്തിൻെറ ഗവേഷണരീതി വിഭിന്നമാണ്. വിശദാംശങ്ങളിൽ ക്ഷമാപൂർവ്വം ശ്രദ്ധവച്ച്, ഓരോ സംസ്കാരത്തിൻെറ വിവിധഘടകങ്ങളേയും ശരിക്കു പഠിച്ച്, സംസ്കാരഘടകങ്ങൾ എവിടെയാണ് ഒന്നിച്ചു ചേരുന്നത്, ഭിന്നിച്ചു പിരിയുന്നത്, ഒരു സംസ്കാരം മറെറാന്നിനെ ഉൾക്കൊണ്ടുയരുന്നത് എന്നൊക്കെ നോക്കിയാണ് ചരിത്രാധിഷ്ഠിതമായ നരവംശശാസ്ത്രത്തിൻെറ ജൈത്രയാത്ര. [മതിയായ രേഖകൾ കിട്ടാത്ത ചരിത്രാതീതകാലം കഴിഞ്ഞു പല സംസ്കാരചക്രങ്ങൾ, പടിപടിയായി ഉണ്ടായിട്ടുണ്ട്. പൗരാണികസംസ്കാരങ്ങൾ (Primitive Cultures), പ്രഥമസംസ്കാരങ്ങൾ (Primary Cultures), ദ്വിതീയസംസ്കാരങ്ങൾ(Secondary Cultures) തൃതീയസംസ്കാരങ്ങൾ (Tertiary Cultures)ഇങ്ങനെ പലതുണ്ട് സംസ്കാരങ്ങൾ.] സംയോജനസിദ്ധമായ ഒരു സംസ്കാരം എപ്പോഴും മുമ്പ് ഒററപ്പെട്ടുനിന്ന സംസ്കാരത്തെക്കാൾ പഴക്കം കുറഞ്ഞതായിരിക്കും. അതുപോലെതന്നെ ഒരു സംസ്കാരത്തെ കീഴടക്കുന്ന മറെറാരു സംസ്കാരത്തിൻെറ ആ പ്രത്യേകസ്ഥലത്തെ സ്ഥിതിയും. ഭൂഖണ്ഡങ്ങളുടെ തിരക്കില്ലാത്ത മൂലകളിലും എത്തമില്ലാതെ കിടക്കുന്ന അരണ്യപാർശ്വ

ത്തിലും ഗിരിശിഖരത്തിലും കാണുന്ന സംസ്കാരങ്ങൾ പഴക്കമേറിയതായിരിക്കും. ഇങ്ങനെ, സംസ്കാരങ്ങളുടേയും, സംസ്കാരത്തിൻെറ ആന്തരികഘടകങ്ങളുടേയും (ആഴത്തിലും പരപ്പിലും ഇന്ന് അവ എത്രതന്നെ അകന്നതായിക്കൊള്ളട്ടെ) കാലപ്പഴക്കവും വികാസവും ചാരിത്രികബന്ധവും അറിയാൻ നമുക്കു വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുണ്ട്.

A. de Quatrefages പരീക്ഷണാൎത്ഥം സ്വീകരിച്ച ഈ പുതിയ ഗവേഷണപഥം വിസ്തൃതമാക്കാൻ അങ്ങനെ, യുഗയുഗാന്തരങ്ങൾ കടന്നു മതത്തിൻെറ ശരിയായ ഉൽപത്തികാണാൻ–ശ്രമിച്ച മഹാന്മാർ കുറച്ചല്ല. Ratzel, L. Frobenius, Graebner, B. Ankermann, W.Foy, W. Schmidt, W. Koppers, W. Krickeberg, E. Vatter, Boas, R. B. Dixon, Wissler, A..L. Kroeber, H. R. Swanton, R. H. Lowie, Mc Leod, W. H. Rivers, A.M. Hocart, H. Pinard, A. Metraux, K. Birket-Smith, K. Krohn എന്നിങ്ങനെ വിവിധരാജ്യക്കാരായ പ്രസിദ്ധപണ്ഡിതന്മാർ ഈ ഗണത്തിൽ ഉൾപ്പെടുന്നു.(1)

ഇവർ 'നരവംശശാസ്ത്ര'വും ചരിത്രാതീതജ്ഞാനവുംതമ്മിലുള്ള ചാരിത്രികബന്ധത്തെ അടിസ്ഥാനമാ

---

(1) W. Schmidt— «The Religion of Earliest Man», p. 4.

ക്കി പൌരാണികസംസ്കാരങ്ങളുടെ പ്രത്യേകതകൾ നല്കുന്നുണ്ട്.(1)

പൌരാണികന്റെ കഴിവുകൾ, ജീവിതരീതി, കരവേല, സദാചാരം, മതം, പരസ്പരബന്ധം തുടങ്ങിയ എ

---

(1)

| ETHNOLOGY | PREHISTORY |
|---|---|
| *Primitive Cultures:* | |
| Arctic bone-culture, Pygmy wood-culture | = Prelithic: Peking-culture and Alpine ditto: bone culture. |
| American primitive culture South-east Australian primitive culture. | = Protolithic: Pre-Mousterian and Mousterian: Oldest Klingen Kultur. (*) |
| Boomerang-culture (Australian, Nilotan, South Africa, Pre-Dravida, etc.) | = Pre-Chellean, chellean, Acheulean: older «coup de poing» culture. |
| *Primary Cultures:* | |
| Totemistic-father-right higher hunting culture | = Aurignacian: later Klingen culture. |
| Large-family father-right cattle-raising nomads | = Kunda, Maglemose: mainly bone culture. |
| Exogamous mother-right horticulture | = Proto-Solutrean Old Campignian: later «coup de poing» culture. |

(*) Culture characterised by use of weapons shaped more or less like daggers.

ല്ലാവശത്തെക്കുറിച്ചും പരിണാമക്കാരുടേതിൽനിന്നു തികച്ചും ഭിന്നമായ അറിവാണു നമുക്കിപ്പോൾ ലഭിക്കുന്നതു്.(1)

പൗരാണിക(primitive)മനുഷ്യനെക്കുറിച്ചു് ആർക്കും സഹതാപം തോന്നേണ്ട കാര്യമില്ല. അവൻ പാടെപ്പൊളിഞ്ഞ കരങ്കച്ചനായിരുന്നില്ല. ലളിതവും അപരിഷ്കൃതവുമായ അവരുടെ ഉരുപ്പടികളും ജീവിതരീതിയും കണ്ടു പൗരാണികരുടെ മാനസികകഴിവുകളെ നാം അപമതിക്കരുതു്. സമ്പന്നയായ പ്രകൃതി അത്യാവശ്യങ്ങളിലൊന്നും മുട്ടുവരുത്തിയില്ല; അവരുടെ കൗശലം വികസിക്കുവാൻ സന്ദർഭം കൊടുത്തുമില്ല. അവരുടെ കല്ലുരുപ്പടികൾ കണ്ടാൽ ചിരിവരത്തക്കവണ്ണം ഇണക്കമററതായിരുന്നു, ശരിതന്നെ. പക്ഷേ, ഒരു വിദഗ്ദ്ധനുപോലും അതിനെക്കാൾ നല്ലസാധനങ്ങൾ ഉണ്ടാക്കാൻ പററുമായിരുന്നില്ല അന്നു്,—വെറും കൈകൊണ്ടു്, സാമഗ്രികളുടെ സഹായമില്ലാതെ. എന്നിട്ടും ശിലായുഗത്തിനുമുമ്പുതന്നെ കരകൗശലത്തെ വെളിവാക്കുന്ന സാമഗ്രികൾ എല്ലും കൊമ്പും തടിയുംകൊണ്ടു് അവർ നിർമ്മിച്ചുപോ

*Secondary Cultures:*

| | |
|---|---|
| Mingling of cattle-raisers with farmers | = Capsian, Tardenoisian. |
| Mingling of higher hunters with farmers | = Upper Solutrean, Magdalenian, Azilian. |
| Later matriarchal horticulture | = Later Campignian. |

(1) Andrew Lang— «Making of Religion»; A. Le Roy, «The Religion of the Primitives...»

ന്നു. പിഗ്മികൾക്കാണെങ്കിൽ അമ്പും വില്ലും ഉണ്ടായിരുന്നു. വളഞ്ഞവില്ലിൽ തൊടുത്ത അമ്പു്, വലിഞ്ഞുനില്ക്കുന്ന ചരടിൻെറ മുറുക്കംനിമിത്തം പറന്നുപോകുമെന്നും മാൻകിടാവിന്നെ വീഴ്ത്തുമെന്നും അവർ കാര്യകാരണബന്ധംവച്ചു കണ്ടുപിടിച്ചു. മൃഗമൊന്നും വില്ലുകുലയ്ക്കുകയോ തീയുരയ്ക്കുകയോ ചെയ്യുന്നില്ല.

ജാക്ക് മാരിറ്റെൻ പറയുന്നതുപോലെ, പുരാതനമനുഷ്യനും നമ്മെപ്പോലെയായിരുന്നു പ്രകൃതിയിൽ. ശരീരേന്ദ്രിയങ്ങളും ആത്മീയശക്തികളും അളവിൽ ഒരുവേള വ്യത്യസ്തമായിരുന്നെങ്കിലും സ്വഭാവത്തിൽ നമ്മുടേതുപോലെയായിരുന്നു.

ലളിതമെങ്കിലും യഥാൎത്ഥമായ ഒരു മതത്തെ ഗ്രഹിക്കാനും ആചാരംവഴി നിലനിൎത്താനും കഴിയുമായിരുന്ന ഒരാത്മാവാണു പുരാതനമനുഷ്യനുണ്ടായിരുന്നതു്. യുക്തിവിചാരംവഴി അവൻ മതവിശ്വാസിയായി. അതിനു തെളിവുകളുണ്ടു്. അവയുടെ വെളിച്ചത്തിൽ പരിണാമത്തീയറികൾ വിലപ്പോകയില്ല.

പരിണാമക്കാൎക്കു് ആദ്യം ഉൾക്കിടിലം വരുത്തിയതു പണ്ടു് ടൈലരുടെ ശിഷ്യനായിരുന്ന ആൻഡ്രൂ ലാങ് തന്നെയാണു്. «The Making of Religion» (1898) എന്ന പുസ്തകത്തിൽ പരമസത്തയെക്കുറിച്ചു പൗരാണികൎക്കു (Primitives) വിശ്വാസമുണ്ടായിരുന്നുവെന്നു് അദ്ദേഹം തെളിയിച്ചു. "ഛേയ്, അബദ്ധം!" ഒന്നിച്ചവർ പ്രതിഷേധിച്ചു; പിന്നെ മിണ്ടാതെ സമ്മതിച്ചു.

പൗരാണികസംസ്കാര (primitive cultures) ങ്ങളിലാണു വാസ്തവത്തിൽ സ്വച്ഛലളിതമായ ഏകദൈവവി

ശ്വാസം കണ്ടെത്തുന്നത്. പിന്നീടുപിന്നീടുള്ള സംസ്കാരഘട്ടങ്ങളിൽ, ഉദാഹരണത്തിന്, പ്രഥമസംസ്കാര (primary cultures)ങ്ങളിൽ മാത്രമേ, ഫെററിഷിസം, ആനിമിസം, മാനിസം, മാജിസം മുതലായ വികലമതങ്ങൾ ദൃശ്യമാകുന്നുള്ളു.

അപരിഷ്കൃതജനതകളുടെയിടയിൽ, മതമില്ലാത്തവർഗ്ഗങ്ങൾ ഉണ്ടെന്നു തെളിയിക്കുവാൻ ലുബ്ബോക്കുംകൂട്ടരും ചൂണ്ടിക്കാണിച്ച വർഗ്ഗങ്ങൾ എല്ലാത്തിനും മതവിശ്വാസമുണ്ടെന്നും Rosskoff എന്ന പണ്ഡിതൻ തെളിയിച്ചു.(1) പ്രാമാണികരായ എല്ലാ നരവംശശാസ്ത്രജ്ഞന്മാരും ഈ അഭിപ്രായത്തെ അംഗീകരിക്കുകയും ചെയ്തു. എന്നാൽ, കുറെ വർഷങ്ങൾക്കുമുമ്പ്, വീണ്ടും മതരഹിതമായ വർഗ്ഗങ്ങളെ കണ്ടുകിട്ടിയിരിക്കുന്നുവെന്നു ചിലർ ഉൽഘോഷിച്ചു. സുമാട്രായിലെ കുബു (Kubu of Sumatra) ജാതികളും Ucayale ലേ ഇൻഡ്യന്മാരുമാണു മതമില്ലാത്തവരായി ചൂണ്ടിക്കാണിക്കപ്പെട്ടവർ. പക്ഷേ, ഈ ഉൽഘോഷണവും അടിസ്ഥാനരഹിതമാണെന്നും ഇവരെല്ലാം മതവിശ്വാസികളാണെന്നും നിസ്സന്ദേഹം തെളിയിക്കപ്പെട്ടു.(2)

ഇങ്ങനെ, പൗരാണികമനുഷ്യൻ മതമില്ലാതിരുന്നുവെന്നും ക്രമേണമാത്രമാണു മതവിശ്വാസം അവരിൽ രൂപം കൊണ്ടതെന്നുമുള്ള "പരിണാമവാദി"കളുടെ പ്ര

(1) Rosskoff-«The Religious Life of the Lowest Savages.»

(2) W. Schmidt-«The Origin and Growth of Religion» p. 58.

ഖ്യാപനം ശരിയല്ലെന്നും, മതവിശ്വാസം അതിൻെറ ആദി പരിശുദ്ധിയിൽനിന്ന് അധഃപതിച്ചതായിരിക്കുവാനേ ഇടയുള്ളുവെന്നും ആധുനികനരവംശശാസ്ത്രജ്ഞന്മാർ ഏറെക്കുറെ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു.

## പൗരാണികമതത്തിലെ ഏകദൈവവിശ്വാസം.

ആധുനികനരവംശശാസ്ത്രജ്ഞന്മാർ, പൗരാണികസംസ്കാര(Primitive Cultures)ങ്ങളെക്കുറിച്ചു സുദീർഘമായ പഠനവും ഗവേഷണങ്ങളും കഴിച്ചതിനുശേഷം നല്കുന്ന സുനിശ്ചിതമായ അഭിപ്രായമിതാണ്: "പൗരാണികജനതകളുടെ മതത്തിനുള്ള പ്രമുഖലക്ഷണം അതിൻെറ അടിസ്ഥാനപരമായ ഏകദൈവവിശ്വാസ(Monotheism)മാണ്. അവരുടെ മതത്തിൻെറ സാരാംശം ഇത്രയുമാണ്: ഒരു പരമസത്തയിലുള്ള വിശ്വാസം; അവർക്ക് ആ പരമസത്തയോടുള്ള ആശ്രയത്വം; അവിടുത്തെ നിയമങ്ങളോടുള്ള അനുസരണം."(1) ഏകദൈവവിശ്വാസമാണ് ഏററം പുരാതനമതത്തിൽ കാണുന്നതു്; പോരാ, അതുതന്നെയാണ് ആ മതത്തിൻെറ ഹൃദയം എന്നു കണ്ടുപിടിത്തം, പരിണാമവാദികളുടെ അഭിപ്രായത്തിന്—പിന്നീടു പിന്നീടുള്ള മതങ്ങളിൽ ദീർഘവും വ്യാമിശ്രവുമായ വികസനത്തിൻെറ ഫലമാ

(1) W. Schmidt «The Religion of the Earliest Man» p. 14.

യി മാത്രമേ ഏക ദൈവവിശ്വാസം കാണപ്പെടുന്നുള്ളു എന്ന അഭിപ്രായത്തിന്-നേരെ വിപരീതമാണ്.

ചില വംശക്കാർ പരമസത്തയുടെ കീഴുള്ള ചെറു ദേവന്മാരിലും വിശ്വാസം അർപ്പിച്ചിരുന്നു എന്ന കാര്യം നാം വിസ്മരിക്കുന്നില്ല. ഫ്രെഞ്ച് ഗാബൂണിലെ പിഗ്മികൾ, ഫിലിപ്പൈൻസിലെ നെഗ്രടോസ്, തെക്കു കിഴക്കേ ആസ്ത്രേലിയായിലെ കുർനെയ്(Kurnai)എന്നിവർക്കു കീഴ ദേവന്മാർ ഇല്ല. ഉത്തരമദ്ധ്യകാലിഫോർണിയായിൽ വസിക്കുന്ന അൽഗോൻകിൻ (Algonkin), സാലിഷ് എന്നീ വർഗ്ഗങ്ങൾക്കു കീഴ്ദേവന്മാർ ഉണ്ട്, പക്ഷെ, അവർ പരമദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരും നിയന്ത്രിക്കപ്പെടുന്നവരുമാണ്. ആർട്ടിക്കിലേ ആളുകൾ പരമസത്ത വിഭക്തമായിപ്പോയെന്നു കരുതുന്നു. ഉത്തര-മദ്ധ്യകാലിഫോർണിയായുടെ പശ്ചിമഭാഗക്കാർ പരമസത്തയോടൊപ്പം ചന്ദ്രനായിക്കരുതുന്ന തങ്ങളുടെ മുത്തപ്പനെ പൂജിക്കുന്നുണ്ട്. . . തങ്ങൾക്കു പിണഞ്ഞ ക്ലേശങ്ങളെക്കുറിച്ച് ആകുലരായി ചില വംശക്കാർ പരമസത്തയോട് എതിർപിടിക്കുന്ന ഒരു സത്വത്തിൽ വിശ്വസിക്കാനും തുനിയുന്നു.

പിൽക്കാലസംസ്കാരങ്ങളുടെ, പ്രത്യേകിച്ച്, സ്ത്രീക്കു പ്രാധാന്യംകിട്ടിയ സംസ്കാര(Matriarchal culture)ത്തിന്റെ സ്വാധീനതനിമിത്തം പുരാതനരിൽ ചിലർ ഉന്നതേശ്വരനു ഭാര്യയും സന്താനങ്ങളും ഉണ്ടെന്നു ധരിച്ചു. ആൻഡമാൻ നിവാസികൾ, സെമാൻസ്(Semangs) കുളിൻ (Kulin), യുൺ(Yuin), കൊറ്യാക്സ്(Koryaks)മുത

ലായവർ ഉദാഹരണങ്ങൾ. എന്നാൽ, ഈ വർഗ്ഗങ്ങളിൽ പ്പെട്ട ഭൂരിപക്ഷം ആളുകളും കുടുംബമില്ലാത്ത സർവ്വേ ശ്വരനിൽ വിശ്വസിക്കുന്നെന്നു മാത്രമല്ല, കുടുംബാരോ പണം കുററകരവും അപഹാസ്യവുമായി ഗണിക്കുകയും ചെയ്യുന്നു. ഈ ചേരിയിൽപ്പെട്ടവരാണു് ആഫ്രിക്കയി ലേയും ഫിലിപ്പൈൻസിലേയും പിഗ്മികൾ, ദക്ഷിണ പൗരസ്ത്യ ആസ്റ്റ്റേലിയായിലെ കുർണെയ്-ക്കുളിൻവർഗ്ഗ ക്കാർ, ആർട്ടിക്കിലേയും വടക്കേ അമേരിക്കയിലേയും തെക്കേ അമേരിക്കയിലേയും വർഗ്ഗക്കാരഖിലവും. എല്ലാ പുരുഷന്മാർക്കും ഭാര്യയും കുട്ടികളും ഉണ്ടായിരിക്കെ, വി വാഹം ഈശ്വരസ്ഥാപിതമാണെന്നു വിശ്വസിച്ചിരി ക്കെ, ഈ പൗരാണികർ പൊതുവേ ഈശ്വരനു കുടും ബബന്ധം ആരോപിക്കാതിരുന്നതു ശ്രദ്ധേയമാണു്.

ഈശ്വരൻെറ വാസസ്ഥലം സ്വർഗ്ഗമാണെന്നു സമോയെഡ്സ് (Samoyeds) വിശ്വസിക്കുന്നു. ഇടിമുഴ ക്കം ഈശ്വരൻെറ ശബ്ദമാണു പലർക്കും. കൂടാതെ, മനുഷ്യസൃഷ്ടിക്കുശേഷം സർവ്വേശ്വരൻ ഭൂമിയിൽ കുറെ ക്കാലം വസിച്ചെന്നും ധാർമ്മികവും സാമുദായികവുംമററു മായ കർത്തവ്യങ്ങളെ പഠിപ്പിച്ചെന്നും, അതായിരുന്നു ആ നന്ദത്തിൻെറ കാലമെന്നും, പാപം മനുഷ്യസാഹോദര്യ ത്തെ നശിപ്പിച്ചെന്നും, തന്മൂലം, ഈശ്വരൻ മനുഷ്യവം ശത്തെ വിട്ടു സ്വർഗ്ഗത്തിലേയ്ക്കു പോയെന്നും പൗരാണി കരിൽ മുക്കാൽപങ്കും വിശ്വസിച്ചിരുന്നു. സർവ്വേശ്വരൻ പ്രകൃത്യാ അദൃശ്യനെന്നു് എല്ലാവരുംതന്നെ കരുതി; എന്നാൽ, വെളിച്ചത്തിൻേറയും അഗ്നിയുടേയും രൂപം ആരോപിച്ചു സ്വർഗ്ഗത്തിൽ വെണ്ണക്കല്ലിൽ ഇരിക്കുന്ന

തായി ചിലർ ഭാവന ചെയ്തു. ആരും സർവ്വേശ്വരന്റെ രൂപം വരയ്ക്കാനോ സർവ്വേശ്വരന്റെ ഭാഗം നൃത്തത്തിൽ അഭിനയിക്കാനോ തുനിയുകയുണ്ടായില്ല.

അനാവശ്യമായി ഈശ്വരന്റെ നാമം അവർ ഉപയോഗിച്ചിരുന്നില്ല. പിതാവെന്ന സംജ്ഞയാണ് അൽഗോൻകിൻസും ടിയറാഡെൽ ഫ്യൂഗോ(1)യിലെയും (Tierra del Fuego)ദക്ഷിണ-പൗരസ്ത്യ ആസ്ത്രേലിയായിലെയും പൗരാണികരും ഈശ്വരന്നു നല്കിയത്. ഏററം

---

(1) ടിയറാ ഡെൽ ഫ്യൂഗോ-യിലെ ആദിമവാസികൾക്ക് ഒട്ടുംതന്നെ മതവിശ്വാസമോ ഈശ്വരബോധമോ ഇല്ലെന്നു ഡാർവിൻ ഉൽഘോഷിച്ചു. എന്നാൽ, സൂക്ഷ്മനിരീക്ഷണങ്ങൾ തെളിയിച്ചു, പാപകർമ്മത്തിനു ശിക്ഷയായി അത്യാഹിതങ്ങളെ അയയ്ക്കുന്ന നീതിമാനായ ഒരു ദൈവത്തിൽ അവർ വിശ്വസിക്കുന്നുണ്ടെന്ന്. (Cfr. O. Peschel, Volkerqunde pp. 151 sq.) തെക്കേ അമേരിക്കയുടെ തെക്കേ അററത്ത്, വൻകരയിൽനിന്നു മഗേലൻ ഉൾക്കടലിനാൽ വേർതിരിക്കപ്പെട്ടു കിടക്കുന്ന ദ്വീപസമൂഹങ്ങളിൽ വസിക്കുന്ന ഈ പൗരാണികജനത, സംസ്കാരത്തിൽ ഏററം താഴ്ന്ന പദവിയിൽ വർത്തിക്കുന്നവരാണെങ്കിലും, മതാത്മകമായ അധോഗതിയുടെ യാതൊരു ലക്ഷണങ്ങളും അവരിൽ കാണ്മാനില്ല. പിതൃപൂജയോ ഭൂതവന്ദനമോ ഒന്നും അവർക്കറിവില്ല. അവർക്ക്, വിശിഷ്യ, യാഗൻ(Yagan)വർഗ്ഗത്തിൽപ്പെട്ടവർക്ക്, ഈശ്വരനെപ്പററി അതിശുദ്ധവും അത്യുൽകൃഷ്ടവുമായ ആശയമാണുള്ളതെന്ന് ആധുനികനരവംശശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. (Andrew Lang. «The Making of Religion» p. 174). ഈശ്വരന്, ചിരന്തനൻ, നിത്യൻ, അമേയ്യൻ എന്നെല്ലാം അർത്ഥംവരുന്ന

ബഹുമാന്യൻ, ആരാധ്യൻ, നിത്യൻ, സ്രഷ്ടാവ്, ശക്തൻ എന്നൊക്കെ അർത്ഥംവരുന്ന പേരുകളിലാണു മററുവർഗ്ഗങ്ങൾ ഈശ്വരനെ സംബോധന ചെയ്തിരുന്നത്.(1) നാമം ചൊല്ലിയുള്ള മൗനപ്രാർത്ഥനയും ആദ്യഫലം കാഴ്ചവയ്ക്കലും മററുമായിരുന്നു മതാനുഷ്ഠാനങ്ങളിൽ ചിലതു്. ഏതെങ്കിലും രൂപത്തിൽ പരമദൈവത്തെപ്രതി മതാനുചരിക്കുകയും തിരുനാൾ ആഘോഷിക്കുകയും ചെയ്യാത്ത കൂട്ടർ ഇല്ലായിരുന്നു.

ജി. കെ. ചെസ്റ്റർട്ടൺ എഴുതുന്നു: "സകലത്തേയും ഭരിക്കുന്ന ഏകദൈവത്തെക്കുറിച്ചുള്ള സാധാരണവും എന്നാൽ, സുശക്തവുമായ ആശയത്തോടുകൂടെ പല ജനതകളും ആരംഭിച്ചുവെന്നും പിന്നീട് അവ ഭൂതാരാധന മുതലായവയിലേയ്ക്കു വഴുതിപ്പോയെന്നും വിശ്വസിക്കുവാൻ വളരെ പര്യാപ്തമായ കാരണം കാണുന്നുണ്ട്.

---

Watauinewa എന്ന സംജ്ഞയാണു് അവർ കൊടുക്കുന്നതു്. "എന്റെ പിതാവ്" എന്നർത്ഥം വരുന്ന 'Hitapuan' എന്ന സംജ്ഞയും ഈശ്വരനു് അവർ നല്കിയിരുന്നു. യാഗന്മാരുടെ വിശ്വാസത്തിൽ, അദ്ദേഹം അതിശക്തനും, ജീവന്റെയും മരണത്തിന്റെയും നാഥനും പരമസത്തയുമാകുന്നു. എല്ലാം അദ്ദേഹത്തിന്റേതാണു്. അദ്ദേഹം ഗുണവാനാകയാൽ മനുഷ്യർക്കു് എന്തു നന്മയും യാചിക്കാം. അദ്ദേഹം സ്വർഗ്ഗത്തിൽ വസിക്കുന്നു; അശരീരിയാകയാൽ അദൃശ്യനാണു്. എന്നാൽ, സകലതും, രഹസ്യത്തിൽ നടക്കുന്നതുപോലും, കാണുന്നു. പാപകൃത്യങ്ങളെ കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്നു. (Cfr. Brunsmann-Preuss. op. cit. p. 257-258.)

(1) Cfr. W.Schmidt, «The Orgin and Growth of Religion» (1931). pp. 262—282.

കാട്ടുജാതികളുടെ വിശ്വാസങ്ങൾ പരിശോധിച്ചാൽ ഈ വാസ്തവം സ്പഷ്ടമായി തെളിയും. ഏററം അപരിഷ്കൃതരായ അരണ്യവാസികൾ—നരവംശശാസ്ത്രജ്ഞന്മാർ കൊടുക്കുന്ന എല്ലാ അർത്ഥങ്ങളിലും ആദിവാസികൾ (Primitives)ളായ ജനവർഗ്ഗങ്ങൾ (ഉദാഹരണത്തിന്, ആസ്റ്റ്റേലിയായിലെ ആദിമവർഗ്ഗങ്ങൾ) ശുദ്ധമായ ഏകദൈവവിശ്വാസമുള്ളവരെന്നു വ്യക്തമായിരിക്കുന്നു.

"ഒരിക്കൽ, ഒരു മിഷനറി ബഹുദേവതാവിശ്വാസികളായ കാട്ടുജാതിക്കാരോടു പ്രസംഗിക്കുകയായിരുന്നു. അവരുടെ ദേവന്മാരെസ്സംബന്ധിക്കുന്ന ഇതിഹാസങ്ങൾ അവരിൽനിന്നു ശ്രവിച്ച മിഷനറി, ആദ്ധ്യാത്മികമൂല്യങ്ങളനുസരിച്ചു മനുഷ്യരെ വിധിക്കുന്നവനും അശരീരിയും ഗുണനിധിയുമായ ഏകദൈവത്തെക്കുറിച്ചു വിവരിച്ചു പറഞ്ഞു. തൽക്ഷണം, ആ പാമരന്മാരുടെയിടയിൽ ഉദ്വേഗപൂർവകമായ സംസാരം കേൾക്കപ്പെട്ടു. അവർ പരസ്പരം പറഞ്ഞു: 'ആറേറാഹോകൻ! (Atohocan). അദ്ദേഹം ആറേറാഹോകനെപ്പററിയാണു സംസാരിക്കുന്നതു്!'

"ആ ബഹുദേവതാവിശ്വാസികളുടെയിടയിൽ 'ആറേറാഹോകനെ'പ്പററി മൗനം ദീക്ഷിക്കുന്നതു്, മര്യാദയുടെതന്നെ നിയമമായിരുന്നിരിക്കണം."(1)

പൗരാണികർ നമ്മെപ്പോലെ അളവിലല്ലെങ്കിലും തരത്തിൽ മനുഷ്യരായിരുന്നു. അവർ ആദിമുതലേ ഒരു മതമാചരിക്കുകയും ഏകദൈവത്തെ അംഗീകരി

---

(1) G. K. Chesterton, «Everlasting Man» p. 101.

ച്ചാരാധിക്കുകയും ചെയ്തുപോന്നു. യുക്തി തെളിയിക്കുകയും ചരിത്രവും ശാസ്ത്രവും സാക്ഷിനില്ക്കുകയും ചെയ്യുന്ന യാഥാർത്ഥ്യങ്ങളാണിവ. പരിണാമസിദ്ധാന്തം വെട്ടിയ വഴിയിലൂടെ മതോൽപത്തി കണ്ടുപിടിക്കുവാൻ പോയവർ പറയുന്ന കഥകളെക്കാളേറെ വിശ്വാസയോഗ്യമായിരിക്കേണ്ടതല്ലേ, ചരിത്രാതീതകാലത്തെ രേഖകളും, ചരിത്രാധിഷ്ഠിതമായ നരവംശശാസ്ത്രവും ഭൂഗർഭഗവേഷണങ്ങളും നല്കുന്ന തെളിവുകൾ? (1) പൗരാണികരുടെയിടയിൽ പത്തും ഇരുപതും മുപ്പതും കൊല്ലം താമസിച്ച്, അവരുടെ ഭാഷകൾ പഠിച്ച്, ആചാരങ്ങൾ നിരീക്ഷിച്ച് അഭിപ്രായം പറയുന്നBraegert, A. Le Roy,(2) W.Schneider, Wilhelm Schmidt(3)മുതലായ ശാസ്ത്രകോവിദന്മാരെ നമുക്ക് അവഗണിക്കാമോ? ടൈലർ, സ്പെൻസർ, ഫ്രെയ്സർ പ്രഭൃതികളുടെ തീയറികളിലേ പൊള്ളത്തരം തെളിയിച്ചു കാണിക്കുന്ന യുക്തിയുടെ കതിരൊളിക്കു കണ്ണടയ്ക്കാമോ?

---

(1) Cfr. «Archeology of World Religion» by Jack Finegan Princeton, 1952.

(2) A. Le Roy: ഇരുപ്പത്തഞ്ചിൽപ്പരം സംവത്സരങ്ങൾ ആഫ്രിക്കയിലേ അപരിഷ്കൃതജാതികളുടെയിടയിൽ താമസിച്ച് അവരുടെ ഭാഷയും ആചാരങ്ങളുമെല്ലാം സനിഷ്കർഷം പഠിച്ചതിനുശേഷമാണ് ഇദ്ദേഹം «The Religion of the Primitives» എന്ന ഗ്രന്ഥമെഴുതിയതു്.

(3) Wilhelm Schmidt: വിവിധരാജ്യങ്ങളിലുള്ള അപരിഷ്കൃതരായ പൗരാണികജനവർഗ്ഗങ്ങളുടെ മതാനുഷ്ഠാനങ്ങളേയും വിശ്വാസാചാരങ്ങളേയുംപററി പഠിക്കുവാൻ ഇദ്ദേഹം നാല്പത്തിരണ്ടു വർഷം(1912–മുതൽ 1954 വരെ) ചെ

# ഏകദൈവവിശ്വാസം
# മർത്ത്യവംശത്തിന്റെ ആദിമമതം

“ശാസ്ത്രീയമെന്നു പറയുന്നതരത്തിലുള്ള തെളിവുകൾ പരിശോധിച്ചാലും മനുഷ്യൻ ബഹുദേവതാവിശ്വാസത്തിലേയ്ക്കു് അധഃപതിക്കുന്നതിനുമുമ്പു്, ഏകദൈവവിശ്വാസംകൊണ്ടു് ആരംഭിച്ചുവെന്നതിനു വ്യക്തമായ ന്യായങ്ങളുണ്ടു്” എന്നു ചെസ്റ്റർട്ടൻ അഭിപ്രായപ്പെടുന്നു.(1)

വെറും ഉപരിപ്ലവമായ ഒരു പ്രസ്താവമല്ല ഇതെന്നു ലോകത്തിലുണ്ടായിട്ടുള്ള പരിഷ്കൃതങ്ങളും അപരിഷ്കൃതങ്ങളുമായ ജനതകളുടെ മതചരിത്രം, വിശിഷ്യ, പരമ്പരാഗതമായി അവരിൽ നിലനിന്നിട്ടുള്ള വിശ്വാസാചാരങ്ങൾ തെളിയിക്കുന്നു. അപരിഷ്കൃതരായ ആദിവാസികളുടെ ഏകദൈവവിശ്വാസത്തെപ്പറ്റി പ്ര

---

ലവഴിച്ചു. ഇദ്ദേഹം ജർമ്മൻഭാഷയിൽ രചിച്ച «Ursprung der Gottesidee» (‘The Orgin of the Idea of God’) എന്ന ബൃഹദ്ഗ്രന്ഥമാണു്, നരവംശശാസ്ത്രസംബന്ധമായ ഏററം ശാസ്ത്രീയവും ആധുനികവുമായ രേഖ. ആയിരത്തോളം പുറങ്ങളുള്ള അനേകം വാല്യങ്ങളടങ്ങിയതാണീഗ്രന്ഥം 19-ാം ശതകത്തിലെ പരിണാമവാദികൾ മതോൽപത്തിയെക്കുറിച്ചു ചെയ്ത അഭ്യൂഹങ്ങൾ എല്ലാം നിരർത്ഥകങ്ങളും അടിസ്ഥാനരഹിതങ്ങളുമാണെന്നും, ആദിമവർഗ്ഗങ്ങളിലാണു് ഏകദൈവവിശ്വാസം ശുദ്ധവും ലളിതവുമായവിധം കാണുന്നതെന്നും അദ്ദേഹം അതിൽ വ്യക്തമാക്കിയിട്ടുണ്ടു്.

(1) G. K. Chesterton, «Everlasting Man». p. 106.

തിപാദിച്ചു കഴിഞ്ഞു. പരിഷ്കൃതരായ ജനതകളുടെ പുരാതന ചരിത്രവും ഈ പ്രസ്താവത്തെ സ്ഥിരീകരിക്കുന്നുണ്ട്.

'പഴയനിയമ'ത്തിന്റെ പ്രഥമഗ്രന്ഥമായ 'സൃഷ്ടി'യുടെ പുസ്തകം, മർത്ത്യവംശത്തിന്റെ പ്രഥമപാരമ്പര്യങ്ങളേയും മതാചാരങ്ങളേയുംകുറിച്ചു വിശ്വാസയോഗ്യമായ അറിവു നല്കുന്ന ഒരു പ്രാമാണികരേഖയാകുന്നു.(1) ആദിമാതാപിതാക്കന്മാരും അവരുടെ അടുത്ത പിൻമുറക്കാരും, ആകാശത്തിന്റേയും ഭൂമിയുടേയും സ്രഷ്ടാവായ ഏകദൈവത്തിൽ വിശ്വസിച്ചിരുന്നുവെന്നു പ്രസ്തുത ഗ്രന്ഥം സ്പഷ്ടമായി പറയുന്നു.

മതങ്ങളുടെ താരതമ്യപഠനവും ഈ വാസ്തവത്തെ സ്ഥിരീകരിക്കുന്നതാണ്. ഇൻഡോ-ജമ്മാനിക് ജനതകൾ പരമസത്തയ്ക്കു (Supreme Being) നല്കിയിരുന്ന സംജ്ഞകൾ തമ്മിൽ വളരെ അടുത്തസാരൂപ്യം കാണുന്നുണ്ട്. ഏതാദൃശമായ ഒരു സാരൂപ്യം സെമിററിക്കു ജനതകളുടെ ഈശ്വരസംജ്ഞകളിലും ദൃശ്യമാകുന്നു. ഭാരതീയരുടെ ഋഗ്വേദത്തിലെ "ദ്യൗസ്പിതർ."(2) ഗ്രീക്കുകാരുടെ "സേവുസ് പാത്തർ" (Zeus Pater), റോമാക്കാരുടെ "ജുപ്പിത്തർ", അഥവാ, "ദീയസ്പിത്തർ" (Jupiter or Diespiter), പുരാതനജർമ്മൻകാരുടെ "ടൈർ-സീയോ" (Tyr and Zio), ഗോത്തുകളുടെ "തീയുസ്"(Tius) എന്നിവ

---

(1) "സൃഷ്ടി" ഗ്രന്ഥത്തിന്റെ പ്രാമാണികതയെക്കുറിച്ചു രണ്ടാംഭാഗത്തിൽ പ്രതിപാദിക്കുന്നതാണ്.

(2) Cfr. The Rig-Veda Hymn 54-3.

യെല്ലാം ഇൻഡോ-ജർമ്മാനിക് വംശത്തിൽപ്പെട്ട ജനതകൾ തങ്ങളുടെ പരമദൈവത്തിനു നല്കിവന്ന സംജ്ഞകളാണ്. സംസ്കൃതത്തിലെ 'ദിവ്' ധാതുവിൽനിന്നായിരിക്കണം ഈ സംജ്ഞകൾ ഉണ്ടായിട്ടുള്ളതു് എന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

സെമിററിക്ക വംശത്തിൽപ്പെട്ട ജനതകളുടെ ഈശ്വരസംജ്ഞകളിലും ഈദൃശമായ സാരൂപ്യം കാണ്മാനുണ്ട്. പുരാതനഎബ്രായരും ഫെനീഷ്യരും തങ്ങളുടെ ഏകപരമദൈവത്തിനു 'ഏൽ'(El)എന്നും അറബികൾ"അല്ലാഹ്"(Allah-compounded from al and ilah)എന്നും സിറിയൻജനത ആദ്യം "ഏല്"എന്നും പിന്നീട് "ആലാഹാ"(ആലോഹോ)എന്നും, ബാബിലോണിയരും അസ്സീറിയരും "ഇലു" (Ilu)എന്നും സംജ്ഞകൾ നല്കിയിരുന്നു.

ഈശ്വരസംജ്ഞയെ സംബന്ധിച്ചിടത്തോളം പ്രസ്തുതജനതകളുടെയിടയിൽ കാണുന്ന ഈസാരൂപ്യത്തിനു തൃപ്തികരമായ ഒരു സമാധാനമേ പറയുവാൻ കഴിയൂ: അതായതു്, ഈ ജനതകൾ തങ്ങളുടെ പൊതുഭവനംവിട്ടു പുതിയ വാസസ്ഥലങ്ങൾ തേടിപ്പോയപ്പോഴും തങ്ങളുടെ ഏകപരമദൈവത്തെ കൈവെടിഞ്ഞില്ല. അവർ ചെറുദേവന്മാ (minor deities)ക്കു കൊടുത്തിരിക്കുന്ന സംജ്ഞകളിൽ ഈ സാരൂപ്യം കാണാത്തതും നമ്മുടെ അനുമാനത്തെ സ്ഥിരീകരിക്കുന്നുണ്ടു്. ദേശാന്തരഗമനത്തിനുമുമ്പു്, ഈ ജനതകൾ മററുദേവന്മാരെ വണങ്ങിയിരുന്നില്ല; വണങ്ങിയിരുന്നെങ്കിൽ അതിന്റെ പൊ

തുവായ എന്തെങ്കിലും രേഖകൾ അവരുടെ വിശ്വാസാചാരങ്ങളിൽ അവശേഷിക്കുമായിരുന്നു. അങ്ങനെയൊന്നും കാണാത്തതിനാൽ, അവരെല്ലാം ആരംഭത്തിൽ ഏകദൈവവിശ്വാസികൾ ആയിരുന്നുവെന്നാണ് അനുമിക്കേണ്ടതു്.

മററെല്ലാജനതകളെയുംകാൾ, സെമിററിക്കുവംശത്തിൽപ്പെട്ടവരാണ് കൂടുതലായി ഏകദൈവവിശ്വാസത്തിന്റെ വ്യക്തമായ ചിഹ്നങ്ങൾ നിലനിറുത്തിയിട്ടുള്ളതു്. ശ്രദ്ധേയമായ ഈ വാസ്തവത്തെ അന്യഥാ വ്യാഖ്യാനിക്കുവാൻ ഏർണെസ്റ്റ് റെനാൻ (Ernest Renan) ശ്രമിച്ചിട്ടുണ്ട്.(1) അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, മരുഭൂമിവാസംകൊണ്ടുണ്ടായ ഒരു സ്വഭാവവിശേഷമാണു സെമിററിക്കു ജനതകളുടെ ഏക ദൈവവിശ്വാസം. അവർക്ക് അതൊരു ജന്മവാസനപോലെ ആയിരുന്നുവത്രേ.(monotheistic instinct and monotheistic character of the desert) എന്നാൽ, ബാലിശവും അടിസ്ഥാനരഹിതവുമാണ് ഈ അഭിപ്രായം. സെമിററിക്കുവർഗ്ഗങ്ങൾ ബഹുദേവതാവിശ്വാസത്തിലേക്കു ശക്തിമത്തായി ആകർഷിക്കപ്പെട്ടിരുന്നുവെന്ന് അവരുടെ ചരിത്രം തെളിയിക്കുന്നു. ഏകദൈവവിശ്വാസത്തെ അതിന്റെ പരിപൂർണ്ണവിശുദ്ധിയിൽ പാലിച്ചുവന്ന എബ്രായരിൽപ്പോലും ഈ ആകർഷണം ഉണ്ടായിരുന്നുവെന്നും, പ്രവാചകന്മാരുടെ നിരന്തരവും സുശക്തവുമായ ഉൽബോധനങ്ങളാണു വ്യതിചലനത്തിൽനിന്ന് അവരെ തടഞ്ഞു

(1) Ernest Renan, «Historie Generale et Systeme Compare des Langues Semitiques.»

നിലത്തിയിരുന്നതെന്നും ചരിത്രത്തിൽനിന്നു നാമറിയു ന്നു. അതുപോലെതന്നെ, മരുഭൂമിക്ക് ഏകദൈവവി ശ്വാസസ്വഭാവമുണ്ടെന്നു പറയുന്നതും ശരിയല്ല. മരുഭൂ മിയിൽ ഒരിടത്തും ഏകദൈവവിശ്വാസം പുലർന്നിട്ടി ല്ല. ഏകദൈവവിശ്വാസി ആയിരുന്ന ഇസ്സായേലിന്റെ അനന്തരഗാമികൾ മരുഭൂമിയിൽ വാസം ഉറപ്പിച്ചതി നുശേഷം ബഹുദേവതാവിശ്വാസത്തിൽ നിപതിച്ചു. ഇസ്രായേൽക്കാർതന്നെ തങ്ങളുടെ ഏകദൈവവിശ്വാ സം പരിത്യജിച്ചു സ്വർണ്ണക്കാളക്കുട്ടിയെ വന്ദിക്കുവാൻ ഒരുങ്ങിയതും മരുഭൂമിയിൽവച്ചാണല്ലോ.

ജെ. ബ്രൺസ്മാൻ (J. Brunsmann)ഇന്നുള്ള പരി ഷ്കൃതവും അപരിഷ്കൃതവുമായ ജനതകളുടെയെല്ലാം മതവിശ്വാസചരിത്രം ഓരോന്നായി പരിശോധിച്ചതി നുശേഷം പറയുന്നു:

"വിവിധങ്ങളായ പല ജനതകളുടേയും ഇടയിൽ ദൈവത്തെസ്സംബന്ധിച്ചുണ്ടായിരുന്ന ആശയങ്ങൾ നാം പഠിച്ചു കഴിഞ്ഞു. ക്രിസ്തീയവെളിപാടിനു പുറമേയുള്ള വർഗ്ഗങ്ങളും ജാതികളും ഒന്നുംതന്നെ അന്യൂനമായി ഏക ദൈവവിശ്വാസം പാലിച്ചിരുന്നില്ലെങ്കിലും എല്ലാത്തി ലും—അതിപുരാതനമായ പേഗൻജനതകളിലും, ഇൻ ഡോജർമ്മാനിക്ക്–സെമിററിക്ക്–ചൈനീസ് ജനതകളി ലും, സർവ്വോപരി ഇന്നുള്ള എല്ലാ അപരിഷ്കൃതപൗരാ ണികവർഗ്ഗ (primitives)ങ്ങളിലും ഏകദൈവവിശ്വാസ ത്തിന്റെ അടയാളങ്ങൾ കാണുന്നുണ്ട്.(1)

---

(1) Brunsmann-Preuss, Fund. Theology-Vol. I, p. 260.

പത്തൊമ്പതാംശതകത്തിലെ പരിണാമവാദികൾ അഭിപ്രായപ്പെട്ടുന്നവിധം മർത്ത്യവംശത്തിന്റെ മതബോധം നീചാവസ്ഥയിൽനിന്ന് ഉച്ചാവസ്ഥയിലേക്ക്-ഈശ്വരനെപ്പററി യാതൊരു ബോധവുമില്ലാത്ത അവസ്ഥയിൽനിന്നു ഫെററിഷിസം, ആനിമിസം, മാനിസം, ടോട്ടമിസം, മാജിസം, ബഹുദേവതാവിശ്വാസം മുതലായ അവസ്ഥാന്തരങ്ങൾ കടന്ന് ഏകദൈവവിശ്വാസത്തിലേക്ക്-ഉയരുകയല്ല, പ്രത്യുത, ശുദ്ധമായ ഏകദൈവവിശ്വാസത്തിൽനിന്നു തെററിമാറി, പല ജനതകളെയും സംബന്ധിച്ചിടത്തോളം, ബഹുദേവതാവിശ്വാസംവരെ ഇടിഞ്ഞു താഴുകയാണുണ്ടായിട്ടുള്ളത് എന്ന അനുമാനത്തിനാണു ചരിത്രവും നരവംശശാസ്ത്രവും തെളിവു നല്കുന്നതു്. ചില ജനതകൾ ഏകദൈവവിശ്വാസം ആദ്യന്തം അഭംഗമായി പാലിച്ചുവന്നുവെന്നതും സ്മരണീയമാണു്.

# മതം ശാസ്ത്രവേദിയിൽ

(രണ്ടാം ഭാഗം—അതിസ്വാഭാവികമതം)

## ഒന്നാമദ്ധ്യായം

## ആവിഷ്കരണം

ഇന്ദ്രിയഗോചരമായ വസ്തുക്കൾ മാത്രമല്ല ഒരളവിൽ ഇന്ദ്രിയാതീതവസ്തുക്കളും മനുഷ്യൻെറ ബുദ്ധിക്കു വിഷയമാണു്. ദൈവത്തിൻെറ അസ്തിത്വം, പ്രകൃതി, മനുഷ്യാത്മാവിൻെറ അമർത്ത്യതതുടങ്ങിയ യാഥാർത്ഥ്യങ്ങൾവരെയുംകൂടി തത്വചിന്തയിലൂടെ ചെന്നെത്തുക മനുഷ്യനു അസാദ്ധ്യമല്ല. എന്നിരിക്കിലും, സ്വാഭാവികവിഷയമായ പദാർത്ഥസത്തയെ വിട്ടു് അരൂപമായ ഈവക സനാതനസത്യങ്ങളുടെ മണ്ഡലത്തിൽ വ്യാപരിക്കുമ്പോൾ ബുദ്ധിക്കു തെററുപററാം. നിഗമനങ്ങൾ അവ്യക്തവും അപൂർണ്ണവും, ചിലപ്പോൾ അബദ്ധജടിലവും ആയെന്നു വരാം. ആ സ്ഥിതിക്കു്, മൗലികപ്രാധാന്യമുള്ള മതാത്മകസത്യങ്ങൾ, അവ ബുദ്ധിക്കു് എത്തിപ്പിടിക്കാൻ ആവുന്നതാണെങ്കിൽക്കൂടി, പാവപ്പെട്ട മനുഷ്യൻ അബദ്ധത്തിൽ ചാടി ജീവിതലക്ഷ്യം അപകടത്തിലാക്കാതിരിക്കാൻ, ഈശ്വരൻ വെളിപ്പെടുത്തിത്തരുക അ

വിട്ടത്തേയ്ക്കും ഉചിതവും നമുക്ക് ഒരാവശ്യവുമാണ്. അങ്ങനെയൊരു ആവിഷ്കൃതമതം ഉണ്ടോ എന്ന് ചരിത്രപരമായി അന്വേഷിക്കുന്നതിനു മുമ്പ്, അതിൻെറ സ്വഭാവവും വ്യവസ്ഥകളുംമററും എന്തായിരിക്കണമെന്ന് നമുക്കു താത്വികമായി ആദ്യം പരിശോധിക്കാം.

i. എന്താണ് ആവിഷ്കരണം? *(Divine Revelation).*

ആവിഷ്കരണം, പ്രകാശനം, വെളിപ്പെടുത്തൽ എന്നൊക്കെ പറഞ്ഞാൽ എന്താണ്? ആഗമികാർത്ഥത്തിൽ ഒരു മറനീക്കലിനെയാണ് ഈ പദങ്ങൾ കുറിക്കുന്നത്. മൊട്ടിൽ മറഞ്ഞിരിക്കുന്ന പൂവു വിടരുന്നതും, മൂടിയിരിക്കുന്ന വിരി പകുത്തുമാററുന്നതും, ഒളിഞ്ഞിരിക്കുന്ന ഒന്നിനെ (സത്യത്തെയോ വസ്തുതയെയോ) പുറത്തു കാട്ടുന്നതും എല്ലാം ഒരുതരം ആവിഷ്കരണമാണ്, പ്രകാശനമാണ്, വെളിപ്പെടുത്തലാണ്. മുൻപ് അറിഞ്ഞിട്ടില്ലാത്ത ഒരു സത്യം, അഥവാ, വസ്തുത ബുദ്ധിക്ക് അനാച്ഛാദനം ചെയ്തു കൊടുക്കുക—അതാണ് ആവിഷ്കരണം എന്നു ചുരുക്കം. കുറച്ചുകൂടി നിഷ്കൃഷ്ടമായി നിർവ്വചിക്കുകയാണെങ്കിൽ, മനുഷ്യബുദ്ധിക്ക് അതീതങ്ങളോ ദുർഗ്രഹങ്ങളോ ആയ സത്യങ്ങളുടെ അതിസ്വാഭാവികമായ മറനീക്കലാണ് ആവിഷ്കരണം.

നിർവ്വചനം ഭാഗംപ്രതി വിശദമാക്കാം: ചില സത്യങ്ങളുണ്ട്, ഉണ്മയിലും ഉൾപ്പൊരുളിലും (in existence and in meaning) അഗ്രാഹ്യങ്ങളായവ. മനുഷ്യബുദ്ധി എത്രതന്നെ ശ്രമിച്ചാലും അവയുടെ അസ്തിത്വത്തെപ്പററി

അറിയുന്നതിനോ, വെളിപാടുവഴി അറിഞ്ഞുകഴിഞ്ഞാൽ, അവയുടെ ആന്തരസ്വഭാവം ഗ്രഹിക്കുന്നതിനോ സാധിക്കുകയില്ല. എന്നാൽ, മററു ചില സത്യങ്ങളുണ്ടു്, അജ്ഞാതമായ അവയുടെ അസ്തിത്വം കിട്ടിപ്പോയാൽ ബുദ്ധിക്ക് അവയുടെ ആന്തരസ്വഭാവം മനസ്സിലാക്കുവാൻ സാധിക്കും. ഈ രണ്ടിനം സത്യങ്ങളേയും രഹസ്യങ്ങൾ (mysteries) എന്നു വിളിക്കുന്നു. വെളിപാടു് എന്ന പദം വെളിപ്പെടുത്തുക എന്ന പ്രവൃത്തിയേയും വെളിപ്പെടുത്തപ്പെട്ട സത്യത്തേയും ഒപ്പം സൂചിപ്പിക്കുന്നുണ്ടു്. എങ്കിലും വെളിപ്പെടുത്തലിനെ സംബന്ധിച്ചാണു്, ഈശ്വരൻ ബുദ്ധിക്കു ചെയ്യുന്ന പ്രകാശനത്തെക്കുറിച്ചാണു്, നമ്മുടെ പ്രതിപാദനം ഏറെയും.

<u>മനുഷ്യബുദ്ധിക്കു ദുർഗ്രഹങ്ങളായ സത്യങ്ങൾ:</u> ഒരു വെളിപാടുകൂടാതെതന്നെ ബുദ്ധിക്കു മനസ്സിലാക്കാം, ചില അടിസ്ഥാനസത്യങ്ങളുടെ അസ്തിത്വവും സ്വഭാവവും. ഈശ്വരനുണ്ടെന്നും ഈശ്വരൻെറ സ്വഭാവമെന്താണെന്നും സ്വമേധയാ ഒരുവന്നു് ഏറെക്കുറെ ഗ്രഹിക്കുന്നതിന്നു വിഷമമില്ലല്ലോ. എങ്കിലും ഈവക സത്യങ്ങളും ഈശ്വരൻ വെളിപ്പെടുത്തിയെന്നുവരാം. വെളിപ്പെടുത്തുന്ന വിധം മാത്രമേ സ്വഭാവാതീതമായിരിക്കയുള്ളു.

<u>അതിസ്വാഭാവികം:</u> സൃഷ്ടവസ്തുക്കളുടെ സ്വഭാവവും ആരംഭവും പരിശോധിച്ചു പരിശോധിച്ചു് ഈശ്വരനിൽ എത്താമെന്നു നമുക്കറിയാം. കാരണം, പ്രപഞ്ചത്തിലൂടെ ഈശ്വരൻ തൻെറ അസ്തിത്വവും സത്തയും

കുറെയൊക്കെ പ്രകാശിപ്പിക്കുന്നുണ്ട്. സൃഷ്ടപ്രപഞ്ചം സ്വാഭാവികമായ വെളിപാടാണ്. എന്നാൽ, ഈശ്വരന്റെ സൃഷ്ടിസംവിധാനങ്ങളെ ആശ്രയിക്കാതെതന്നെ, ലക്ഷ്യപ്രാപ്തിക്കുതകുന്ന കാര്യങ്ങൾ, മനസ്സിലാകുന്ന രൂപങ്ങളിൽക്കൂടി, തികച്ചും അനർഹനായ മനുഷ്യന് അറിയിച്ചുകൊടുക്കാം. ആ കൊടുക്കൽ അതിസ്വാഭാവികമായ വെളിപാടായിരിക്കും. അതിസ്വാഭാവികത വെളിപ്പെടുത്തുന്നവിധത്തിലോ വെളിപ്പെടുത്തിയ സത്യത്തിലോ ആവാം.

### വിഭാഗങ്ങൾ:

മുമ്പ് അറിവില്ലാതിരുന്ന സത്യത്തെയോ വസ്തുതയെയോ ബുദ്ധിക്കു പ്രകാശിപ്പിച്ചു കൊടുക്കുക—അതാണല്ലോ വെളിപാട്. ഇതു പലതരമുണ്ട്. മതാത്മകസത്യങ്ങൾ മനുഷ്യനു വെളിപ്പെടുത്തുന്നതിനു ദൈവത്തിന്റെ സവിശേഷമായ ഇടപെടൽ ആവശ്യകമാണ്. പ്രകാശിപ്പിക്കുന്ന സത്യം സ്വാഭാവികവും യുക്തിക്കു അനന്യാശ്രിതമായി കണ്ടെത്താവുന്നതുമാണെങ്കിൽ അതിലെ അതിസ്വാഭാവികത വെളിപ്പെടുത്തുന്ന വിധത്തിലായിരിക്കും. അത്തരം വെളിപാടിന് അപൂർണ്ണവെളിപാട് (Supernatural revelation 'quoad modum') എന്നു പറയാം. വെളിപ്പെടുത്തുന്ന സത്യം ബുദ്ധിയുടെ സ്വാഭാവികകഴിവുകൾക്ക് അതീതവും പ്രകൃത്യതീതമായ പ്രകാശനംവഴിമാത്രം ഗ്രഹിക്കാവുന്നതും ആണെങ്കിൽ അതിനെ പൂർണ്ണമായ വെളിപാട് (Supernatural revelation 'quoad substantiam') എന്നു വിളിക്കാം.

ഈശ്വരന് ഒരു സത്യത്തെ രണ്ടുവിധത്തിൽ ആവിഷ്കരിക്കാം—നേരിട്ടോ മററൊരാൾവഴിയോ. നേരിട്ടുള്ളതു പ്രത്യക്ഷമായ (direct) വെളിപാടും മററൊരാൾവഴിയുള്ളതു പരോക്ഷമായ (indirect) വെളിപാടും ആകുന്നു.

മൂന്നാമത്തെ ഇനംതിരിവു സ്വീകർത്താവിനെസ്സംബന്ധിക്കുന്നതാണ്. ആവിഷ്കൃതസത്യം സ്വീകരിക്കുന്നതിനു മനുഷ്യൻ ആത്മാവിൻെറ ആന്തരികശക്തികളായ ചിന്തയും ഭാവനയുമേ ഉപയോഗിക്കുന്നുള്ളു എങ്കിൽ അതു് ആന്തരികമായ വെളിപാടാണ്. അല്ല, ബാഹ്യേന്ദ്രിയങ്ങളും അംശഭാഗിത്വം വഹിക്കുന്നുണ്ടെങ്കിൽ അതു ബാഹ്യമാണ്. ദൈവത്തിന്റ ആവിഷ്കരണത്തിൽ ആശയങ്ങളും ദർശനങ്ങളും മാത്രമോ, ഉപരിയായി വാക്കുകളും അടയാളങ്ങളും കൂടിയോ ഉപയോഗിക്കാമല്ലോ.

വേറൊരിനം ഈശ്വരപ്രകാശനംകൂടിയുണ്ട്. മനുഷ്യസമുദായത്തിന്, അഥവാ, ബഹുഭൂരിപക്ഷത്തിനു മതപരമായ വിജ്ഞാനം പ്രദാനം ചെയ്യുന്നതിനായി ദൈവം ചെയ്യുന്ന ആവിഷ്കരണം പൊതുവായ(public) വെളിപാടാണ്. ഇനി, വ്യക്തികളെ ലാക്കാക്കിയോ പ്രത്യേകോദ്ദേശ്യങ്ങൾ മുൻനിറുത്തിയോ ചെയ്യുന്ന ആവിഷ്കരണം പ്രത്യേക(private)വെളിപാടാണ്.

## ആവിഷ്കരണവും മനുഷ്യമനസ്സും.

യുക്തിവാദികൾ ഈ വിഷയത്തെച്ചൊല്ലി ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം നല്കുവാൻ, വെളിപാടു

സ്വീകരിക്കുന്നതിൽ മനുഷ്യമനസ്സ് നിർവ്വഹിക്കുന്ന പങ്ക് അറിയേണ്ടതുണ്ട്. വെളിപാടിൽ ഉൾക്കൊണ്ടിരിക്കുന്ന പുതിയ അറിവ് സ്വീകർത്താവിൽ, അയാളുടെ മനസ്സിന്റെ യാതൊരുവക പ്രവർത്തനവും കൂടാതെ, ദൈവം നിക്ഷേപിക്കുകയല്ല ചെയ്യുന്നത്. മനസ്സ് പ്രകൃത്യാ പ്രവർത്തനാത്മകമാണ്. സ്വാഭാവികമണ്ഡലത്തിലെന്നതുപോലെ അതിസ്വാഭാവികമണ്ഡലത്തെസ്സംബന്ധിച്ച കാര്യങ്ങളിലും സൃഷ്ടികളിൽ ദൈവം പ്രവർത്തിക്കുമ്പോൾ സൃഷ്ടികളുടെ പ്രകൃതിയേയും താൻ പ്രദാനം ചെയ്ത പ്രവർത്തനനിയമങ്ങളേയും ആദരിക്കുന്നുണ്ട്. അതിസ്വാഭാവികം സ്വാഭാവികമായവയെ കുറയ്ക്കുന്നതിനോ ഇല്ലായ്മചെയ്യുന്നതിനോ അല്ല, പ്രത്യുത, ഉയർത്തുന്നതിനും പൂർണ്ണമാക്കുന്നതിനുമത്രേ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ആകയാൽ, ദൈവം മനുഷ്യന് എന്തെങ്കിലും വെളിപ്പെടുത്തുമ്പോൾ മനുഷ്യമനസ്സ് ദൈവത്തിന്റെ പ്രവർത്തനത്തോടു സഹകരിക്കുന്നുണ്ട്. എന്നാൽ, ഈ പ്രവർത്തനത്തിൽ പ്രകാശകനായ ദൈവം പ്രഥമപ്രേരണ നല്കുകയും മാനസികപ്രവർത്തനത്തെ നിയന്ത്രിക്കുകയും പ്രകാശനത്തിന്റെ മുഴുവൻ വിഷയവും കൊടുക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല, ആവിഷ്കരണകർമ്മത്തിൽ ദൈവം മനുഷ്യന്റെ സ്വഭാവത്തോടും പ്രകൃതിയോടും ആവിഷ്കരണോദ്ദേശ്യത്തോടും ഒത്തുപോവുകയും ചെയ്യുന്നു.

### ആവിഷ്കരണവും നിവേശനവും

ആവിഷ്കരണവും നിവേശന(Inspiration)വും ഒന്നല്ലെന്നുകൂടി ഓർത്തിരിക്കുന്നതു നന്ന്. നിവേശനം, ആ

വിഷ്കരണംപോലെതന്നെ, ദൈവികവും പ്രകൃത്യതീതവുമായ പ്രവൎത്തനമാണു്. എന്നാൽ, അതിൻെറ വിഷയം യുക്തി മുന്നേ കണ്ടെത്തിയതോ അല്ലാത്തതോ ആയ സത്യങ്ങൾ ആവാം. ഈശ്വരൻ നിശ്ചയിച്ചുവച്ചിരിക്കുന്ന ചില സംഗതികൾ രേഖപ്പെടുത്തുന്നതിനു രചയിതാവിനെ നിയന്ത്രിക്കുന്ന അതിസ്വാഭാവികമായ പ്രേരണയാണു നിവേശനം. ആവിഷ്കരണമാകട്ടെ, ഇതുവരെ അജ്ഞാതമായിരുന്ന സത്യങ്ങളുടെ സ്വഭാവാതീതമായ പ്രകാശനമാണു്. സത്യങ്ങൾ രേഖപ്പെടുത്തുവാൻ സ്വീകൎത്താവിനെ പ്രേരിപ്പിക്കാതെതന്നെ—നിവേശനംകൂടാതെതന്നെ—ദൈവത്തിന്നു് ആവിഷ്കരിക്കാം.

## ii. ആവിഷ്കരണം സംഭവ്യമോ?

ചിലകൂട്ടരുണ്ടു്, ആവിഷ്കരണത്തിൻെറ സാദ്ധ്യതയെ നിഷേധിക്കുന്നവരായി. പ്രകൃത്യതീതനും പുരുഷാത്മകനുമായ ഒരു ദൈവത്തിൽ വിശ്വസിക്കാത്തവരോ, സൃഷ്ടവസ്തുക്കളിൽ യാതൊരുവക സ്വാധീനതയും പ്രയോഗിക്കുക ദൈവത്തിൻെറ നിൎവ്വികരാതയ്ക്കു ഭംഗം വരുത്തുന്നെന്നു് വിശ്വസിക്കുന്നവരോ ആണു് അക്കൂട്ടർ. പിന്നെയുമുണ്ടു് യുക്തിവാദികൾ. മനുഷ്യൎക്കു സത്യങ്ങൾ വെളിപ്പെടുത്തുക ദൈവത്തിന്നു് അസാദ്ധ്യമെന്നു് അത്ര ശഠിക്കുന്നില്ല. എന്നാൽ, അവരുടെ പ്രിയപ്പെട്ട തീയറികൾക്കു് ഉലച്ചിൽ തട്ടാതിരിക്കാൻവേണ്ടി അവർ പറയുന്നു, ഇന്നയിന്ന സത്യങ്ങൾ ആവിഷ്കരിക്കുക തികച്ചും സാധാരണമല്ല എന്നു്. നമുക്കു പറയുവാനു

നുള്ളതു് ഇതാണു്: പ്രപഞ്ചസ്രഷ്ടാവും പുരുഷാത്മകനും പ്രകൃത്യതീതനുമായ ഒരു ഈശ്വരൻ ഉണ്ടു്. അവിടുത്തേക്കു് ആവിഷ്കരണം സാദ്ധ്യമാണു്. ആന്തരികമോ ബാഹ്യമോ ആയ യാതൊരു കാരണവും ആവിഷ്കരണത്തെ അസംഭവ്യമാക്കുന്നില്ല.

## ii. ആവിഷ്കരണത്തിന്റെ ഘടകങ്ങൾ

ആവിഷ്കരണത്തിനു മൂന്നാണു ഘടകങ്ങൾ: ദൈവം, മനുഷ്യൻ, സത്യങ്ങൾ. ഈ അവശ്യഘടകങ്ങളിലൊന്നിലും വെളിപാടിന്റെ സാധ്യതയെ ചോദ്യം ചെയ്യുന്നതായി യാതൊന്നുമില്ലെങ്കിൽ, യുക്തിപൂർവ്വം നമുക്കനുമാനിക്കാം, ആവിഷ്കരണം സംഭവ്യമെന്നു്. ഓരോ ഘടകത്തേയും വേർതിരിച്ചു പരിശോധിക്കുക തന്നെ.

### a) ആവിഷ്കരണകർത്താവായ ദൈവം

1) ദൈവം അനന്തജ്ഞാനിയാണു്. മനുഷ്യബുദ്ധിക്കു മറഞ്ഞിരിക്കുന്ന സത്യങ്ങൾ അവിടുന്നു കണ്ടറിയുന്നു. അവിടുന്നു സത്യത്തിന്റെ ഉറവിടമാണു്; അല്ല, സത്യംതന്നെയാണു്. സർവ്വശക്തൻകൂടിയായിരിക്കുന്നതുകൊണ്ടു്, തീർച്ചയായും മനുഷ്യബുദ്ധിയിൽനിന്നു മറഞ്ഞിരിക്കുന്ന സത്യങ്ങളേയും ജ്ഞാനത്തേയും വെളിപ്പെടുത്തുവാൻ അവിടുത്തേക്കു കഴിയും.

2) തന്റെ ആശയങ്ങളെ മററുള്ളവരെ അറിയിക്കുവാൻ ആന്തരികമായ ഒരു പ്രേരണയും അതിനുള്ള കഴിവും ഓരോ മനുഷ്യനുമുള്ളതായി നാമറിയുന്നു. ഇവ

യെ മനുഷ്യനു നല്കിയ ദൈവത്തിനു തൻെറ സത്യങ്ങളെ മററുള്ളവരെ അറിയിക്കുവാൻ സാധിക്കുകയില്ലെന്നോ?

3) ആവിഷ്കരണം ദൈവത്തിൻെറ അനന്തപരിപൂർണ്ണതയ്ക്കോ മറേറതെങ്കിലും ഗുണത്തിനോ എതിരല്ല. നേരെമറിച്ച്, അവിടുത്തെ അനന്തമായ സ്നേഹം, ജ്ഞാനം, വിവേകം, ശക്തി എന്നീഗുണങ്ങൾ പ്രകാശിപ്പിക്കുവാൻ അതു് ഉപകരിക്കുകകൂടി ചെയ്യുന്നു.

b) ആവിഷ്കരണത്തെ സ്വീകരിക്കുന്ന മനുഷ്യൻ

മനുഷ്യൻ ജീവിക്കുന്ന കാലമത്രയും അവൻെറ ബുദ്ധിക്കു പുതിയപുതിയ അറിവുകളെ സമ്പാദിക്കുവാൻ ശക്തിയുണ്ടു് എന്നു് അനുഭവം പഠിപ്പിക്കുന്നു. അവൻെറ വിജ്ഞാനഭാണ്ഡാഗാരം ഒരിക്കലും നിറഞ്ഞുകവിയുന്നില്ല. അറിഞ്ഞാലും അറിഞ്ഞാലും മതിവരാത്ത ജിജ്ഞാസുവാണു്, അദ്ധ്യയനവിധേയനാണു് അവൻ. അങ്ങനെയെങ്കിൽ, ദൈവം വെളിപ്പെടുത്തുന്ന പുത്തൻ ആശയങ്ങളെ (ഈശ്വരനല്ല, മനുഷ്യനാണു് ആശയങ്ങൾ പുത്തനായിട്ടുള്ളതു്) സ്വീകരിക്കാൻ കെല്പും താൽപര്യവും കാണും. 'ഗീഥേ'യുടെ അന്തിമാഭിലാഷം എന്തായിരുന്നു? "കൂടുതൽകൂടുതൽ അറിവ്."

മനുഷ്യൻ അനുദിനജീവിതത്തിൽ പലേ സംഗതികളും സ്വന്തം അനുഭവത്തിൽനിന്നും യുക്തിവിചാരത്തിൽനിന്നും എന്നതിനെക്കാൾ മററുള്ളവരിൽനിന്നാണു പഠിക്കുന്നതു്. "എവറസ്ററി"ൻെറ ഉയരവും പസിഫിക്കിൻെറ ആഴവും സൂര്യൻെറ മൂടലും അണുവി

ൻെറ ശക്തിയും എല്ലാം അപരൻെറ പാഠങ്ങളാണ്. അദ്ധ്യാപകൻെറ വാക്കുകൾ കുട്ടികൾക്കു പലപ്പോഴും പ്രമാണങ്ങളല്ലേ? വിദ്യയെസ്സംബന്ധിച്ചിടത്തോളമെങ്കിലും പരസ്പരവിശ്വാസവും ആശ്രയത്വവുമില്ലെങ്കിൽ സാമൂഹികജീവിതം അസാദ്ധ്യമായിത്തീരും. ഇങ്ങനെ ഒരുവൻെറ അപൂൎണ്ണമായ വിജ്ഞാനത്തിൻെറ നല്ലൊരംശം അന്യൻെറ പ്രാമാണികതയെ ആസ്പദമാക്കിയുള്ളതെങ്കിൽ, അതിസ്വാഭാവികമായ ആവിഷ്കരണത്താലും ഈശ്വരൻെറ പ്രാമാണികതയാലും അതിനെ സമ്പന്നമാക്കുന്നതിൽ എന്താണു പിശക്? എവിടെയാണു വിഷമം? വഞ്ചകനോ വഞ്ചിതനോ അല്ലാത്ത ദൈവത്തിൽനിന്ന് എന്തുകൊണ്ടു ചിലതെല്ലാം ശങ്കയെന്നിയേ ഗ്രഹിച്ചുകൂടാ?

ആവിഷ്കരണം മനുഷ്യബുദ്ധിയുടെ വികസനത്തെയോ സ്വാതന്ത്ര്യപ്രവൎത്തനത്തെയോ തടയുന്നില്ല. ഒരു ദൂരദർശിനി കണ്ണിൻെറ കാഴ്ചയെ കുറയ്ക്കുകയല്ല വസ്തുവിനെ കൂടുതൽ വ്യക്തമായി കാണുവാൻ സഹായിക്കുകയാണു ചെയ്യുന്നത്. അതുപോലെതന്നെയാണ് ആവിഷ്കരണവും. അതു മനുഷ്യബുദ്ധിയെ പ്രകാശിപ്പിക്കുകയും കഴിവുകളെ വികസിപ്പിക്കുകയും ചെയ്യുന്നു. ആകയാൽ, ആവിഷ്കരണം സ്വീകരിക്കുന്ന ആളിൻെറ ആത്മാവു തികച്ചും അപ്രവൎത്തകമായിരിക്കകൊണ്ടു മതാത്മകസത്യങ്ങളുടെ ആവിഷ്കരണം സാദ്ധ്യമേയല്ല എന്നു സിദ്ധാന്തിക്കുന്ന യുക്തിവാദികളുടെ വാദം തെററാകുന്നു.

## c) ആവിഷ്കൃതസത്യങ്ങൾ

ഏതറിവും അതിൽത്തന്നെ അഭിലഷണീയമാണ്. അതു് അനുദിനജീവിതത്തിനു പ്രയോജനകരമെങ്കിൽ, പറയാനുമില്ല. അപ്പോൾ മനുഷ്യൻെറ സുസ്ഥിതിയും പരിപൂർണ്ണതയും ഏതു സത്യങ്ങളെ ആശ്രയിച്ചു നില്ക്കുന്നുവോ ആ സത്യങ്ങൾക്ക്, പ്രയോജനത കുറഞ്ഞ സത്യങ്ങളെക്കാൾ മൂല്യതയേറും. മനുഷ്യൻെറ ജീവിതോദ്ദേശ്യമെന്തു്? അവൻെറ ലക്ഷ്യമേതു്? അതെങ്ങനെ പ്രാപിക്കാം? ഈദൃശങ്ങളായ പലേ തലപ്പെട്ട ചോദ്യങ്ങൾക്കും ആവിഷ്കൃതസത്യങ്ങൾ ഉത്തരം തരുന്നു. ആകയാൽ, ആവിഷ്കൃതസത്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഏററം ഉപകാരപ്രദമാണ്.

ഇപ്രകാരം ആവിഷ്കരണത്തിൻെറ അവശ്യഘടകങ്ങളൊന്നിലും അതിൻെറ സംഭവ്യതയ്ക്കെതിരായിയാതൊന്നും ചൂണ്ടിക്കാണിക്കുക സാധ്യമല്ല. മററുവാക്കുകളിൽ, ആവിഷ്കരണം അസംഭവ്യമെന്നു തെളിയിക്കാവതല്ല. ഇതുവരേയും ആരും തെളിയിച്ചിട്ടുമില്ല. ഇതിൽനിന്നു തീർച്ചയാക്കാം, ആവിഷ്കരണം സംഭവ്യമെന്നു്.

എതിർവാദങ്ങൾ:

1) മനുഷ്യബുദ്ധിക്കു് അഗ്രാഹ്യങ്ങളായ ചില സത്യങ്ങൾ(mysteries)ഉണ്ടെന്നു പറഞ്ഞല്ലോ. അഗ്രാഹ്യമായ ഒരു സത്യത്തെ എങ്ങനെയാണു വെളിപ്പെടുത്തുക? അല്ലെങ്കിൽ വെളിപാടിനുശേഷം ഒരു സത്യം എങ്ങനെ അഗ്രാഹ്യമായി നിലകൊള്ളും?

ഇതിന്നു സമാധാനം നല്കാൻ പ്രയാസമില്ല. ഒരു വസ്തുവിൻെറ അസ്തിത്വവും ആന്തരികസ്വഭാവവും രണ്ടും രണ്ടാണ്. അസ്തിത്വം അറിഞ്ഞതുകൊണ്ട് അതിൻെറ ആന്തരികസ്വഭാവം അറിയണമെന്നില്ല. ഉദാഹരണമായി, ഒരു വൈദ്യുതദീപം കാണുമ്പോൾ നാം തീർച്ച്യയാക്കുന്നു, അവിടെ വിദ്യുച്ഛക്തിയുടെ പ്രവർത്തനമുണ്ടെന്ന്. അതേ, വിദ്യുച്ഛക്തിയുടെ അസ്തിത്വം നാം ഗ്രഹിക്കുന്നു. എന്നാൽ, ഈ വിദ്യുച്ഛക്തി എന്നു പറയുന്നതു് എന്താണെന്നു നാം കാണുന്നില്ല. അതിൻെറ ആന്തരഘടകങ്ങളോ സാരാംശമോ സംവിധാനമോ ഒന്നും നമുക്കു മനസ്സിലാകുന്നില്ല. കാന്തശക്തി, പ്രകാശം, ചൂടേററ വസ്തുക്കളുടെ വികസനം, വസ്തുക്കളുടെ പരസ്പരാകർഷണം, ആശയസൃഷ്ടി, ഭാവനാശക്തി മുതലായവയുടെ അന്തസ്സത്തയും നിമിത്തങ്ങളും വിധവും ആർക്കറിയാം? ഇതുപോലെയാണു ദുർഗ്രഹങ്ങളായ രഹസ്യങ്ങളും. അവയുടെ അസ്തിത്വം ഗ്രഹിക്കുവാൻ നമുക്കു പ്രയാസമില്ല; അതേസമയം ആന്തരികസ്വഭാവവും സാരാംശവും അഗ്രാഹ്യമായി നിലകൊള്ളുന്നു. അപ്രകാരമല്ലെങ്കിൽ, അവയെ രഹസ്യങ്ങളെന്നു വിളിക്കുകയും സാദ്ധ്യമല്ലല്ലോ?

2) ദൈവം വ്യർത്ഥമായി യാതൊന്നും ചെയ്യാറില്ല. മനുഷ്യബുദ്ധിക്ക് അതീതങ്ങളായ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതു മനുഷ്യനെസ്സംബന്ധിച്ചിടത്തോളം വ്യർത്ഥമാണ്, ഉപയോഗശൂന്യമാണ്. അതിനാൽ, രഹസ്യങ്ങളുടെ വെളിപാട്ട് സംഭവ്യമല്ല.

രഹസ്യങ്ങളുടെ ആന്തരസ്വഭാവവും സാരാംശവും

മാത്രമേ വെളിപ്പെടാതെയും മനുഷ്യബുദ്ധിക്ക് അതീതമായും നില്ക്കുന്നുള്ളുവെന്നു നാം പറഞ്ഞു കഴിഞ്ഞു. അവയുടെ അസ്തിത്വം നാം ഗ്രഹിക്കുന്നു. ഈ പരിമിതമായ ജ്ഞാനംതന്നെ ഉപയോഗശൂന്യമെന്നു പറഞ്ഞുകൂടാ. ശാസ്ത്രപുരോഗതിയെ അതു സഹായിക്കുന്നില്ലായിരിക്കാം; ആവിഷ്കരണത്തിന്റെ ഉദ്ദേശ്യവും അതല്ല. എന്നാൽ, ഒന്നു തീർച്ചയാണു്: ശാസ്ത്രപുരോഗതിക്കു് അതൊരിക്കലും വിലങ്ങുതടിയായിരിക്കയില്ല. "ശ്രേഷ്ഠമായ കാര്യങ്ങളെക്കുറിച്ചുള്ള അല്പജ്ഞാനംപോലും മനസ്സിനു വലിയ പൂർണ്ണതയെ നല്കുന്നു" എന്നുള്ള സെൻറ് തോമസിന്റെ പ്രസ്താവത്തെ അനുഭവം തെളിയിക്കുന്നു. ബുദ്ധിക്കതീതമായ സത്യംപോലും മനുഷ്യനു ദൈവം വെളിപ്പെടുത്തുന്നെങ്കിൽ അതവിടുത്തെ അനന്തസ്നേഹത്തെയല്ലയോ പ്രത്യക്ഷമാക്കുന്നതു്? ആ അനന്തശക്തിയുടെ മുൻപിൽ നാം വെറും അണുജീവികൾ മാത്രമാണെന്നും അവിടുത്തെ അനന്ത കാരുണ്യത്തിന്റെ മുൻപിൽ കൃതജ്ഞതയുടെ കൂപ്പുകൈയ് ഉയർത്തണമെന്നും ഈദൃശവെളിപാടുകൾവഴി നമുക്കു കൂടുതൽ ബോദ്ധ്യമാകുന്നില്ലേ? അമേയപ്രാഭവമുള്ള ദൈവവും പരിമിതശക്തികളായ മനുഷ്യരുംതമ്മിലുള്ള വ്യത്യാസം എന്തുമാത്രമെന്ന് അറിയുവാൻ അതു കുറെയൊക്കെ സഹായിക്കാതിരിക്കുകയില്ല. ഈ ജ്ഞാനം മനുഷ്യന് ആത്മാവബോധവും ഈശ്വരഭക്തിയും പ്രദാനം ചെയ്യും. അതുകൊണ്ടു രഹസ്യങ്ങളുടെ ആവിഷ്കരണം മനുഷ്യന് ഉപയോഗശൂന്യമെന്നു പറഞ്ഞുകൂടാ.

രണ്ടാമദ്ധ്യായം

# ആവിഷ്കൃതമതത്തിൻെറ ആവശ്യകത

ഇനി നമുക്ക് ആവിഷ്കരണം ആവശ്യകമാണോ എന്നു് അന്വേഷിക്കാം. ആവിഷ്കരണം ആവശ്യകമാണ്, അതിനാൽ, അതെവിടെയോ ഉണ്ടു് എന്ന നിഗമനത്തിലേക്കു ചാടിക്കടക്കുന്നതിനല്ല, മറിച്ചു പരാശ്രയമെന്നിയേ മനുഷ്യബുദ്ധിക്കു കണ്ടെത്താവുന്ന മതാത്മകരഹസ്യങ്ങൾ അനാവശ്യമെന്ന യുക്തിവാദികളുടെ വാദത്തെ ഖണ്ഡിക്കുന്നതിനും, അതോടൊപ്പം, അതിസ്വാഭാവികാവിഷ്കരണം എത്രകണ്ടു് ആവശ്യകവും പ്രയോജനകരവും എന്നു തെളിയിക്കുന്നതിനുമത്രേ ഈ അന്വേഷണം.

ആവിഷ്കരണം ദൈവത്തെ സംബന്ധിച്ചിടത്തോളം ഒരാവശ്യമേ അല്ല. മനുഷ്യനെസ്സംബന്ധിച്ചാകട്ടെ അതൊരാവശ്യമാണ്. അതാണു നാം തെളിയിക്കുവാൻ പോകുന്നതു്.

പക്ഷേ, തെളിവിലേയ്ക്കു കടക്കുംമുൻപ് അവശ്യാവശ്യകതയും (absolute necessity)ധാർമ്മികാവശ്യകതയും (moral necessity)തമ്മിലുള്ള അന്തരം എന്തെന്നും മനുഷ്യൻെറ പരമാന്ത്യം സ്വാഭാവികമാണോ അതിസ്വാ-

ഭാവികമാണോ എന്നും അറിയുക ഉപകാരപ്രദമായിരിക്കും.

ഏതിൻെറ അഭാവത്തിൽ ഒന്ന്—ഒരു വസ്തുവോ, അവസ്ഥയോ കർത്തവ്യാനുഷ്ഠാനമോ—അസാദ്ധ്യമോ, അതു് അവശ്യാവശ്യകമാണ്. ഏതിൻെറ അഭാവത്തിൽ സാധാരണഗതിയിൽ നിർവഹിക്കുക അസാദ്ധ്യമാകുമാറു് ഒരു കാര്യം അത്രകണ്ടു വിഷമംപിടിച്ചതോ അതു ധാർമ്മികമായ ആവശ്യമാണ്.

മനുഷ്യൻ കേവലം സ്വാഭാവികമായ ഒരു അന്ത്യത്തിനുവേണ്ടിയാണു സൃഷ്ടിക്കപ്പെട്ടതെങ്കിൽ സ്വാഭാവാതീതമായ ഒരു ആവിഷ്കരണം ആവശ്യമേയല്ല. ലക്ഷ്യത്തിലെത്താനുള്ള സൗകര്യങ്ങൾ, ദൈവദത്തമാണെങ്കിലും, സ്വാഭാവികമായിത്തന്നെ അവനുണ്ടായിരിക്കും. അങ്ങേയററം ആവിഷ്കരണം ഒരു ധാർമ്മികാവശ്യമാകാം അവന്. കാരണം, അതു കൂടുതൽ ഉറപ്പും എളുപ്പവും കൊടുത്തു മനുഷ്യനെ സഹായിച്ചെന്നുവരും. എന്നാൽ, മനുഷ്യൻെറ അന്ത്യം അതിസ്വാഭാവികമാണെങ്കിൽ ആവിഷ്കരണം ഒരു അവശ്യാവശ്യകതയാണ്. അതുകൂടാതെ ഉന്നതമായ ആ ലക്ഷ്യത്തിലെത്തുവാനോ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനോ അസാദ്ധ്യമായി വരും.

നമ്മുടെ പ്രമേയം ഇതാണ്: സ്വാഭാവികമതത്തിൻെറ സത്യങ്ങളറിയുന്നതിനു് ആവിഷ്കരണം ധാർമ്മികമായ ആവശ്യമാണ്. മററുവാക്കിൽ പറഞ്ഞാൽ, വിഗ്രഹാരാധനയിലും ബഹുദേവതാവാദത്തിലും അകപ്പെട്ടുപോയ മനുഷ്യകുലത്തിനു പൊതുവേ ദൈവാവിഷ്കൃതമതത്തിൻെറ സഹായംകൂടാതെ സ്വാഭാവികമതസ

ത്ത്യങ്ങളെപ്പററി സാമാന്യം സുനിശ്ചിതവും പരിപൂർണ്ണവുമായ ജ്ഞാനം ലഭിക്കുക സാദ്ധ്യമല്ലായിരുന്നു.

വിശദമാക്കാം: അസാദ്ധ്യത സ്വാഭാവിക(Physical)മെന്നും ധാർമ്മിക(moral)മെന്നും രണ്ടുതരമുണ്ട്. ആദ്യത്തേതു സ്വാഭാവികശക്തികൾക്കതീതമായി പ്രവൎത്തിക്കുവാനുള്ള കഴിവുകേടാണു്. കണ്ണിനു കേൾക്കുവാനുള്ള കഴിവില്ലായ്മയുണ്ടല്ലോ — അതു് ഈ ഇനത്തിൽപ്പെടും. ഇനി സ്വാഭാവികശക്തികൾക്കനുസൃതമായി പ്രവൎത്തിക്കുവാൻ കഴിവുണ്ടെങ്കിലും പ്രതികൂലസാഹചര്യങ്ങൾ നിമിത്തം ഉളവാകുന്ന കഴിവുകേടിനെ ധാർമ്മികമായ അസാദ്ധ്യത എന്നു വിളിക്കാം. കണ്ണിനു കാണ്മാൻ കഴിവുണ്ടെങ്കിലും വെളിച്ചമില്ലാതെ പോയാൽ കാണുക അസാദ്ധ്യമാണല്ലോ. നിറഞ്ഞൊഴുകുന്ന ആറു് മറിച്ചു നീന്തുക അസാദ്ധ്യമെന്നു് നീന്തുകാരനും പറയും. അതുപോലെ ഈശ്വരാവിഷ്കൃതമതത്തിൻെറ സഹായംകൂടാതെ സ്വാഭാവികമതസത്യങ്ങളെ പൂർണ്ണമായി ഗ്രഹിക്കുക സാദ്ധ്യമല്ല എന്നു പറയുമ്പോൾ ധാർമ്മികമായ അസാദ്ധ്യതയാണു വിവക്ഷ.

ഈശ്വരാസ്തിത്വം, ആത്മാവിൻെറ അമൂർത്തത, അമർത്ത്യത, പ്രകൃത്യധിഷ്ഠിതമായ സാന്മാർഗ്ഗികനിയമങ്ങളുടെ അസ്തിത്വം മുതലായ സ്വാഭാവികനിയമങ്ങളെ പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിവു മനുഷ്യബുദ്ധിക്കു സ്വതേ ഉണ്ടു്. പക്ഷേ വിഗ്രഹാരാധന, ബഹുദേവതാവാദം, സാന്മാൎഗ്ഗികാധഃപതനം ആദിയായ പ്രതികൂലസാഹചര്യങ്ങൾ അബദ്ധരഹിതമായ ജ്ഞാനം സമ്പാദിക്കുക അസാദ്ധ്യമാക്കിത്തീർക്കുന്നു.

"മനുഷ്യകുലത്തിനു പൊതുവേ" അസാദ്ധ്യമായിരുന്നു എന്നു പറഞ്ഞതു ബഹുഭൂരിപക്ഷം ജനങ്ങളേയും ഉദ്ദേശിച്ചാണു്. ഏതാനും വ്യക്തികളെസ്സംബന്ധിച്ചും മനുഷ്യപ്രകൃതിയെസ്സംബന്ധിച്ചും തീച്ച്യായും ഈ പൊതുന്നിയമം ഒരപവാദമായി വരാം. അസാധാരണമായ ബുദ്ധിവൈഭവവും പരിശ്രമശീലവും ചുരുക്കം ചിലരിലെങ്കിലും ഒത്തിണങ്ങിച്ചേരാറുണ്ടല്ലോ. അങ്ങനെയാകുമ്പോഠം സ്വാഭാവികമതസത്യങ്ങളെപ്പററി ഏതാണ്ടു പരിപൂണ്ണമായ ജ്ഞാനം സമ്പാദിക്കാൻ ഒരു പക്ഷേ അവക്കു കഴിഞ്ഞെന്നുവരാം. ഭാഗികമായ ജ്ഞാനത്തെപ്പററി പറയാനുമില്ല.

മനുഷ്യകുലം ബഹുദേവതാവാദത്തിലും, വിഗ്രഹാരാധനയിലും അസാന്മാർഗ്ഗികതയിലും എങ്ങനെ നിപതിച്ചു എന്നു കണ്ടുപിടിക്കുകയല്ല ഇവിടത്തേ ശ്രമം. അതിനുള്ള കാരണങ്ങഠം എന്തുമാകട്ടെ. ഒരിയ്ക്കൽ അധഃപതിതമായ അവസ്ഥയിൽ ആയിരുന്നതിനുശേഷം അതിൽനിന്നു വിമുക്തിനേടുവാൻ ആവിഷ്കൃതമതത്തിൻെറ സഹായം ആവശ്യകമായിരുന്നോ എന്നുമാത്രമേ നമുക്കറിയേണ്ടതുള്ളു. ഇനി തെളിവിലേയ്ക്കു കടക്കുക. ആവിഷ്കരണം കൂടാതെ സ്വാഭാവികമതത്തിൻെറ സാമാന്യം നിശ്ചിതവും പൂണ്ണവുമായ അറിവു ലഭിക്കുക, ധാർമ്മികമായ അസാദ്ധ്യതയാണെങ്കിൽ, ആവിഷ്കരണം ധാർമ്മികമായ ആവശ്യമാണു്. എന്നാൽ, ചരിത്രവും അനുഭവവും പഠിപ്പിക്കുന്നതുപോലെ, അതാണു യാഥാർത്ഥ്യം. ആകയാൽ, ആവിഷ്കരണം ധാർമ്മികമായ ആവശ്യമാണു്.

## ആവിഷ്കരണത്തിൻെറ അഭാവത്തിൽ

### മനുഷ്യകുലത്തിൻെറ സ്ഥിതി എന്തായിരുന്നു?

പരിഷ്കാരത്തിൻേറയും ജ്ഞാനാഭിവൃദ്ധിയുടേയും കേന്ദ്രങ്ങളായിരുന്ന, തത്വശാസ്ത്രജ്ഞന്മാരുടേയും ചിന്തകന്മാരുടേയും തറവാടുകളായി പരിലസിച്ചിരുന്ന, ഗ്രീസിൻേറയും റോമിൻേറയും പുരാതനചരിത്രംതന്നെ നമുക്കൊന്നു പരിശോധിച്ചു നോക്കാം.

#### അവരുടെ ദൈവവിശ്വാസം

മതത്തിൻേറയും സന്മാർഗ്ഗത്തിൻേറയും ഉറവിടമായ ഈശ്വരനെപ്പററി, അന്നത്തെ സാധാരണജനതയ്ക്കുണ്ടായിരുന്ന ജ്ഞാനം എത്രകണ്ട് അബദ്ധപൂർണ്ണമായിരുന്നില്ല? പുരുഷാത്മകനായ ഏകദൈവത്തെ, പൂർവ്വന്മാരുടെ വിശ്വാസാചാരങ്ങളെല്ലാംതന്നെ മറന്നു മാററിനിത്തിയിട്ട്, വിഗ്രഹങ്ങളേയും പ്രകൃതിശക്തികളേയും ആഴിയേയും, ആകാശഗോളങ്ങളെയുമെല്ലാം അവർ തൽസ്ഥാനത്തു പ്രതിഷ്ഠിച്ച് ആരാധന നടത്തി. ഹൊറോഷ്യസ്(Horatius)പറയുന്നതുപോലെ, വനത്തിലെ ഓരോ വൃക്ഷത്തിനുമുണ്ടായിരുന്നു രണ്ടുതരം അന്ത്യങ്ങൾ. ഒന്നുകിൽ ദൈവമാകുക, അല്ലെങ്കിൽ വിറകുതടിയാകുക. ദേവന്മാരും ദേവികളും അങ്ങനെ പെററുപെരുകി. അവരിലെല്ലാം വിഷയാസക്തിയും മററുമാനുഷികബലഹീനതകളും ആരോപിക്കപ്പെട്ടുപോന്നുവെന്നു മാത്രമല്ല, അവരെല്ലാം അസാന്മാർഗ്ഗികതയുടെ സംരക്ഷാധികാരികളും അംഗരക്ഷകന്മാരുംകൂടിയായി. മനുഷ്യനിർമ്മിത

ങ്ങളായ ഈ ദൈവങ്ങളെ പ്രീതിപ്പെടുത്തുവാൻ മനുഷ്യൻ മനുഷ്യനെത്തന്നെ കൊന്നു ബലിയർപ്പിച്ചിരുന്നു. അവൻ ആ ദേവീദേവന്മാരേപ്പോലെ വ്യാപരിക്കുവാൻ ശ്രമിച്ചിരുന്നു! അതിനു ഭരണാധികാരികളും പുരോഹിതരും പ്രോത്സാഹനവും നല്കിപ്പോന്നു. തെളിഞ്ഞുകാണുന്ന പരമാർത്ഥങ്ങളാണിവയെല്ലാം.

ഇനി അന്നത്തെ തത്വചിന്തകന്മാരുടെ കാര്യമെടുക്കാം. അതും മേല്പറഞ്ഞതിൽനിന്ന് അധികമൊന്നും വിഭിന്നമായിരുന്നില്ല. തത്വശാസ്ത്രത്തിൻെറ തലയാളന്മാരായിരുന്ന ഹെരാക്ലിററസും, ഡെമാക്രിററസും, ഒന്നാംകിട ഭൗതികവാദികളായിരുന്നു. അവർക്കു പിന്നാലെവന്ന സോക്രട്ടീസും, അരിസ്റ്റോട്ടലും, പ്ലേറേറായുമൊക്കെ, ബഹുദേവതാവാദത്തേയും, ദ്വയദേവതാവാദത്തേയുമൊക്കെ, വച്ചുപൂജിച്ചിരുന്നില്ലേ? നോക്കണം സത്യദൈവത്തെപ്പററി അന്നത്തെ അഭിജ്ഞർക്കുണ്ടായിരുന്ന അറിവ്!

### അവരുടെ സദാചാരം

സന്മാർഗ്ഗവും സദാചാരവുമെന്തെന്നുപോലും അറിഞ്ഞുകൂടായിരുന്നോ ആവോ അന്നത്തെ ജനതയ്ക്ക്. നടനശാലകളിലും സമ്മേളനസ്ഥലങ്ങളിലും അവർ കാട്ടിക്കൂട്ടിയിരുന്ന ആഭാസത്തരങ്ങളും, അടിമകളോടും അഗതികളോടും അവർ കാണിച്ചുപോന്ന നിഷ്ഠുരതയും എല്ലാപ്രകാരമായിരുന്നുവെന്നു, സിസറോ, പ്ലൂട്ടാർക്ക്, സെൻറ് പോൾ തുടങ്ങിയവരുടെ ഗ്രന്ഥങ്ങളിൽനിന്ന് ഏകദേശം മനസ്സിലാക്കാവുന്നതാണ്. സെൻറ് പോൾ

പറയുന്നു: "അവർ ദുഷ്ടതകളും വ്യഭിചാരവും നീരസവും തിന്മയും പിടിച്ചുപറിയും അസൂയയും കൊലയും തർക്കവും ചതിയും ദുർവികാരങ്ങളും പിറുപിറുപ്പും ഏഷണിയും നിറഞ്ഞവരും ദൈവത്തിനു വെറുപ്പുള്ളവരും, ആത്മപ്രശംസകരും അഹങ്കാരികളും തിന്മകൾ കണ്ടെത്തുന്നവരും വിചാരശൂന്യരും പിതാക്കൾക്ക് അനുസരണയില്ലാത്തവരും ഉടമ്പടിയും സ്നേഹവും സമാധാനവും ഇല്ലാത്തവരും ആയിരുന്നു."

ഇതുപോലുള്ള ചരിത്രയാഥാർത്ഥ്യങ്ങൾ എത്രവേണമെങ്കിലും നമുക്കുണ്ട്. പക്ഷേ, നാമെന്തിന് ഇനിയും അവയെത്തേടിപ്പോകുന്നു? ശാസ്ത്രം, കല, ഭരണരീതി, യുദ്ധസമ്പ്രദായം തുടങ്ങിയ വിവിധതുറകളിലൂടെ പുരോഗമനത്തിൻെറ ഉച്ചകോടിയിലെത്തിയ രാഷ്ട്രവിഭാഗങ്ങളിലെ ജനങ്ങളുടെ സ്ഥിതി ഇപ്രകാരമായിരുന്നുവെങ്കിൽ അപരിഷ്കൃതജനതയുടെ സ്ഥിതി എന്തായിരുന്നുവെന്ന് ഊഹിക്കുകയാണെളുപ്പം. ഇതായിരുന്നു ആവിഷ്കരണത്തിൻെറ അഭാവത്തിൽ മനുഷ്യകുലത്തിൻെറ അവസ്ഥ. ആവിഷ്കൃതമതത്തേയും മതസത്യങ്ങളേയുംപററി കേട്ടിട്ടുപോലുമില്ലാത്ത ജനവിഭാഗങ്ങൾ ഇന്നും ഭൂമുഖത്തുണ്ട്. അവരുടെ കാര്യമെടുക്കുക. സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം, അവരുടെ സ്ഥിതിയും മുകളിൽപറഞ്ഞതിൽനിന്നും ഒട്ടുംതന്നെ വ്യത്യസ്തമല്ലെന്നു കാണാം. ഈ സ്ഥിതിയിൽനിന്ന് ഉയരുവാൻ ആവിഷ്കൃതമതത്തിൻെറ സഹായം കൂടാതെ മനുഷ്യകുലത്തിനു കഴിയുമായിരുന്നുവോ? കഴിയുമായിരുന്നെങ്കിൽ അതു രണ്ടുവിധത്തിലേ ആവുക തരമുള്ളു. ഒന്നുകിൽ പണ്ഡിതന്മാരു

ടെ സഹായംവഴി. അല്ലെങ്കിൽ സ്വപ്രയത്നംവഴി. പക്ഷെ, അന്നത്തെ പണ്ഡിതന്മാർക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. മററൊന്നുമല്ല, അവർ സാധാരണജനങ്ങളെ അവഗണിക്കുകയും അവരുടെ മതപരമായ അഭിപ്രായങ്ങളെ തിരുത്തുവാൻ അലസത കാണിക്കുകയും ചെയ്തുപോന്നു: ഹോറസ് പറയുന്നു: "സാധാരണപ്പരിഷകളെ ഞാൻ വെറുക്കുന്നു. അവരോട് അടുപ്പം ഞാനൊട്ടാശിയ്ക്കുന്നുമില്ല." (1)

ഇനി, മററുള്ളവരെ പഠിപ്പിക്കുവാൻ അവർ സന്നദ്ധരായിരുന്നുവെന്നുതന്നെ സങ്കല്പിക്കുക. എങ്കിൽക്കൂടി സ്വാഭാവികമതത്തെപ്പററി പരിപൂർണ്ണവും അബദ്ധരഹിതവുമായി എന്തെങ്കിലും പറഞ്ഞുകൊടുക്കുവാൻ അവർക്കു കഴിയുമായിരുന്നില്ല. അന്നത്തെ പണ്ഡിതന്മാർക്കു ദൈവത്തെപ്പററിയും മതത്തെപ്പററിയുമുണ്ടായിരുന്ന അറിവ് എപ്രകാരമുള്ളതായിരുന്നുവെന്നു നാം മുകളിൽ പറഞ്ഞുകഴിഞ്ഞു. സോക്രട്ടീസ്, പ്ലേറേറാ, അരിസ്റ്റോട്ടൽ തുടങ്ങിയവർ ഈശ്വരാസ്തിത്വത്തെ നിഷേധിച്ചിരുന്നില്ലെങ്കിലും ദൈവത്തിൻെറ സ്വഭാവം, ദൈവപരിപാലന, ലോകസൃഷ്ടി, ആത്മാവിൻെറ അമർത്ത്യത മുതലായവയിൽ ഓരോവിധത്തിൽ അവർക്കു

---

(1) «I hate the vulgar crowd and keep them at arm's distance» – Cfr. Odes, III, 1, i. "**തത്വദർശനം അപൂർണ്ണജ്ഞാനംകൊണ്ടു തൃപ്തമാവുന്നു; മനഃപൂർവ്വം അവഗണിച്ചു സാധാരണക്കാരിൽ അതു യാതൊരു സ്വാധീനതയും ചെലുത്തുന്നില്ല" എന്നാണു സിസറോ പ്രസ്താവിക്കുന്നതു്.**

(Cfr. Quest. Tuscul., II, c. 1.)

തെററുപിണഞ്ഞിട്ടുണ്ട്. സർവ്വജ്ഞന്മാരും, സർവ്വവ്യാപികളുമാണ് ഈശ്വരന്മാർ എന്ന് ഒരിടത്തു പറഞ്ഞുവച്ച സോക്രട്ടീസ് പിന്നീട് ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ട്, ഈശ്വരന്മാരെ അറിയുവാനുള്ള അഭിയത്നങ്ങൾ നിരുത്തിവയ്ക്കാനും അവരുടെ ഇഷ്ടംപോലെ വിശ്വത്തെ ഭരിക്കുന്നു എന്ന ജ്ഞാനംകൊണ്ടു തൃപ്തിപ്പെടാനും.(1) വേറൊരിക്കൽ അദ്ദേഹം ഉദയസൂര്യനോട് പ്രാർത്ഥിക്കുകപോലും ചെയ്തിട്ടുണ്ട്.(2) ദൈവങ്ങളുടെ പ്രകൃതി "അവ്യക്തമായ ഒരു വിഷമപ്രശ്ന"മാണെന്നും ഈ വിഷയത്തെസ്സംബന്ധിച്ചു പണ്ഡിതന്മാർ പലവഴിക്കു പിരിഞ്ഞുകന്നിട്ടുണ്ടെന്നും അക്കാരണത്താൽ വിദ്വൽസദസ്യർ വിവേകപൂർവ്വം ഒരു സത്യവും സ്വീകരിക്കാതിരുന്നിട്ടുണ്ടെന്നും സിസറോ പറയുന്നു.(3)

കേവലപ്രകൃതിയും(simple)പരിപൂർണ്ണസത്തയും തന്നെപ്പററിത്തന്നെ ധ്യാനിക്കുന്നതിൽ സന്തുഷ്ടനുമായ ഈശ്വരൻ ബാഹ്യലോകത്തിൽ യാതൊരു സ്വാധീനതയും പ്രയോഗിക്കുന്നില്ലെന്നും മനുഷ്യവ്യാപാരങ്ങളിൽ താൽപര്യമററവനെന്നും (indifferent) അത്രേ അരിസ്റ്റോട്ടലിൻെറ പക്ഷം. പ്ലേറേറാ പഠിപ്പിച്ചു, പദാർത്ഥം നിത്യമെന്നും ദൈവത്തെക്കൂടാതെതന്നെ സ്ഥിതിചെയ്യുന്നെന്നും! പ്രസംഗപടുവായ സിസറോ മനുഷ്യാത്മാവിനെസ്സംബന്ധിച്ച ഒട്ടേറെ തീയറികൾ ഉദ്ധരിച്ചതിനുശേ

(1) Cfr. Xenophon, Mem., 1, 1, 19.
(2) Cfr. Plato, Symp. 36.
(3) De Natura Deorum, I, I, c. i.

ഷം പ്രസ്താവിക്കുകയാണ്: "ഇവയിലേതു തീയറിയാണു നേരായുള്ളതു് എന്ന് ആർക്കും പറയാൻ പററുകയില്ല; വിവാദം തീരുമെന്നും തോന്നുന്നില്ല."(1)

പ്രാചീനകാലത്തെ പേഗൻതത്വജ്ഞന്മാരുടെ സാന്മാർഗ്ഗികപ്രബോധനങ്ങളും അതുപോലെതന്നെ അപര്യാപ്തമാണ്. പല ആശയങ്ങളിലും അവർ സാമാന്യജനതയിൽ പ്രാബല്യം നേടിയ അഭിപ്രായഗതികൾ ഏററു പറയുക മാത്രമേ ചെയ്തിട്ടുള്ളു. ഈവിധ സാഹചര്യങ്ങളിൽ സകല തത്വജ്ഞന്മാർക്കുമെതിരായി അവിശ്വാസസ്വരം ഉയർത്തുവാൻ സിസറോ മുതിർന്നതിൽ അത്ഭുതത്തിനവകാശമില്ല. അദ്ദേഹം പറഞ്ഞു: "മതപരമായ ഒരു അഭിപ്രായം എത്രതന്നെ അബദ്ധമായിരുന്നാലും അതിനും കാണും ഒരു ചിന്തകൻ, പിൻതുണവാൻ."(2) പണ്ടത്തെ തത്വചിന്തകർക്കു സാമാന്യജനങ്ങളെ മതകാര്യങ്ങൾ പഠിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. കാരണം, അവർക്കുതന്നെ സത്യം അജ്ഞാതമായിരുന്നു. അവരിൽ പലരും തങ്ങളുടെ അജ്ഞത തുറന്നു സമ്മതിച്ചിട്ടുമുണ്ട്. ക്രിസ്തുവിനുമുമ്പ് വിരചിതമായ "അൽസിബിയാദസ്" എന്ന സംവാദഗ്രന്ഥത്തിൽ ഇങ്ങനെ ഒരു പ്രസ്താവനയുണ്ട്: "ദേവതകളോടും സഹജീവികളോടും എങ്ങനെ പെരുമാറണമെന്നു പഠിപ്പിക്കു-

(1) Cfr. Disp. Tuscul, I, I, c, 11.

(2) De Divinat. I, II. c. 58.

വാൻ കഴിവുള്ള ഒരുവൻ വരുന്നതുവരെ നാം കാത്തിരിക്കണം."(1)

ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്: അതിസ്വാഭാവികവെളിപാടുകൂടാതെ സ്വാഭാവികമതത്തെക്കുറിച്ചു നിഷ്കൃഷ്ടവും സുസ്പഷ്ടവുമായ ആശയം അപ്രാപ്യമാണെന്നും അതുകൊണ്ട് അതിസ്വാഭാവികവെളിപാടു മനുഷ്യസമുദായത്തിന് ഒരു ധാർമ്മികാവശ്യമായിത്തീർന്നുവെന്നും.

പൗരാണികജനപദങ്ങളിൽ ബുദ്ധിപരമായി ഉയർന്നനില പാലിച്ചിരുന്ന ഗ്രീക്കുകാർക്കും റോമാക്കാർക്കും ഇതൊരാവശ്യമായിരുന്നെങ്കിൽ സാംസ്കാരികവും സാമ്രാജ്ഞികവുമായ രംഗങ്ങളിൽ താണടിഞ്ഞിരുന്ന ജനവിഭാഗത്തിന് അതിലുപരി ഒരത്യാവശ്യമായിരുന്നു.

---

(1) «Alcibiades» II. 13.

മൂന്നാമദ്ധ്യായം

# ആവിഷ്കരണത്തിൻെറ നിർണ്ണായകലക്ഷണങ്ങൾ

## നിർണ്ണായകലക്ഷണങ്ങളുടെ ആവശ്യകത

ആവിഷ്കരണം സാദ്ധ്യമാണ്, ആവശ്യകമാണ് എന്നെല്ലാം നാം കണ്ടുകഴിഞ്ഞു. ഉടനെ ഉദിക്കുന്നുണ്ട് ഒരു പ്രശ്നം: എങ്ങനെ അറിയും ഒരു മതം ഈശ്വരാവിഷ്കൃതമാണോ അല്ലയോ എന്ന്? പ്രത്യേകിച്ച്, ദൈവം വെളിപ്പെടുത്തിയവയെന്ന് അവകാശപ്പെടുന്ന ഒട്ടേറെ മതങ്ങൾ ലോകത്തിലുണ്ടായിരിക്കെ! അവയെല്ലാം—പരസ്പരവിരുദ്ധങ്ങളെന്ന് അന്യത്ര പറഞ്ഞുവച്ച ആ മതങ്ങളെല്ലാം—ഈശ്വരപ്രകാശിതമായിരിക്കുകയില്ല കാരണം, തമ്മിൽ പൊരുത്തമില്ലാത്ത സത്യങ്ങൾ ദൈവം വെളിപ്പെടുത്തുകയില്ല. അപ്പോൾ, അവിടുന്ന് ഒരു മതം വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു് ഏതെന്ന് എങ്ങനെ അറിയും? എല്ലാ മതങ്ങളും പരിശോധിക്കുകയെന്ന ദുസ്സാധശ്രമം കഴിക്കണമോ? അതോ വേറെ വല്ല എളുപ്പമാർഗ്ഗവുമുണ്ടോ?

ഉണ്ട്; ഉണ്ടായിരിക്കണം. ത്രപാനോട്ടുമുതൽ മഷിപ്പൊടിവരെയുള്ള സാധനങ്ങൾക്ക്, അവ വ്യാജനിർമ്മിതങ്ങളല്ലെന്നു കാണിപ്പാൻ, മനുഷ്യർ സ്വന്തം മുദ്ര പതി

ക്കന്നുണ്ടെങ്കിൽ ദൈവം—മനുഷ്യന്റെ ബലഹീനതകളും ദുഷ്പ്രവണതകളും മുന്നറിയാവുന്ന സർവ്വജ്ഞൻ—ലക്ഷ്യപ്രാപ്തിക്ക് അത്യന്താപേക്ഷിതവും താൻ വെളിപ്പെടുത്തിയതുമായ ഒരു സ്വഭാവാതീതമതത്തിന്, മററുമതങ്ങൾക്ക സാധാരണമായ താത്വികവും ചരിത്രപരവുമായ അടയാളങ്ങൾക്ക പുറമേ, സ്വന്തംമുദ്രകളും പതിക്കാതിരിക്കുകയില്ല. അപര്യാപ്തവും അബദ്ധസങ്കീർണ്ണവുമായ ഇതരധാർമ്മികസംഹിതകളിൽനിന്ന് ആർക്കും എളുപ്പം തിരിച്ചറിയാവുന്ന വ്യക്തമുദ്രകൾ, ദൈവികചിഹ്നങ്ങൾ ആവിഷ്കൃതമതത്തിന് ഉണ്ടായിരിക്കണം. എങ്കിലേ ദൈവത്തിന്റെ പ്രവൃത്തി, ആവിഷ്കരണം, സഫലമാവുകയുള്ളു; എങ്കിലേ മനുഷ്യന് ആവിഷ്കൃതമതത്തിന്റെ ദൈവികത്വം അറിഞ്ഞ് അതിനെ ആശ്ലേഷിക്കാനും, ദൈവത്തിനു മനുഷ്യനിൽനിന്നു മതവിശ്വാസം ആവശ്യപ്പെടാനും സാധിക്കുകയുള്ളു.

## പ്രസ്തുതലക്ഷണങ്ങളുടെ നിർവ്വചനം

ഒരു മതം ദൈവികമാണ് എന്നു തിരിച്ചറിയുന്നതിനുള്ള താത്വികവും ചരിത്രപരവും ദൈവികവുമായ അടയാളങ്ങളെ ആവിഷ്കരണത്തിന്റെ നിർണ്ണായകലക്ഷണങ്ങൾ (Criteria of Divine Revelation) എന്നു വിളിക്കുന്നു.

## അവയുടെ തരംതിരിവുകൾ

ഏതെല്ലാമാണ് ആ ലക്ഷണങ്ങൾ? കർത്തൃനിഷ്ഠമായ ഇഷ്ടമോ ചാച്ചിലോ അല്ല; വികാരമോ വാസനാ

യോ അല്ല; ഈശ്വരസംബന്ധകമോ സാന്മാർഗ്ഗികമോ ആയ കുറെ തത്വങ്ങളുടെ സാന്നിധ്യവുമല്ല. പിന്നെ? നാം കല്പിക്കുക - ഇതാ ഒരപരിചിതൻ വന്നു നമ്മെ ഒരു ദൗത്യം ഏല്പിക്കുന്നു. താൻ കോൺഗ്രസ് പ്രസിഡൻറിൻറ ദൂതനാണെന്നും ദൗത്യം അദ്ദേഹം നമുക്കു കല്പിച്ചയച്ചുതന്നതാണെന്നും അയാൾ അവകാശപ്പെടുന്നു. നാമെങ്ങനെ അറിയും ദൗത്യം പ്രസിഡൻറിൻേറതുതന്നെയാണെന്ന്? ദൗത്യത്തിൻറ താൽപര്യവും ദൂതൻറ സ്വഭാവവും പ്രസിഡൻറു കൊടുത്തിരിക്കുന്ന ഔദ്യോഗികചിഹ്നങ്ങളുംമററും നോക്കി. ചുരുക്കത്തിൽ, ആന്തരികവും ബാഹ്യവുമായ ലക്ഷണങ്ങൾ പരിശോധിച്ച്. സന്ദേശം ഇതാണെന്നു കരുതുക: "തിരുക്കൊച്ചിസംസ്ഥാനത്തിൻറ പാരമ്പര്യവും പ്രവണതയും പരിഗണിക്കുമ്പോൾ ഒരു നിരീശ്വരസ്വേച്ഛാധിപത്യഗവണ്മെന്റ് അനുപേക്ഷണീയമെന്നു കാണുന്നു. ആകയാൽ, പൊതു തിരഞ്ഞെടുപ്പുകൂടാതെതന്നെ അത്തരമൊരു ഗവണ്മെൻറു രൂപീകരിച്ചു ഭരിച്ചുകൊള്ളുവിൻ." ഈ സന്ദേശം ഈശ്വരഭക്തനും ജനാധിപത്യപ്രേമിയുമായ പ്രസിഡൻറിൻറ ആശയാദർശങ്ങൾക്കെതിരാകയാൽ അദ്ദേഹത്തിൽനിന്നല്ലെന്നു നമുക്ക് ഉടൻ മനസ്സിലാകും. ഇനിയും, ദൂതൻ സ്പഷ്ടമേ ഒരക്രമിയും ആഭാസനുമാണെങ്കിൽ, അയാൾക്കു പ്രസിഡൻറിൻേറതായ അടയാളമൊന്നും കാണിക്കാനില്ലെങ്കിൽ, എല്ലാം ഒരു കളിപ്പിക്കലാണെന്നു നമുക്കനുമിക്കാൻ കഴിയും. ഇതുപോലെ, ആവിഷ്കൃതമതത്തെ തിരിച്ചറിയാനുള്ള നിർണ്ണായകലക്ഷണങ്ങൾ പൊതുവിൽ രണ്ടുതരമാണ്:

i) ആഭ്യന്തരം—മതതത്വങ്ങളിൽത്തന്നെയുള്ളതു്.

ഈ ലക്ഷണം മതസത്യങ്ങളുടെ സർവ്വതോമുഖമായ ഔൽകൃഷ്ട്യത്തേയും ഔന്നത്യത്തേയും സംബന്ധിച്ചുള്ളതാകയാൽ കൂട്ടതലും താത്വികമാണു്.

ii) ബാഹ്യം—മതതത്വങ്ങൾക്കു വെളിയിലുള്ളതു്. ഈ ലക്ഷണം മതപ്രചാരകന്റെ സ്വഭാവം, മതപ്രബോധനങ്ങളുടെ ഫലം, മതത്തോടു ബന്ധപ്പെട്ടു നടക്കുന്ന അത്ഭുതം, പ്രവചനം മുതലായവയെസ്സംബന്ധിച്ചുള്ളതാകയാൽ കൂട്ടതലും ചരിത്രപരമാണു്. ഓരോന്നും ഉപരിവിശദമാക്കാം.

1. അഭ്യന്തരലക്ഷണങ്ങൾ

ഇവതന്നെ കുറഞ്ഞതു രണ്ടിനമുണ്ടു്: നിഷേധകവും (negative) സ്ഥാപകവും (positive).

a) നിഷേധകലക്ഷണങ്ങൾ

ഈശ്വരപ്രകാശിതമെന്നു് അവകാശപ്പെടുന്ന ഒരു മതസംഹിത യുക്തിവിരുദ്ധതത്വങ്ങളും പരസ്പരവൈരുദ്ധ്യങ്ങളും അധാർമ്മികപ്രബോധനങ്ങളും ഉൾക്കൊള്ളുന്നതെങ്കിൽ തീർച്ചയായും ദൈവത്തിൽനിന്നുള്ളതായിരിക്കയില്ല. എന്നാൽ, യുക്തിക്കോ സന്മാർഗ്ഗത്തിനോ എതിരായി ഒന്നുമില്ലെങ്കിൽ ആ മതസംഹിത ദൈവത്തിൽനിന്നായിരിക്കാൻ പാടുണ്ടു് എന്ന നിഗമനത്തിലെത്താം. അത്രമാത്രമേ ആകാവുതാനും.

### b) സ്ഥാപകലക്ഷണങ്ങൾ

പരിശോധനയിലിരിക്കുന്ന മതസംഹിത സൂബുദ്ധിക്കും സദാചാരത്തിനും സർവ്വഥാ സമുചിതവും, അതേസമയം, അമാനുഷികമെന്നു തോന്നുമാറ് അത്രയ്ക്ക് ഉന്നതവും ഉത്തമവും പൂർണ്ണവുമാണെങ്കിൽ, വ്യക്തികൾക്കും കുടുംബങ്ങൾക്കും സമുദായങ്ങൾക്കുതന്നെയും ഉപകാരപ്രദവും മനുഷ്യന്റെ സ്ഥായിയായ പ്രവണതകളേയും ന്യായ്യമായ അഭിവാഞ്ഛകളേയും തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തവുമാണെങ്കിൽ, മിക്കവാറും പ്രകൃത്യതീതമെന്നു പരിഗണിക്കാം.

## 2. ബാഹ്യലക്ഷണങ്ങൾ

ഇവയും നിഷേധകങ്ങളെന്നും സ്ഥാപകങ്ങളെന്നും രണ്ടിനമുണ്ട്.

### a) നിഷേധകലക്ഷണങ്ങൾ

പ്രകാശിതമതം മനുഷ്യരുടെയിടയിൽ പ്രഥമതഃ പ്രചരിപ്പിക്കുവാൻ ദൈവത്താൽ നിയുക്തനായവൻ, പ്രവാചകൻ, അധമനും അയോഗ്യനുമെങ്കിൽ പ്രസ്തുത മതം ദൈവികമല്ലെന്നുവേണം വിചാരിക്കുവാൻ. ദൈവത്തിനു ദൗത്യവാഹികളായി ദുഷ്ടന്മാരെ നിയോഗിക്കുക അസാദ്ധ്യമായിട്ടല്ല; എങ്കിലും, അനുചിതമായിട്ടു തോന്നും. ദൈവികവും അഭിനവവുമായ ഒരു മതത്തെ പ്രചരിപ്പിക്കുന്നതിനു സർവ്വനന്മയും സർവ്വജ്ഞാനവുമായ ദൈവം ദുശ്ചരിതരും വഞ്ചകരുമായവരെ തിരഞ്ഞെടുക്കുകയോ! ഇനിയും, ധാർമ്മികമൂല്യങ്ങളെ തരംതാഴ്ത്തുകയോ

ത്തുഞ്ഞെറിയുകയോ ചെയ്യുന്ന ഒരു സിദ്ധാന്തം, പ്രചാരണത്തിനും നിലനില്പിനുംവേണ്ടി വഞ്ചനാപരവും അക്രമപ്രസക്തവുമായ മാർഗ്ഗങ്ങളെ മനഃപൂർവ്വം സ്വീകരിക്കുന്ന ഒരു മതസംഹിത ഈശ്വരപ്രകാശിതമായിരിക്കയില്ലെന്നുതന്നെ പറയാം. എന്നാൽ, അതിൻെറ പ്രവാചകൻ സച്ചരിതനും, ഫലം നല്ലതും, പ്രചാരണമാർഗ്ഗം ഉത്തമവും ആണെങ്കിലോ? അതു ദൈവികമായിരിക്കാം; കുഴപ്പമില്ല.

## b) സ്ഥാപകലക്ഷണങ്ങൾ

പ്രസ്തുതമതപ്രവാചകൻെറ ജീവിതം അന്യാദൃശമാംവിധം വിശുദ്ധവും, ദൗത്യത്തിൻെറ ഫലം വ്യക്തികൾക്കും മാനവവംശത്തിനുതന്നെയും സർവ്വഥാ ശ്ലാഘനീയവും പ്രചാരം, മതാനുയായികളുടെ സ്ഥൈര്യം എന്നിവ അനിതരസാധാരണവുമാണു്; പോരാ, ഇപ്പറഞ്ഞ കാര്യങ്ങൾ പ്രത്യേകദൈവസഹായത്താലല്ലാതെ പ്രകൃത്യനുസൃതകാരണങ്ങളാൽ വ്യാഖ്യാനിക്കുക അസാധ്യമാകത്തക്കവിധം അത്രകണ്ടു വിസ്മയാവഹംകൂടിയാണു് എന്നിരിക്കട്ടെ. അപ്പോൾ, ആ മതം ഈശ്വരപ്രകാശിതമെന്നു വിധിക്കുന്നതിൽ മിക്കവാറും അപായമില്ല.

ഇനിയുമുണ്ടു വേറെ ചില ബാഹ്യസ്ഥാപകലക്ഷണങ്ങൾകൂടി. അവയെക്കുറിച്ചു് പ്രതിപാദിക്കുന്നതിനുമുമ്പ് ഇതുവരെ പറഞ്ഞുവച്ച ലക്ഷണങ്ങളുടെയെല്ലാം ആകെത്തുകക്കും ഏകദേശമായി തിട്ടപ്പെടുത്തുക നന്നായിരിക്കും.

ഇപ്പറഞ്ഞ ലക്ഷണങ്ങളുടെ വിലയിരുത്തൽ

ആദ്യം ആഭ്യന്തരവും ബാഹ്യവുമായ നിഷേധാത്മകലക്ഷണങ്ങൾ എടുക്കാം. ഇവ വളരെ സഹായിക്കും, ദൈവികമെന്നു നടിക്കുന്ന മതത്തിൻെറ ചെമ്പു തെളിയിക്കുവാൻ. പക്ഷേ, ഒരു മതസംഹിത തീർച്ചയായും ദൈവികമാണു് എന്നറിയുന്നതിന്നു് ഇവ അത്രതന്നെ ഉപകരിക്കുകയില്ല. കാരണം, തെററും തിന്മയും കലരാത്ത, അക്രമവും വക്രതയും ഏശാത്ത, ഇടച്ചിലും അനൈക്യവും ഉൾച്ചേരാത്ത ഒരു മതം കരുപ്പിടിക്കാൻ മനുഷ്യനെക്കൊണ്ടാവും.

സ്ഥാപകലക്ഷണങ്ങളാകട്ടെ, വിശിഷ്യ, ബാഹ്യമായവ നിഷേധകങ്ങളെക്കാൾ കാര്യത്തിനു കൂടുതൽ ഉതകുമെന്നു തീർച്ച. ഒരു മതത്തിൻെറ ആന്തരികവും ബാഹ്യവുമായ ലക്ഷണങ്ങൾ പരിശോധിച്ചുപരിശോധിച്ചു് ഒടുക്കം അതു് അതുകണ്ടു് അമാനുഷികമെന്നു ബോധപ്പെട്ടാൽ "അതു ദൈവിക"മെന്ന നിഗമനത്തിൽ എത്തിച്ചേരാം. യുക്തിയുക്തമാണതു്. എന്നാൽ, ഇവിടെ ഒരു ചോദ്യത്തിനവകാശമുണ്ടു്: മനുഷ്യമസ്തിഷ്കത്തിൻെറ പരപ്പും ആഴവും നമുക്കജ്ഞാതമായിരിക്കെ, സാധാരണക്കാർക്കു് അതിസ്വാഭാവികമെന്നു തോന്നുന്ന കാര്യങ്ങൾ വികസിതബുദ്ധികൾക്കു എത്തിപ്പിടിച്ചുകൂടേ? പാടില്ലായ്കയില്ല. അപ്പോൾ, തികച്ചും ദൈവികമായ വേറെ ചില മാനദണ്ഡങ്ങൾ അവശ്യകമാണെന്നു വരുന്നു! വേറെയുമോ?

ആന്തരികവും ബാഹ്യവുമായ ലക്ഷണങ്ങളുടെ വി

ലയിരുത്തൽകൂടി നമുക്ക് ഉടനെ നടത്തുകതന്നെ. യുക്തിവാദികളുടെ അഭിപ്രായം ആന്തരികലക്ഷണം മാത്രമേ ലക്ഷണമെന്നു പറയാവൂ എന്നാണു്. പക്ഷേ, അതു ശരിയല്ല. ഒന്നാമതു്, എല്ലാവർക്കും സാധിക്കുമോ ഓരോ മതത്തിലേയും വിവിധതത്വങ്ങളുടെ സത്യവത്വവും വൈശിഷ്ട്യവും സമഗ്രമായി പരിശോധിച്ചു് അവയെ യുക്തിയുടെ പ്രമാണങ്ങളുമായി ഒത്തുനോക്കാൻ? യുക്ത്യനുശാസനങ്ങളും മതപ്രബോധനങ്ങളും തമ്മിലുള്ള സാരൂപ്യവൈരൂപ്യങ്ങൾ ചിന്തകന്മാർക്കു ഗ്രഹിക്കാൻ കഴിയുമെന്നിരിക്കട്ടെ. എങ്കിൽത്തന്നെ പ്രസ്തുതമതം ദൈവപ്രകാശിതമെന്നു് അസന്ദിഗ്ദ്ധമായി പറയാമോ? സാരൂപ്യത്തിൽനിന്നു് ഒരു മതം ശരിയാണെന്നല്ലാതെ ദൈവികമെന്നു് സിദ്ധിക്കുമോ? രണ്ടാമതു്, ഈശ്വരാവിഷ്കൃതമതത്തിൽ വിശ്വാസരഹസ്യങ്ങളും(mysteries) അതിസ്വാഭാവികസത്യങ്ങളും ഉണ്ടെങ്കിൽ യുക്തിവാദികൾ എങ്ങനെ കണ്ടെത്തും, അവയുടെ യുക്തിയുക്തത? ബാഹ്യലക്ഷണങ്ങൾക്കു ചില ഗുണങ്ങൾകൂടെയുണ്ടു്: ബാഹ്യലക്ഷണങ്ങളുടെ പരിശോധനയാണു ഹ്രസ്വവും സുഗമവും സുരക്ഷിതവുമായ മാർഗ്ഗം; മതസത്യങ്ങൾ ഒററയ്ക്കും ഒന്നിച്ചും പഠിക്കുന്നതിനു വേണ്ടിടത്തോളം യത്നവും വേണ്ടിവരുകയില്ല. തെററുപററുമോ എന്ന ഭയം ഒഴിച്ചുവെക്കുകയും ചെയ്യാം. കൂടാതെ, ആവിഷ്കരണം ഒരു ചരിത്രസംഭവമാകയാൽ, ചരിത്രപരമായ തെളിവുകളല്ലേ—ബാഹ്യലക്ഷണങ്ങൾ എല്ലാംതന്നെ ചരിത്രസംബന്ധിയാണു്—വസ്തുനിഷ്ഠമായ പരിശോധനയ്ക്കു് ഏറെ പര്യാപ്തം? ഇപ്പറഞ്ഞതിൽനിന്നു് ആന്തരിക

ലക്ഷണങ്ങളുടെ വില ഇടിച്ചുകളയുകയാണെന്നു വിചാരിക്കരുത്. മതസത്യങ്ങൾ മൂഢവിശ്വാസങ്ങളെന്നു ഒതററിദ്ധരിച്ചുകൊണ്ടു ചരിത്രപരമായ ബാഹ്യലക്ഷണങ്ങളുടെ സമർത്ഥകശക്തിയെ അവഗണിക്കുന്ന മുൻവിധിക്കാർക്കും, മനുഷ്യപ്രകൃതിയുടെ ന്യായ്യമായ ആവശ്യങ്ങളേയും പ്രവണതകളേയും സംതൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായ മതം ദൈവികമാണെന്ന് ഏതോ നൈസർഗ്ഗികവാസനയാലെന്നതുപോലെ കാണുന്ന വൈകാരികർക്കും താത്വികമായ ആന്തരികലക്ഷണങ്ങൾ വിലയേറിയതാണ്.

ഒരുമതം ഈശ്വരാവിഷ്കൃതമെന്നറിയാൻ ഇപ്പറഞ്ഞ ആന്തരികബാഹ്യലക്ഷണങ്ങൾ മതിയാകുമെങ്കിലും എല്ലാവർക്കും, പണ്ഡിതനും പാമരനും, സുഗമമായും സുവ്യക്തമായും മനസ്സിലാക്കാവുന്ന അനിഷേധ്യമായ തെളിവുകൾ ദൈവം നല്കുക, സത്യമതത്തിന്റെ അതുലപ്രാധാന്യവും അത് ഏതെന്ന് അറിയാനുള്ള അനല്പപ്രയാസവും പരിഗണിക്കുമ്പോൾ, യുക്തവും ആവശ്യകവുമല്ലേ? അതേ. ദൈവപരിപാലന ഇക്കാര്യങ്ങളിൽ പരാജയപ്പെടുകയില്ല. ദൈവികമതത്തിനു ദൈവികമുദ്രകൾ ഉണ്ടായിരിക്കണം. അതിസ്വാഭാവികമായ ഒരു വസ്തുതയെ തെളിയിക്കാൻ സമുചിതങ്ങളായ അതിസ്വാഭാവികവസ്തുതകൾ ഉണ്ടായിരിക്കണം. അവയാണ് അത്ഭുതങ്ങളും പ്രവചനങ്ങളും.

നാലാമദ്ധ്യായം

# അത്ഭുതം

"ഫ്രീഡം ഓഫ് സയൻസ്" എന്ന പ്രശസ്തഗ്രന്ഥത്തിൽ ഒരു കൊച്ചു കല്പിതകഥയുണ്ടു്. പണിക്കുറവു തീൎന്ന നല്ലൊരു കപ്പൽ പുറങ്കടലിൽ ഉടഞ്ഞു താഴ്ന്നു. ശബ്ദം കേട്ടു നാനാഭാഗത്തുനിന്നും മത്സ്യങ്ങൾ ഓടിക്കൂടി. വിസ്മയം! ഒരു പുതിയ പുള്ളി! അവർ ചിന്തയിലാണ്ടു. ഇയാൾ എവിടെനിന്നു വന്നു? എങ്ങനെയുണ്ടായി? വെള്ളത്തിൽനിന്നോ? സാദ്ധ്യമല്ല. സമുദ്രത്തിനടിയിൽ നിന്നു നുഴഞ്ഞു പൊങ്ങിയതോ? ആയിരിക്കയില്ല. പിന്നെങ്ങനെ വന്നു? ഒടുക്കം ഒരു മിടുക്കൻ ക്രോക് ഈ നിഗമനത്തിലെത്തി: "ഇതു നമുക്കദൃശ്യമായ ഒരു പരലോകത്തിൽനിന്നു വന്നതാകാനേ തരമുള്ളു." നിഗമനം യുക്തിപൂൎവ്വമെന്നു് എല്ലാവർക്കും തോന്നി. "ഏയ്, അബദ്ധം"–ഒരു കടലാന എതിൎത്തു: "ഇത്തരമൊരു വ്യാഖ്യാനത്തിലെത്തിച്ചേരുക നാം അവലംബിച്ചിരിക്കുന്ന ശാസ്ത്രീയനിലപാടിനു തികച്ചും വിരുദ്ധമാണു്. വെള്ളവും ചെളിയുമല്ലാതൊന്നുമില്ല എന്ന അടിസ്ഥാനതത്വത്തിനെതിരാകയാൽ മി. ക്രോകിൻെറ അഭിപ്രായം തികച്ചും അശാസ്ത്രീയവും അന്ധവിശ്വാസപരവുമായി തരംതാഴുന്നു. മത്സ്യസഖാക്കളേ, അത്തരമൊരു ലോകം, ഉപരിമണ്ഡലം സ്ഥിതി ചെയ്യുന്നില്ല". കേട്ടുനിന്നവർ അമ്പരന്നുപോയി. അവൎക്കൊന്നും മനസ്സിലായില്ല. അരിക

ത്തുടെ പോയ ഒരു ഇരയുടെ പുറകേ ആ യുക്തിവാദി വാല്യവളച്ചു തുഴഞ്ഞു് ആഴത്തിലേക്കു പാഞ്ഞു.

ഈ കടലാനയെപ്പോലെ, ശാസ്ത്രത്തിൻെറ പേരിൽ പ്രകൃത്യതീതസംഭവങ്ങളെ അപ്പാടേ നിഷേധിക്കുന്ന തലച്ചോറുകളുണ്ട്. ബാറുക് സ്പിനോസാ (Baruch Spinosa), എഫ്രേം ലെസിങ്ങ് (Ephrem Lesing) റെനാൻ (Renan), തോമസ് ഹോബസ് (Thomas Hobbes), ലോയിസി (Loisy), കാൻറ് (Kant), ഡേവിഡ് ഹ്യൂം (David Hume) മുതലായവർ അത്തരക്കാരാണു്. പാവങ്ങൾ! ശാസ്ത്രഭക്തിയല്ല ഈ നിഷേധത്തിനു കാരണം. പ്രത്യുത, ഭയം! അത്ഭുതം പ്രകൃത്യതീതമെന്നു സമ്മതിച്ചാൽ ഒരു പ്രകൃത്യതീതമണ്ഡലത്തെ—ശക്തിയെ—അഭിമുഖീകരിക്കേണ്ടിവരുമല്ലോ എന്ന ഭയം! അവനവൻെറ ആഗ്രഹത്തിനൊത്തു ഫിലോസഫി കരുപ്പിടിച്ചാൽ ഇങ്ങനെയിരിക്കും കലാശം.

പ്രകൃത്യതീതങ്ങളെയെല്ലാം അവജ്ഞയോടേ അവഗണിക്കുക "ശാസ്ത്രീയ"മായിത്തീർന്നിരിക്കുകയാൽ, തികച്ചും പ്രകൃത്യതീതമായ അത്ഭുതത്തെക്കുറിച്ചു നമുക്കല്പം വിസ്തരിച്ചുതന്നെ ചർച്ചചെയ്യാം. അവിശ്വസിക്കുന്ന ലോകത്തിനു സ്രഷ്ടാവിങ്കലേക്കു തിരിയാൻ ഒരുവേള അതു സഹായകമായെന്നു വരാം.

## എന്താണു് അത്ഭുതം?

17-ാം നൂററാണ്ടിൻെറ പകുതിക്കിപ്പുറം അത്ഭുതത്തെപ്പോലെ ഇത്രയേറെ തെററിദ്ധരിക്കപ്പെട്ട ഒരു പദം ഉണ്ടായിട്ടില്ല. വിസ്മയം ജനിപ്പിക്കുന്നതേതും അത്ഭു

തമെന്നാണു സാധാരണവഴ്ക്ക്. "ഇത്ര ചെറിയ വെടിക്കുഴലിൽനിന്ന് ഇത്രയേറെ വാണവും പൂവുമോ?" ഇതല്ല അത്ഭുതം. ഭാവന രചിക്കുന്ന കടങ്കഥയുമല്ല അത്ഭുതം. "ഒരാന പറന്നുവന്നു പറഞ്ഞു നീ തൊടുന്നതെല്ലാം പൊന്ന്!" കേവലം യാദൃച്ഛികസംഭവമല്ല: "ഒരടികൂടി വെച്ചിരുന്നെങ്കിൽ തലയിൽ വീഴണമെന്നേ തേങ്ങ!" അജ്ഞന്മാർ അതിസ്വാഭാവികമെന്ന് വിശ്വസിക്കുന്ന സ്വാഭാവികസംഭവവുമല്ല: "സൂര്യഗ്രഹണം!" ഇവയൊന്നുമല്ല നാം വിവക്ഷിക്കുന്ന അത്ഭുതം. പ്രത്യുത, "പ്രകൃതിനിയമങ്ങൾക്കതീതമായി മതാത്മകമായ ഒരുദ്ദേശ്യത്തെ മുൻനിറുത്തി ദൈവം ചെയ്യുന്ന ഇന്ദ്രിയഗോചരമായ കാര്യം." ഈ നിർവ്വചനത്തിലെ ഘടകങ്ങൾ എല്ലാം ഒത്തിണങ്ങാത്ത വിസ്മയജനകസംഭവങ്ങൾ ഉണ്ടാകാം. പക്ഷേ, അവയെ നിഷ്കൃഷ്ടാർത്ഥത്തിൽ അത്ഭുതങ്ങളായി നമുക്കു കണക്കാക്കേണ്ടാ.

## അത്ഭുതം സംഭവ്യമോ?

പ്രകൃത്യതീതകാരണത്തിന്റെ പരിണതകാര്യമായ അത്ഭുതം പ്രകൃതിയുടെ അഭേദ്യമായ പരസ്പരബന്ധത്തെ തടസ്സപ്പെടുത്തുന്നു. അത്തരമൊരു തടസ്സപ്പെടുത്തൽ (interruption) സാദ്ധ്യമല്ല. ആകയാൽ, അത്ഭുതം സംഭവ്യമല്ല—ബാറുക്ക് സ്പിനോസാ വാദിച്ചു. പുറകേ വന്ന യുക്തിവാദികൾ അതാവർത്തിച്ചു. പ്രകൃതിനിയമങ്ങളുടെ പരസ്പരബന്ധം അഭേദ്യമാണോ? അത്ഭുതം അതിനെ ഭംഗപ്പെടുത്തുന്നുണ്ടോ? അത്ഭുതം പ്രവർത്തിപ്പാൻ ദൈവത്തിനു കഴിവില്ലേ? അത്ഭുതം നടക്കുന്നതുകൊണ്ടു

പ്രകൃതിക്കു വല്ല തകരാറും ഭവിക്കുന്നുണ്ടോ? ഉത്തരമില്ല. ഇവയെപ്പററി ചിന്തിക്കുവാൻ അവർ മിനക്കെടുകയില്ല. അവർ യുക്തിവാദികളല്ലേ? അവർ പറയുന്നതെന്തും കണ്ണടച്ചു വിശ്വസിച്ചുകൊള്ളൂ, 'അന്ധവിശ്വാസി' യാകാതിരിക്കണമെങ്കിൽ!

അത്ഭുതം സംഭവ്യമോ? അതേ. തെളിയിക്കാം. പക്ഷെ, ആദ്യം ഒരു ചോദ്യം: പ്രപഞ്ചാധിനാഥനായ ഒരു പുരുഷാത്മകദൈവത്തിൻെറ അസ്തിത്വം സമ്മതിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ തെളിയിക്കൽ എളുപ്പമാണു്. നാം കണ്ട അത്ഭുതമെന്നാൽ ദൈവം ചെയ്യുന്ന പ്രകൃത്യതീതമായ കാര്യമാണെന്നു്. അത്ഭുതം സംഭവ്യമാണു്, അതു പ്രവൎത്തിക്കുന്നതുകൊണ്ടു ദൈവലക്ഷണങ്ങൾക്കോ പ്രകൃതിഗതിക്കോ ന്യൂനതയൊന്നും വരാനില്ലെങ്കിൽ; ഇരുഭാഗത്തും അസംഗതമായിട്ടൊന്നുമില്ലെങ്കിൽ.

ദൈവത്തിന്നു് അത്ഭുതം പ്രവൎത്തിക്കുവാൻ കഴിയുമോ? പാഷണ്ഡിയായ റൂസ്സോ പറയുന്നു: "അത്തരമൊരു ചോദ്യം പരമാബദ്ധമല്ലെങ്കിൽ പരാപരനിന്ദനമാണു്. നിഷേധരൂപത്തിൽ അതിന്നുത്തരം പറയുന്നവനെ ശിക്ഷിക്കുക അയാളെ വളരെയേറെ ബഹുമാനിക്കുകയായിരിക്കും." കേന്ദ്രാകർഷണനിയമം നിലനില്ക്കെത്തന്നെ അതിന്നെതിരായി, മററുശക്തി ഇടയ്ക്കുകയറി പ്രവൎത്തിച്ചുകൊണ്ടു്, മനുഷ്യന്നു് ഒരു കല്ലെറിഞ്ഞുയൎത്താമെങ്കിൽ, മേഘമാർഗ്ഗത്തിലൂടെ പറന്നുല്ലസിക്കാമെങ്കിൽ, പ്രകൃതിനാഥന്നു് ഇതരശക്തികളെയോ യന്ത്രസഹായത്തെയോ ആശ്രയിക്കാതെതന്നെ, തക്കകാരണത്തോടുകൂടെ അവശ്യംഭവമല്ലാത്ത പ്രകൃതിവ്യാപാരങ്ങ

ളിൽ കടന്നു പ്രവർത്തിക്കാൻ സാധിക്കയില്ലെന്നോ! സൃഷ്ടിയോ സംരക്ഷണമോ നിമിത്തം ക്ഷയം ഭവിക്കാത്ത, പ്രകൃതിശക്തികളാൽ അതിരിട്ടു നിറുത്തപ്പെടാത്ത, അമേയശക്തിയല്ലേ അവിടുന്നു്? അദ്ഭുതം അവിടുത്തെ സനാതനനിശ്ചയങ്ങളെ മാററിമറിക്കുന്നുവെന്നും ഭയപ്പെടാനില്ല. നിയമങ്ങളും അപവാദങ്ങളും, ഭൂതവും ഭാവിയുമെല്ലാം, ഒരു നിത്യവർത്തമാനത്തിലെന്നതുപോലെ ആദിയിലേ മുൻകണ്ട അനന്തജ്ഞാനമല്ലേ അവിടുന്നു്?

അദ്ഭുതം നിമിത്തം പ്രകൃതിയുടെ നിയതഗതിക്കും ന്യൂനതയോ ഭംഗമോ വരുന്നില്ല. പ്രകൃതിഗതിക്കു കോട്ടംതട്ടിക്കാതെ അതിന്നതീതമായി ചില ഫലങ്ങൾ പുറപ്പെടുവിക്കാൻ ദൈവത്തിനു പററും. വിധാതാവിനു വിധേയമായിരിക്കുക പ്രകൃതിക്കും അനുചിതമല്ല. വിശദമാക്കാം. പ്രകൃതി അവശ്യംഭവമല്ല. അതു് ഉണ്ടാകാതിരിക്കുകയോ മററുവിധത്തിലായിരിക്കുകയോ ആവാമായിരുന്നു. സർവ്വസ്വാതന്ത്ര്യനായ സർവ്വശക്തൻ ഇന്നത്തെ സ്ഥിതിയിൽ പ്രകൃതിഗതിയെ നിർണ്ണയിക്കുന്നതിനു നിർബ്ബദ്ധനായിരുന്നില്ല. ഭൂമിക്കു സൂര്യനിൽനിന്നുള്ള അകലം, അതിന്റെ വ്യാസം, ഭ്രമണവേഗം ഇവ ഇപ്പോഴുള്ളതിൽനിന്നു വളരെക്കൂടുതലായിരുന്നെന്നു കരുതുക. അപ്പോൾ ദിനരാത്രങ്ങളും കാലാവസ്ഥയും വ്യത്യസ്തമാകുമായിരുന്നു. പദാർത്ഥങ്ങളുടെ അളവും കനവും വിഭിന്നമാകുമായിരുന്നു. മനുഷ്യനു പറക്കാനോ മലകളെ മറിക്കാനോ എളുപ്പമായെന്നും വന്നേനെ. ആവക കാര്യങ്ങൾ ഇന്നത്തെ നിലയിൽ അദ്ഭുതങ്ങളായിരിക്കുകയില്ലേ? ദൈവത്തേയും പ്രകൃതിയേയും സംബന്ധിച്ചു നോക്കു

മ്പോൾ സ്വാഭാവികങ്ങളും? എന്നാൽ, ഇന്നത്തേ സ്ഥിതിയിൽ പ്രകൃതിയെ ക്രമപ്പെടുത്തുവാൻ ദൈവം ഇച്ഛിച്ചു. അതു് എന്നും അവിടുത്തേക്കധീനമാണു്. അവിടുന്നു തിരുവുള്ളമാകുന്നതുപോലെ അതു വൎത്തിക്കും. അങ്ങനെ പ്രകൃതിയുടെ വിധേയശക്തി(Potentia obedientialis) ക്കനുസരിച്ചു ദൈവം പ്രവൎത്തിക്കുമ്പോൾ പ്രകൃതിനിയമത്തെ ഉല്ലംഘിക്കുന്നില്ല. പ്രത്യുത, നിശ്ചിതകാര്യങ്ങളിൽ പ്രത്യേക(particular)നിയമങ്ങളുടെ ഫലം ഉണ്ടാകരുതെന്നോ മററുവിധമായിരിക്കട്ടെ എന്നോ ദൈവം ഇച്ഛിക്കുന്നു; നമ്മുടെ മനസ്സിനൊത്തു കൈ വഴങ്ങുന്നതുപോലെ, ദൈവേച്ഛയ്ക്കൊത്തു പ്രകൃതി വഴങ്ങുന്നു — അത്രേയുള്ളു. കല്ലു് ആകാശത്തിന്നെതിരേ ഉയരുമ്പോഴും കേന്ദ്രാകർഷണനിയമം (Law of Gravitation) അപ്പാടേ ലംഘിക്കപ്പെടുന്നുണ്ടോ? ഇല്ല. പ്രകൃതിഗതിയും നിയമങ്ങളും ഉടവോ ഊനമോ കൂടാതെ അപ്പോഴും നിലനില്ക്കുന്നു.

അത്ഭുതം ചെയ്വാൻ ഈശ്വരനു കഴിവുണ്ടു്. അത്ഭുതംനിമിത്തം പ്രകൃതിനിയമങ്ങൾ ലംഘിക്കപ്പെടുന്നില്ല. ഈശ്വരനെസ്സംബന്ധിച്ചും പ്രകൃതിയെസ്സംബന്ധിച്ചും അനുചിതമായിട്ടൊന്നുമില്ല ആകയാൽ അത്ഭുതം സംഭവ്യമാണു്.

## അത്ഭുതം സംശയരഹിതമാംവിധം ഗ്രാഹ്യമാണു്,

### ചരിത്രപരമായും താത്വികമായും

ചിലരുണ്ടു്, ആവനാഴിയൊഴിയുമ്പോൾ വില്ലൊടിച്ചെറിയുന്ന ചിലർ. അത്ഭുതം സംഭവ്യമെന്നു ഗത്യന്ത

രമില്ലായ്കയാൽ അവർ സമ്മതിക്കും; പക്ഷേ, യഥാർത്ഥത്തിൽ സംഭവിച്ചിട്ടുണ്ടെന്നറിയുക അസാധ്യമെന്നു ശഠിക്കും. റൂസ്സോയും വോൾട്ടയറും ഡേവിഡ്ഹ്യൂമും സ്ട്രൗസും റെനാനും ഡീൻ ഇഞ്ജ്ഉം (Dean Inge) ഹാൽഡെയിനും (J. S. Haldane) ഇങ്ങനെ ശഠിക്കുന്നവരാണ്. ഒന്നുകിൽ അത്ഭുതത്തിന്റെ ചരിത്രയാഥാർത്ഥ്യം അല്ലെങ്കിൽ താത്വികയാഥാർത്ഥ്യം (അതിസ്വാഭാവികത) അറിയുക ഒരിക്കലും നടപ്പില്ല! യുഗാന്തരങ്ങളിലെ മനുഷ്യരാശിയുടെ അനുഭവസാക്ഷ്യത്തിനെതിരായി ഒരത്ഭുതം നടന്നെന്ന് അസന്ദിഗ്ധമായി അറിയുകയോ!

## i) അത്ഭുതം ചരിത്രപരമായി ഗ്രാഹ്യമാണ്

നാം കണ്ടുകഴിഞ്ഞു അത്ഭുതമെന്നാൽ പ്രകൃതിഗതിക്കതീതമായി ദൈവം നടത്തുന്ന ഇന്ദ്രിയഗോചരസംഭവമെന്ന്. ഇന്ദ്രിയഗോചരസംഭവം—എന്താണതിന്റെ അർത്ഥം? കണ്ണു ചെവിതുടങ്ങിയ ബാഹ്യേന്ദ്രിയങ്ങളാൽ ഗ്രഹിക്കാവുന്ന ഒരു വസ്തുനിഷ്ഠയാഥാർത്ഥ്യം—ചരിത്രവസ്തുത. ആ അത്ഭുതവസ്തുത മറേറതൊരു ചരിത്രവസ്തുതയേയുംപോലെ കണ്ടോ കേട്ടോ ഗ്രഹിക്കാവുന്നതാണ്, നമ്മുടെ സാന്നിദ്ധ്യത്തിലാണു സംഭവിക്കുന്നതെങ്കിൽ. അന്യൂനമായിരിക്കണം ഇന്ദ്രിയങ്ങൾ; ശ്രദ്ധാപൂർവ്വമായിരിക്കണം നിരീക്ഷണം—അത്രയേ വേണ്ടൂ. നമ്മുടെ സാന്നിദ്ധ്യത്തിലല്ല, പണ്ടൊരു കാലത്തോ വേറൊരു ദേശത്തോ സംഭവിച്ചതാണെങ്കിലും നമുക്കു ഗ്രഹിക്കാം അതിന്റെ യാഥാർത്ഥ്യം, പരമ്പരാഗതമായിട്ട്. ദൃക്സാക്ഷികൾ അറിവും ആത്മാർത്ഥനയുമുള്ളവരായിരുന്നാൽമതി. ഒരു

വൻ നിർജ്ജീവനെന്ന് ഏതുവിധം നാം ഗ്രഹിക്കുന്നുവോ അതേവിധം, ഒരത്ഭുതംനിമിത്തം പുനർജ്ജീവിക്കുന്നെങ്കിൽ, അവൻ ഇനിമേൽ സജീവനെന്നു ഗ്രഹിക്കുവാനും കഴിയും. അപ്പോൾ, സ്വാഭാവികസംഭവത്തിൻെറ വാസ്തവികത—ചരിത്രപരത—അറിയുവാൻ ഇന്ദ്രിയപരമോ പരമ്പരാഗതമോ ആയ സാക്ഷ്യം മതിയെങ്കിൽ അതിസ്വാഭാവികസംഭവത്തിൻെറ (ഒരു സംഭവം അത്ഭുതാവഹമെന്നുവച്ചു സംഭവമാകാതിരിക്കുന്നില്ലല്ലോ) ചാരിത്രകത അറിയാനും അവ മതിയെന്നു സിദ്ധിക്കുന്നു; പ്രത്യേകിച്ച്, അത്ഭുതം കൂടുതൽ ശ്രദ്ധയർഹിക്കുന്ന അസാധാരണകാര്യമായിരിക്കെ. മറിച്ചനുമിക്കുക അശാസ്ത്രീയമാണ്.

### ii) അത്ഭുതം താത്വികമായും ഗ്രാഹ്യമാണ്.

അത്ഭുതത്തിൻെറ കർത്താവ് ഈശ്വരൻതന്നെയാണ്, അശുദ്ധാരൂപിയോ അജ്ഞാതമായ പ്രകൃതിശക്തിയോ അല്ല എന്ന് ഒരിക്കലും ഉറപ്പായി അറിയുവാനാവില്ല എന്ന പ്രതിയോഗികളുടെ വാദം യുക്തിയുക്തമോ? എല്ലാ അത്ഭുതങ്ങളുടേയും അതിസ്വാഭാവികത അറിയുക എളുപ്പമല്ല; സമ്മതിച്ചു. എന്നാൽ, ഒന്നിൻേറയും അറിയുവാൻ വയ്യെന്നു വിധിച്ചാലോ! ഹേതുവും ഫലവുംതമ്മിൽ, ഉപകരണവും ഉൽപന്നവും(effect) തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്തപക്ഷം, അത്ഭുതം അമാനുഷികമായിരിക്കും. ഉദാഹരണത്തിന്, മരിച്ചിട്ടു മൂന്നുനാലു ദിവസമായ ഒരുവനെ അപരൻെറ ആജ്ഞ പുനർജ്ജീവിപ്പിക്കുക! ഒരിക്കലെല്ലം തുപ്പൽപുരട്ടി

ജാത്യന്ധത മാററുക! ഇതിൻെറയൊക്കെ പിന്നിൽ പ്രകൃതിയുടെ നിഗൂഢശക്തി പ്രവർത്തിക്കുന്നുണ്ടെന്നോ മറേറാ 'മുട്ടാപ്പോക്കു' പറയുക യുക്തിഹീനമായിരിക്കും. ഇന്ന കാര്യത്തിൽ, ഇന്ന സാഹചര്യത്തിൽ പ്രകൃതിക്ക് ഇത്രമാത്രമേ സാധിക്കൂ എന്ന് അനുഭവജ്ഞാനംകൊണ്ടു മനസ്സിലാക്കാം. മുൻപറഞ്ഞ ഉദാഹരണങ്ങൾതന്നെ എടുക്കുക. ഒരുവൻെറ ആജ്ഞയുടെ ശക്തിയും വ്യാപ്തിയും വളരെ വലുതായിരിക്കാം. പക്ഷേ, ജീർണ്ണാവസ്ഥയിൽനിന്നു ജീവാവസ്ഥയിലേക്ക് ഒരുവനെ ഉയർത്തുമാറൊരു ശക്തി അതിനുണ്ടായിരിക്കയില്ലെന്ന് ആരാണു സംശയിക്കുക? ഉമിനീരിൻെറ ആരോഗ്യദായകത്വം കുറച്ചല്ലെന്നു നമുക്കറിയാം. പക്ഷേ, ജാത്യന്ധത ഞൊടിയിടയിൽ നീക്കുവാനൊരു ശക്തി അതിനില്ലെന്നും അതേസമയം അറിഞ്ഞുകൂടേ?

'അത്ഭുതത്തിൻെറ പിന്നിൽ പിശാചായിരിക്കും ചരടു വലിക്കുന്നത്?' ചിലപ്പോൾ നമുക്കു കളിപ്പു പറ്റിയേക്കാം. അശുദ്ധാത്മാവിക്കു തൻെറ അമാനുഷിക ശക്തിയുപയോഗിച്ചു ചില 'ഇമിറേറഷൻ' അത്ഭുതങ്ങൾ നടത്തി നമ്മെ വഞ്ചിക്കാൻ തരപ്പെട്ടെന്നു വരും. എന്നു വച്ച്, 'എല്ലാ രൂപയും കള്ളരൂപയെന്നു' പറയാമോ? സംഭവത്തിൻെറ സ്വഭാവം, സാഹചര്യങ്ങൾ, ലക്ഷ്യം, അതിനോടു ബന്ധപ്പെട്ട ആളുകളുടെ നടത്ത, അതുണ്ടായവിധം ഇവയെല്ലാം നോക്കി പൈശാചിക വിക്രിയകളിൽനിന്നു ദൈവികാത്ഭുതങ്ങളെ വേർതിരിച്ചറിയുവാൻ തീർച്ചയായും പററും. പോരെങ്കിൽ, പരമാന്ത്യത്തെ സ്പർശിക്കുന്ന സംഗതികളിൽ മനുഷ്യർ പ

രിമിതശക്തിയായ പിശാചിനാൽ വഞ്ചിക്കപ്പെടുവാൻ ദൈവപരിപാലന അനുവദിക്കുകയുമില്ല.

ഇവയിൽനിന്നെല്ലാം ഇത്രയേ ധരിക്കേണ്ടതുള്ളു. വിസ്മയം ജനിപ്പിക്കുന്ന ഏതു കാര്യവും അത്ഭുതമെന്നു കണ്ണുംപൂട്ടി വിശ്വസിക്കരുത്. അത്ഭുതങ്ങളേതും അജ്ഞേയമെന്നു ശഠിക്കുകയുമരുത്. ചിലതെങ്കിലും ഗ്രാഹ്യമാണ്, ചാരിത്രികമായും താത്വികമായും.

അത്ഭുതത്തിൻെറ സ്ഥാപകശക്തി

ഇത്രയും പ്രതിപാദിച്ചതിൽനിന്നു വ്യക്തമായി, സൃഷ്ടിനാഥനായ ദൈവത്തിനു മാത്രമേ യഥാർത്ഥാത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കയുള്ളു എന്ന്. അപ്പോൾ, ഒരു വ്യക്തിയുടെയോ പ്രബോധനത്തിൻെറയോ ദൈവികത്വത്തെ പ്രസ്പഷ്ടമാക്കുവാൻ ദൈവം അത്ഭുതങ്ങൾ ചെയ്യുന്നുവെങ്കിൽ ആ വ്യക്തി ദൈവികനെന്ന്, ആ പ്രബോധനം ദൈവികമെന്ന് ഉടൻ സിദ്ധിക്കുന്നു. സത്യവും നന്മയുമായിരിക്കുന്ന ദൈവം തനിക്കു യോഗ്യമല്ലാത്തവയിൽ, അധമവും അബദ്ധജടിലവുമായ വസ്തുതകളിൽ, സ്വകീയമുദ്ര പതിക്കുകയില്ല. അതിനാൽ, അത്ഭുതങ്ങളുടെ അടയാളമുദ്രകളുള്ള മതം തീർച്ചയായും എന്നും എവിടേയും ദൈവികമായിരിക്കണം; ആവിഷ്കൃതമായിരിക്കണം.

# അത്ഭുതം-എതിർവാദങ്ങൾ

i) അത്ഭുതം പ്രവൎത്തിക്കുക ദൈവത്തിൻെമ മാററമില്ലായ്മക്കും (Immutability) അനന്തവിജ്ഞാനത്തിനും (Wisdom) എതിരാണെന്നു പ്ലെയ്ഡെറർ (Pleiderer) സ്പിനോസാ (Spinoza) മുതലായവർ വാദിക്കുന്നു. താൻ നിൎണ്ണയിച്ച പ്രകൃതിഗതിയെ ചിലപ്പോൾ ദൃഢമാക്കിയും മററുചിലപ്പോൾ ശിഥിലമാക്കിയും പ്രവൎത്തിക്കുക ദൈവത്തിൻെറ മാററമില്ലായ്മയ്ക്കു് എതിരാണു്; നിയതമായ പ്രകൃതിയെ അനിഷ്ടം തോന്നിയിട്ടോ ഉദ്ദേശ്യരഹിതമായോ തിരുത്തുക അനന്തവിജ്ഞാനത്തിനും!

അത്ഭുതം ദൈവത്തിൻെറ മാററമില്ലായ്മക്കെതിരല്ല. അവിടുന്നു പ്രകൃതിക്കു് ഇന്നവിധത്തിലൊരു ഗതി നല്കണമെന്നു നിശ്ചയിച്ച അതേ നിശ്ചയത്താൽ അതിന്നതീതമായി ചിലപ്പോൾ അത്ഭുതം പ്രവൎത്തിക്കണമെന്നും നിശ്ചയിച്ചു. പ്രകാരാന്തരേണ പറയുന്നതായാൽ, സമയത്തു ചെയ്യുവാനിരുന്നതേതും ദൈവം അനാദിയിലേ ഉദ്ദർശിച്ചിരുന്നു. സെൻതോമസ് മറെറാരുവിധത്തിലും വ്യാഖ്യാനം നല്കുന്നുണ്ടു്: മനസ്സുമാററം ഒന്നു്; ചില സംഗതികളെ മാററുവാൻ മനസ്സാവുക മറെറാന്നു്. ഇപ്പോൾ ഇവ്വിധമായിരിക്കട്ടെയെന്നും പിന്നീടു്

അവ്വിധം സംഭവിക്കട്ടെയെന്നും ഒരിക്കലും മാററമില്ലാത്ത അതേമനസ്സുകൊണ്ടു മനസ്സാകാം.

അത്ഭുതം ദൈവത്തിൻെറ അനന്തവിജ്ഞാനത്തിനും എതിരല്ല. ദൈവം അത്ഭുതം പ്രവത്തിക്കുന്നതു് അബദ്ധങ്ങൾ തിരുത്താനല്ല. പ്രത്യുത, പ്രകൃതിക്കു ദുസ്സാധമായ ചില ഉൽകൃഷ്ടോദ്ദേശ്യങ്ങൾ, ചില ധാർമ്മികലക്ഷ്യങ്ങളെ മുൻനിത്തിക്കൊണ്ടു്, സാധിക്കുന്നതിനുവേണ്ടിയാണു്; അതേ, തന്നേയും തൻെറ വെളിപാടുകളേയും മനുഷ്യർ കൂടുതൽ അറിയാനും സ്നേഹിക്കാനുംവേണ്ടിത്തന്നെ. അതിന്നു് അത്ഭുതത്തെക്കാൾ പററിയൊരു മാർഗ്ഗം വേറെന്തുള്ളു? ഈ മാർഗ്ഗം തിരഞ്ഞെടുക്കുന്നതുകൊണ്ടു ദൈവം തൻെറ വിജ്ഞാനവായ്പു നിതരാം വെളിപ്പെടുത്തുകയാണു ചെയ്യുന്നതു്.

ii) പ്രകൃതിനിയമങ്ങൾ തികച്ചും (absolutely) അവശ്യവും അന്യൂനവും അലംഘനീയവുമാണെന്നാത്രേ യുക്തിവാദികൾ പലരും ഉരുക്കഴിക്കുന്ന വിശ്വാസപ്രമാണം. "ഒരിക്കലും തടസ്സപ്പെടാൻവയ്യാത്ത കാരണകാര്യശ്രൃംഖലയാൽ പരസ്പരം ബന്ധിക്കപ്പെട്ടവയാണു് ഉള്ളവയെല്ലാം"—ഡേവിഡ് സ്ട്രോസ്. "പ്രകൃതിയുടെ അലംഘനീയമായ ഐകരൂപ്യത്തിനു വിഘാതമെന്ന നിലയ്ക്കു് അത്ഭുതം അസംഭവ്യമാണു്"—ഹണ്ണാക്ക്.

എന്താണീ പ്രകൃതിനിയമം? ഏതിനൊപ്പിച്ചു് എല്ലാം അവശ്യം ക്രമപ്പെടുത്തപ്പെട്ടുവോ ആ അമേയവും സ്വയംഭൂവും അനാദിയുമായ വല്ലതുമോ? അല്ല. ഭൗതികവാദിയായ മൊളെഷോട്ട് (Moleschott) പോലും സമ്മ

തിക്കുന്നു അല്ലെന്നു്: "അനേകായിരം വസ്തുക്കളുടെ പരസ്പരൈക്യത്തിനു നല്കുന്ന ഏററം സംക്ഷിപ്തവും സാമാന്യവുമായ സംജ്ഞയാകുന്നു (most concise and general expression) പ്രകൃതിനിയമം. അതിനു ചരിത്രപരമായ വിലയേ ഉള്ളു . . . വസ്തുക്കളുണ്ടാകുന്നതിനു മുമ്പു നിയമം ഉണ്ടായിരുന്നില്ല. വസ്തുക്കളിലാണു് അതു കണ്ടെത്തിയതു്." എന്നു പറഞ്ഞാൽ, പ്രകൃതിനിയമങ്ങൾ പരിചയത്തിൽനിന്നറിയുന്നതാണു്. ഘനപദാർത്ഥങ്ങൾ വെള്ളത്തിലിട്ടാൽ താഴുന്നു; ആകാശത്തിലേക്കെറിഞ്ഞാൽ വീഴുന്നു . . . വെള്ളം നൂറു ഡിഗ്രി ചൂടാകുമ്പോൾ തിളയ്ക്കുന്നു . . . ഇത്തരം നിത്യാനുഭവങ്ങളിൽനിന്നു കേന്ദ്രാകർഷണനിയമം തുടങ്ങി ഓരോന്നു മനുഷ്യൻ കണ്ടുപിടിക്കുന്നു. ഈ നിയമങ്ങൾക്കു് അനുഭവത്തിൻെറ വിലയേയുള്ളു. വസ്തുക്കൾ എങ്ങനെയോ അങ്ങനെയായിരിക്കും നിയമങ്ങൾ. മറിച്ചല്ല. ഘനപദാർത്ഥങ്ങൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുക, വെള്ളം ഇരുനൂറു ഡിഗ്രിയിൽ തിളയ്ക്കുക ഇവ സംഭവ്യമായിരിക്കാം; ആന്തരികവൈരുദ്ധ്യമില്ല—മുഴുവനെക്കാൾ വലുതാണു് അംശം എന്നതിൽ ഉള്ളതുപോലെ. വിവക്ഷയിതാണു്: പ്രകൃതിനിയമങ്ങൾ തികച്ചും അവശ്യമോ അലംഘനീയമോ അല്ല. അവ പ്രകൃതിനാഥൻെറ സ്വതന്ത്രമനസ്സിനെ ആശ്രയിച്ചുണ്ടായി; ആശ്രയിച്ചു നില്ക്കുന്നു.

എന്നുവച്ചു്, നിലവിലുള്ള നിയമങ്ങൾക്കു് ഉറപ്പും വിലയുമില്ലെന്നു തെററിദ്ധരിക്കരുതു്. മറിച്ചാണു്. അതുകൊണ്ടുതന്നെയാണു പ്രകൃതിനിയമങ്ങൾക്കതീതമായി അത്ഭുതം സംഭവിക്കുമ്പോൾ, കാരണം പ്രകൃതിയിൽ

ത്തേടാതെ ദൈവത്തിലന്വേഷിക്കുന്നതു്. അത്ഭുതം നടക്കുമ്പോഴും നിയമം നിയമമായിത്തന്നെ നിലകൊള്ളുന്നു.

iii) ദൈവത്തിനു താൻ നിർമ്മിച്ച പ്രപഞ്ചനിയമങ്ങൾക്കതീതമായി പ്രവർത്തിക്കാമെങ്കിൽ ധാർമ്മികനിയമങ്ങൾക്കതീതമായും പ്രവർത്തിക്കാമെന്നു സമ്മതിക്കേണ്ടിവരും. ലിപ്സിയസ് ചോദിക്കുന്നു: "അപ്പോൾ ദൈവത്തിനു വഞ്ചനചെയ്യാനോ കള്ളംപറയാനോ സാധ്യമല്ലേ? ധാർമ്മികനിയമങ്ങളും അവിടുന്നു സ്ഥാപിച്ചതല്ലേ?"

വിചിത്രതരമായ താരതമ്യം! പ്രാപഞ്ചികവും ധാർമ്മികവും എന്ന രണ്ടു മണ്ഡലങ്ങൾ തമ്മിൽ ധ്രുവധ്രുവാന്തരമുണ്ടെന്നു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്. ദൈവം പ്രാപഞ്ചികനിയമങ്ങൾക്കതീതമായി പ്രവർത്തിക്കുന്നതു് അവ തന്നാൽ നിർമ്മിതമായതുകൊണ്ടല്ല; പ്രത്യുത, തന്നാൽ സ്വതന്ത്രമായി നിർമ്മിതമായതുകൊണ്ടാണു്. ധാർമ്മികനിയമങ്ങളാകട്ടെ, സ്വതന്ത്രമായിട്ടല്ല, അവശ്യമായിട്ടു നിർമ്മിക്കപ്പെട്ടു. അവ അവിടുത്തെ ധാർമ്മികലക്ഷണങ്ങളിൽനിന്നു് അവശ്യം ഭവിച്ചവയാണു്. പ്രപഞ്ചം ഇല്ലെങ്കിലും അവ എന്നും നിലകൊള്ളും, അലംഘനീയമായി. അവയെ അവഗണിക്കുക നന്മയും ജ്ഞാനവുമായിരിക്കുന്ന ദൈവത്തിന്റെ സത്തയ്ക്കനുഗുണമല്ല.

iv) അത്ഭുതത്തെ അജ്ഞത എന്നു പരിഭാഷപ്പെടുത്തിയതിനുശേഷം സർവ്വദേവതാവാദിയായ ആ ഡച്ചുകാരൻ സ്പിനോസാ തുടരുന്നു: "പ്രകൃതിശക്തിയുടെ വ്യാ

പ്തിയേതു്, അതിനതീതമായിട്ടുള്ളതെന്തു് എന്നെല്ലാം നിർണ്ണയിക്കത്തക്കവണ്ണം ഒരു വിശാലജ്ഞാനം സാധുമർത്ത്യർക്കു സാധ്യമോ എന്നു ഞാൻ ചോദിക്കുന്നു. . . അതിനാൽ, സ്വാഭാവികകാരണങ്ങളാൽ അത്ഭുതങ്ങളെ വ്യാഖ്യാനിക്കാൻ അനുവദിക്കപ്പെടണം. വ്യാഖ്യാനം, അതു സാമാന്യബുദ്ധിക്കെതിരാകയാൽ, അശക്യമാകുമ്പോഴും, അവയെക്കുറിച്ചു മൗനം ഭജിച്ചു്, താത്വികവൈശിഷ്ട്യം പരിഗണിച്ചുമാത്രം ഒരു മതത്തിൽ വിശ്വാസമർപ്പിക്കുക." മുന്നൂറുകൊല്ലത്തെ പഴക്കം ചുവയ്ക്കുന്ന ഈ വാദത്തിൽനിന്നു വിഭിന്നമായ ഒന്നു് ഒരു യുക്തിവാദിക്കും കൊണ്ടുവരാനില്ല. മെനഗോസിനു (E. Menegoz) പറയാനുള്ളതും പഴയതുതന്നെ: "ഒരസാധാരണവസ്തുതയുടെ അസ്തിത്വം സയൻസിനു ചില സന്ദർഭങ്ങളിൽ വെളിവായി തെളിയിക്കാം. പക്ഷേ, തെളിയിക്കൽ അവിടെ തീരുന്നു. മുന്നോട്ടു പോകാൻ പററുകില്ല. ആ അസാധാരണവസ്തുതയുടെ കാരണം ദൈവികമാണോ പ്രാകൃതികമാണോ എന്നു കാണിക്കുക സാധ്യമല്ല." ഡീൻ ഇഞ്ജിൻെറ(Dean Inge)വാക്കുകൾകൂടി പകർത്താം: "ദൈവശാസ്ത്രദൃഷ്ട്യാ (dogmatically) അത്ഭുതം അസാധ്യമെന്നു് ആരും പറയുന്നില്ല; ആരുടേയും അറിവിന്നതീതമാണതു്. ഇരുൾയുഗങ്ങളിൽ ഒരസാധാരണസംഭവത്തെ അത്ഭുതമായി കരുതുക സാധാരണമായിരുന്നു. ഇക്കാലത്താകട്ടെ, അത്ഭുതം സംഭവിച്ചിട്ടില്ലെന്നോ സംഭവിച്ചെങ്കിൽത്തന്നെ അത്ഭുതമായിരുന്നില്ലെന്നോ നാം പരിഗണിക്കുന്നു . . . വിശദീകരിക്കാനാവാത്തതേതും സംഭവി

ച്ചാൽ, അതിന്നു പ്രകൃത്യനുസൃതമായ ഒരു വ്യാഖ്യാനമു ണ്ടെന്നോ ഉണ്ടാകുമെന്നോ നാം കണക്കാക്കണം."

(Labels and Libels).

ശരിയാണു്; പ്രകൃതിയുടെ നിയമങ്ങളെല്ലാം നമു ക്കറിവില്ല. പ്രകൃത്യനുസൃതകാരണങ്ങളായിരിക്കാം അ ത്ഭുതാവഹസംഭവങ്ങളുടെ പിന്നിലുള്ളതു്. പണ്ടു് അ ത്ഭുതങ്ങളെന്നു വിശ്വസിച്ചിരുന്നവ എത്രയെണ്ണം ഇന്നു സാധാരണസംഭവങ്ങളായി തരം താഴ്ത്തുന്നു! സമ്മതി ക്കുന്നു. എന്നതുകൊണ്ടു്, ഒരിക്കലും അത്ഭുതങ്ങൾ ഉണ്ടാ യിട്ടില്ലെന്നോ അവ അജ്ഞേയമെന്നോ വരുമോ? പ്രകൃ തിയുടെ എല്ലാനിയമങ്ങളും ശക്തികളും ഹൃദിസ്ഥമാക്ക ണമെന്നില്ല, ഒരു പ്രത്യേകവസ്തുതയുടെ അതിസ്വാഭാ വികത അറിയുവാൻ. മരിച്ചവൻ പുനർജ്ജീവിക്കുന്ന ഒ രത്ഭുതം. അതിൻെറ അതിസ്വാഭാവികത അറിയുവാൻ അതിനോടു ബന്ധമില്ലാത്ത ശാസ്ത്രങ്ങളിൽ—ജ്യോതി ശ്ശാസ്ത്രം, ഭൂഗർഭശാസ്ത്രം, രസതന്ത്രം, സാഹിത്യവിദ്യ തുടങ്ങിയവയിൽ—വ്യുൽപത്തിയുണ്ടായിരിക്കണമെന്നി ല്ല. മരണത്തിൻെറ പ്രമാണം നമുക്കറിയാം: 'മരിച്ചവൻ മരിച്ചവനാണു്''? ജീവൻേറയും: 'ജീവിയെല്ലാം ജീവി യിൽനിന്നു്.' ഇത്രയും ഗ്രഹിച്ചാൽമതി ഏതു ശാസ്ത്രപ ടുവിൻേറയും പക്കൽ പ്രസ്തുതസംഭവത്തിൻെറ പ്രകൃത്യ തീതത്വം പ്രഖ്യാപിക്കുവാൻ.

പ്രകൃത്യതീതസ്വഭാവം അത്രതന്നെ വ്യക്തമല്ലാ ത്ത ഒരത്ഭുതത്തിൻെറ കാര്യം എടുക്കുക. അതിൻെറ മതാത്മകമായ സാഹചര്യങ്ങളും ലക്ഷ്യവും നോക്കി അ

തിസ്വാഭാവികത അപ്പോഴും തിട്ടപ്പെടുത്താം.(1) ഉദാഹരണത്തിനു പെട്ടന്നുണ്ടായ ഒരു രോഗശാന്തിതന്നെയാകട്ടെ. ആ അസാധാരണസംഭവത്തിൻെറ കാരണം എന്തായിരിക്കും? യുക്തിവാദികൾ പറയും, കാരണം പ്രകൃത്യനുസൃതമെന്നു്; പ്രകൃതിയിലെ വല്ല നിഗൂഢശക്തിയുമെന്നു്. പ്രകൃത്യതീതമെന്നു് ഒന്നില്ലെന്നാണല്ലോ അവരുടെ മൻവിധി. ഈശ്വരവിശ്വാസികൾ പറയും, കാരണം പ്രകൃത്യതീതമെന്നു്; ദൈവികമെന്നു്. യുക്തിയുടെ നിയമങ്ങൾ പരിഗണിച്ചു് അങ്ങനെ പറയാൻ അവർക്കു ന്യായ്യമായ അവകാശമുണ്ടു്.

ഒന്നാമതു്, പ്രാപഞ്ചികനിയമങ്ങളുടെ ഗുണവിശേഷങ്ങൾ ഏതെല്ലാമാകട്ടെ, അവ തീർച്ചയായും മതപരമല്ല. ഒരുവൻ ജപിക്കുന്ന പ്രാത്ഥന, അവൻെറ വിശുദ്ധി തുടങ്ങിയ മതപരമായ സാഹചര്യങ്ങളെ (religious adjuncta) ആശ്രയിക്കാതെതന്നെ, പ്രകൃതി ആവശ്യപ്പെടുന്ന വ്യവസ്ഥകൾ ഒത്തിണങ്ങുമ്പോൾ ഓരോരോ സംഭവങ്ങൾ നടക്കുന്നു. എപ്പോഴും എവിടെയും നടക്കുകയും ചെയ്യും. ഓക്സിജനും ഹൈഡ്രജനും വ്യവസ്ഥകളനുസരിച്ചു യോജിപ്പിക്കുമ്പോൾ വെള്ളം ഉണ്ടാകുന്നു. യോജിപ്പിക്കുന്നയാളുടെ പ്രാർത്ഥന, വിശുദ്ധിമുതലായ മതാത്മകസാഹചര്യങ്ങൾക്കു ഇവിടെ ഒന്നും ചെയ്യാനില്ല.

രണ്ടാമതു്, അത്ഭുതം എപ്പോഴും മതാത്മകമാണു്, സാഹചര്യത്തിലും ഉദ്ദേശ്യത്തിലും. പ്രത്യക്ഷമോ

---

(1) Cfr. Theological Studies, June, 1954.

പരോക്ഷമോ ആയ പ്രാർത്ഥനയ്ക്കും വിശുദ്ധിക്കും വലിയൊരു പങ്കുണ്ട്. പോരാ, അവ അവശ്യംകൂടിയാണ്. മതാത്മകസാഹചര്യങ്ങളെ ആശ്രയിച്ചു നില്ക്കും, അവയ്ക്ക് അനുഗുണമായിരിക്കും അത്ഭുതം. ഏതൊരു കാര്യത്തിനും കാരണമുണ്ടെങ്കിൽ അത്ഭുതസംഭവത്തിനും കാരണമുണ്ടായിരിക്കണം. ആ കാരണം പ്രകൃതിശക്തിയായിരിക്കയില്ല. പ്രകൃത്യതീതശക്തിയെ, പ്രകൃത്യതീതസാഹചര്യങ്ങളെ ആശ്രയിച്ച് അതു നടന്നതുകൊണ്ട് ആ കാരണം പ്രകൃത്യതീതമായിരിക്കും. അദ്ഭുതത്തിന്റെ നിർവ്വചനം കാണുക—"പ്രകൃതിനിയമങ്ങൾക്കതീതമായി, മതാത്മകമായ ഉദ്ദേശ്യത്തെ മുൻനിറുത്തി, ദൈവം ചെയ്യുന്ന ഇന്ദ്രിയഗോചരകാര്യം." മതാത്മകസാഹചര്യങ്ങളും ഉദ്ദേശ്യങ്ങളും അത്ഭുതത്തിന് അനുപേക്ഷണീയമായതുകൊണ്ട്, അത്ഭുതത്തിന്റെ കാരണം പ്രകൃത്യതീതമെന്ന്, ദൈവികമെന്ന് സിദ്ധിക്കുന്നു.

ഇനിയും, അത്ഭുതം അത്ഭുതമാണെന്നറിയാൻ പ്രകൃതിയുടെ നിഷേധാത്മകജ്ഞാനം (negative knowledge)ധാരാളം മതി. പ്രകൃതിക്ക് എത്രമാത്രം സാധിക്കുമെന്നറിയുക ശ്രമകരമെങ്കിലും ഒരു പ്രത്യേകസാഹചര്യത്തിൽ എത്രമാത്രം സാധിക്കയില്ലെന്ന് അറിഞ്ഞുകൂടേ? ഒരു മനുഷ്യന്നെടുക്കാവുന്ന ചുമടിന്റെ ഭാരം സൂക്ഷ്മമായി കണക്കപ്പെടുത്തിക്കൂടാ. ശരി. എന്നാൽ, അവൻ ഒരു വൻമല ചുമക്കുമോ?

v) അജ്ഞേയവാദത്തിന്റെ തലതൊട്ടപ്പനായ ഇംഗ്ലീഷുകാരൻ ഡേവിഡ് ഹ്യൂമിന്റെ വാദം കേൾക്ക

ണമോ? അത്ഭുതത്തിൻെറ ചരിത്രപരത അജ്ഞേയമാണ്, മനുഷ്യരാശിയുടെ അനുദിനാനുഭവത്തിന്നെതിരാകയാൽ! സംഭവം (ഉദാ: മരിച്ചവൻെറ പുനരുത്ഥാനം) നടന്നതു് അന്നു കണ്ടവരോ അവരിൽനിന്നു കേട്ടവരോ ആയ സാക്ഷികൾ എത്രയുമായിക്കൊള്ളട്ടെ, അവരുടെ സാക്ഷ്യം അപ്രമാദമല്ല. കൂടിയാൽ അതിന് ധർമ്മികമായ നിശ്ചയമേ (moral certitude)ഉള്ളു. അനുദിനാനുഭവത്തിനാകട്ടെ, സ്വാഭാവികനിശ്ചയവും (physical certitude). അനുഭവം വിളിച്ചു പറയുന്നു അത്ഭുതമില്ലെന്ന്! ഹ്യൂമിൻെറ ഈ വാദത്തെ ശരിവച്ചുകൊണ്ടുള്ള സ്ട്രൗസിൻെറ കൈയടി കേൾക്കാം നാം ശ്രദ്ധിക്കുന്നെങ്കിൽ.

പണ്ടു നടന്നു ഒരത്ഭുതം—മരിച്ചവൻെറ പുനരുത്ഥാനംതന്നെയെന്നു വയ്ക്കുക. അതു നേരിട്ടു നിരീക്ഷിച്ചവരെസ്സംബന്ധിച്ചിടത്തോളം അതു് ഒരനുഭവമാണ്. ഇന്നു മരിച്ചവൻ പുനർജ്ജീവിക്കുന്നില്ല— ഇതും നമ്മെസ്സംബന്ധിച്ചിടത്തോളം ഒരനുഭവം. രണ്ടിൻേറയും മൂല്യം ഒന്നുതന്നെയായിരിക്കുകയില്ലേ? അന്നത്തെ സംഭവത്തിൻെറ നിരീക്ഷകർ, ദൃക്സാക്ഷികൾ വിജ്ഞരും വിശ്വസ്തരുമാണെങ്കിൽ അവരുടെ അനുഭവസാക്ഷ്യം വിശ്വസനീയമല്ലേ? നാം പൊരുതിയിട്ടില്ലെങ്കിൽ, ചരിത്രത്തിലെ പടയൊന്നും പടയല്ലെന്നു പറഞ്ഞാൽ! നാം അർപ്പിച്ചിട്ടില്ലെങ്കിൽ, ചരിത്രത്തിലെ നരബലിയൊന്നും നരബലിയല്ലെന്നു വാദിച്ചാൽ! ശാസ്ത്രത്തിനു ശവക്കുഴി മാന്തുന്ന വിചിത്രവാദം.

നമ്മുടെ നിത്യാനുഭവം പണ്ടു നടന്ന അത്ഭുതസംഭവം ദർശിച്ചവരുടെ പരോക്ഷസാക്ഷ്യത്തിനെതിരാ

ണെന്നു ഹ്യൂം പറയുന്നു. എവിടെയാണു് എതിരു്? അവർ സാക്ഷിക്കുന്നതു് അവരുടെ അനുഭവത്തിൽപ്പെട്ട ഒരു പ്രത്യേകസംഭവത്തെപ്പററിയാണു്. നമ്മുടെ നിത്യാനുഭവമാകട്ടെ, അതേ പ്രത്യേകസംഭവത്തെക്കുറിച്ചല്ല; അന്നു് അവിടെ ആ മരിച്ചവൻ പുനജ്ജീവിക്കയുണ്ടായില്ല എന്നല്ല; പുനജ്ജീവിക്കൽ ഒരിക്കലും ആരാലും സാധ്യമല്ല എന്നുമല്ല. ഇന്നു് ഇവിടെ മരിച്ചവരിലാരും പുനജ്ജീവിച്ചു കാണുന്നില്ല എന്നുമാത്രം. അവർ സാക്ഷിക്കുന്ന സംഭവവും നാം വീക്ഷിക്കുന്ന സംഭവവും ഒരേ ഒന്നല്ല. അപ്പോൾ എവിടെ ഏതുതമ്മിലാണു് എതിരു്? ഹ്യൂമിൻെറ പിൻമുറക്കാരെങ്കിലും ഉത്തരം നല്കുമോ?

vi) മാനസികവിഭ്രാന്തിയും സിരാവ്യാധിയും ഉള്ള ഒരുവൻെറമേൽ മാസ്മരവിദ്യാജ്ഞാനവും മനോവിശകലനപാടവവും വശീകരണശക്തിയും വിശ്വാസനിവേചനവൈഭവവുമുള്ള അപരൻ പ്രവത്തിക്കുന്നതുകൊണ്ടായിരിക്കും—മററുവാക്കുകളിൽ ഹിപ്നോട്ടിസവും സജെഷനും (suggestion) വഴിയായിരിക്കും—അത്ഭുതങ്ങൾ നടക്കുന്നതു് എന്നാണു് ഡോ. പൗളൂസ്, ഹെർനാൻവെയ്സ്, വെയ്ഡെൽ മുതലായവർ പ്രസ്താവിക്കുന്നതു്!

ഇപ്പറഞ്ഞ മാസ്മരവിദ്യയും മാനസികവിശകലനപാടവവും ഹിപ്നോട്ടിസവും സജെഷനും ഒന്നും അത്ഭുതം പ്രവത്തിക്കുകയില്ല; അത്ഭുതകരമായ രോഗശാന്ത വരുത്തുകയില്ല. ഇവ മാനസികരോഗങ്ങൾക്കും സിരാവ്യാധികൾക്കും ചിലപ്പോൾ ഉപശാന്തി വരുത്തുമെന്നല്ലാതെ, ശാരീരികകെടുതികൾ (organic diseases) മാററു

കയില്ല. ഡോ. ക്നൂർ (Dr. Knur) പറയുന്നു: "ഹിപ്നോട്ടിക്ക് ചികിത്സയ്ക്കു ശാരീരികരോഗങ്ങഠം സുഖപ്പെടുത്തുക അസാദ്ധ്യമാണ്. അതു സുഖപ്പെടലിൻെറ ഒരു തോന്നൽ ഉണ്ടാക്കുകയേയുള്ളു; . . . ചാരായവും ക്ലോറഫോമും മററും ചെയ്യുന്നതുപോലെ വേദന അറിയാതാക്കുകയേ ചെയ്യുന്നുള്ളു." നാൻസിയിലെ സൈക്കൊളോജിക്കൽ സ്കൂളിൻെറ സ്ഥാപകനും, സജെഷൻ നിമിത്തമാണ് അത്ഭുതം നടക്കുന്നതെന്നു സ്ഥാപിക്കാൻ അശ്രാന്തം ശ്രമിച്ച ആളുമായ ഡോ. ബെർണീമിൻെറ വാക്കുകഠംകൂടി പകർത്താം: "സ്ഥാനംപിഴച്ച ഒരവയവത്തെ ശരിപ്പെടുത്താനോ വാതം പിടിച്ചു നീരുകെട്ടിയ ഒരു സന്ധിയെ സ്വസ്ഥമാക്കാനോ ദ്രവിച്ച മസ്തിഷ്കകലക (brain tissues) ളെ പുനഃസ്ഥാപിക്കാനോ സജെഷനു കഴിവില്ല. . . നമുക്ക് അതിശയോക്തിയരുത്. ദേഹത്തിലെ മുറിവു(organic wounds)കളിൽ മാനസികചികിത്സയ്ക്കു നേരിട്ടുള്ള സ്വാധീനത തുലോം പരിമിതമാണ്."(1)

പ്രത്യേക സിദ്ധികളില്ലാത്ത ഒരുവൻ മാനസിക വിഭ്രാന്തിയോ സിരാവികലതയോ ഇല്ലാത്തവരുടെമേൽ അകലെവച്ചും ഞൊടിയിടയിലും വരുത്തുന്ന അത്ഭുതകരമായ രോഗശാന്തികളെപ്പററി പ്രതിയോഗികഠം എന്തു പറയും? ചുട്ട അപ്പത്തിന്മേലും തണുത്ത വെള്ളത്തിന്മേലും ഇളകിമറിഞ്ഞ കടലിന്മേലും ചത്ത ശരീരത്തിന്മേലും നടക്കുന്ന അത്ഭുതങ്ങളെപ്പററി ഹിപ്നോട്ടിസ

(1) Bernheim, Hypnotisme, Suggestion, Psychotherapie.

ക്കാർ എന്തു പറയും? അവയ്ക്കും—അപ്പത്തിനും വെള്ള ത്തിനും കടലിനും ശവത്തിനും—ഒരുവേള വിഭ്രാന്തിയു ള്ള മനസ്സും തകരാറുഭവിച്ച ഞരമ്പുകളും ഉണ്ടെന്നു വരുമോ?

---

## ആറാമദ്ധ്യായം

# പ്രവചനം

### എന്താണു പ്രവചനം?

വ്യാപകാൎത്ഥത്തിൽ പ്രവചനമെന്ന വാക്കിനു പ ലേ സൂചനകളുണ്ട്. വികാരതീവ്രതയോടെ ദൈവപ്രേര ണയാൽ ദൈവികകാര്യങ്ങളെ പ്രഘോഷിക്കുന്നതിനും, നിഗൂഢസംഗതികളെ അന്യർക്കു പ്രകാശിപ്പിക്കുന്നതി നും മറ്റൊരാളുടെ സ്ഥാനം ഏറ്റെടുത്തുകൊണ്ട് അ യാൾക്കുവേണ്ടി സംസാരിക്കുന്നതിനും എല്ലാം പ്രവച നം എന്നു പറയാറുണ്ട്. നിശ്ചിതാർത്ഥത്തിലാകട്ടെ, പ്ര വചനത്തെ ഇവ്വിധം നിർവ്വചിക്കാം: ദൈവത്താൽ ഹേ തുഭൂതവും കാലത്തിൻെറ പൂൎണ്ണതയിൽ സംഭവിച്ചതും, എന്നാൽ, സ്വാഭാവികകാരണങ്ങൾവഴി അറിയാൻ അ സാദ്ധ്യവുമായ ഭാവിസംഭവങ്ങളുടെ നിശ്ചിതവും ക്ലിപ്ത വുമായ മുന്നറിയിപ്പ്. അതു് ആവിഷ്കൃതസത്യത്തിൻെറ ദൈവികത്വത്തെ തെളിയിക്കുന്നതിനു് ഉതകിയതുമാ യിരിക്കണം. പ്രവചനത്തിൻെറ വിഷയം (object) സ്വാ

ഭാവികമാർഗ്ഗങ്ങളിലൂടെ തികച്ചും അജ്ഞേയമായ ഭാവി സംഭവങ്ങളാണ് – ദൈവത്തിൻെറയോ മനുഷ്യൻെറ യോ സ്വാതന്ത്ര്യമനസ്സിനെ ആശ്രയിച്ചു നില്ക്കുന്ന ഭാവി കാര്യങ്ങൾ. മനുഷ്യബുദ്ധിക്ക് അജ്ഞേയമെങ്കിലും അ രൂപസൃഷ്ടികൾക്കു സുജ്ഞേയമായ ഭാവിസംഭവമാണു പ്രവചനവിഷയമെങ്കിൽ—ഉദാഹരണത്തിന് ഒരു ഭൂക മ്പംതന്നെയെന്നു കരുതുക—അതിനു പരാപേക്ഷിത പ്രവചനങ്ങൾ (Relative prophecies) എന്നു പറയുന്നു. പ്രവചനം വെറും സന്ദിഗ്ദ്ധമായ അഭ്യൂഹമല്ല; അവ്യക്ത മായ പ്രസ്താവനയല്ല; പ്രകൃതിനിമിത്തങ്ങളെ മനസ്സിലാ ക്കിക്കൊണ്ടു ചെയ്യുന്ന നിഗമനങ്ങളുമല്ല. പേഗൻജനത യുടെ പണ്ടുകാലത്തെ ഓറക്കിളി(Oracle)നോ രാഷ്ട്രമീമാം സകൻെറ ദീർഘവീക്ഷണത്തിനോ ജ്യോതിശ്ശാസ്ത്രജ്ഞ ൻെറ ഗണിതക്കുറിപ്പിനോ പ്രവചനത്തിൻെറ സ്വഭാവ പൂർത്തിയില്ല. അത്ഭുതത്തിലെന്നതുപോലെ ഇവിടെയും ദൈവമാണു കർത്താവ്. ദൈവത്തിനേ സാധിക്കൂ, ഭൂത വും ഭാവിയും വർത്തമാനത്തിലെന്നപോലെ നിത്യം ദർശി ക്കുന്ന സർവ്വജ്ഞനേ കഴിയൂ, ഭവിക്കുവാനിരിക്കുന്ന സംഭ വങ്ങളെ മുന്നറിയുകയും വെളിപ്പെടുത്തുകയും ചെയ്യുവാൻ.

## പ്രവചനം സാദ്ധ്യമോ?

ദൈവത്തിൽനിന്നു കാരണമെടുക്കുകയും മനുഷ്യരു ടെയിടയിൽ പൂർത്തിയാക്കപ്പെടുകയും ചെയ്യുന്ന പ്രവച നം, ദൈവത്തിൻെറ ഭാഗത്തുനിന്നു നോക്കിയാലും മനു ഷ്യരുടെ ഭാഗത്തുനിന്നു നോക്കിയാലും, സാദ്ധ്യമാണ്. ആവിഷ്കരണം, അത്ഭുതം ഇവയുടെ സംഭവ്യതയെപ്പ

ററി പറഞ്ഞവ ഇവിടെയും ഉപയുക്തമാകയാൽ സ്ഥാപിക്കൽ സുകരമാണ്.

a) അവശ്യംഭവമോ (necessary) സ്വതന്ത്രമനസ്സിനെ ആശ്രയിച്ചു നില്ക്കുന്ന തരത്തിലുള്ള അവശ്യംഭവമല്ലാത്തതോ (contingent) ആയ എല്ലാ ഭവിഷ്യത്തുകളും ദൈവത്തിന്റെ നിശ്ചിതവും ക്ലിപ്തവുമായി അറിയാമെങ്കിൽ, ആ അറിവ് അന്യന്റെ വിനിമയം ചെയ്യാമെങ്കിൽ, പ്രവചനം സാധ്യമാണ്. ഇവരണ്ടും സീമാതീതപൂർണ്ണതകളുള്ള ദൈവത്തിന് ആവാം. ഇല്ലെങ്കിൽ ദൈവം ദൈവമല്ല.

b) സ്വതേ ജിജ്ഞാസുവായ, അപരനാൽ അഭ്യസിപ്പിക്കപ്പെടുന്ന മനുഷ്യന്, ദൈവത്തിൽനിന്നുള്ള അറിയിപ്പു സ്വീകരിച്ചുകൂടേ? ആവാം.

പക്ഷേ, ഹേതുവാദികൾ ഇവിടേയും ഒരു കടുംകുരുക്ക കാണുന്നുണ്ട്: മനുഷ്യനോടു ദൈവം ചെയ്യുന്ന പ്രവചനം മനുഷ്യനിൽ നിർബന്ധം ചെലുത്തുന്നു, ആ പ്രവചനത്തിനൊത്തു പ്രവർത്തിപ്പാൻ! അങ്ങനെ മനുഷ്യന്റെ സ്വാതന്ത്ര്യം അപകടത്തിലാകുന്നു! സമാധാനമുണ്ട്. ഒന്നാമത്, മനുഷ്യന്റെ സ്വതന്ത്രമനസ്സിനോടു ബന്ധമില്ലാത്ത പ്രവചനത്തെ ഈ പ്രശ്നം ബാധിക്കുകയില്ല. ഉദാഹരണത്തിന്, ഇന്നവർഷം ഇന്നദിവസം സൂര്യഗോളത്തിൽ അത്ഭുതപൂർവ്വമായ വ്യത്യാസങ്ങൾ ഉണ്ടാകുമെന്ന ഒരു പ്രവചനം. ഇവിടെയുണ്ടോ മനുഷ്യസ്വാതന്ത്ര്യത്തിന്റെ തകരാറു ഭവിക്കുന്നു? രണ്ടാമത്, മനുഷ്യന്റെ സ്വതന്ത്രപ്രവൃത്തിയിൽ പൂർത്തിയാകേണ്ട പ്രവച-

നംതന്നെയും സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, പ്രവചിക്കപ്പെട്ടിരിക്കകൊണ്ടല്ല സ്വതന്ത്രപ്രവൃത്തി നടക്കുന്നതു്; പ്രവൎത്തിക്കപ്പെടുമെന്നു് അറിയാവുന്നതുകൊണ്ടു ദൈവം പ്രവചിക്കുന്നു. പ്രവൃത്തിയാണു പ്രവചനത്തിനു നിദാനം. മറിച്ചല്ല.

പ്രവചനം ഗ്രാഹ്യമാണു്:

i) ഒരു ചരിത്രവസ്തുതയെന്ന നിലയ്ക്കും,

ii) ദൈവഹേതുകകാര്യമെന്നനിലയ്ക്കും

i) പ്രവചനത്തിൻെറ ചരിത്രയാഥാർത്ഥ്യം ഗ്രാഹ്യമാണു്. ദൃക്സാക്ഷികൾക്കാണെങ്കിൽ പ്രവാചകൻ പ്രവചിക്കുന്നതു കാണാം; കേൾക്കാം; പ്രവചനം ലക്ഷണസംയുക്തമാണോ എന്നറിയാം. പിന്നീടതു നിറവേറുമ്പോൾ ഐന്ദ്രിയകനിരീക്ഷണംവഴി സംഭവത്തെ പ്രവചനത്തോടു് ഒത്തുനോക്കുകയും ചെയ്യാം.

ദൃക്സാക്ഷികൾക്കല്ല, പിൻതലമുറയ്ക്കാണെങ്കിൽ, പ്രവചനത്തേയും അതിൻെറ പൂൎത്തീകരണത്തേയുംകുറിച്ചു തികഞ്ഞ സാക്ഷികളിൽനിന്നു വിശ്വാസയോഗ്യമായ അറിവു നേടാം. പിന്നെയെന്താണു വിഷമം, ചാരിത്രികയാഥാർത്ഥ്യം ഗ്രഹിപ്പാൻ?

ii) പ്രവചനത്തിൻെറ ദൈവഹേതുകത്വവും ഗ്രാഹ്യമാണു്. അതിനു്, മാനുഷികവിജ്ഞാനമോ പൈശാചികപ്രവൎത്തനമോ യാദൃച്ഛികസംഭവമോ ഒന്നുമല്ല പ്രവചനത്തിനു് ആധാരമായി നില്ക്കുന്നതെന്നു തെളിയി

ച്ചാൽ മതി. അത്ഭുതത്തെക്കുറിച്ചു പറഞ്ഞതുപോലെ, ഇവ തെളിയിക്കുകയും ചെയ്യാം. ഒന്നുകിൽ പ്രവചിക്കപ്പെടുന്ന സംഭവത്തിന്റെ സ്വഭാവത്തിൽനിന്ന്—സ്വതന്ത്രമനസ്സിനെ ആശ്രയിച്ചു നില്ക്കുന്നതാണോ എന്നും മററും നോക്കി. അല്ലെങ്കിൽ പ്രവചനത്തിന്റെ സാഹചര്യത്തിൽനിന്ന്—സ്ഥലം, കാലം, വിധം, ലക്ഷ്യം, ഫലം ഇവയൊക്കെ പരിഗണിച്ച്.

(147-ാം പേജ് കാണുക—അത്ഭുതം ഗ്രാഹ്യമാണ്.)

പ്രവചനത്തിന്റെ സ്ഥാപകശക്തി

അത്ഭുതങ്ങളെപ്പോലെതന്നെ പ്രവചനവും ദൈവത്തിന്റെ പ്രവൃത്തിയാകയാൽ രണ്ടിന്റേയും സ്ഥാപകശക്തി സമാനമാണ്. പ്രസംഗപടുവായ സിസറോ പ്രഖ്യോഷിക്കുന്നു: "പ്രവചനം എവിടെയുണ്ടോ അവിടെ ദേവന്മാരും, ദേവന്മാർ എവിടെയുണ്ടോ അവിടെ പ്രവചനവുമുണ്ട്."

### ഉപസംഹാരം

ആവിഷ്കരണത്തിന്റെ നിർണ്ണായകലക്ഷണങ്ങളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ നാം ചർച്ച് ചെയ്തത്. അവ എന്തെന്നും ഏവയെന്നും നാം കണ്ടുകഴിഞ്ഞു.

ഇനി വേണ്ടത് ഈ ലക്ഷണങ്ങൾ ഉപയോഗിച്ച് ആവിഷ്കൃതമതം ഏതാണെന്നു കണ്ടുപിടിക്കുകയാണ്. ലോകത്തിലുള്ള മതങ്ങളെല്ലാം പരിശോധിക്കുക! ഭസ്മാ

ധമാണത്. അതിനാൽ അംഗസംഖ്യകൊണ്ടും(1) പ്രബോധനൗൽകൃഷ്ട്യംകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒന്നരണ്ടു മതത്തെമാത്രം നമുക്കെടുക്കാം. ആദ്യം ക്രിസ്തുമതംതന്നെ. ഒരുവേള ദൈവികമായിരിക്കാം എന്നു പ്രതിയോഗികൾപോലും സമ്മതിക്കുമാറ് അത്രയ്ക്ക് ഉൽകൃഷ്ടവും ഉദാരകവും ആണല്ലോ അതിന്റെ പ്രബോധനങ്ങൾ.

ഖണ്ഡിക

എന്നാൽ, ആഭ്യന്തരവും ബാഹ്യവുമായ ലക്ഷണങ്ങൾ ക്രിസ്തുമതത്തിൽ എമ്മാത്രം തികഞ്ഞിട്ടുണ്ട് എന്നു പരിശോധിക്കുന്നതിനുമുമ്പ്, പ്രസ്തുതമതത്തിന്റെ പ്രബോധനങ്ങളും ചരിത്രവും അടങ്ങിയിരിക്കുന്ന വേദപുസ്തകം (ക്രിസ്തീയപാരമ്പര്യവും ഒപ്പം പ്രാധാന്യമർഹിക്കുന്നതാണ്) വിശ്വസനീയമായ, ചരിത്രപ്രാമാണ്യമുള്ള രേഖാസമുച്ചയമാണോ എന്നു നിർണ്ണയിക്കുക ആവശ്യകമാണ്. അതിനാൽ, ഇനിയത്തെ പ്രതിപാദനം വേദപുസ്തകത്തിന്റെ ചരിത്രപ്രാമാണ്യത്തെപ്പററിയാകാം: തെററിദ്ധരിക്കരുത് — അതിന്റെ ദൈവനിവേശിതത്വത്തെക്കുറിച്ചല്ല.

---

(1) 1953-ലെ Britannica Year Book-ൽ കൊടുത്തിരിക്കുന്ന ആഗോളജനസംഖ്യ:

ക്രിസ്ത്യാനികൾ—750,292,153;
മഹമ്മദീയർ—315,699,603;
കൺഫ്യൂഷ്യൻസ്—300,290,500;
ഹിന്ദുക്കൾ—255,715,000;
ബൗദ്ധർ—150,300,000.

ഏഴാമദ്ധ്യായം

# വേദപുസ്തകം

## അതിന്റെ ചാരിത്രികപ്രാമാണ്യം

ഇന്നലെയെ പിന്നിട്ട്, ഇന്നിൽ ഊന്നിനിന്ന്, നാളെയിലേക്കു കാൽവെയ്ക്കുന്ന മനുഷ്യനിൽ ഈ കാലത്രയത്തിലേ വ്യാപാരങ്ങൾക്ക് ഐക്യവും അവബോധവും നല്കി വിരാജിക്കുന്ന ഒരു ശക്തിയുണ്ട്—ഓർമ്മശക്തി. കഴിഞ്ഞുകഴിഞ്ഞു പോകുന്ന തലമുറയുടെ കനപ്പെട്ട കാണിക്കകൾക്ക്, വിലപ്പെട്ട വ്യാപാരങ്ങൾക്ക്, അത്യുൽകൃഷ്ടചിന്തകൾക്കു നിത്യപ്രതിഷ്ഠ നല്കി വളരുന്ന ഒരു ശാസ്ത്രശാഖയുണ്ട്—ചരിത്രം: മനുഷ്യരാശിയുടെ മുഴവൻ ഓർമ്മക്കുറിപ്പ്. അതു് അവികലമെങ്കിൽ അവിശ്വസിക്കുക ആത്മഹത്യാപരമാണ്.

ക്രൈസ്തവാവിഷ്കരണ(1)ത്തിന്റെ ഒരു കണക്കിൽ ആദിമക്രൈസ്തവജനതയുടെതന്നെ ചരിത്രഗ്രന്ഥ

(1) വെളിപാടിനെ കാലഗണനയനുസരിച്ചു മൂന്നായി തരംതിരിക്കുന്നുണ്ട്: 1) പ്രാക്തനമതം—(Primeval religion) ആദിമാതാപിതാക്കന്മാരുടെ കാലംമുതൽ മൂശയുടെ കാലംവരെ നിലനിന്നതു്; പേഗൻജനതയെസ്സംബന്ധിച്ചാണെങ്കിൽ, ക്രിസ്തുമതം പ്രചരിക്കുന്നതുവരെ നിലനില്ക്കുന്നതു്. സ്വാഭാവികമതമെന്നും ഇതിനു പേരുണ്ട്. 2) മൗശികമതം—(Mosaic religion) മൂശവഴി ഇസ്രായേൽ ജനങ്ങൾക്കു

മാണു വേദപുസ്തകം, അഥവാ, ബൈബിൾ. അതു ദൈവനിവേശിതർ എഴുതിയ ദൈവപ്രകാശിതസത്യങ്ങളുടെ കലവറയെന്നാണു ക്രിസ്ത്യാനികൾ വിശ്വസിക്കുക. അതിനു പഴയനിയമമെന്നും പുതിയനിയമമെന്നും രണ്ടു ഭാഗങ്ങളുണ്ട്.

പഴയനിയമം

ക്രിസ്തുവിനുമുമ്പ് എഴുതപ്പെട്ട ഈ ഗ്രന്ഥാവലി, പൂർവ്വപിതാക്കന്മാർക്കും മൂശയ്ക്കും പ്രവാചകന്മാർക്കും ഉണ്ടായ വെളിപാടുകളും തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ചരിത്രവും ഉൾക്കൊള്ളുന്നു. നാല്പത്തിയഞ്ച് ഗ്രന്ഥങ്ങളാണ് ഇതിൽ ആകെയുള്ളത്. അവയുടെ പേരുകൾ:

| പൂർണ്ണനാമം | ഇംഗ്ലീഷ്നാമം |
|---|---|
| സൃഷ്ടി. (ഉൽപത്തി) .... .... | Genesis |
| പുറപ്പാട് .... .... .... | Exodus |
| ആചാര്യന്മാർ .... .... .... | Leviticus |
| സംഖ്യ (സംഖ്യാഗമം) .... | Numbers |
| ആവർത്തനാഗമം .... .... | Deuteronomy |
| യോശുവായുടെ പുസ്തകം .... | Josue (Joshua) |
| ന്യായാധിപന്മാർ .... .... | Judges |
| റൂത്തിന്റെ പുസ്തകം .... | Ruth |

ലഭിച്ച വെളിപാടുകളിൽ അധിഷ്ഠിതവും ഇന്നും യഹൂദന്മാർ ആചരിച്ചു പോരുന്നതുമായ മതം. 3) ക്രൈസ്തവമതം— (Christian religion) എല്ലാവർക്കും എല്ലാക്കാലത്തേക്കുംവേണ്ടി ക്രിസ്തു സ്ഥാപിച്ചത്.

| പൂർണ്ണനാമം | ഇംഗ്ലീഷ് നാമം |
|---|---|
| 1 രാജാക്കന്മാർ (ശ്മൂയേൽ) | 1 Kings (1 Samuel) |
| 2 രാജാക്കന്മാർ (ശ്മൂയേൽ) | 2 Kings (2 Samuel) |
| 3 രാജാക്കന്മാർ | 3 Kings (1 Kings) |
| 4 രാജാക്കന്മാർ | 4 Kings (2 Kings) |
| 1 നാളാഗമം (1 ബെർയാമേൽ) | 1 Paralipomena (1 Chronicles) |
| 2 നാളാഗമം (2 ബെർയാമേൽ) | 2 Paralipomena (2 Chronicles) |
| 1 എസ്ദ്രാസ് (എസ്രാ) | 1 Esdras(Ezra) |
| 2 എസ്ദ്രാസ് (ന്ഹമിയാ) | 2 Esdras(Nehemiah) |
| തോബിയാസ് (തോബീത്ത്) | Tobias(Tobit) |
| യൂദിത്ത് (യൂദീസ്) | Judith |
| എസ്തേർ | Esther |
| ജോബ് (ഈയോബ്) | Job |
| സങ്കീർത്തനങ്ങൾ | Psalms |
| സുഭാഷിതങ്ങൾ | Proverbs |
| പ്രാസംഗികൻ (കോഹ്ലസ്) | Ecclesiastes |
| പാട്ടുകളുടെ പാട്ട് | Canticle of Canticles (Song of Solomon) |
| ബോധജ്ഞാനം (സുജ്ഞാനം) | Wisdom |
| പ്രഭാഷകൻ (ഈശോ ബർസീറാ) | Ecclesiasticus |
| ഏശയ്യാ (ഏശായാ) | Isaias (Isaiah) |
| എറമിയ | Jeremias (Jeremiah) |
| എറമിയായുടെ വിലാപങ്ങൾ | Lamentations |
| ബാറുക്കിൻെറ ദീർഘദർശനങ്ങൾ (ബാറോക്ക്) | Baruch |
| എസക്കിയേൽ (ഹസ്കിയേൽ) | Ezechiel (Ezekiel) |

| പൂർണ്ണനാമം | ഇംഗ്ലീഷ് നാമം |
|---|---|
| ദാനിയേൽ .... | .... Daniel |
| ഹോസി (ഹോശാ) .... | .... Osee (Hosea) |
| യോവേൽ (യൂയേൽ) .... | .... Joel |
| ആമോസ് .... | .... Amos |
| അബ്ദിയാസ് (ഒബിദയാ) | .... Abdias (Obadiah) |
| യൗനാൻ .... | .... Jonas (Jonah) |
| മിക്കെയാ (മിക്കാ) .... | .... Micheas (Micah) |
| നാഹും (നാഹോം) .... | .... Nahum |
| ഹബക്കുക്ക് (ഹബ്ക്കോക്ക്) | Habacuc (Habakkuk) |
| സൊഫോണിയാസ് .... (സ്ഫനിയാ) .... | .... Sophonias (Zephaniah) |
| അഗേവൂസ് (ഹഗ്ഗി) | ... Aggeus (Haggai) |
| സക്കറിയാ (സ്കറിയാ) | .... Zacharias (Zecariah) |
| മലാക്കിയാ (മാലാകി) | .... Malachias (Malachi) |
| 1 മക്ക്ബായക്കാർ .... | .... 1 Machabees |
| 2 മക്ക്ബായക്കാർ .... | .... 2 Machabees |

## പുതിയനിയമം

ക്രിസ്തുവിനു പിമ്പ് എഴുതപ്പെട്ട ഈ ഗ്രന്ഥാവലി ക്രിസ്തുവിന്റെയും ശിഷ്യന്മാരുടേയും ജീവിതകഥ, പ്രബോധനങ്ങൾ, പ്രവർത്തനങ്ങൾ മുതലായവ ഉൾക്കൊള്ളുന്നു. 27 പുസ്തകങ്ങളുടെ സമാഹാരമാണു പുതിയനിയമം. അവയുടെ പേരുകൾ:

| പൂർണ്ണനാമം | ഇംഗ്ലീഷ് നാമം |
|---|---|
| വി. മത്തായി .... | .... St. Mathew |
| വി. മർക്കോസ് .... | .... St. Mark |
| വി. ലൂക്കാ .... | .... St. Luke |
| വി. യോഹന്നാൻ .... | .... St. John |
| നടപടി .... | .... The Acts of the Apostles |

| പൂർണ്ണനാമം | ഇംഗ്ലീഷ്നാമം |
|---|---|
| റോമാക്കാർക്കുള്ള ലേഖനം .... | The Epistle to the Romans |
| 1 കോറന്തോസ്ക്കാക്കുള്ള ലേഖനം | 1 The Epistle to the Corinthians |
| 2 ,, ,, | 2 ,, ,, |
| ഗാലത്തിയാക്കാക്കുള്ള ലേഖനം | ,, Galatians |
| അപ്പെസോസ്ക്കാക്കുള്ള ,, | ,, Ephesians |
| പീലിപ്പോസുക്കാക്കുള്ള ,, | ,, Philippians |
| കൊലൊസോസ്ക്കാക്കുള്ള ലേഖനം | ,, Colossians |
| 1 തെസലോനിക്കാക്കാക്കുള്ള | 1 Thessalonians |
| 2 ,, ,, | 2 ,, |
| 1 തിമോതെയോസിനുള്ള ലേഖനം | 1 ,, Timothy |
| 2 ,, ,, | 2 ,, ,, |
| തീത്തോസിനുള്ള ,, | ,, Titus |
| ഫീലിമോനുള്ള ,, | ,, Philemon |
| എബ്രായക്കാർക്കുള്ള ,, | ,, Hebrews |
| വി. യാക്കോബിന്റെ ,, | ,, of St. James |
| 1 വി. പത്രോസിന്റെ ,, | 1 ,, St. Peter |
| 2 ,, ,, | 2 ,, ,, |
| 1 വി. യോഹന്നാന്റെ ,, | 1 ,, St. John |
| 2 ,, ,, | 2 ,, ,, |
| 3 ,, ,, | 3 ,, ,, |
| വി. യൂദായുടെ ലേഖനം | ,, St. Jude |
| വെളിപാട് ,, | The Apocalypse of St. John the Apostle (Revelation) |

ഈ വേദപുസ്തകങ്ങൾ പ്രാമാണികങ്ങളും വിശ്വസനീയങ്ങളുമായ രേഖകളാണോ? അല്ലെന്നാണു സ്വാർത്ഥതൽപരരായ ഒരുകൂട്ടം പക്ഷപാതികൾ ["അഭിനവ ചിന്തകന്മാർ" (Modernists)—എന്നും അവൎക്കു പേരുണ്ട്!] മുറയിടുന്നതു്. മറിച്ചു സമ്മതിച്ചുപോയാൽ അവയിൽ അടങ്ങിയിരിക്കുന്ന സംഗതികൾ സ്വീകരിക്കേണ്ടിവരും. ഇത്തരമൊരപകടത്തിൽ ചാടാൻ അവർ ഇഷ്ടപ്പെടുന്നില്ല. അതിനാൽ, പഴയനിയമഗ്രന്ഥങ്ങളെ മുത്തശ്ശികഥകളുടേയും ഇതിഹാസങ്ങളുടേയും സമാഹാരമായും പുതിയനിയമഗ്രന്ഥങ്ങളെ ദിവ്യത്വത്തിൻെറ പരിവേഷമണിയിച്ചിറക്കിയ ഭാവനാസൃഷ്ടികളായും അവർ തരംതാഴ്ത്തി! തങ്ങൾ പിടിച്ച മുയലിനു കൊമ്പു രണ്ടുണ്ടെന്നു കാണിപ്പാൻ കണക്കില്ലാതെ പുസ്തകങ്ങളും എഴുതിക്കൂട്ടി. അതെല്ലാം കണ്ണുമടച്ചു വിശ്വസിക്കാതെ നിഷ്പക്ഷമായി, തികച്ചും ശാസ്ത്രീയമായി നമുക്കു പരിശോധിക്കാം, പ്രസ്തുതമതഗ്രന്ഥങ്ങൾ പ്രാമാണികങ്ങളാണോ അല്ലയോ എന്നു്. പ്രാമാണികങ്ങൾ എന്നുവച്ചാൽ, ടാസിററസിൻേറയും പ്ലീനിയുടേയും പ്ലൂട്ടാർക്കിൻേറയും വിർജിലിൻേറയും കാളിദാസൻേറയും ശങ്കരാചാര്യരുടേയും മററും പുസ്തകങ്ങൾക്കു നാം കൊടുക്കുന്ന ചാരിത്രികമൂല്യമുണ്ടല്ലോ—അതു തന്നെ. അല്ലാതെ, വേദപുസ്തകം ദൈവനിവേശിതമാണോ എന്നല്ല; അതു വേറെ കാര്യം. അതിലേ തത്വങ്ങൾ ഉൽകൃഷ്ടങ്ങളാണോ എന്നുമല്ല; നമുക്കതു വിമർശനവിചക്ഷണൎക്കു വിട്ടുകൊടുക്കാം. ബൈബിൾ വിശ്വാസാർഹമായ ചരിത്രരേഖയാണോ? ഇവിടെ അതുമാത്രം.

മാനദണ്ഡങ്ങൾ

ഒരു ചരിത്രരേഖ പ്രാമാണികമാകണമെങ്കിൽ മൂന്നു ഗുണങ്ങൾ ഉണ്ടായേ കഴിയൂ എന്നാണു യുക്തിയും വിമർശവിദ്യയും വിധിക്കുന്നതു്. 1) അകൃത്രിമത(Authenticity, Genuineness)–ഒരു പുസ്തകം ആരുടെയെന്നും ഏതു കാലത്തേതെന്നും കരുതപ്പെടുന്നുവോ ആ ആളിൻേറാതും ആ കാലത്തേതും ആയിരിക്കണം. 2) അവികലത (Integrity)–ഗ്രന്ഥകാരൻെറ തൂലികത്തുമ്പിൽനിന്നു വീണതുപോലെതന്നെ, സാരമായ വ്യത്യാസമൊന്നുംകൂടാതെ, കൂട്ടിച്ചേർക്കലോ വെട്ടിക്കുറയ്ക്കലോ കൂടാതെ ഇന്നുമിരിക്കണം. 3) വാസ്തവികത(Veracity)–പുസ്തകപ്രണേതാവിനു പ്രമേയത്തെക്കുറിച്ചു ശരിയായ ജ്ഞാനമുണ്ടായിരിക്കണം. പോരാ, അയാൾ സത്യസന്ധനും നിഷ്കപടനും ആയിരിക്കണം. ഈ ഗുണങ്ങൾ എല്ലാമുണ്ടെങ്കിൽ ഒരു രേഖ ചരിത്രപരമായി പ്രാമാണികമായിരിക്കും. അതിൻെറ സാക്ഷ്യം സയുക്തികം സ്വീകരിക്കുകയും ചെയ്യാം.

പഴയനിയമത്തിനു്
ഇപ്പറഞ്ഞ ത്രിവിധഗുണങ്ങളുണ്ടു്.

1) അകൃത്രിമത

യഹൂദന്മാരുടേയും സമരിയാക്കാരുടേയും ഏകകണ്ഠവും ചിരന്തനവുമായ പാരമ്പര്യത്തിൽനിന്നും (ഇവർ ഇപ്പുസ്തകത്തിൻെറ കർത്തൃത്വം വിശ്വസിച്ചിരുന്നതിനാൽ, ക്രിസ്തുവും ശിഷ്യന്മാരും പഴയനിയമഭാഗങ്ങൾ

ധാരാളമായി ഉദ്ധരിച്ചിരുന്നു. പുതിയനിയമം വി. മത്തായിയുടെ സുവിശേഷം 21: 42; 22: 29; 24: 15.... കാണുക) ഗ്രന്ഥത്തിൻെറ വിഷയം, ശയ്യ, സ്വഭാവം മുതലായവയിൽനിന്നും പരസ്പരപരാമർശബന്ധങ്ങളിൽനിന്നും (പഴയനിയമത്തിലെ പിന്നീടു പിന്നീടുള്ള പുസ്തകങ്ങൾ മുമ്പുമുമ്പുള്ളവയെ സൂചിപ്പിച്ചും ഉദ്ധരിച്ചും പറയുന്നുണ്ട്. ഉദാ: 3. രാജാക്കന്മാർ 2: 3; 4 രാജാ. 14: 6.) ഇതു തെളിയുന്നുണ്ട്. ഫ്ളാവിയസ് ജോസഫ്തുടങ്ങിയ ചരിത്രകാരന്മാരുടെ സാക്ഷ്യം ഉപോൽബലകവുമാണ്.

## 2) അവികലത

യഹൂദന്മാർ ഈ ഗ്രന്ഥത്തോടു കാണിച്ച ബഹുമാനത്തിൽനിന്നും ഇതു സൂക്ഷിക്കുന്നതിൽ പതിച്ച നിഷ്കർഷത്തിൽനിന്നും ഇതിൻെറ പ്രചുരപ്രചാരത്തിൽനിന്നും (യഹൂദസംഘങ്ങളിൽ ഇതു ക്രമമായി വായിക്കപ്പെട്ടിരുന്നു) ഏററക്കുറച്ചിലുകളും വ്യത്യാസങ്ങളും വരുത്തുന്നതിന് ഉണ്ടാകുമായിരുന്ന അസാദ്ധ്യതയിൽനിന്നും(1) അനുമിക്കാം, വേദപുസ്തകം അവികലമായി സൂക്ഷിക്കപ്പെട്ടുപോന്നു എന്ന്. കൂടാതെ, മൂശയുടെ കല്പനയനുസരിച്ചു വാഗ്ദാനത്തിൻെറ പെട്ടകത്തിൽ സംരക്ഷിച്ചുവന്ന മൂലഗ്രന്ഥത്തിൻെറ പ്രതിയോടു പൊരുത്തപ്പെട്ടതായിരുന്നു, ആയിരിക്കണമായിരുന്നു, എല്ലാ കോപ്പികളും. മാത്രമല്ല, മതസത്യങ്ങളുടെ സ്ഥിരീകരണത്തിനു ക്രിസ്തുവും ശി

(1) ഏതൊരു വ്യത്യാസത്തേയും യഹൂദന്മാരും സമരിയാക്കാരും ക്രിസ്ത്യാനികളും ഒപ്പം എതിർക്കുമായിരുന്നു.

ഷ്യന്മാരും പഴയനിയമം പലപ്പോഴും ഉപയോഗപ്പെട്ടുത്തിയതായി സാക്ഷ്യങ്ങളുണ്ട്. ദുഷിപ്പിക്കപ്പെട്ടതായിരുന്ന പഴയനിയമഗ്രന്ഥമെങ്കിൽ അവർ അതിനെ ഉപയോഗിക്കയാകട്ടെ, അങ്ങനെ ശരിവയ്ക്കുകയാകട്ടെ ചെയ്യുമായിരുന്നില്ല. കൂടാതെ, പഴയനിയമം എത്ര സൂക്ഷ്മമായി ക്രിസ്തുവിൻെറ വരവിനേയും സ്വഭാവത്തേയും ഉദ്യോഗത്തേയും അവിടുത്തെസ്സംബന്ധിച്ച പ്രവചനങ്ങളേയും സൂചിപ്പിക്കുന്നു എന്നും നോക്കുക. അതേ, പഴയനിയമഗ്രന്ഥം അവികലമാണ്.

3) വാസ്തവികത

a) ഗ്രന്ഥകർത്താക്കൾക്കു തെററുപററിയില്ല. കാരണം, കൺമുമ്പിൽ നടന്നതോ വിശ്വസ്തരായ സമകാലികരിൽനിന്നു ഗ്രഹിച്ചതോ ആയ പ്രധാനമായ പരസ്യസംഗതികളാണ് അവർ കുറിച്ചിട്ടുന്നതു്. പഞ്ചഗ്രന്ഥിയുടെ കർത്താവായ മൂശയ്ക്കുപോലും താൻ രേഖപ്പെടുത്തിയ ആദ്യകാലവസ്തുതകൾ അപ്രമാദമായി അറിയാമായിരുന്നു, മനുഷ്യർ അന്നു വളരെക്കാലം ജീവിച്ചിരുന്നതുകൊണ്ടു്; അവർ തിരിഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ പാരമ്പര്യത്തെ നിർമ്മലമായി കാത്തതുകൊണ്ടു്. ചുരുക്കത്തിൽ, വേദപുസ്തകരചയിതാക്കൾക്കു രചനാവിഷയം സുജ്ഞാതമായിരുന്നു.

b) ഇവർ ആരേയും വഞ്ചിക്കാൻ ആഗ്രഹിച്ചില്ല. ആഗ്രഹിച്ചെങ്കിൽത്തന്നെ സാധ്യവുമല്ലായിരുന്നു. ചരിത്രവസ്തുതകളോടും സമകാലികസംഭവങ്ങളോടും അടുത്തു

പരിചയമുള്ള ജനങ്ങൾക്കുവേണ്ടിയാണു പുസ്തകങ്ങൾ എഴുതിയത്. പോരെങ്കിൽ, യഹൂദന്മാർ തങ്ങളുടെ അവിശ്വാസവും കൃതഘ്നതയും പരാജയങ്ങളും കുററവും കുറവുകളും എല്ലാം വെളിപ്പെടുത്താൻ മടിക്കാത്ത ഗ്രന്ഥകാരന്മാരെ വെറുതെ വിടുമോ? അതേ, ഈ ഗ്രന്ഥകാരന്മാർ സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമായിരുന്നു, വിമർശനപടുക്കൾ സമ്മതിക്കുംപോലെ. ഗ്രന്ഥങ്ങളുടെ പൂജ്യതയും പ്രബോധനങ്ങളുടെ വൈശിഷ്ട്യവും അതിലേ പ്രവചനങ്ങളുടെ യഥാതഥപൂരണവും മററും പരിഗണിക്കുമ്പോൾ ഈ നിഗമനം ഒരിക്കലും അടിസ്ഥാനരഹിതമല്ല.

ഇപ്പറഞ്ഞവയിൽനിന്നുമനസ്സിലാക്കാം, പഴയനിയമം വിശ്വാസയോഗ്യമായ ചരിത്രരേഖയെന്ന്. ഒരു ചരിത്രരേഖയ്ക്കു വേണ്ട ലക്ഷണങ്ങളെല്ലാം അതിനുണ്ട്.

### പുതിയനിയമവും ലക്ഷണസംയുക്തമായ ചരിത്രരേഖയാണ്.

ക്രിസ്തുവിൻെറ ചെയ്തികളും പ്രബോധനങ്ങളും പ്രധാനമായി അടങ്ങിയിരിക്കുന്നതു പുതിയനിയമത്തിലാണ്—പ്രത്യേകിച്ചു നാലു സുവിശേഷങ്ങളിൽ. അതിനാൽ, ക്രിസ്തുമതത്തിൻെറ ദൈവികത്വം അന്വേഷിച്ചറിയുവാൻ ശ്രമിക്കുന്ന നമുക്കു സുവിശേഷങ്ങൾ ചരിത്രരേഖകളാണോ എന്ന് ഒട്ടു ദീർഘമായിത്തന്നെ പരിശോധിക്കുക അവശ്യാവശ്യകമാണ്. സ്വഭാവാതീതങ്ങളായ അത്ഭുതസംഭവങ്ങൾ ഉൾക്കൊള്ളുന്നു എന്ന കാരണത്താൽ സുവിശേഷങ്ങളുടെ ചരിത്രപരമായ പ്രാമാ-

ണ്യത്തെ നിഷേധിക്കുന്ന ചില യുക്തിവാദികളെ തൽകാലം നമുക്കവിശ്വസിക്കാം. ആത്മനിഷ്ഠമായ ആശയാഭിലാഷങ്ങൾ മാനദണ്ഡമാക്കി എന്തു സംഭവിക്കുമായിരുന്നെന്നോ എങ്ങനെ സംഭവിക്കണമായിരുന്നെന്നോ അഭിപ്രായം പറയുകയല്ലല്ലോ ചരിത്രത്തിൻെറ ധർമ്മം. എന്തു് എങ്ങനെ നടന്നു, അതു് — വസ്തുനിഷ്ഠമായ ആയാഥാർത്ഥ്യം—അങ്ങനെതന്നെ രേഖപ്പെടുത്തുക; അത്രയേ ചരിത്രം ചെയ്യേണ്ടൂ. ഇതു മനസ്സിൽവച്ചുകൊണ്ടു സുവിശേഷങ്ങൾ ചരിത്രപ്രാമാണ്യമുള്ള രേഖകളാണോ എന്നു നോക്കാം.

കൈവശാവകാശംവച്ചു നോക്കുകയാണെങ്കിൽ പുതിയനിയമം മുഴുവനും വിശ്വാസയോഗ്യമായ ചരിത്രഗ്രന്ഥമെന്നു തെളിയും. വിശദമാക്കാം: നിയമജ്ഞന്മാരുടെയിടയിൽ ഇങ്ങനെയൊരു വാദസമ്പ്രദായമുണ്ടു്—ഉടമയിൽനിന്നു് അവകാശം സ്ഥാപിക്കുക. കൈവശമുള്ള വസ്തു കൈകാര്യം ചെയ്യുവാൻ, സ്വന്തമായിക്കരുതുവാൻ, ഒരുവനവകാശമുണ്ടു്, അന്യഥാ തെളിയുന്നതുവരെ. എല്ലാ ക്രിസ്ത്യാനികളും പുതിയനിയമത്തെ മായമില്ലാത്ത ചരിത്രഗ്രന്ഥമായി എന്നും അവകാശപ്പെടുന്നുണ്ടു്. ഈ അവകാശം റദ്ദാകണമെങ്കിൽ, അതു ന്യായരഹിതമെന്നു സ്പഷ്ടമായി തെളിയിക്കണം. അതുവരെ, പുതിയ നിയമം ചരിത്രഗ്രന്ഥമല്ലെന്നു തെളിയിക്കുന്നതുവരെ,—അതുണ്ടാവില്ല—പുതിയ നിയമത്തിൻെറ ചാരിത്രികപ്രാമാണ്യം സ്ഥാപിതമായിത്തന്നെയിരിക്കും.

ആകട്ടെ, നമുക്കു് ആദ്യംപറഞ്ഞ ആ മൂന്നുലക്ഷ്

ങ്ങൾ ഉപയോഗിച്ചുതന്നെ പുതിയനിയമത്തെ വിശിഷ്യ, സുവിശേഷങ്ങളെ, പരിശോധിക്കാം.

I അകൃത്രിമത

നാലു സുവിശേഷങ്ങൾ:(1) മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരാൽ ക്രിസ്താബ്ദം 42-നും 100-നും മദ്ധ്യേ എഴുതപ്പെട്ടതാണു്–ഇതാണു തെളിയിക്കേണ്ടതു്. ബാഹ്യവും ആഭ്യന്തരവുമായ തെളിവുകൾ ഉന്നയിച്ചാവാം അതു്.

---

(1) ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ ക്രിസ്തുവർഷം അമ്പതിനും എഴുപതിനുമിടയ്ക്കും നാലാമത്തേതായ വി. യോഹന്നാന്റെ സുവിശേഷം എൺപതിനും നൂറിനുമിടയ്ക്കും എഴുതപ്പെട്ടു. സുവിശേഷകർത്താക്കൾ: 1) ചുങ്കക്കാരനായ വി. മത്തായി അപ്പോസ്തലൻ, 2) വി. പത്രോസിന്റെ ശിഷ്യനായ വി. മർക്കോസ്, 3) വൈദ്യനും വി. പൗലോസിന്റെ ശിഷ്യനുമായ വി. ലൂക്കാ, 4) സെബദിപുത്രനും അപ്പോസ്തലനുമായ വി. യോഹന്നാൻ എന്നീ പലസ്തീനിയൻ യഹൂദന്മാർ. ഇതാണു് ഉറച്ച ക്രിസ്തീയപാരമ്പര്യം. ഇതിനെതിരായി യുക്തിവാദം പത്തിവിടർത്തി. സുവിശേഷത്തിന്റെ ഉത്ഭവം ക്രിസ്തുവർഷം 150–നു ശേഷമെന്നു് ഡേവിഡ് ഫ്രെഡെറിക് സ്ട്രൗസും, (David Frederic Strauss) 130-നും 170-നും മദ്ധ്യേയെന്നു സ്ട്രൗസിന്റെ ശിഷ്യനും, റൂബിൻജെൻ സ്കൂളിന്റെ(Tubingen Scool)സ്ഥാപകനുമായ ബൗറും (Ferdinand Baur)അഭിപ്രായപ്പെട്ടു. കാൾ ഹെയ്സ്(Carl Hase), എവാൾഡ്(Ewald), ഷെങ്കെൽ(Schenkel), റെനാൻ(Renan) തുടങ്ങിയവർ പ്രസ്തുതാഭിപ്രായത്തെ എതിർത്തു. ഇക്കൂട്ടരുടെ അഭിപ്രായത്തിനാണു പ്രാബല്യം കിട്ടിയതു്. അങ്ങനെ,

A ബാഹ്യതെളിവുകൾ

i) ആദിമശതകങ്ങളിലേ ക്രിസ്തീയഗ്രന്ഥകാരന്മാരുടെ(1) സാക്ഷ്യങ്ങൾ.

ക്രിസ്തുവർഷം 65-നും 100-നുമിടയ്ക്ക് എഴുതപ്പെട്ടതും സർവ്വസമ്മതവുമായ ക്രൈസ്തവരേഖകളിൽ—"പന്ത്രണ്ടപ്പോസ്തലന്മാരുടെ പ്രബോധനങ്ങളിലും (Teaching of the Twelve Apostles: Didache, A. D. 90-100)"ബാർണബാസിൻെറ ലേഖനത്തിലും"(Epistle of Barnabas, A.D. 130-131) സുവിശേഷോക്തികൾ ഭാഗികമായിട്ടോ പൂർണ്ണമായിട്ടോ കാണാം.

---

19-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ബൈബിൾ വിമർശകർ മിക്കവരും ക്രിസ്തീയപാരമ്പര്യത്തിനൊത്ത ഒരു തീരുമാനത്തിലെത്തി. ആദ്യത്തെ മൂന്നു സമാനസുവിശേഷങ്ങ (Synoptic Gospels) ളുടെ രചന 70-നും 117-നും ഇടയ്ക്കാണെന്ന് തിയഡോർ കെയിമും (Theodor Keim), 70-നും 100-നു മിടയ്ക്കാണെന്നു ഹിൽജെൻഫെൽഡും (Hilgenfeld), 69-നും 93-നുമിടയ്ക്കാണെന്നു വെയിസ്സും (B. Weiss), 65-നും 93-നും ഇടയ്ക്കോ അതിനു മുമ്പോ ആണെന്നു ഹർണ്ണാക്കും (Adolf Harnack), 60-നും 75-നും മദ്ധ്യേയാണെന്നു സാനും (Zahn) സിദ്ധാന്തിച്ചു സുവിശേഷകർത്താക്കളെസ്സംബന്ധിച്ചും ആദ്യമാദ്യം അഭിപ്രായഭിന്നതകളുണ്ടായിരുന്നെങ്കിലും ഒടുക്കമൊടുക്കം പാരമ്പര്യത്തിന്നനുസൃതമായി. വി. യോഹന്നാൻെറ സുവിശേഷത്തെക്കുറിച്ചു തർക്കങ്ങളുണ്ടായിരുന്നതും തീർന്നുകഴിഞ്ഞെന്നു പറയാം.

(1) ഇവരെഴുതിയ ഗ്രന്ഥങ്ങൾ ആധുനികരുടെ കൈവശം വന്നുചേർന്നിട്ടുണ്ട്.

അപ്പസ്തോലികപിതാക്കന്മാരുടെ, അതായത്, അപ്പോസ്തലശിഷ്യന്മാരുടെ, എഴുത്തുകളിലും സുവിശേഷങ്ങളിലെ ഉദ്ധരണികൾ ധാരാളമുണ്ട്:

<u>ക്ലെമെന്റ്</u> (Pope St. Clement): പൗലോസിന്റെ സഹപ്രവർത്തകനും റോമയിലെ മെത്രാനായി പത്രോസിനാൽ വാഴിക്കപ്പെട്ടവനുമായ ഇദ്ദേഹം ക്രി. വ. 96-ൽ കൊറീന്ത്യക്കയച്ച ലേഖനത്തിൽ കുറഞ്ഞതു പത്തു സുവിശേഷഭാഗങ്ങൾ ഉദ്ധരിക്കുന്നുണ്ട്.(1)

<u>ഇഗ്നേഷ്യസ്</u> (Ignatius, Bp. of Antioch): ജനനം 50-60-ൽ; മരണം ട്രാജൻ ചക്രവർത്തി (98-117)യുടെ കാലത്ത്. ഇഗ്നേഷ്യസിന്റെ സപ്തലേഖനങ്ങളിൽ സുവിശേഷോദ്ധരണികൾ വളരെയുണ്ട്; പ്രത്യേകിച്ച്, വി. യോഹന്നാന്റെ സുവിശേഷത്തിൽനിന്നുള്ളവ. ഇഗ്നേഷ്യസിന് ഈ നാലാം സുവിശേഷത്തോടുള്ള താൽപര്യം സാനും(2) ആൽഫ്രെഡ് ലോയിസി(3)പോലും സമ്മതിക്കുന്നുണ്ട്.

<u>പോളികാർപ്പ്</u> (St. Polycarp of Smyrna-120 A.D.); ഇഗ്നേഷ്യസിന്റെ ശിഷ്യനും സ്മിർനാ(ഏഷ്യാമൈനറിൽ)യിലെ മെത്രാനും പല അപ്പോസ്തലന്മാരിൽ

---

(1) Funk, Opera PP. Apost., i, 645.

(2) Zahn, Geschichte des neutestamenttichen Kanons, i, 905-Leipzig, 1888.

(3) Alfred Loisy, Le Quatrieme Evangile, i, 6 ff-Paris, 1903.

നിന്ന് ഉപദേശം ലഭിച്ചയാളുമാണ്. പ്രത്യക്ഷമായ വികാരാവേശത്തോടെ ഇരനേയൂസ് തന്റെ ഈ ഗുരുനാഥനെക്കുറിച്ചെഴുതുന്നു: "ഇന്നുവേണമെങ്കിലും ഞാൻ കാണിച്ചുതരാം വന്ദ്യനായ പോളിക്കാർപ്പ് പ്രസംഗിച്ച സ്ഥലം. ദിവ്യനാഥനെ അടുത്തുകണ്ട യോഹന്നാനോടും മററുശിഷ്യന്മാരോടും തനിക്കുണ്ടായിരുന്ന സഹവത്തിത്വത്തെ വിവരിച്ചുകൊണ്ട് അദ്ദേഹം ജനങ്ങളോടു ചെയ്ത പ്രസംഗങ്ങൾ— ഹാ, അവ ഇപ്പോഴും ഞാനോർക്കുന്നു. കത്താവിനെക്കുറിച്ചു ശിഷ്യന്മാരിൽനിന്നു താൻ കേട്ടറിഞ്ഞവ—അവിടുത്തെ അത്ഭുതങ്ങളും പ്രബോധനങ്ങളും—നിത്യജീവന്റെ വചനമായ മിശിഹായെ സ്വന്തം കണ്ണുകൊണ്ടു കണ്ടവരിൽനിന്നു ഗ്രഹിച്ച ഒരുവനെപ്പോലെ, പോളിക്കാർപ്പ് പറയുകയുണ്ടായി. അവയെല്ലാം വിശുദ്ധ ലിഖിതത്തോട് അക്ഷരംപ്രതി യോജിച്ചുമിരുന്നു."(1) പോളിക്കാർപ്പ് ഫിലിപ്പിയാ(മാസിഡോണിയായിൽ)ക്കാർക്കയച്ച ലിഖിതം എല്ലാ പുതിയ നിയമഗ്രന്ഥങ്ങളിൽനിന്നും എടുത്ത വാചകങ്ങളാൽ നിബദ്ധമാണ്.

പാപ്പിയാസ് (Papias, Bp. of Heirapolis in Lesser Phrygia, Aisa Minor, 70-165): വി. യോഹന്നാന്റെ ശിഷ്യനും പോളിക്കാർപ്പിന്റെ സ്നേഹിതനുമായിരുന്നു.(2) അദ്ദേഹം «Explanations of the Sayings of the Lord» എ

(1) Irenaeus, Ad Florinum in Eusebius, H.E. V, 20)

(2) «A pupil of John, a friend of Polycarp, a man of the olden time» —Irenaeus, Adv. Haer., V, XXXIII, 4.

ന്ന പുസ്തകത്തിൽ വി. മത്തായിയുടേയും വി. മർക്കോസിന്റേയും സുവിശേഷങ്ങളെക്കുറിച്ചു വിസ്തരിക്കുന്നുണ്ട്.

അരിസ്റ്റീഡെസ് (Aristides) ഏതൻസിലേ ഈ ക്രൈസ്തവതാത്വികൻ 140-ൽ അന്തോനിയൂസ് പീയൂസ് എന്ന റോമാചക്രവർത്തിക്കയച്ച നിവേദനത്തിൽ പറയുന്നു: '. . . . ഇതു സുവിശേഷത്തിലേ പ്രബോധനമാണ്. വായിച്ചുനോക്കിയാലും. തിരുമേനിക്കുതന്നെ മനസ്സിലാകും അതിന്റെ ശക്തി. (ഇതെല്ലാം ക്രിസ്തുവിനെപ്പററിയുള്ള സംഗതികൾ) ക്രിസ്ത്യാനികളുടെ ഗ്രന്ഥത്തിൽനിന്നു പഠിക്കാം."(1)

ജസ്റ്റിൻ (St. Justin: 100-165): ഈ റോമൻ പണ്ഡിതൻ മൂന്നിൽകുറെയാതെ പുസ്തകങ്ങൾ ക്രിസ്തുമതത്തെ ശക്തിയുക്തം പിൻതാങ്ങിക്കൊണ്ടു എഴുതിയിട്ടുണ്ട്. അതിലൊരു പുസ്തകം റോമിലേ ചക്രവർത്തിക്കു സമർപ്പിച്ചു. സുവിശേഷം തന്നാമവാഹികളാൽ എഴുതിയതാണെന്നും അതു ഞായറാഴ്ചതോറും ക്രൈസ്തവസമ്മേളനങ്ങളിൽ വായിച്ചിരുന്നെന്നും അദ്ദേഹം അതിൽ സമർത്ഥിക്കുന്നു.

ഇരനേയൂസ് (St. Irenaeus, 135-202): വി. പോളിക്കാർപ്പിന്റെ ശിഷ്യനായ ഇദ്ദേഹം 180-ൽ ഇങ്ങനെ എഴുതുന്നു: "പത്രോസും പൗലോസും റോമയിൽ സഭയെ പ്രസംഗിക്കുകയും സ്ഥാപിക്കുകയും ചെയ്യവേ,

(1) Rendel Harris, The Apology of Aristides, xvii, p. 36 Camebridge 1891.

മത്തായി യഹൂദന്മാർക്കുവേണ്ടി അവരുടെ ഭാഷയിൽത്ത ന്നെ ഒരു സുവിശേഷം എഴുതി. പത്രോസും പൗലോ സും അവിടെനിന്നു പോയിക്കഴിഞ്ഞപ്പോഠം, പത്രോ സിൻെറ ശിഷ്യനും വ്യാഖ്യാതാവുമായ മക്കോസ്, പ ത്രോസ് കൊടുത്ത വിവരങ്ങഠം നമുക്കായി എഴുതി. പൗ ലോസിൻെറ അനുഗാമിയായ ലൂക്കായാകട്ടെ, പൗലോ സ് സാധാരണമായി പ്രസംഗിച്ചുപോന്ന സുവിശേഷം എഴുതി. ഒടുവിൽ, കത്താവിൻെറ വക്ഷസ്സിൽ ശിരസ്സ ണച്ച വത്സലശിഷ്യൻ യോഹന്നാൻ, ഏഷ്യാമൈനറി ലേ എഫേസൂസിൽ ആയിരിക്കുമ്പോഠം, തൻെറ സുവി ശേഷവും എഴുതി."(1) വി. യോഹന്നാൻെറ ശിഷ്യന്മാരാ യ പപ്പിയാസിൽനിന്നും പോളിക്കാർപ്പിൽനിന്നും വസ്തു തകഠം ആത്തിയോടേ കേട്ടറിഞ്ഞ ഇരനേയൂസിൻെറ(2) ഈ സാക്ഷ്യം സുപ്രധാനമാണ്. ഇദ്ദേഹം ഉപയോഗി ച്ച ഉദ്ധരണികഠം ഒന്നിച്ചാൽ സുവിശേഷം ഒട്ടുമുക്കാ ലും കിട്ടും, ഇന്നു നമുക്കുള്ളതുപോലെതന്നെ.

രണ്ടാം ശതകത്തിൻെറ പകുതിക്കിപ്പുറം പല അ ബദ്ധങ്ങളും അപ്രാമാണികസുവിശേഷങ്ങളും പ്രത്യക്ഷ പ്പെട്ടിട്ടുണ്ട്. ഈ വ്യാജനിർമ്മിതസുവിശേഷങ്ങളിൽനി ന്നു രക്ഷനേടാൻ 170-ൽ സഭ യഥാർത്ഥപുതിയനിയ മഗ്രന്ഥങ്ങളുടെ ഒരു ലിസ്ററുണ്ടാക്കി.– "കാനൺ ഓ ഫ് ദ റോമൻ ചർച്ച്"(Canon of the Roman Church). അ

(1) Adv. Haer. III, 1, 1.

(2) ഇരനേയൂസ് പിന്നീടു ഫ്രാൻസിൽ ലയൺസിലേ മെത്രാനായി. റോമയിൽ കുറെക്കാലം താമസിച്ചിട്ടുണ്ട്.

തിൻെറ ഒരപൂൎണ്ണപ്രതി മുറത്തോറി (Muratori) എന്ന പണ്ഡിതൻ 1740-ൽ മിലാനിലെ അമ്പ്രോസിയാനാ ലൈബ്രറിയിൽനിന്നു കണ്ടെടുത്തു.(1) ആ ലിസ്ററിനാണ് «Muratorian Fragment» എന്നു പറയുന്നതു്. അതിൽനിന്നു കാണാം, ക്രിസ്തീയസഭയിൽ ഉപയോഗിപ്പാൻ അനുവാദമുള്ള പുതിയ നിയമഗ്രന്ഥങ്ങളിൽ നാലേനാലു സുവിശേഷങ്ങളേ ഉള്ളു എന്നു്. ഇനിയുമുണ്ടു ഹെർമാസിൻെറ "ദി ഷേപ്പേഡ് ഓഫ് ഹെർമാസ്" (140–155), ടാസിയൻെറ "ദിയാത്തെസ്സരോൺ" (175) തുടങ്ങിയ ക്രിസ്തീയരേഖകൾ. പാഷണ്ഡതയ്ക്കെതിരായി തൂലികാസമരം നടത്തിയ ആഫ്രിക്കയിലെ ടെർട്ടൂലിയൻ (160–250), അലെക്സാൻഡ്രിയായിലെ ക്ലെമെൻ്റ് (150–217), ഒരിജെൻ (185–254) ഇവരുടെ സുശക്തമായ സാക്ഷ്യങ്ങളും വിലപ്പെട്ടവയാണ്.

## ii) പാഷണ്ഡികളുടെ സാക്ഷ്യം

ജ്ഞേയവാദികൾ (Gnostics) സുവിശേഷങ്ങളുടെ കൎത്തൃത്വം **സമ്മതിച്ചിരുന്നു**. തങ്ങളുടെ അബദ്ധസിദ്ധാന്തങ്ങളെ ബലിഷ്ഠമാക്കുവാൻ തങ്ങൾക്കിഷ്ടപ്പെട്ട സുവിശേഷങ്ങളെ അവർ തിരിച്ചും മറിച്ചും വളച്ചും ഒടിച്ചും ഉപയോഗിച്ചിരുന്നു. **മാർസിയൺ** (Marcion, C.A,D. 117-138), **ബസിലീഡെസ്** (Basilides, മരണം A.D. 130-ൽ), **വലെൻറീനസ്** (Valentinus, C. A. D. 160), മുതലായവർ ഇതിനുദാഹരണങ്ങളാണ്.

(1) Cfr. Antiquitates italicae medii aevi, iii, 854–Milan, 1740)

## iii) അക്രൈസ്തവരുടെ സാക്ഷ്യങ്ങൾ

യഹൂദന്മാരും കാവ്യരും സന്ദർഭോചിതമായി സുവിശേഷങ്ങളെ പരാമർശിക്കുന്നുണ്ട്. അതു മിക്കവാറും ക്രിസ്തുവിനേയും ക്രിസ്തുമതത്തേയും താറടിക്കാനോ താഴ്ത്തിക്കെട്ടാനോ ആണുതാനും. അതിനാൽ, ആ വഴിക്കു സുശക്തങ്ങളായ സാക്ഷ്യങ്ങൾ, വിശിഷ്യ, യഹൂദന്മാരുടെ സാക്ഷ്യങ്ങൾ, കിട്ടുക വിഷമമാണ്.

കലാസൗഭഗം തിങ്ങിയ ക്ലാസിക്കുകൾ വായിച്ചു തഴങ്ങിയ പേഗൻ ഗ്രന്ഥകർത്താക്കൾ തങ്ങൾക്കു രുചിക്കാത്ത ആശയങ്ങളും നാടോടി ശൈലികളും ഉൾക്കൊണ്ട സുവിശേഷങ്ങളെ ആദ്യമാദ്യം ആദരിച്ചിരുന്നില്ല. അവഹേളനം പേടിച്ചു ക്രിസ്ത്യാനികൾ വിശുദ്ധ ഗ്രന്ഥങ്ങളെ അവരിൽനിന്നു മറച്ചുവയ്ക്കാനാണു ശ്രമിച്ചുപോന്നതും. പക്ഷേ, ആ ശ്രമം വിജയപ്രദമായിരുന്നില്ല. സെൽസ (Celsus)സും ലൂസിയ (Lucian of Samosata)നും ഫ്ലാവിയസും (Flavius Philostratus) പൊർഫീരിയസും (Porphyrius) ജൂലിയ (Julian the Apostate) നും യുക്തിഖഡ്ഗവും പരിഹാസശരങ്ങളും പരമാവധി ഉപയോഗിച്ചു, സുവിശേഷകന്മാർ എഴുതിയതെല്ലാം പരമാബദ്ധങ്ങളെന്നു സ്ഥാപിക്കാൻ. എന്നാൽ, സുവിശേഷങ്ങളുടെ കർത്തൃത്വത്തിന്നെതിരായി ഒരക്ഷരം അവരാരും ഉരിയാടിയിട്ടില്ല. അതു് അന്യകർത്തൃകമായിരുന്നെങ്കിൽ ക്രിസ്തുമതത്തിന്നെതിരേ തീരാപ്പോരു നടത്തിയ ഈ തൂലികായോധകർ അവിടെ മർമ്മം നോക്കി അടിക്കുകയില്ലായിരുന്നോ? പഴക്കംകൊണ്ടും പഠിപ്പുകൊ-

ണ്ടും പോരുകൊണ്ടും മുമ്പനായ സെൽസസിൻെറ തന്നെ കൃതികഠം എടുക്കുക. അദ്ദേഹം 178–ൽ "സത്യവചനം" (The True Word) എന്നൊരു പുസ്തകമെഴുതി, സുവിശേഷഭാഗങ്ങഠം ഒട്ടേറെ എടുത്തു ചേത്തു്. (ഒരിജെൻ അന്ന വാക്യം അതു ഖണ്ഡിച്ചിട്ടുണ്ടു്.) അതിൽനിന്നു വ്യക്തമാണു് അദ്ദേഹം സുവിശേഷം നന്നായി അറിഞ്ഞിരുന്നെന്നു്. തന്നെയുമല്ല, അഹങ്കരിക്കുന്നുമുണ്ടതിൽ: "ക്രിസ്തുവിൻെറ ചരിത്രത്തെക്കുറിച്ചു വളരെയധികം ഇനിയും എനിക്കു പറയുവാൻ കഴിയും. അദ്ദേഹത്തിൻെറ ശിഷ്യന്മാർ എഴുതിക്കൂട്ടിയ കഥകഠംപോലെയല്ല, നേരായിട്ടുള്ള പലതും. പക്ഷേ, അവയൊക്കെ ഞാൻ പറയാതെ വിട്ടുകളയുന്നു."(1)

ഇനി എന്തു തെളിവാണു വേണ്ടതു്, സുവിശേഷത്തിൻെറ കത്തൃത്വം കാണിപ്പാൻ? ഇത്രമാത്രം സമ്മതിജനകങ്ങളായ സാക്ഷ്യങ്ങളുദ്ധരിച്ചു തെളിയിക്കാവുന്ന ഒരു പേഗൻ ഗ്രന്ഥവും കാണുമെന്നു തോന്നുന്നില്ല. Commentaries on the Gallic Wars–നെക്കുറിച്ചുള്ള ഏററം പഴയ പരാമർശം കാണുന്നതു് ഒരു നൂറുകൊല്ലം കഴിഞ്ഞു പ്ലൂട്ടാർക്കും സെവുട്ടോണിയസും രചിച്ച പ്രബന്ധങ്ങളിലാണെങ്കിലും അതിൻെറ പ്രണേതാവു സീസറല്ലെന്നു് ആരും സംശയിക്കുന്നില്ല! ബൈബിളിൻെറ ഏററം പഴയ കൈയെഴുത്തു പ്രതി 4–ാം നൂററാണ്ടിലേ കണ്ടുകിട്ടിയുള്ളു എന്ന കാരണത്താൽ അതിൻെറ കത്തൃത്വത്തെ സംശയിക്കുകയും, ക്രിസ്തുവിനു വളരെ മുമ്പുള്ള

(1) Origen, Contra Celsum, i, 12, 16.

യവനറോമൻ ക്ലാസിക്കുകളുടെ കൈയെഴുത്തുപ്രതികൾ ക്രിസ്തുവിനു പിമ്പു 9-ാം നൂററാണ്ടിലേ കണ്ടുകിട്ടിയുള്ളു എന്നു വരുകിലും അവയുടെ കർത്തൃത്വം നിർവ്വിശങ്കം സമ്മതിക്കുകയും ചെയ്യുന്ന പണ്ഡിതപ്രകാണ്ഡങ്ങളുണ്ട്! അവരെക്കുറിച്ചു മൗനമവലംബിക്കുകയാണു നന്ന്.

### B ആഭ്യന്തരതെളിവുകൾ

വള്ളിപുള്ളിക്കുപോലും ഇത്രമാത്രം വിലയിരുത്തി സന്നിഷ്കർഷം പഠിച്ച ഒരു പുസ്തകം പുതിയനിയമത്തെപ്പോലെ വേറെയില്ല. ആ പുതിയനിയമത്തിൻെറ ഉള്ളടക്കം ഒന്നു പരിശോധിക്കൂ. അപ്പോൾ കാണാം, അതിൽ ദേശകാലസാഹചര്യങ്ങളുടെ ഉയിർപൂണ്ട പ്രതിഫലനം. അന്നത്തേ പലസ്തീനായിലേ നിയമങ്ങൾ, സ്ഥാപനങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ ഇവയെല്ലാം അതിൽ അതേപടി ദൃശ്യമാണു്. അതിലേ വാക്യഘടന, പദങ്ങൾ, അലങ്കാരങ്ങൾ എല്ലാം ആദ്യശതകത്തിലേതുതന്നെ. അന്നത്തേ മരങ്ങളുടെ പച്ചയും നാണയങ്ങളുടെ കിലുക്കവും ആളുകളുടെ രൂപവും കുന്നിൻെറ കയററവും തടാകങ്ങളുടെ ഇളക്കവും അതിൽ കാണാം; കേൾക്കാം. ഇത്ര സൂക്ഷ്മവും സജീവവുമായ വിവരണം നല്കുവാൻ ദൃക്സാക്ഷികൾക്കേ, കുറഞ്ഞപക്ഷം ക്രിസ്തുവിൻെറ സമകാലികർക്കേ ആവുകയുള്ളു. ആധുനികശാസ്ത്രവിശാരദന്മാർക്കാർക്കും രാഷ്ട്രീയമോ സാമൂഹികമോ മതാത്മകമോ ഭൂമിശാസ്ത്രപരമോ ആയ സുവിശേഷപരാമർശങ്ങളിലൊന്നിലും പിശക കണ്ടുപിടിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല.

പലസ്തീനായുടെ രാഷ്ട്രീയസ്ഥിതി: യോഹന്നാൻ മാംദാനായുടെ പരസ്യരംഗത്തേക്കുള്ള പ്രവേശനത്തെപ്പററി വി. ലൂക്കാ പറയുന്നു: "തെബേറിയോസ് കേസറിൻെറ വാഴ്ചയുടെ പതിനഞ്ചാമാണ്ടിൽ, പന്തിയോസ് പീലാത്തോസ് യൂദായുടെ ഗവർണ്ണരായി വാഴുമ്പോഠം, ഹേറോദേസ് ഗ്ലീലായിൽ നാലാംക്രുറധികാരിയും അവൻെറ സഹോദരനായ പീലിപ്പോസ് ഇത്തോറിയായിലും ത്രാക്കോനാപ്രദേശത്തും നാലാംക്രുറധികാരിയും ലുസാനിയാ അബിലാനേയിൽ നാലാംക്രുറധികാരിയും ആയിരിക്കവേ, ഹന്നാൻെറയും കയ്യാപ്പായുടേയും പ്രധാനാചാര്യത്വത്തിൽ, സ്കറിയായുടെ പുത്രനായ യോഹന്നാന്നു മരുഭൂമിയിൽവച്ചു ദൈവത്തിൻെറ അരുളപ്പാടുണ്ടായി."(1) ഈ വിവരണത്തിനു മററു ചരിത്രഗ്രന്ഥവിവരണങ്ങളോടു യോജിപ്പുണ്ട്. തെബേറിയോസ് കേസർ ക്രി. വ. 14-മുതൽ 37-വരെ റോമാസാമ്രാജ്യം ഭരിച്ചു.(2) പന്തിയോസ് പീലാത്തോസ് ക്രി. വ. 26-മുതൽ 36-വരെ യൂദയായുടെ പ്രൊക്കുറേററർ ആയിരുന്നു. മഹാനായ ഹേറോദേസി (Herod the Great) ൻെറ മകനായ ഹേറോദേസ് അന്തിപ്പാസ് ബി. സി. 4-മുതൽ ഏ. ഡി. 39-വരെ ഗ്ലീലായുടെ നാലാംക്രുറധികാരി (tetrach) ആയിരുന്നു. വി. മത്തായി പറയുന്ന (2: 22) അക്കലാവോസ്, ഹേറോദേസ് അന്തിപ്പാസിൻെറ മൂത്തസഹോദര

(1) ലൂക്കാ: 3, 1-2.

(2) Cfr. E. Schurer, Geschichte des judischen Volkes, Vol. I & II; L. C. Fillion, S. S., The Life of Christ, Vol. I.

നാണ്. അക്ലാവോസ് ബി സി. 4—മുതൽ ഏ. ഡി. 6-വരെ യൂദയായുടെ ഗവണ്ണരായിരുന്നു. ക്രിസ്തു ജനിച്ച കാലത്തു പലസ്തീനാ മുഴവനേയും ഭരിച്ചിരുന്നതു മഹാനായ ഹേറോദേസ് (37-4 ബി. സി.) ആണ്. വി. പൗലോസ് സൂചിപ്പിക്കുന്ന (2 കൊറി. 11: 32) അറേത്താസ് രാജാവു് ക്രി. വ. 9-മുതൽ 40-വരെ അറേബ്യാ ഭരിച്ച അറേത്താസ് നാലാമനാണ്. നടപടി 24: 24-ലെ ഫേലിക്സ്, ഹേറോദേസ് അഗ്രിപ്പാ ഒന്നാമനുശേഷം 52-മുതൽ 60-വരെ പലസ്തീനായെ ഏകീകരിച്ചു ഭരിച്ചു. അയാളുടെ പിൻഗാമിയും വി. പൗലോസിനെ ബന്ധിതനായി റോമയിലേക്കയച്ചവനുമായ (നടപടി 24: 27) പോർസിയോസ് ഫേസ്റ്റോസ് (60-62) അഗ്രിപ്പാ ദ്വിതീയൻെറ (50-100) സ്നേഹിതനായിരുന്നു. ഇങ്ങനെ നീണ്ടുനീണ്ടു പോകും പല ഗ്രന്ഥങ്ങളിൽ ചേത്തിരിക്കുന്ന ചരിത്രവസ്തുതകളുടെ യോജിപ്പ്.(1)

പലസ്തീനായുടെ സാമൂഹികസ്ഥിതി: സുവിശേഷകന്മാർ സ്പഷ്ടമായി പ്രതിപാദിക്കുന്നുണ്ട്, യഹൂദവംശത്തിലെ പ്രധാനപ്പെട്ട വിഭാഗമായ ഫരിസേയരേയും സദ്ദുക്യരേയും സ്ക്രീബരേയും കറിച്ച്. ആദ്യത്തേക്കൂട്ടർ മതഭ്രാന്തരും കപടഭക്തരുമായിരുന്നു. രണ്ടാമത്തേക്കൂട്ടർ പാഷണ്ഡഗതിക്കാരും ഭോജനപ്രിയരും ആയിരുന്നെങ്കിൽ, മൂന്നാമത്തേ വിഭാഗം നിയമവിശാരദരും ക്രമപാലകരും ആയിരുന്നു. സുവിശേഷകന്മാർ നല്കുന്ന ഈ വിവരണത്തോട്ട് യഹൂദചരിത്രകാരനായ ഫ്ളാവിയസ്

(1) Cfr. Fundamental, Theology Vol. II, p. 244-250, by Brusmann-Preuss.)

ജോസഫിന്നു വളരെ യോജിപ്പാണു് എന്നു് അദ്ദേഹത്തിൻെറ «Jewish Antiquities» വായിച്ചു നോക്കിയാൽ മനസ്സിലാകും.

പോരേ, ചരിത്രത്തിനു നിരത്താൻ പാടുള്ളിടത്തോളം സമ്മതിദായകങ്ങളായ ഈ തെളിവുകൾ പോരേ സുവിശേഷത്തിൻെറ കർത്തൃത്വം നിശ്ചയിക്കുവാൻ? റെനാൻെറ–വിശ്വവിശ്രുതനായ ആ വിമർശകൻെറ–ഗത്യന്തരമില്ലായ്മ കാണണമോ? "നാലു സുവിശേഷങ്ങളും അകൃത്രിമങ്ങളായ ചരിത്രരേഖകളെന്നു് ഞാൻ സമ്മതിക്കുന്നു. എൻെറ അഭിപ്രായത്തിൽ അവയെല്ലാംതന്നെ ആദ്യശതാബ്ദത്തിൽ തന്നാമവാഹികളാൽ എഴുതപ്പെട്ടതാകുന്നു."(1)

## II അവികലത

പുതിയ നിയമം കലർപ്പില്ലാതെ, ഭേദഗതി കൂടാതെ, തൽകർത്താക്കൾ എവ്വിധമെഴുതിയോ അവ്വിധം നൂററാണ്ടുകളായി സംരക്ഷിക്കപ്പെട്ടു പോന്നു. നിരൂപകന്മാരും ഗവേഷകന്മാരും അങ്ങേയററം ശ്രമിച്ചിട്ടും വിവിധഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ട പഴയ കൈയെഴുത്തുപ്രതികളിലൊന്നിലും സാരമായ യാതൊരു വ്യത്യാസവും കണ്ടെത്തിയിട്ടില്ല. കണ്ടെത്തുകയുമില്ല. കാരണമുണ്ടു്.

സഭ അപ്പസ്തോലികമായ പുതിയനിയമഗ്രന്ഥങ്ങളെ അത്യധികം ആദരിക്കുകയും കാലക്രമത്തിൽ പ്ര

(1) Quoted in «Christian Apologetics» by Rev. W. Devivier, S. J., p. 145.

ത്യക്ഷപ്പെട്ട കൃത്രിമപ്പുസ്തക (Apocryphal Gospels) ങ്ങളെ അതിജാഗരൂകതയോടേ തിരസ്കരിക്കുകയും ചെയ്തു പോന്നു.(1) സെറാപ്പിയോൺ (Serapion) എന്ന സിറിയൻ ബിഷപ്പ് തൻെറ രൂപതയിലൊരിടത്തു പ്രചരിച്ച "പത്രോസിൻെറ സുവിശേഷം" മുടക്കി: "സഹോദരന്മാരേ, പത്രോസിനേയും മററപ്പോസ്തലന്മാരേയും ക്രിസ്തുവിനെപ്പോലെ നാം കരുതുന്നു. എന്നാൽ, അവരുടെ നാമങ്ങൾ വഹിക്കുന്ന വ്യാജവസ്തുവേത്തും നാം തിരസ്കരിക്കുന്നു. നമുക്കു സംഗതികൾ ശരിയ്ക്കറിയാമല്ലോ. അത്തരമൊരു പുസ്തകം നമുക്കു ലഭിച്ചിട്ടില്ല."(2) ശ്ലീഹന്മാരുടെ ചില ലിഖിതങ്ങൾപോലും വ്യാജനിർമ്മിതമെന്നു ഭയന്നു സ്വീകരിക്കാതിരുന്ന സംഭവങ്ങളുണ്ട്—വി. യോഹന്നാൻെറ വെളിപാടുകൾ അങ്ങനെ കുറെക്കാലത്തേക്കു സ്വീകരിക്കപ്പെടാതിരുന്നതാണ്. സംശയിക്കപ്പെടാതിരിക്കാൻവേണ്ടി ലേഖനകർത്താക്കൾതന്നെ ശ്രദ്ധാലുക്കളായിരുന്നു. സ്വന്തം ഒപ്പുവച്ചോ (Cfr, 1 കൊറീ. 26: 21; കൊളെ. 4: 18) ലേഖനവിഷയം കാണിച്ചെഴുതിയോ (ഗലേ. 6: 2; 2 തെസ. 3: 17) വിശ്വസ്തരായ ദൂതന്മാരെ തിരഞ്ഞെടുത്തോ ഗ്രന്ഥത്തിൻെറ നൈർമ്മല്യം വെളിപ്പെടുത്തിപ്പോന്നു. പിൻതലമുറ അതേ

---

(1) മുമ്പു സൂചിപ്പിച്ച സമാനിയമവും—Canon of the Roman Church— ഒരിജെൻ, ടെർട്ടൂലിയൻ, അലെക്സാൻഡ്രിയായിലെ ക്ലെമെൻറ് ഇവരുടെ സാക്ഷ്യങ്ങളും കാണുക. പേജ് 185.

(2) Eusebius, H. E. VI, 12, 13.

ജാഗരൂകതയോടെ അപ്പസ്തോലികപ്രബോധനങ്ങൾ അവികലം കാത്തിരുന്നു. ഇഗ്നേഷ്യസ്, പോളിക്കാർപ്പ്, ഇരനേയൂസ് തുടങ്ങിയ പിതാക്കന്മാർ ഇതിനു ദൃഷ്ടാന്തങ്ങളാണ്. വേദപുസ്തകനൈർമ്മല്യത്തെ നഷ്ടപ്പെടുത്തുവാൻ തുനിഞ്ഞ പാഷണ്ഡികൾക്കു ടെർട്ടൂലിയൻ നല്കുന്ന താക്കീതു കേൾക്കണോ? "നിങ്ങൾ അപ്പസ്തോലികദൈവാലയങ്ങൾ ഓരോന്നും പോയി ഒന്നു സന്ദർശിക്കുവിൻ. അവയിൽ അപ്പോസ്തലന്മാരുടെ ഔദ്യോഗികപീഠങ്ങൾ ഇന്നും ഉയർന്നു നില്ക്കുന്നതു നിങ്ങൾക്കു കാണാം. അവരുടെ പ്രാമാണികഗ്രന്ഥങ്ങൾ ഇന്നും പാരായണം ചെയ്യപ്പെടുന്നതു കേൾക്കാം. ആ ഗ്രന്ഥങ്ങളുടെ ആളുകളിലൂടെ ഓരോ അപ്പോസ്തലന്റെയും മന്ദ്രസ്വരം പ്രതിധ്വനിക്കുന്നുണ്ട്; പ്രശാന്തവദനം പ്രതിബിംബിക്കുന്നുണ്ട്."(1)

കൂടാതെ, ഓരോ സ്ഥലത്തേയും സഭകൾ ഈ വിശുദ്ധ ഗ്രന്ഥങ്ങളെ രണ്ടിനം നിയന്ത്രണത്തിലാണു സദാ വച്ചുകൊണ്ടിരുന്നതു്. ഒന്ന്, ഔദ്യോഗികനിയന്ത്രണം: മെത്രാന്മാരുടേയും വൈദികന്മാരുടേയും സശ്രദ്ധമായ സംരക്ഷണം. അവരുടെ വസതികളിൽത്തന്നെയാണ് അവ സൂക്ഷിക്കപ്പെട്ടുപോന്നതു്.(2) രണ്ട്, ജനകീയനിയന്ത്രണം: എല്ലാ ഞായറാഴ്ചയും സുവിശേഷം ജനങ്ങൾക്കു പൊതുവിൽ പാരായണം ചെയ്യപ്പെട്ടിരുന്നു.(3)

(1) Tertullian, De Praeser., 36.

(2) Cfr. Irenaeus, Adv. Haer. 4, 32.

(3) Justin, Apolog. i, 66, 67.

വൈദികന്മാരോ ജനങ്ങളോ, ആരുതന്നെയാകട്ടെ, വിശുദ്ധ ഗ്രന്ഥത്തിൽ വ്യത്യാസം വരുത്തിയെങ്കിൽ ശിക്ഷാർഹരായിരുന്നു. ഏഷ്യാമൈനറിലേ ഒരു മെത്രാൻ അങ്ങനെ സ്ഥാനഭ്രഷ്ടനായിട്ടുണ്ട്.(1)

ലോകം മുഴുവനിലും–റോമയിലും ഗ്രീസിലും ആഫ്രിക്കയിലും ഏഷ്യാമൈനറിലുംമററും–വ്യാപിച്ചു കിടന്ന ക്രിസ്തീയസമുദായങ്ങളുടെയിടയിൽ വേദപുസ്തകം പ്രചുരപ്രചാരത്തിലിരുന്നതിനാൽ ഭേദഗതി വരുത്തുക കേവലം അശക്യമായിരുന്നു. ഇന്നു നമുക്കു വേദപുസ്തകത്തിൽ വ്യത്യാസം വരുത്താനൊക്കുമോ? ഇല്ലെങ്കിൽ പണ്ടും അതു പററുകയില്ലായിരുന്നു. കോൺസ്റ്റൻറയിനിൻെറ കാലത്തു (നാലാം നൂററാണ്ടിൽ) സുവിശേഷത്തിൻെറ അറിയപ്പെട്ട കൈയെഴുത്തു പ്രതികൾ അഞ്ഞൂറാണ്. പിൽക്കാലത്തു് അവയുടെ എണ്ണം 3800 ആയി! വേദപുസ്തകം അഭംഗമായി, അവികലമായി സൂക്ഷിക്കപ്പെട്ടു പോന്നു എന്നു് നമുക്കിപ്പോൾ ബോധ്യമായല്ലോ.

## III വാസ്തവികത

പുതിയനിയമം പലരാൽ പലയിടത്തു പലപ്പോഴായി വിരചിതമാണെങ്കിലും അതിൽ മൗലികമായ യാതൊരു വൈരുദ്ധ്യവും കാണുന്നില്ല. എന്നാൽ, വിശദാംശങ്ങളിൽ ചില ചില്ലറ വ്യത്യാസങ്ങളുണ്ട്. അതിനെന്തു്? ആ വ്യത്യാസങ്ങൾതന്നെ പുതിയനിയമത്തിൻെറ വാസ്തവികതയ്ക്കു്, അന്നു സുവിശേഷകന്മാർ കൂടിയാ

(1) Tertullian, De Baptismo, 17.

ലോചിച്ച് എഴുതിവിട്ടതല്ല എന്നതിന് ഒരു തെളിവല്ലേ?

പുതിയനിയമരചയിതാക്കൾക്ക പ്രതിപാദ്യവിഷയങ്ങൾ ഗ്രഹിക്കുവാൻ കഴിവുണ്ടായിരുന്നെങ്കിൽ, അവർ ശരിക്ക് അവ ഗ്രഹിച്ചിരുന്നെങ്കിൽ. സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടി രേഖപ്പെടുത്തുകയും ചെയ്തുവെങ്കിൽ നമുക്ക തീർച്ചയാക്കാം, പുതിയനിയമം വാസ്തവികമെന്ന്, വിശ്വാസയോഗ്യമെന്ന്.

i) അവർക്ക പ്രതിപാദ്യം ഗ്രഹിക്കുവാൻ കഴിവുണ്ടായിരുന്നു. ശരിയാണ്; വിശുദ്ധ ഗ്രന്ഥകർത്താക്കൾക്ക് അസാമാന്യമായ ശാസ്ത്രീയവിദ്യാഭ്യാസമോ വിമർശനനിപുണതയോ ഇല്ലായിരുന്നു. അതിനെന്ത്? കെട്ടുപിണഞ്ഞ പ്രശ്നങ്ങൾക്ക പരിഹാരം കണ്ടെത്തുകയോ കൂട്ടിക്കിടക്കുന്ന വിവിധരേഖകളിൽനിന്നു യാഥാർത്ഥ്യം അരിച്ചെടുക്കുകയോ അല്ലായിരുന്നു അവർക്ക് ചെയ്യേണ്ടതു്. പ്രത്യുത, പരസ്യമായും കൺമുമ്പിലും നടന്ന പ്രസ്പഷ്ടവസ്തുതകൾ അതേപടി കുറിച്ചിടുക—അത്രമാത്രം. അതിനു കഴിയും വെറുമൊരു സാധാരണക്കാരനു്; ബാഹ്യവും ആന്തരികവുമായ ഇന്ദ്രിയങ്ങൾക്ക ഭംഗം ഭവിക്കാത്ത സുബുദ്ധിക്ക്. വേദപുസ്തകകർത്താക്കൾ വികലേന്ദ്രിയരായിരുന്നുവെന്ന്, ആരും വാദിക്കുന്നില്ല.

ii) വസ്തുസ്ഥിതികൾ അവർ ശരിക്കറിഞ്ഞിരുന്നു. വി. മത്തായിയും വി. യോഹന്നാനും ക്രിസ്തുവിൻെറ സഹചാരികളായിരുന്നു. പത്രോസിൻെറ മിത്രവും വ്യാഖ്യാതാവുമായ മർക്കോസും പൗലോസിൻെറ സഹവർത്തിയും

അപ്പോസ്തലന്മാരുടെ സ്നേഹിതനുമായ ലൂക്കായും ക്രിസ്തുവിൻെറ സമകാലീനരുമായി അടുത്ത ബന്ധം പുലത്തിയവരും ആണ്. വിവരങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ അപ്രമാദമായറിയുവാൻ അവർക്കു സൗകര്യമുണ്ടായിരുന്നു; അറിഞ്ഞു: വഞ്ചന പററിയില്ല. സുവിശേഷകന്മാരുടെ സ്വാവബോധം പ്രത്യക്ഷപ്പെടുന്നതു ശ്രദ്ധിക്കുക: "തുടക്കംമുതലേ വചനത്തിൻെറ സാക്ഷികളും ശുശ്രൂഷകരും ആയിരുന്നവർ ഞങ്ങളെ ഭരമേല്പിച്ചതുപോലെ ഞങ്ങൾക്കു സമ്മതം വന്നിരിക്കുന്ന കാര്യങ്ങളുടെ വിവരണങ്ങൾ എഴുതുവാൻ പലരും ഇച്ഛിച്ചതിനാൽ, പ്രസിദ്ധനായ തെയോഫിലാ, നീ ശിഷ്യപ്പെട്ടിരിക്കുന്ന വചനങ്ങളുടെ സത്യത നീ അറിയേണ്ടതിന്, എല്ലാത്തിലും ഞാൻ ശ്രദ്ധയോടെ അടുത്തു സംബന്ധിച്ചിരിക്കുകനിമിത്തം, എല്ലാം അതിൻെറ ക്രമമനുസരിച്ചു നിനക്കുവേണ്ടി എഴുതുവാൻ എനിക്കും തോന്നിയിരിക്കുന്നു" (ലൂക്കാ 1: 1-4). വി. യോഹന്നാൻ എഴുതുന്നു: "ഈ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലാത്ത മററുവളരെ അടയാളങ്ങളും ഈശോ തൻെറ ശിഷ്യരുടെ മുമ്പാകെ കാണിച്ചു" (യോഹ. 20: 30). "ഇവയൊക്കെയേയുംകുറിച്ചു സാക്ഷ്യപ്പെടുത്തുകയും ഇവ എഴുതുകയും ചെയ്ത ആ ശിഷ്യൻ ഇവനാകുന്നു; ഇവൻെറ സാക്ഷ്യം സത്യമാകുന്നു എന്ന് നാം അറിയുകയും ചെയ്യുന്നു."

(യോഹ. 21: 24).

iii) സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടി സുവിശേഷരചയിതാക്കൾ ഗ്രഹിച്ചവ രേഖപ്പെടുത്തി.

a) അവരുടെ ജീവിതവിശുദ്ധിയും സുവിശേഷസത്യങ്ങൾക്ക സാക്ഷിനില്ക്കുന്നതിൽ പ്രകടിപ്പിച്ച നിസ്വാർത്ഥതയും ഇതു വ്യക്തമാക്കുന്നുണ്ട്. സുവിശേഷവസ്തുതകൾക്ക സാക്ഷ്യം നില്ക്കുന്നതുകൊണ്ട്, എല്ലാം, ജീവൻപോലും, നഷ്ടപ്പെടാനല്ലാതെ ഭൗതികമായ ഒന്നും അവർക്ക നേടാനില്ലായിരുന്നു. തങ്ങളുടെ നേരേ ഭീഷണിയും പീഡനവും താണ്ഡവമാടുമ്പോൾ പരവഞ്ചനയ്ക്കവർ തുനിയുമോ? പാസ്കൽ പറയുന്നു: "മരണത്താൽ തങ്ങളുടെ സാക്ഷ്യത്തെ മുദ്രിതമാക്കിയവരുടെ വാക്കകളെ ഞാൻ നിശ്ശിശങ്കം വിശ്വസിക്കുന്നു." സ്വർഗ്ഗസൗഭാഗ്യത്തെക്കറിച്ചുള്ള പ്രത്യാശയും ചതി കാട്ടാൻ പ്രേരകമായിരുന്നില്ല. വഞ്ചനയും കാപട്യവുംവഴി സ്വർഗ്ഗം നേടാമെന്ന് ആരെങ്കിലും ആശിക്കുമോ?

b) അവർ അഭിലഷിച്ചെങ്കിൽക്കൂടി വഞ്ചന അസാദ്ധ്യമായിരുന്നു. തങ്ങൾ പ്രതിപാദിക്കുന്ന സംഭവങ്ങൾ കണ്ടവർക്കോ കണ്ടവരുമായി പരിചയമുള്ളവർക്കോ വേണ്ടിയാണ് അവർ എഴുതിയത്. അതും സ്ഥലം, കാലം, തീയതി, ആളുകൾ ആദിയായ സാഹചര്യങ്ങൾ വിവരിച്ച്. കണ്ടുപിടിക്കാനാവാത്ത ഒരു കള്ളവിവരണം ഒട്ടേറെ ദൃക്സാക്ഷികൾ — അവർ അനുകൂലരോ പ്രതികൂലരോ ആയിക്കൊള്ളട്ടെ—ജീവിച്ചിരിക്കുമ്പോൾ എഴുതി പരസ്യപ്പെടുത്തുക നടപ്പില്ല.

c) സൂക്ഷ്മനിരീക്ഷണത്താൽ പൊരുത്തപ്പെടുത്താവുന്നവയെങ്കിലും ഒററനോട്ടത്തിൽ ഐകരൂപ്യമില്ലാത്തവയായി തോന്നാവുന്ന വിവരണങ്ങൾ, മുമ്പു സൂചി

പ്പിച്ചതുപോലെ, പുതിയനിയമത്തിലുണ്ട്. പുതിയ നിയമകത്താക്കൾ വഞ്ചനാഭിലാഷികളായിരുന്നെങ്കിൽ അനൈക്യത്തിൻെറ നിഴൽപോലും വീഴാതിരിക്കത്തക്കവണ്ണം കൂടിയാലോചിച്ച് എഴുതുമായിരുന്നില്ലേ?

d) അവരെപ്പോലുള്ളവർക്ക പ്രാപ്തിയില്ല, ക്രിസ്തുവിനെപ്പോലൊരു മഹാപുരുഷനു രൂപംകൊടുക്കാൻ. ഇത്രമാത്രം ജീവിതപവിത്രതയും ആശയൗൽകൃഷ്ട്യവും ആദർശൗന്നത്യവും തികഞ്ഞ ഒരമാനുഷിക വ്യക്തി മീൻ മണക്കുന്ന വിദ്യാവിഹീനരുടെ ഭാവനാസൃഷ്ടിയെന്നോ! കത്തോലിക്കമതവൈരിയായ ജെ. ജെ. റൂസ്സോ പറയുന്നു: "സുവിശേഷം വെറും കെട്ടുകഥയോ? കെട്ടുകഥകൾ ഇത്തരത്തിലുള്ളവയല്ല. ആരും സംശയിക്കാത്ത സോക്രട്ടീസിൻെറ പരാക്രമങ്ങൾപോലും ക്രിസ്തുവിൻെറ അത്ഭുതപ്രവൃത്തികളോളം അവിതർക്കിതങ്ങളല്ല. . . സുവിശേഷങ്ങളിൽ ഇത്ര അതുല്യങ്ങളും ആകർഷകങ്ങളുമായ തത്വങ്ങളടങ്ങിയിരിക്കുന്നതിനാൽ ഇതിൻെറ നിർമ്മാതാവ് അതിലേ കഥാനായകനെക്കാൾ വിസ്മയാവഹനായിരിക്കണം.(1) പാർക്കറിൻെറ വാക്യവും ശ്രദ്ധേയമാണ്: "ഒരു ന്യൂട്ടനെ കണ്ടുപിടിക്കുന്നതിന് ഒരു ന്യൂട്ടൻതന്നെ വേണം. ഈശോമിശിഹായെപ്പോലൊരു ദിവ്യപുരുഷനെ കണ്ടുപിടിക്കാൻ മനുഷ്യനു കഴിയുകയില്ല. ഈശോമിശിഹാ പറ്റൂ."

e) സുവിശേഷവസ്തുതകൾ തമ്മിലുള്ള അടുക്കിനേയും അവയ്ക്കു മററു ചരിത്രരേഖകളുമായുള്ള ചേർച്ച

(1) Emile, Livre, iv.

യേയും എങ്ങനെ വ്യാഖ്യാനിക്കും സുവിശേഷങ്ങൾ കപോലകല്പിതങ്ങളെങ്കിൽ?

f) യഹൂദമതത്തിന്റെയും പേഗനിസത്തിന്റെയും മെഴുത്ത ചുമലുകളിൽ ചവിട്ടിനിന്ന്, മനുഷ്യന്റെ ചപലപ്രവണതകളേയും അഭിലാഷങ്ങളേയും കടിഞ്ഞാൺ പിടിക്കുന്ന ക്രിസ്തുമതത്തിലേക്കു-ക്രൂശിതന്റെ ക്ലേശവീഥിയിലേക്ക്-ജനലക്ഷങ്ങളെ ആഹ്വാനം ചെയ്തവർ വഞ്ചകരെന്നോ! സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടൽതുടങ്ങിയ അഗാധചിന്തകന്മാർക്കുപോലും അവേദ്യമായിരുന്ന ധർമ്മസത്യസ്വത്വങ്ങളെ ഉൾക്കൊള്ളുന്നതും, അസംഖ്യം പണ്ഡിതന്മാരേയും വിശുദ്ധരേയും ഉൽപാദിപ്പിച്ചതുമായ ഒരു മതം മുക്കുവന്മാരുടെ വഞ്ചനാശില്പമെന്നോ! തീർന്നില്ല. വേദപുസ്തകത്തിലെ പ്രവചനങ്ങളെ നിറവേററാനും പ്രബോധനങ്ങളെ സ്ഥിരീകരിക്കാനും ദൈവം അത്ഭുതവും പ്രവർത്തിക്കുന്നു!

### C ഗവേഷണസിദ്ധമായ തെളിവുകൾ

അതിമാത്രം പുരോഗമിച്ച ഒരു ശാസ്ത്രശാഖയാണു ഭൂഗർഭഗവേഷണം. അതു പരിശോധനയിലിരിക്കുന്ന നമ്മുടെ പ്രമേയത്തിന്മേൽ വീശുന്ന പുതുവെളിച്ചം തെളിമയാർന്നതാണു്. ഭൂഗർഭഗവേഷണങ്ങളിൽനിന്നും പുരാതനമായ ഗ്രന്ഥശേഖരങ്ങളിൽനിന്നും വേദപുസ്തകത്തിന്റെ പല പൗരാണികപ്രതികൾ ആധുനികർക്കു സംലബ്ധമായിട്ടുണ്ട്.

ടിഷെൻഡോർഫ് (Constantin Tischendorf) എന്ന ജർമ്മൻ പണ്ഡിതൻ 1859-ൽ സീനാമലയുടെ അ

ടിവാരത്തുള്ള സെൻ്റ് കാതെറൈൻ ആശ്രമത്തിൽവച്ച് 347-ൽപ്പരം തുകൽ (Vellum) ഷീററുകൾ കണ്ടെത്തി. അതിൽ പഴയനിയമത്തിൻെറ മിക്കഭാഗങ്ങളും പുതിയനിയമം മുഴുവനും ബാർണബാസിൻെറ ലേഖനവും 'ഷെപ്പേഡ് ഓഫ് ഹെർമാസി'ൻെറ(1) ഒരു ഭാഗവും വ്യത്തിയായി ലേഖനം ചെയ്യപ്പെട്ടിരുന്നു. ആ രേഖ—സിനൈററിക്ക് കോഡെക്സ് (Codex Sinaiticus)-സോവിയററ് ഗവണ്മെണ്ടിൻെറ കൈവശം എങ്ങനെയോ വന്നുചേർന്നു. എന്നാൽ, 1933–ൽ ബ്രിട്ടീഷ് മ്യൂസിയം ഒരു ലക്ഷം പവൻ കൊടുത്ത് അതു വാങ്ങി. ഈ സിനൈററിക് കോഡെക്സ് 4–ാം നൂററാണ്ടിൻെറ ആരംഭകാലത്തേതാണ്. 1867–ൽ ഇതുപോലൊരു കൈയെഴുത്തുപ്രതി ടിഷെൻഡോർഫ് ലോകത്തിനു വെളിപ്പെടുത്തി: വത്തിക്കാൻ കോഡെക്സ് (Codex Vaticanus). ഇവ രണ്ടും 1627–മുതൽ ഇംഗ്ലണ്ടിൽത്തന്നെ സൂക്ഷിക്കപ്പെട്ടുപോന്നതും അഞ്ചാം നൂററാണ്ടിൽ എഴുതപ്പെട്ടതുമായ അലെക്സാൻഡ്രിയൻ കോഡെക്സി(Codex Alexandrianus)നെക്കാൾ പഴക്കമേറിയവയാണ്. 1931–ൽ ചെസ്റ്റർ ബീററി (A. Chester Beaty) വേറൊരുക്കൂട്ടം കൈയെഴുത്തുഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. അതിൽ പഴയനിയമത്തിലെ ഒമ്പതു പുസ്തകങ്ങളുടെ ഭാഗങ്ങളും 15 പുതിയനിയമഗ്രന്ഥങ്ങളുംമററും ഉണ്ട്. കളിമൺപലകകളിലും മരത്തോൽ ഷീററുക(Papyrus)ളിലും വിരചിതമായ നൂറുനൂറു രേഖകൾ പലസ്തീന, സിറിയ, ഈജിപ്ത്, മെ

---

(1) 186–ാം പേജ് കാണുക.

സപ്പട്ടോമിയ, ഉഗാറിറവ് മുതലായ സ്ഥലങ്ങളിൽനിന്നു പണ്ഡിതന്മാർ കണ്ടെടുത്തിയിട്ടുണ്ട്.

ഈ ഗവേഷണങ്ങളെക്കുറിച്ചു സവിസ്തരമായ വിവരണം 1940–ൽ പ്രസിദ്ധീകൃതമായ "ബൈബിളും ഭൂഗർഭശാസ്ത്രവും" എന്ന വിശിഷ്ടഗ്രന്ഥത്തിൽ കാണാം.(1) വളരെക്കാലം ബ്രിട്ടീഷ് മ്യൂസിയത്തിൻെറ ഡിറക്ടരും പ്രധാനലൈബ്രേറിയനുമായിരുന്ന സർ ഫ്രെഡെറിക്ക് കെന്യോൺ, G.B.E., K.C.B., F.B.A., F.S.A. ആണു് ഗ്രന്ഥകർത്താവ്. ടുബിൻജെൻ സ്കൂളിൻെറ നേതാവായ ബൗർ(2) മുതൽ ഡച്ച് സ്കൂളിൻെറ നേതാവായ വാൻ മനെൻ (Van Manen) വരെയുള്ള ബൈബിൾപഠിതാക്കൾ പുതിയനിയമഗ്രന്ഥങ്ങളുടെ പ്രാമാണ്യത്തെ ചോദ്യം ചെയ്യുവാൻ എടുത്തുപയോഗിച്ച തീയറികളെ നിശിതമായി വിമർശിച്ചതിനുശേഷം സർ ഫ്രെഡെറിക്ക് കെന്യോൺ പണ്ഡിതാഗ്രേസരനായ അഡോൾഫ് ഹർണ്ണാക്കിനെ ഉദ്ധരിക്കുന്നു: "ഭാഷാപരവും ചരിത്രപരവുമായ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ സഭയുടെ ആദിമഗ്രന്ഥങ്ങളാകെ എല്ലാ പ്രധാനസംഗതികളിലും മിക്ക വിശദാംശങ്ങളിലും വിശ്വാസയോഗ്യവും സ്വീകാര്യവുമാണ്....." അദ്ദേഹം തുടരുന്നു: "ഹർണ്ണാക്കിൻെറ ഈ

---

(1) 1940–നു ശേഷമുണ്ടായ ഗവേഷണങ്ങളെക്കുറിച്ചറിയാൻ, കാണുക: «The Catholic Biblical Association of America» Washington, D. C.

(2) 180–ാം പേജ് കാണുക.

പ്രഖ്യാപനത്തിനു ശേഷമുള്ള നാല്പതു കൊല്ലങ്ങളിലെ ഗവേഷണങ്ങൾ അദ്ദേഹത്തിൻെറ (ഹണ്ണാക്കിൻെറ)നിലപാടിനെ തികച്ചും ഉറപ്പിക്കുന്നതാണു്.... സംശയാസ്പദമായിക്കിടന്ന യോഹന്നാൻ സുവിശേഷവും പ്രഥമനൂററാണ്ടിലേതാണെന്നു് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു..... ബൌറിൻേറയും വാൻമനെൻേറയും സിദ്ധാന്തങ്ങൾ പൊട്ടിത്തകർന്നു.... കാനോനിക്കൽ ഗ്രന്ഥങ്ങൾ ആദ്യനൂററാണ്ടിലേതെന്നും അകൃത്രിമമെന്നും മാത്രമല്ല, അവ അവികലമെന്നുകൂടി പുതിയ തെളിവുകൾ സ്ഥാപിക്കുന്നു. കുറെവർഷങ്ങൾക്കു മുമ്പുവരെ പുതിയ നിയമഗ്രന്ഥങ്ങൾക്കുണ്ടായിരുന്ന ഏററം പഴയ തെളിവുകൾ, പുരാതനഗ്രന്ഥകാരന്മാരുടെ ചില ഉദ്ധരണികൾ ഒഴിച്ചാൽ, നാലാം നൂററാണ്ടിലേ വിലപ്പെട്ട ചർമ്മലിഖിതങ്ങൾ (Vellum Codices) ആയിരുന്നു. എന്നാൽ, പുതുതായി കണ്ടെടുത്ത രേഖകൾ (Papyrus fragments)— അവയിൽ പ്രധാനം 1931-ൽ ചെസ്റ്റർ ബീററി വെളിച്ചത്തുകൊണ്ടുവന്നതാണു്— ഒന്നൊന്നര നൂററാണ്ടു മുമ്പുള്ളവയാകുന്നു. അങ്ങനെ, പുതിയ നിയമരചനയ്ക്കും അതെക്കുറിച്ചു ലഭിച്ച പുരാതനതെളിവുകൾക്കും ഇടയ്ക്കു തികച്ചും അഗണ്യമായ കാലയളവേയുള്ളു. വേദപുസ്തകം എപ്രകാരം എഴുതപ്പെട്ടുവോ സാരാംശങ്ങളിൽ അപ്രകാരംതന്നെ നമുക്കു കൈവന്നിരിക്കുന്നു എന്നതിനെപ്പററി ഉണ്ടായിരിക്കാമായിരുന്ന ഏതു സംശയത്തിൻേറയും ആസ്പദം ഇപ്പോൾ ദൂരീകൃതമായി. പുതിയനിയമഗ്രന്ഥങ്ങൾ അകൃത്രിമവും പൊതുവിൽ അവികലവുമെന്നു് അങ്ങനെ എന്നേക്കും (finally) സ്ഥാപിതമായി

എന്നു കരുതാം."(1) ആഴമാർന്ന പഠനത്തിന്റെയും പരപ്പാർന്ന ഗവേഷണങ്ങളുടേയും ഫലമായി ഇദ്ദേഹം എടുത്ത ഈ നിഗമനം നമ്മുടെ പ്രമേയത്തെ അപ്രമാദമാക്കുകയല്ലേ ചെയ്യുന്നതു്?

നമ്മുടെ അന്വേഷണം ഇവിടെ നിറുത്താം. വേദപുസ്തകം വിശ്വാസയോഗ്യമായ ചരിത്രരേഖകളെന്നതിന് അതിപ്രബലങ്ങളായ തെളിവുകൾ വേണ്ടുവോളം ലഭിച്ചുകഴിഞ്ഞു. വേണമെങ്കിൽ ഇനിയും ലഭിക്കുകയും ചെയ്യും. ക്രിസ്തുവിന്റെ കാലം ചരിത്രാതീതമല്ലല്ലോ. റോമൻസംസ്കാരത്തിന്റെ വെന്നിക്കൊടി പറന്നിരുന്ന, ചരിത്രകാരന്മാരും രണധീരന്മാരും ഭരണധുരന്ധരന്മാരും കലാവേദികളും വിരാജിച്ചിരുന്ന—ഒരു കാലത്താണു, ക്രിസ്തു ജീവിച്ചതു്; പുതിയനിയമം വിരചിതമായതു്.(2)

ഡെ ബ്ലേഗ്‌ലി എന്ന പണ്ഡിതന്റെ വാക്കുകളിൽ

---

(1) Cfr. «The Bible and Archaelogy» by Sir Frederic Kenyon., p. 286-289.

(2) «The world into which Christ was born was the most refined and cultured history knows... The Graeco-Roman world was one of astounding peace and well-being, of amazing splendour and political achievement, an age of choice literature, of wonderful works of art, of profound but restless speculation. The three centuries that lie between 40 B.C. and 260 A.D. are in many respects those of the highest prosperity men have ever known.»—Dr. Arendzen, The Gospels-Fact, Myth or Legend? Part ii, Chap. 1. അതിനാൽ, അതിന്റെ ചാരിത്രിക പ്രാമാണ്യം പകൽപോലൊരു പരമാർത്ഥമാണു്.

നമുക്ക് ഈ പ്രതിപാദനം ഉപസംഹരിക്കാം: "സുവിശേഷത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങൾ, പുരാതനമതഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നവയെപ്പോലെ, ചരിത്രാതീതവും പൗരാണികവും അപരിഷ്കൃതവുമായ വല്ല കാലത്തോ അജ്ഞാതവും വിജനവുമായ വല്ല രാജ്യത്തോ നടന്നതല്ല. അഭിവൃദ്ധമായ നാഗരികതയുടെ കേളീരംഗമായി, പൊമ്പേയുടെ സന്ദർശനത്തിനും ടാസിററസിൻെറ ചരിത്രരചനയ്ക്കും വിഷയീഭവിച്ച്, റോമാസാമ്രാജ്യത്തിൽ ഒരു വിഭാഗത്തിൻെറ തലസ്ഥാനമായിരുന്ന നഗരിയിലാണു യേശുക്രിസ്തു ജീവിക്കുകയും പ്രസംഗിക്കുകയും സഭയെ സ്ഥാപിക്കുകയും സ്വജീവനെ ബലികഴിക്കുകയും ചെയ്തതു്. അവിടുത്തെ ജീവചരിത്രം പരമ്പരാഗതമായ വായ്മൊഴിയായും, ദൃഢവിശ്വാസികളും ഉത്സാഹഭരിതരുമായ ജനസാമാന്യത്തിൻെറ ഭാവനാശക്തിയാൽ അതിവർണ്ണനം ചെയ്യപ്പെട്ടുമല്ല നമുക്കു ലഭിച്ചിട്ടുള്ളതു്. ദൃക്സാക്ഷികളാലോ സമകാലികരായ ഇതരസാക്ഷികളാലോ എത്രയും സുഗ്രഹമായ ഭാഷയിൽ രചിക്കപ്പെട്ടതും, നിഷ്കളങ്കവും സുവ്യക്തവും പരസ്പരാനുയോജ്യവുമായ വിവരങ്ങളടങ്ങിയതുമായ നാലു ഗ്രന്ഥങ്ങളാണു് യേശുക്രിസ്തുവിൻെറ ജീവചരിത്രത്തിനു് ആധാരങ്ങളായിരിക്കുന്നതു്. പ്രാചീനപണ്ഡിതന്മാരുടെ ഏകോപിതസാക്ഷ്യം, ഗ്രന്ഥങ്ങൾക്കു് അചിരേണ ലഭിച്ച പ്രചുരപ്രചാരം, ലോകമാസകലം വ്യാപിച്ചിരിക്കുന്ന സകല പ്രതികളിലേയും പാഠസാമ്യം, സ്ഥലകാലാദി വിവരണങ്ങൾക്കു സമകാലികചരിത്രത്തോടുള്ള യോജിപ്പു് എന്നീ ലക്ഷണങ്ങളാൽ സുവി

ശേഷഗ്രന്ഥങ്ങൾ ഭൂതകാലചരിത്രത്തിൻെറ വിശ്വാസയോഗ്യമായ രേഖകളിലൊന്നായി ഗണിക്കപ്പെടുവാൻ അർഹങ്ങളാകുന്നു. ആ വസ്തുതയാണ് അവയിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങളുടെ വിശ്വാസ്യതയ്ക്ക് ആധാരം. ഇതല്ലാതെ വേറെ ഏതൊരു ആധാരമാണു യുക്തിപൂർവ്വം ആവശ്യപ്പെടാവുന്നത്? യേശുക്രിസ്തുവിനെ യോഹന്നാൻ, മത്തായി എന്ന അവിടുത്തെ ശിഷ്യന്മാർ വഴിയായും, വി. പൗലോസിനെ അദ്ദേഹത്തിൻെറ സഹചരനായിരുന്ന ലൂക്കാ വഴിയായും നാം അറിയുന്നു. അലെക്സാണ്ഡറിനെയും അഗസ്റ്റസിനേയുംകുറിച്ച് അറിയാൻ അവരുടെ സേനാനായകന്മാരോ സേവകന്മാരോ നല്കിയിട്ടുള്ള വിവരങ്ങളല്ലാതെ നമുക്കു മറെറന്തെങ്കിലും മാർഗ്ഗമുണ്ടോ? സംഭവങ്ങൾ സ്വഭാവാതീതങ്ങളും മനുഷ്യബുദ്ധിക്കു ദുർഗ്രഹങ്ങളുമാണെന്നോ, അവമുഖാന്തരം ധാർമ്മികമായ ചില ചുമതലകൾ നിർവ്വഹിക്കേണ്ടി വരുമെന്നോ ഉള്ള കാരണം പറഞ്ഞു്, അവയുടെ വിശ്വാസ്യതയ്ക്ക് ആധാരങ്ങളും യുക്തിയുക്തങ്ങളുമായ സാധാരണ തെളിവുകളെ പരിത്യജിക്കുന്നതു ന്യായ്യമാണോ? ശാസ്ത്രീയപര്യവേക്ഷണങ്ങളിൽ പണ്ഡിതലോകം സാധാരണമായി സ്വീകരിച്ചിട്ടുള്ള തോതുവച്ചു സുവിശേഷങ്ങളുടെ വിശ്വാസ്യതയെ പരിഗണിക്കണമെന്നല്ലാതെ മറെറാരു ദാക്ഷിണ്യവും ഞങ്ങൾ ആവശ്യപ്പെടുന്നില്ല."(1)

(1) "യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക്" എന്ന പുസ്തകത്തിൽനിന്ന്.—പേജ് 90-91.

## എട്ടാമദ്ധ്യായം

# പുതിയനിയമം—ആക്ഷേപങ്ങൾ

## I. റാഷണലിസ്റ്റുകളുടെ തീയറികൾ

സുവിശേഷത്തിന്നെതിരേ യുക്തിവാദികൾ പലേ സിദ്ധാന്തരാക്ഷസന്മാരെ കവചം കെട്ടി അയച്ചിട്ടുണ്ട്. പക്ഷേ, പടക്കളത്തിലെത്തുംമുമ്പേ അവററയൊക്കെ തമ്മിൽത്തല്ലി ചത്തൊടുങ്ങി. കുറെ പേരുകളേ അവശേഷിച്ചിട്ടുള്ളു.

a) <u>വഞ്ചനാസിദ്ധാന്തം</u>—The Theory of Deception: റെയ്മാരസ് (H.S. Reimarus, 1694-1768)പറഞ്ഞുണ്ടാക്കി, ക്രിസ്തുമതത്തിൻെറ ഉത്ഭവം തികച്ചും സ്വാഭാവികവും മാനുഷികവുമാണെന്ന്; പ്രചാരം കാപട്യവും വഞ്ചനയും വഴിയാണെന്ന്! റോമായുടെ ആധിപത്യത്തിൽനിന്ന രാഷ്ട്രീയമോചനം നേടുവാൻ ക്രിസ്തു ശ്രമിച്ചു; പക്ഷേ പരാജയമടയുകയാണുണ്ടായത്. അദ്ദേഹത്തിൻെറ മരണത്തിനുശേഷം അപ്പോസ്തലന്മാർ നുണ പറഞ്ഞുപറഞ്ഞു ക്രിസ്തുവിനെ ഒരു അത്ഭുതപ്രവർത്തകനും ദൈവവുമാക്കി!

b) <u>സ്വാഭാവികസിദ്ധാന്തം</u>— The Theory of Naturalism: പൗളൂസ് (H.E.G. Paulus, 1761-1851) ആ

ണ് ഈ സിദ്ധാന്തത്തിൻെറ ഉപജ്ഞാതാവ്. പുതിയ നിയമത്തിൻെറ ചാരിത്രികമൂല്യവും പ്രാമാണികത്വവും അപ്പോസ്തലന്മാരുടെ ആത്മാർത്ഥതയും അദ്ദേഹം സമ്മതിക്കുന്നുണ്ടെങ്കിലും സുവിശേഷങ്ങളിലെ പ്രകൃത്യതീത വസ്തുതകളെ ശക്തിയായി നിഷേധിക്കുന്നു. അവയെല്ലാം സ്വാഭാവികമായി വിശദീകരിച്ചുതള്ളുവാൻ എണ്ണമററ കൃത്രിമരീതികൾ കണ്ടുപിടിക്കുകയും ചെയ്യുന്നു!

c) <u>കല്പിതകഥാവാദം</u>– The Mythical Theory: സ്ട്രൗസ് (D.F. Strauss, 1808–1874) കണ്ടുപിടിച്ച വാദമാണിതു്. ഈ വാദമനുസരിച്ചു ക്രിസ്തു പ്രകൃത്യതീതസ്വഭാവനോ സുവിശേഷങ്ങൾ ചരിത്രരേഖകളോ അല്ല. ശരിയാണ്, ആധ്യാത്മികപ്രാഭവവും സൂക്ഷ്മദൃഷ്ടിയുമുള്ള ഒരു ആചാര്യൻ ക്രിസ്തു എന്ന പേരിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിനു വിശ്വസ്തരായ അനുയായികളുമുണ്ടായിരുന്നു. മററെല്ലാം വെറും കല്പിതകഥകൾ! ആദിമക്രിസ്ത്യാനികളുടെ ഭാവനാസൃഷ്ടികൾ!

d) <u>പരിണാമവാദം</u>– The Tendency Theory: ഫെർഡിനാൻഡ് ബൗറാണ് ഈ സിദ്ധാന്തത്തിനു രൂപം കൊടുത്തതു്. സിദ്ധാന്തമിതാണ്: സുദീർഘമായ ഒരു കാലഘട്ടത്തിലെ പരിണാമത്തിൻെറ ഫലമായി ഉണ്ടായ ഒരു തത്വസംഹിതയത്രെ ക്രിസ്തുമതം! വിരുദ്ധാഭിപ്രായങ്ങൾ പുലത്തിപ്പോന്ന ക്രിസ്ത്യാനികൾ ചില വിട്ടുവീഴ്ചകൾ ചെയ്തതിനുശേഷം രണ്ടാംനൂററാണ്ടിൽ എഴുതിപ്പിടിപ്പിച്ചതാകുന്നു സുവിശേഷങ്ങൾ, പ്രത്യേകിച്ച്, മർക്കോസിൻേറയും യോഹന്നാൻേറയും സുവിശേഷങ്ങൾ!

e) അജ്ഞേയവാദം—The Theory of Scepticism: ബ്രൂണോ ബൌർ (Bruno Baur, 1809-1882) ഒരു പടികൂടി കടന്നു ക്രിസ്തു ഒരു ചരിത്രപുരുഷനേ അല്ല, പ്രത്യുത, മതാത്മകവും സാഹിത്യപരവുമായ സങ്കല്പത്തിന്റെ സൃഷ്ടിയാണ് എന്നു ശഠിച്ചു; സുവിശേഷങ്ങളുടെ ചാരിത്രികമൂല്യത്തെ ചോദ്യം ചെയ്തു! ഈ യുക്തിവാദിയുടെ അരുളപ്പാടുകളെ വിശ്വസിക്കാനും ആളുകളുണ്ടായി.

f) സ്വാതന്ത്ര്യവാദം—The Theory of the Liberal School: ഈ വാദത്തിന്റെ കാരണവർക്ക് ആൽബ്രെക്റ്റ് റിക്ഷെൽ (Albrecht Ritschel, 1822-1889) എന്നാണു പേര്. പുതിയനിയമത്തിന്റെ മതാത്മകമൂല്യത്തോടു വലിയ മമതയാണ്. അതേസമയം, സുവിശേഷത്തെ ഇഷ്ടംപോലെ വ്യാഖ്യാനിക്കാനും സൗകര്യംപോലെ നിഷേധിക്കാനും പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുന്നു! ആധുനികപ്രോട്ടസ്റ്റൻറുകാർ മിക്കവരും തന്നെ ഈ വാദത്തെ അനുകൂലിക്കുന്നവരാണു. സുവിശേഷങ്ങൾ ആദ്യനൂററാണ്ടിലല്ല എഴുതപ്പെട്ടതെന്നോ സുവിശേഷകന്മാർ വഞ്ചകരെന്നോ ഇവർ ശഠിക്കുന്നില്ല; പക്ഷേ, സുവിശേഷങ്ങളുടെ ദൈവനിവേശിതത്വത്തെയും ക്രിസ്തുവിന്റെ ദൈവത്വത്തെയും യോഹന്നാന്റെ സുവിശേഷംപോലുള്ള ചില പുതിയനിയമഗ്രന്ഥങ്ങളുടെ ചരിത്രപരതയേയും അവയിലെ പ്രകൃത്യതീതവസ്തുതകളെയും ചോദ്യം ചെയ്യുന്നുണ്ട്.

g) ശുഭാന്ത്യപ്രതീക്ഷാവാദം—The Eschatological Theory: ഈ തീയറിക്കു ജമ്മൻകാരനായ വെയ്സ്

(J. Weiss, 1892) ജന്മം നല്കി. ഷെവിററ്സെർ (A. Schweitzer) അതിനെ പാലൂട്ടി. ലോയ്സി (A. Loisy, 1902) ഫ്രാൻസിലേക്ക കയററി പാർപ്പിച്ചു. ഗ്വിഗ്നെ -ബെർട്ട് (C. Guignebert) അതിനു പ്രചാരം കൊടുത്തു. ക്രിസ്തു, ദൈവരാജ്യത്തെ സ്വപ്നം കണ്ടുകൊണ്ടിരുന്ന യ ഹൂദന്മാരുടെ പ്രത്യാശയിൽ പങ്കുപററിയ വെറുമൊരു മനുഷ്യൻ! ക്രിസ്തുവിൻെറ ഉപദേശങ്ങളുടെ സംഗ്രഹം: 'അനുതപിക്കുവിൻ; ദൈവരാജ്യം ആസന്നം.' ആസ ന്നമായ ദൈവരാജ്യം ചരിത്രത്തിനറുതിവരുത്തി സൗഭാ ഗ്യസുന്ദരമായ പ്രകൃത്യതീതരാജ്യത്തിന് ആരംഭമിടും! മനുഷ്യൻെറ വിഭ്രമങ്ങൾ!

h) തത്വരഞ്ജനാവാദം–The Theory of Syncteism: ജോസഫ് സാൽവഡോർ (Josef Salvador, 1838), പ്ലൈ യ്ഡെറർ (O. Pfleiderer, 1902), ബൊസേ (W. Bousset, 1903), റെയ്നാക്ക് (Salmon Reinach, 1909) മുതലായവർ അഭിപ്രായപ്പെടുന്നു, പാശ്ചാത്യപൗരസ്ത്യദേശങ്ങളിലേ മതസംഹിതകൾ ചേരുംപടി ചേർത്തുണ്ടാക്കിയതാണു സുവിശേഷവും ക്രിസ്തുമതവും എന്ന്!

i) സംയുക്തവാദം– The Theory of Form-criticism: മുൻപറഞ്ഞ സിദ്ധാന്തങ്ങളുടെ അപര്യാപ്തതയും അവയോടുള്ള അതൃപ്തിയും നിമിത്തം ആൽബെർട്ട്സ് (M. Albertz, 1921), ബെർട്രാം (G. Bertram, 1922), ബുൾ ട്ട്മാൻ (R. Bultmann, 1921), ഡിബേലിയസ് (M. Dibelius, 1919), ഷിമിഡ്ററ് (K. L. Schmidt, 1919) എന്നി

വർ മെനഞ്ഞെടുത്തതാണ് സംയുക്തവാദം.(1) സുവിശേഷകന്മാർ പരമ്പരാഗതമായ വസ്തുതകൾ അവിടെനിന്നും ഇവിടെനിന്നും ശേഖരിച്ച്, വിടവു നികത്താൻ കുറെ സ്വന്തവും കൂട്ടിച്ചേർത്ത്, ഇരുപത്തു മുപ്പതുകൊല്ലം കൊണ്ടുണ്ടാക്കിയതത്രേ സുവിശേഷങ്ങൾ മിക്കവയും എന്നു പറഞ്ഞുവച്ചതിനുശേഷം ആ വസ്തുതകൾക്കു യഹൂദയവനരേഖകളിൽ കണ്ടേക്കാവുന്ന വല്ലതിനോടും സാദൃശ്യവും സംബന്ധവും കണ്ടുപിടിക്കുക—ഇതാണ് ഈ 'വാദക്കാ'രുടെ തൊഴിൽ!

റാഷണലിസ്ററുകളുടെ തീയറികളാണ് ഇപ്പറഞ്ഞുവച്ചവയൊക്കെ. ഓരോ തീയറിയും കാലത്തിൻെറ നാല്ക്കവലയ്ക്കൽ ചെന്നുനിന്നു ചെണ്ട കൊട്ടുകയും കുറെ റാഷണലിസ്ററു പിള്ളേരെ ആകർഷിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഒരു തീയറിക്കും ദീർഘായുസ്സു കിട്ടിയിട്ടില്ല. നാം ആദ്യം പ്രസ്താവിച്ചതുപോലെ, തമ്മിൽത്തല്ലി ചത്തുവീണതാണ് അവ ഓരോന്നും. ഇനിയും അവയോടെതിർത്തു മെനക്കെടേണ്ട ആവശ്യമില്ല. അല്ല, ആവശ്യമെന്നു കണ്ടാൽ, അവ ഉയിരിട്ടുവന്നാൽ, എടുത്തെതിർക്കാനുള്ള ആയുധങ്ങൾ കഴിഞ്ഞ ഉപന്യാസത്തിൽ ഒരുക്കി വച്ചിട്ടുണ്ടുതാനും.

---

(1) പല പേരുകളുണ്ട് ഇതിന്.

## II. വി. യോഹന്നാൻെറ സുവിശേഷം

യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ തലകുനിക്കാതിരിക്കാൻ വയ്യാഞ്ഞിട്ട പുതിയനിയമം പൊതുവിൽ പ്രാമാണികങ്ങളായ ചരിത്രഗ്രന്ഥങ്ങളെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. എന്നാൽ, സുവിശേഷഗ്രന്ഥങ്ങളിൽ നാലാമത്തേതായ യോഹന്നാൻെറ സുവിശേഷത്തിന്നെതിരായി 'യുക്തിയുക്ത'മായ വാദങ്ങൾ കൊണ്ടുവരുന്നവർ കുറവല്ല. ആകയാൽ, അതെപ്പററി പ്രത്യേകിച്ചല്പം പ്രതിപാദിക്കേണ്ടിവരുന്നു. അതു് അന്യകർത്തൃകവും അവിശ്വസനീയവുമാണുപോലും! കാരണവും അവർ നല്കുന്നുണ്ട്:

i) വി. യോഹന്നാൻെറ സമകാലികനായി അതേപേരിൽ മററൊരു മെത്രാനുണ്ടായിരുന്നു ഏഷ്യാമൈനറിൽ! അദ്ദേഹമാണു് ഈ നാലാം സുവിശേഷം എഴുതിയതു്!

ii) യോഹന്നാൻെറ സുവിശേഷം ആദ്യത്തെ മൂന്നു സുവിശേഷങ്ങളോട്—സമാനസുവിശേഷങ്ങളോട് (Synoptic Gospels)—ഒട്ടുംതന്നെ പൊരുത്തമില്ലാത്തതാണു്! ഈ നാലാം സുവിശേഷം വിശ്വാസയോഗ്യമേ അല്ല! അതിൻെറ ഭാഷയും പ്രതിപാദ്യവും പരിശോധിച്ചുനോക്കൂ. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽനിന്നു് ഇതു് എത്ര വ്യത്യസ്തം! യോഹന്നാൻെറ സുവിശേഷം ഒരു ചരിത്രമേയല്ല; പ്രത്യുത, ഒരു സിംബോളിക്ക് കവിതമാത്രം! ചരിത്രത്തിൻെറ പൊടിയിട്ട വിളക്കിയ കുറെയേ

റെ മതവിശ്വാസങ്ങൾ; ചിന്താസന്താനങ്ങൾ; മനുഷ്യനായ ക്രിസ്തുവിനെ ദൈവമായി ഉയർത്തിക്കാട്ടാനുള്ള തത്രപ്പാടുകൾ! തീർച്ചയായും ഈ സുവിശേഷത്തിന്റെ കർത്താവ് അപ്പോസ്തലനായ വി. യോഹന്നാനല്ല! ഓട്ടോ ഷ്മീഡെൽ (Otto Schmiedel), ഒസ്കാർ ഹോൾട്ട്മാൻ (Oscar Holtmann), ആൽഫ്രെഡ് ലോയ്സി (Alfred Loisy) തുടങ്ങിയ പ്രതിപക്ഷനേതാക്കന്മാരുടെ വിടാപ്പിടിത്തങ്ങളാണിവ.

നാലാം സുവിശേഷം എഴുതിയത് അപ്പോസ്തലനായ വി. യോഹന്നാനാണ്. അദ്ദേഹത്തിന്റെ സുവിശേഷം വിശ്വാസയോഗ്യവുമാണ്. പ്രതിയോഗികളുടെ വാദങ്ങൾക്ക് ഒരു ഖണ്ഡനവും നമ്മുടെ വാദത്തിനൊരു മണ്ഡനവും ഒപ്പം നല്കാൻ ശ്രമിക്കാം.

### പ്രതിപക്ഷം കൊണ്ടുവരുന്ന മറ്റേ യോഹന്നാൻ

വി. യോഹന്നാന്റെ സമകാലികനായി അതേ പേരിൽ ഏഷ്യാമൈനറിൽ ഒരു മെത്രാൻ ഉണ്ടായിരുന്നു എന്നു പപ്പിയാസ് പ്രസ്താവിച്ചതായി എവുസേബിയസ് പറയുന്നുണ്ട്. ഇതിപ്പിടിച്ചാണു പ്രതിപക്ഷത്തിന്റെ വിമർശനങ്ങളിൽ ചിലതു്! എന്നാൽ, എവുസേബിയസിന്റെ ഈ പറച്ചിലിനു നിദാനമെന്തു്? "പപ്പിയാസിന്റെ പുസ്തകത്തിന്റെ മുഖവുരയിൽ യോഹന്നാന്റെ നാമം രണ്ടുപ്രാവശ്യം ഉപയോഗിച്ചിരുന്നു"! എവുസേബിയസ്തന്നെ സമ്മതിക്കുന്നുണ്ടിതു്. എന്തൊരു നിദാനം! എന്തൊരു നിഗമനം! എവുസേബിയസിനെ മനസ്സിലാക്കാനുള്ള കഴിവില്ലായ്മയിൽനിന്നും വിമർശ

നത്തിനുള്ള ഒരാവശ്യത്തിൽനിന്നും സൃഷ്ടമായതാണു ഈ യോഹന്നാൻമെത്രാൻ എന്നു സാൻ (Zahn) പോലും പറയുന്നു.(1) "യോഹന്നാൻമെത്രാനും യോഹന്നാൻ ശ്ലീഹായും ഒരേ ആൾതന്നെയാണു്"—Bardenhewer.

ഇരട്ടയോഹന്നാന്മാർ ഉണ്ടെന്നു തെളിയുന്നെങ്കിൽ തന്നെയും ആരാണു്—അപ്പോസ്തലനോ മെത്രാനോ—സുവിശേഷമെഴുതിയതെന്നും പപ്പിയാസിനെ പഠിപ്പിച്ചതെന്നും ഉള്ള പ്രശ്നങ്ങൾ ഉയരും. അതു വി. യോഹന്നാൻ അപ്പോസ്തലനാണെന്നു് എവുസേബിയസും ഇരനേയൂസും ഉറപ്പിച്ചു പറയുന്നു.(2)

### തമ്മിൽ പൊരുത്തമില്ല!

ശരിയാണു്, യോഹന്നാൻെറ സുവിശേഷവും സമാനസുവിശേഷങ്ങളുംതമ്മിൽ വ്യത്യാസങ്ങളുണ്ടു്. എന്നാൽ, വൈരുദ്ധ്യങ്ങളില്ല. നാലാം സുവിശേഷം എഴുതിയതിൻെറ സാഹചര്യങ്ങളും ഉദ്ദേശ്യവും പരിഗണിക്കുമ്പോൾ ഇതു മനസ്സിലാകും. ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ വിരചിതമായതിനു പല കൊല്ലങ്ങൾ കഴി

---

(1) «John the Presbyter appears to be, on the whole, an immature creation of critical necessity and the imperfect knowledge of Eusebius»—Zahn.

(2) Schanz, Cornely, Fillion, Battifol, Knabenbauer, Mangenot, Fouard, Calmes, Belser, Lepin, E Lahousse, Dausch, L. Murillo ഇവരുടെ ഗവേഷണങ്ങൾകൂടി കാണുക.

ഞ്ഞാണു്, അവ മുമ്പിൽവച്ചുകൊണ്ടാണു യോഹന്നാൻ തന്റെ സുവിശേഷം എഴുതിയതു്. അവയിലില്ലാത്തവയെ കൂട്ടിച്ചേർക്കാനും വിശദമല്ലാതെ കിടന്നവയെ വിശദമാക്കാനും ആയിരുന്ന അദ്ദേഹത്തിന്റെ ശ്രമം. അതിനാലാണു് പലേ ഉപമകളും അത്ഭുതങ്ങളുംമററും ഉപേക്ഷിക്കുകയും പകരം പലേ ഉപദേശങ്ങളും കാലുകഴുകൽ, അന്തിമഭോജനംതുടങ്ങിയ സംഭവങ്ങളും കൂട്ടിച്ചേർക്കുകയും ചെയ്തതു്.

ആദ്യസുവിശേഷകന്മാർ ഗലീലിയൻചെയ്തികൾക്കു പ്രാധാന്യം കൊടുക്കുന്നു; യോഹന്നാനാകട്ടെ, യൂദേയൻ ചെയ്തികൾക്കും. അവർ ക്രിസ്തുവിന്റെ മനുഷ്യത്വത്തെയും ഇദ്ദേഹം അവിടുത്തെ ദൈവത്വത്തെയും കൂടുതൽ പരാമർശിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ സമാനസുവിശേഷങ്ങളിൽ ലളിതവും യോഹന്നാന്റെ സുവിശേഷത്തിൽ ഗഹനവുമാണു്. അനുവാചകരുടേയും രചയിതാവിന്റേയും സ്ഥിതിവ്യത്യാസമാണു് ഇതിനു കാരണം. ഓർശ്ലത്തിന്റേയും യഹൂദജനതയുടേയും അധഃപതനത്തിനുമുമ്പു് സുവിശേഷം രചിച്ച മത്തായിയും മർക്കോസും ലൂക്കായും, യഹൂദരെ ദൈവരാജ്യത്തിലേ പ്രജകളാക്കുവാൻവേണ്ടി, പഴയനിയമത്തിനും പുതിയനിയമത്തിനും തമ്മിലുള്ള ബന്ധത്തെയും വാഗ്ദാനം ചെയ്യപ്പെട്ട ക്രിസ്തുവിന്റെ മാനുഷികവശത്തെയും ഊന്നിപ്പറയുന്നു. ഓർശ്ലത്തിന്റെ അധഃപതനത്തിനുശേഷം സുവിശേഷമെഴുതിയ യോഹന്നാൻ, യവനസംസ്കാരത്തിന്റെ ക്ലാസിക്ക് ചിന്താഗതികളുമായി ഇടപഴകിയ ആ വത്സലശിഷ്യൻ, മിശിഹാ ദൈവമാകു

ന്നുവെന്നു ജനങ്ങൾ വിശ്വസിക്കേണ്ടതിനും (20: 31) സെരിന്തസ്, എബിയോണൈററ്സ്, നിക്കൊളൈററ സ് തുടങ്ങിയവരുടെ പാഷണ്ഡസിദ്ധാന്തങ്ങളെ ഖണ്ഡി ക്കുന്നതിനുംവേണ്ടി താത്വികമായ ഒരു പ്രതിപാദനരീ തി സ്വീകരിക്കുന്നു. ഇത്രയേയുള്ളൂ രണ്ടിനും സുവിശേ ഷങ്ങൾ തമ്മിൽ വ്യത്യാസം. അവിടെ വൈരുദ്ധ്യമി ല്ല. യോഹന്നാന്റെ സുവിശേഷം ചരിത്രരേഖയല്ല എ ന്നതിന് അല്പോൾ തെളിവുകളുമില്ല. തെളിവുകളുണ്ടെ ങ്കിൽ അവ അതിന്റെ ചരിത്രപ്രാമാണ്യത്തെ സ്ഥിരീ കരിക്കുന്നവയുമാണ്. വെസ്റ്റ്കോട്ട് (B.F. Westcott, 1903), സാൻഡേ (W. Sanday, 1903), ഗോഡെററ് (F. Godet, 1904), സാൻ (T. Zhan, 1907), ബാർത്ത് (F. Barth, 1911) തുടങ്ങിയ അകത്തോലിക്കവിമർശകന്മാർപോലും യോഹ ന്നാന്റെ സുവിശേഷത്തിന്റെ ചരിത്രപ്രാമാണ്യത്തി ന് എതിർ പറയുന്നില്ല. ഹർണ്ണാക്ക് പറയുന്നു: "ലൂക്കായു ടെ സുവിശേഷം ജോൺ വായിച്ചിട്ടുണ്ടെന്നു ചില സൂച നകളുണ്ട്. പക്ഷേ, അതിൽക്കവിഞ്ഞൊന്നും പറഞ്ഞു കൂടാ" (Lukas der Arzt.)

A ബാഹ്യമായ തെളിവുകൾ

1) പപ്പിയാസ്: മൂന്നു ലത്തീൻ കൈയെഴുത്തു പ്ര തികളിൽ രേഖപ്പെടുത്തിയിരിക്കുന്നു: "യോഹന്നാന്റെ പ്രിയ ശിഷ്യനായ പപ്പിയാസ് സുവിശേഷവ്യാഖ്യാന ങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ, യോഹന്നാന്റെ

സുവിശേഷം സശരീരനായ യോഹന്നാനാൽത്തന്നെ സ ഭകൾക്കു നല്കപ്പെട്ടതാണ്."(1)

2) ടെർട്ടൂലിയൻ: യോഹന്നാൻ രചിച്ച നാലാം സുവിശേഷത്തിൽനിന്നു് അനേകം പരാമർശങ്ങൾ ടെർട്ടൂലിയൻെറ പ്രബോധനങ്ങളിൽ ഉടനീളം കാണാം. അദ്ദേഹം മാർസിയനെതിരായി നാലു സുവിശേഷങ്ങളുടേയും കർത്തൃത്വത്തെ സ്ഥാപിച്ചുകൊണ്ടു പ്രഘോഷിക്കുന്നു: "അപ്പോസ്തലന്മാരിൽ യോഹന്നാനും മത്തായിയും നമ്മിൽ വിശ്വാസദീപം കൊളുത്തി; അപ്പോസ്തലികരായ ലൂക്കായും മർക്കോസും അതിനെ ഊതിത്തെളിച്ചു."(2)

3) തെയോഫിലസ്: അന്ത്യോക്ക്യായിലെ ഏഴാമത്തെ മെത്രാനായ ഇദ്ദേഹം നാലാംസുവിശേഷം യോഹന്നാനാൽ വിരചിതമായതാണെന്നു 180-ൽ എഴുതുകയാണ്: "ദൈവനിവേശിതരിൽ ഒരുവനായ യോഹന്നാൻ പറയുന്നു: 'ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടിയായിരുന്നു. ദൈവമായിരുന്നു ഈ വചനം. സകലവും അവൻമൂലമുണ്ടായി. ഒന്നും അവനെക്കൂടാതെയല്ല ഉണ്ടായതു്'."(3)

---

(1) See the three Latin Mss.-Codex Vat. Alex., Codex Toletanus, Codex Stuttgart.

(2) Adv. Marc., iv: 2.

(3) ഇതു് യോഹന്നാൻെറ സുവിശേഷത്തിലെ പ്രഥമവാക്യം ആണ്. — Ad Autolycum, ii, 22.

4) വി. ക്ലെമെൻറ്: പന്തേന്തുസിനുശേഷം അലെക്സാൻഡ്രിയൻ സ്കൂളിന്റെ അദ്ധ്യക്ഷനായിരുന്ന ഇദ്ദേഹം പ്രസ്താവിക്കുന്നു: "പഴയമെത്രാന്മാരുടെ പാരമ്പര്യം അനുസരിച്ചു സുവിശേഷകന്മാരിൽ ഒടുവിലത്തെ ആളായ യോഹന്നാൻ അപ്പോസ്തലൻ ഒരു ആദ്ധ്യാത്മികസുവിശേഷം എഴുതി."(1)

5) വി. ഡയനീഷ്യസ്: "സെബദിയുടെ പുത്രനും ജെയിംസിന്റെ സഹോദരനുമായ യോഹന്നാൻ അപ്പോസ്തലനാകുന്നു സുവിശേഷകർത്താവ്.(2)

6) മൊണാർക്കിയൻ പ്രൊലോഗ്സ്: ഇതു നാലാം സുവിശേഷത്തെപ്പററി പ്രതിപാദിക്കുവാൻ തുടങ്ങുന്നതു് ഇങ്ങനെയാണു്: "യോഹന്നാന്റെ സുവിശേഷത്തെപ്പററി പറയാം. ദൈവത്തിന്റെ ശിഷ്യനും ദൈവത്താൽ ബ്രഹ്മചാരിയായി തിരഞ്ഞെടുക്കപ്പെട്ടവനുമായ ഇദ്ദേഹമാകുന്നു യോഹന്നാൻ സുവിശേഷകൻ. ഇദ്ദേഹത്തിന്റെ ബ്രഹ്മചാരിത്വത്തിനു സുവിശേഷത്തിൽ രണ്ടുതരം സാക്ഷ്യങ്ങളുണ്ടു്. ഒന്നു്, ദൈവത്തിനു് ഇഷ്ടഭാജനമായി മററുള്ളവരെക്കാറം ഇദ്ദേഹം വിളിക്കപ്പെട്ടു. രണ്ടു്, ഒരു ബ്രഹ്മചാരി മറെറാരു ബ്രഹ്മചാരിണിയെ സംരക്ഷിക്കേണ്ടതിനു ക്രൂശിതനാകാൻപോകുന്ന ദൈവം തന്റെ അമ്മയെ ഇദ്ദേഹത്തിനു് ഏല്പിച്ചു."

---

(1) Hist. Eccl. vi, 14, 7.
(2) Hist. Eccl. vii, 25.

7) ഏററം പഴയ ഗ്രീക്ക കൈയെഴുത്തുപ്രതികളിൽ (നാലാം ശതകത്തിൻെറ ആദ്യത്തിൽ വിരചിതമായ വത്തിക്കാൻ, സിനൈററിക്ക് കോഡക്സുകൾ ഉദാഹരണങ്ങൾ) നാലാംസുവിശേഷത്തിൻെറ കത്താവായി യോഹന്നാൻശ്ലീഹായുടെ നാമം ആരംഭത്തിൽ ചേത്തിട്ടുണ്ട്. കൂടാതെ, മഞ്ചെസ്റ്ററിൽ ജോൺ റൈലൻഡ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന 52-ാം പപ്പീരസിൽ യോഹന്നാൻെറ സുവിശേഷത്തിൻെറ ഭാഗങ്ങൾ ഉണ്ട്. ഇപ്പറഞ്ഞ പപ്പീരസ് രണ്ടാംനൂററാണ്ടിൻെറ ആരംഭത്തിലേതാണെന്ന കാര്യവും നാം ഓക്കുന്നതു നന്ന്.(1)

8) നാലാംസുവിശേഷത്തിൽനിന്നുള്ള ഒട്ടേറെ ഉദ്ധരണികളും പരാമശങ്ങളും രക്തസാക്ഷികളായ വി. ഇഗ്നേഷ്യസിൻേറയും വി. ജസ്റ്റിൻേറയും പ്രബന്ധങ്ങളിലും ടാസിയൻെറ ഡിയാട്ടെസ്സെരോണിലും മററും ധാരാളം കാണാം.

9) അപ്രാമാണിക (Apocryphal) സുവിശേഷങ്ങളും ബസീലിഡെസ് (Basilides), വലെൻറീനസ് (Valentinus), ടൊളേമിയസ് (Ptolemaeus), ഹെരാക്ലിയോൺ (Heracleon), സെൽസസ് (Celsus) എന്നീ മതവിരോധികളുടെ ഗ്രന്ഥങ്ങളും പരോക്ഷമെങ്കിലും മതിയായ തെളിവു നല്കുന്നുണ്ട്, യോഹന്നാൻതന്നെയാണ നാലാംസുവിശേഷത്തിൻെറ കത്താവ് എന്നതിനെക്കുറിച്ച്.

---

(1) ഗവേഷണസിദ്ധമായ തെളിവുകൾക്കൂടി കാണുക. പേജ് 200.

B ആഭ്യന്തരതെളിവുകൾ

യോഹന്നാൻ ശ്ലീഹായാണ് നാലാംസുവിശേഷത്തിന്റെ കർത്താവ് എന്ന പാരമ്പര്യവിശ്വാസത്തിന് ഉപോൽബലകമായി ഒട്ടേറെ ആന്തരികതെളിവുകളുണ്ട്:-

i) സുവിശേഷകൻ ഒരു യഹൂദനായിരുന്നു

പഴയനിയമത്തിലെ പ്രവചനങ്ങളും പ്രതിരൂപങ്ങളും ഇദ്ദേഹത്തിനു സുജ്ഞാതങ്ങളായിരുന്നു–(1: 36; 2: 19; 3: 14...; 6: 49...; 13: 18; 19: 23, 28, 35-37 etc.) യഹൂദന്മാരുടെ നിയമങ്ങളും ആചാരവിധികളും തിരുനാളുകളും സുപരിചിതങ്ങളായിരുന്നു–(2: 13; 5: 31; 6: 4; 7: 2, 37...; 9: 14.... 22; 11: 38, 18: 28; 19: 31, etc.)

ii) സുവിശേഷകൻ പലസ്തീനാക്കാരനായിരുന്നു

a) പലസ്തീനിയൻഭാഷയായ ഹീബ്രുവും അരാമായയും പലപ്പോഴും പ്രയോഗിക്കുന്നുണ്ട്: റാബി (1: 38; 20: 16), മിശിഹാ (1: 41), കേപ്പ (1: 42), ഓശാന (12: 13), ഗാഗുൽത്താ (19: 17) ഇങ്ങനെ പലതും.

b) പലസ്തീനിയൻ പ്രദേശം സുപരിചിതമാണദ്ദേഹത്തിന്; കോണും മൂലയുംകൂടി അറിയാം. നോക്കുക: ബഥനി(1: 28; 11: 18) കാനാ (2: 1) സിക്കാർ (4: 5), ബെത്സെയിദ(12: 21), സീലോകുളം(9: 7), സെദ്രോനപ്പുറത്തുള്ള തോട്ടം (18: 1), സോളമന്റെ മണ്ഡപം (10: 23)...

## iii) ഇദ്ദേഹം ക്രിസ്തുവിൻെറ ജീവിതം അടുത്തറിഞ്ഞിരുന്നു

സംഭവങ്ങളുടെ സമയം 1: 29, 35, 39; 2: 1; 3: 2; 4: 6; 6: 16; 11: 6; 12: 1; 13: 30; 19: 14), ആളുകൾ (1: 40, 44; 6: 71; 11: 2; 13: 26...), സാഹചര്യങ്ങൾ (2: 6; 4: 28; 11: 20, 31; 12: 16; 13: 30; 18: 15...) മുതലായവ കാണുക. ഗ്രന്ഥകത്താവുതന്നെ പലവുരു തെളിയിച്ചു പറയുന്നുണ്ട്, താൻ ക്രിസ്തുവിൻെറ പ്രവത്തനങ്ങൾക്കു ദൃക്സാക്ഷിയെന്നു്. (1: 14; 19: 35; 21: 24...)

## iv) സുവിശേഷകൻ ഒരു അപ്പോസ്തലനാണു്

മററപ്പോസ്തലന്മാരോടു് ഇദ്ദേഹത്തിനു വളരെ പരിചയമുണ്ടു്. അവരുടെ വാക്കുകളെ പലപ്പോഴും അതേപടി റിപ്പോർട്ടു ചെയ്യുന്നു: അന്ത്രയോസ് (1: 38-42; 6: 9), പത്രോസ് (1: 40-42; 6: 69 ..; 13: 6–10; 18: 10–27; 20: 2-7; 21:2...) ഫിലിപ്പോസ് (1: 45-49), തോമസ് (11 16; 14: 5-7; 20: 24–29), യൂദാ തദ്ദേവൂസ് (14: 22). മാത്രമല്ല, ശിഷ്യന്മാരുടെ ആന്തരമായ വിചാരങ്ങളും (2: 11–22; 4: 27; 6: 19, 61; 12: 16; 13: 22; 21: 12...) ദിവ്യഗുരുവിൻെറ ഉദ്ദേശ്യങ്ങളും അനുഭൂതികളുംകൂടി (2: 24...; 4: 1-3; 5: 6; 6: 6, 15; 7: 1; 13: 1, 3, 11; 16: 19; 18: 4; 19: 28...) ഇദ്ദേഹത്തിനു് അറിയാമായിരുന്നു.

## v) സുവിശേഷകർത്താവ് 'വത്സലശിഷ്യ'നായ യോഹന്നാൻ അപ്പോസ്തലനായിരുന്നു

പത്രോസ്, ജെയിംസ്, ജോൺ എന്നിവരാണു ക്രിസ്തുനാഥന്റെ സ്നേഹത്തിനു സവിശേഷം പാത്രീഭൂതരായി കാണപ്പെടുന്നതു്. നാലാംസുവിശേഷത്തിന്റെ കർത്താവു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം 15–ാം വർഷത്തിനകം ഹേറോദേസ് അഗ്രിപ്പായാൽ വധിക്കപ്പെട്ട ജെയിംസായിരിക്കാൻവയ്യാ. 67-ാം വർഷം റോമിൽവച്ചു രക്തസാക്ഷിത്വം വരിച്ച പത്രോസും അല്ല. അങ്ങനെ വരുമ്പോൾ യോഹന്നാനായിരിക്കണം ആ "വത്സലശിഷ്യൻ."

ക്രിസ്തുവിന്റെ മുന്നോടിയായ യോഹന്നാന്റെ നാമം "സ്നാപകൻ" എന്നോ "സക്കറിയുടെ പുത്രൻ" എന്നോ ഉള്ള വിശേഷണമൊന്നും ചേർക്കാതെ 19 പ്രാവശ്യം നാലാം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. പക്ഷേ, 'യോഹന്നാൻ അപ്പോസ്തല'നെക്കുറിച്ചു് ആകട്ടെ (1: 37, 40; 13: 23...; 19: 26...; 20: 2–9; 21: 7, 20) അദ്ദേഹത്തിന്റെ കുടുംബസ്ഥിതിയെക്കുറിച്ചാകട്ടെ പ്രത്യക്ഷമായിട്ട് ഒരു വാക്കും കാണുന്നില്ല. പ്രമുഖനായ ഒരപ്പോസ്തലനെക്കുറിച്ചുള്ള ഈ മൗനത്തിന് ഏകകാരണം, വിനയശീലനായ അദ്ദേഹംതന്നെയത്രേ സുവിശേഷകർത്താവ് എന്നതാണു്.

ഇങ്ങനെ, ബാഹ്യവും ആഭ്യന്തരവുമായ തെളിവുകളിൽനിന്നു വ്യക്തമാകുന്നുണ്ടു്, യോഹന്നാന്റെ സുവി

ശേഷത്തെക്കുറിച്ചു പിലർക്കുള്ള സംശയങ്ങൾ അടിസ്ഥാനരഹിതമാണെന്നു്; പാരമ്പര്യവിശ്വാസം വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിന്നനുസൃതമെന്നു്.

## III. സമാനസുവിശേഷം—Synoptic Question

മത്തായി, മർക്കോസ്, ലൂക്ക എന്നിവർ സ്വതന്ത്രമായി എഴുതിയ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ പ്രതിപാദ്യം, പ്രതിപാദനം, ഭാഷമുതലായവ സംബന്ധിച്ചു കാണുന്ന വൈധർമ്മ്യങ്ങൾ, വിശിഷ്യ, സാധർമ്മ്യങ്ങൾ എങ്ങനെ വിശദീകരിക്കും? ഇതു് പലർക്കും ഒരു പ്രശ്നമായിരുന്നു. പലരും പലേവിധത്തിൽ ഇതിനു പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ടു്.(1)

### a) അലിഖിതോപദേശസിദ്ധാന്തം?

*(Oral tradition or Apostolic Catechism)*

ഗീസെലർ (Gieseler), കൊർണേലി (Cornely), നബെൻബാവർ (Knabenbauer), ഫുവാർഡ് (Fuard), ലെ കാമസ് (Le Camus), ലാററി (Lattey, 1920), ലെവെസ്ക്ക് (Levesqe, 1923) മുതലായവർ പറയുന്നതു്,

---

(1) പ്രതിപാദ്യസാധർമ്മ്യം:

| | സ്വന്തമായുള്ളതു് | പൊതുവായുള്ളതു് |
|---|---|---|
| മർക്കോസ്— | .... 7% | 93% |
| മത്തായി— | .... 42% | 58% |
| ലൂക്ക— | .... 59% | 41% |
| യോഹന്നാൻ— | .... 92% | 8% |

ഇതാണ്: സകല ജാതികളോടും സുവിശേഷം പ്രസംഗി പ്പാൻ ബാധ്യസ്ഥരായ അപ്പോസ്തലന്മാർ ക്രിസ്തുവിൻെറ പ്രവൎത്തനങ്ങളിൽനിന്നും പ്രബോധനങ്ങളിൽനിന്നും പ്ര ധാനങ്ങളും അനുവാചകർക്കു കൂടുതൽ ഉപകരിക്കുന്നവ യുമായവയെ തിരഞ്ഞെടുത്തു പഠിപ്പിച്ചുപോന്നു. ഇങ്ങ നെ പഠിപ്പിച്ചുപൊന്ന മതസത്യങ്ങൾക്ക് ഐകരൂപ്യം ഉണ്ടായിരുന്നു—എഴുതപ്പെടാത്ത ഒരു വേദോപദേശ ത്തിൻെറ മാതിരി. എങ്കിലും വ്യത്യാസങ്ങളുമുണ്ടായിരു ന്നു, ദേശീയമായ അടിസ്ഥാനത്തിൽ: പലസ്തീനാക്കാർ ക്കും റോമാക്കാർക്കും അന്ത്യോക്യാക്കാർക്കുംവേണ്ടിയാ യിരുന്നു അപ്പോസ്തലികവേദോപദേശങ്ങൾ. സമാനസു വിശേഷത്തിൻെറ സാധൎമ്മ്യങ്ങൾക്കു പരിഹാരം കാ ണാൻ കണ്ടുപിടിച്ച ഈ തീയറി എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നല്കുന്നില്ല.

### b) പരസ്പരാശ്രിതസിദ്ധാന്തം

*(The hypothesis of Mutual Dependence)*

കത്തോലിക്കരും അകത്തോലിക്കരുമായ ചില പ ണ്ഡിതന്മാർ വാദിക്കുന്നു, സമാനസുവിശേഷങ്ങൾ പര സ്പരാശ്രിതങ്ങളെന്ന്. വി. മത്തായിയുടെ അരാമായസു വിശേഷത്തെ മർക്കോസ് ആശ്രയിച്ചു. ഒരുകണക്കിൽ വി. മത്തായിയുടെ സുവിശേഷത്തിൻെറ സംക്ഷേപമാ ണു മർക്കോസിൻെറ സുവിശേഷം. വി. മത്തായി മർക്കോ സിൻെറ സുവിശേഷത്തേയും ആശ്രയിച്ചു്, അടുക്കിലും ചിലപ്പോൾ ആശയപ്രകാശനത്തിലും! വി. ലൂക്ക ത ൻെറ സുവിശേഷം എഴുതുന്നതിനു മത്തായിയുടെ സുവി

ശേഷവും ഉപയോഗിച്ചിട്ടുണ്ട്. ഈ തീയറിയും പ്രശ്നങ്ങൾക്ക തൃപ്തികരമായ പരിഹാരം തരുന്നില്ല. മാത്രമല്ല, സൂസൂക്ഷ്മം പരിശോധിക്കുകയാണെങ്കിൽ പല പിശകുകളുമുണ്ട്.

c) ലിഖിതരേഖാസിദ്ധാന്തം

*(Hypothesis of Written Documents)*

ഇതിനു പലേ അവാന്തരവിഭാഗങ്ങളുമുണ്ട്. ലെസ്സിൻഗ് (G. E. Lessing—1784), ഇക്കോൺ (J. G. Eichhorn-1804) ഇവർ പറയുന്നു, ക്രിസ്തുവിൻെറ മരണത്തിനുശേഷം അവിടുത്തെ ചെയ്തികളും ഉപദേശങ്ങളും സമാഹരിച്ചുകൊണ്ട് ഒരു അരാമായ സുവിശേഷം (Ur-Evangelium) ആദ്യം എഴുതപ്പെട്ടെന്നും പിന്നീട പരമ്പരാഗതമായ വസ്തുതകൾ അതിനോടു കൂട്ടിച്ചേർത്തു സമാനസുവിശേഷങ്ങൾ ഉണ്ടായെന്നും, റെവില്ലി (A. Reville, 1862), റെനാൻ (E. Renan, 1867), ഹോൾട്ട്സ്മാൻ (H. J. Holtzmann, 1907), ലോയ്സി (A. Loisy, 1902), ഹർണ്ണാക്ക് (A. Von Harnack, 1907), ജൂലിച്ചെർ (A. Julicher, 1913), ലഗ്രാൻജ് (M. J. Lagrange, 1911), ഗ്രാൻഡ്മെയ്സൺ (L. de Grand-maison, 1907) മുതലായവർ അഭിപ്രായപ്പെടുന്നത്, മർക്കോസിൻെറ സുവിശേഷവും മത്തായിയുടെ കർത്തൃവചന(Logia of St. Mathew)ങ്ങളുമാണു സമാനസുവിശേഷങ്ങളുടെ അടിസ്ഥാനരേഖകൾ എന്നാണ്. ഈ സിദ്ധാന്തത്തിന്നെതിരായും ചില ആക്ഷേപങ്ങൾ ഉള്ളതുകൊണ്ടു സ്വീകാര്യമല്ല.

## d) സമ്മിശ്രസിദ്ധാന്തം
*(The Mixed Hypothesis)*

മുൻപറഞ്ഞ സിദ്ധാന്തങ്ങളിലെ നല്ലതും ശരിയുമായ ഭാഗങ്ങൾ ചേർത്തുണ്ടാക്കിയ ഈ സിദ്ധാന്തം, ചൊല്ലിക്കൊടുത്തു പഠിപ്പിച്ചുപോന്ന ഒരു വേദതത്വസംഹിതയുടേയും, ലിഖിതവും അലിഖിതവുമായ അന്യരേഖകളുടേയും പരസ്പരാശ്രിതത്വത്തിൻേറയും അസ്തിത്വം വകവച്ചുകൊടുക്കുന്നു. ഇതിനെ പിന്താങ്ങുന്നവരാണു ഹേജെൻ (M. Hagen), ബ്രസാക്ക് (A. Brassac), ഫോൻക് (L. Fonck), റഫീനി (E. Ruffini), വോസ്റ്റി (J. Voste), ഹൂബി (J. Huby, 1931), ഗ്രാൻഡ്മെയ്സൺ (L. de Grandmaison, 1934) മുതലായ പണ്ഡിതന്മാർ. സുവിശേഷരചനയ്ക്കുമുമ്പ് ഐകരൂപ്യം പ്രാപിച്ച "ഓറൽ കാററക്കീസ"മുണ്ടായിരുന്നു. ക്രിസ്തു വാമൊഴിവഴിയാണു തൻേറ സുവിശേഷം പ്രസംഗിച്ചതു്. ശിഷ്യന്മാരും അങ്ങനെതന്നെ. ക്രിസ്തുവിൻേറ മരണത്തിനു ശേഷവും അപ്പോസ്തലന്മാർ ഈ പഠനരീതിതന്നെ ഉപയോഗിച്ച് അരാമായിലും ഗ്രീക്കിലും സുവിശേഷപ്രസംഗം നടത്തിപ്പോന്നു, വി. പത്രോസ് നല്കിയ പൊതുവായ പ്ലാൻ അനുസരിച്ച്. (Cfr. നടപടി 10: 37-40)

സുവിശേഷരചനയ്ക്കുമുമ്പു ലിഖിതവും അലിഖിതവുമായ രേഖകൾ ഉണ്ടായിരുന്നു എന്നതു തീർച്ചതന്നെ. ഇക്കാര്യം വി. ലൂക്കാ തൻേറ സുവിശേഷത്തിൻേറ തുടക്കത്തിൽതന്നെ തുറന്നു പറയുന്നുണ്ട്.

സമാനസുവിശേഷങ്ങളുടെ പരസ്പരബന്ധത്തിൽനിന്നു മനസ്സിലാകുന്നതുപോലെ, സുവിശേഷങ്ങൾക്കു തമ്മിൽത്തമ്മിൽ ആശ്രിതത്വമുണ്ടായിരുന്നു. വി. മത്തായി തൻെറ അരാമായ സുവിശേഷം എഴുതിയതു നേരിട്ടുള്ളതും പരമ്പരാഗതവുമായ അറിവിൽനിന്നും പഴയനിയമം തുടങ്ങിയ രേഖകൾ ഉപയോഗിച്ചുമായിരിക്കണം. വി. മർക്കോസിൻെറ സുവിശേഷത്തിന് ആധാരം വി. പത്രോസിൻെറ പ്രസംഗങ്ങളും വി. മത്തായിയുടെ അരാമായ സുവിശേഷവുംമററുമായിരുന്നു. മർക്കോസ് മത്തായിയുടെ അരാമായ സുവിശേഷത്തെ കുറെയൊക്കെ, ആശ്രയിച്ചതുപോലെ, അരാമായ സുവിശേഷം ഗ്രീക്കിലേക്കു തർജ്ജമ ചെയ്ത ആൾ ഭാഷ, ശൈലി ഇവയെ സംബന്ധിച്ചിടത്തോളം മർക്കോസിൻെറ സുവിശേഷത്തേയും ആശ്രയിച്ചിട്ടുണ്ട്. മർക്കോസിൻെറ സുവിശേഷത്തിൽ പതിനഞ്ചിലൊരുഭാഗം മത്തായിയുടെ സുവിശേഷത്തോട് അക്ഷരംപ്രതി യോജിക്കുന്നുണ്ട്. ഇരുവരും അത്ര സാധാരണമല്ലാത്ത ഇരുപത്തിമൂന്നു വാക്കുകൾ സാദൃശസ്ഥാനങ്ങളിൽ ഉപയോഗിക്കുന്നു. പഴയനിയമത്തിൽനിന്നുള്ള ഉദ്ധരണികളും മിക്കവാറും ഒന്നുപോലെയാണ്. ഗ്രീക്കിലേക്കു ഭാഷാന്തരപ്പെടുത്തിയ ആൾക്കു ലൂക്കായുടെ സുവിശേഷത്തോടും പരിചയമുണ്ടായിരുന്നിരിക്കണം.

വി. ലൂക്കായുടെ സുവിശേഷം മുഴുവനുംതന്നെ പൗലോസിൻെറ പ്രസംഗങ്ങളെ ആസ്പദിച്ചാണെങ്കിലും മററു മാർഗ്ഗങ്ങളിൽനിന്നും വസ്തുതകൾ സ്വീകരിച്ചിരിക്കു

ണം. ഉദാഹരണത്തിനു ക്രിസ്തുവിൻെറ ശൈശവത്തെക്കുറിച്ചുള്ള വിവരങ്ങൾ കന്യകാമറിയത്തിൽനിന്നായിരിക്കാം സ്വീകരിച്ചതു്. കൂടാതെ, വി. ലൂക്കാസുവിശേഷകൻ, പത്രോസ്, ജെയിംസ് (നടപടി 21: 18), ബാർണബാസ് (നടപടി 9: 26–28; 11: 22–26; 13: 15), ഫിലിപ്പ് (നടപടി 21: 8...) ഇവരോടും സുവിശേഷകാര്യങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. സുവിശേഷത്തിൻെറ ആദ്യഭാഗത്ത് അദ്ദേഹം സൂചിപ്പിക്കുന്ന, പല വഴിക്കും പ്രതിപാദ്യം ഗ്രഹിച്ചിട്ടുണ്ടെന്ന്. ക്രിസ്തുവിൻെറ വംശാവലിയെഴുതിയതു പഴയനിയമം, പൊതുരേഖകൾ, പാരമ്പര്യം ഇവയെ ആധാരമാക്കിയാണ്. മാത്രമല്ല, വി. മർക്കോസിൻെറ സുവിശേഷവും അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. ലൂക്കായുടെ സുവിശേഷത്തിൻെറ വിഷയഘടനയും ആവിഷ്കരണരീതിയും പരിശോധിച്ചാൽ ഇതു മനസ്സിലാകും.

അപ്പോൾ, സമാനസുവിശേഷങ്ങളുടെ സാധർമ്മ്യവൈധർമ്മ്യങ്ങൾകണ്ടു വിസ്മയിക്കേണ്ട ആവശ്യമില്ല. ആദ്യത്തെ മൂന്നു സുവിശേഷകരും സ്വതന്ത്രമായി എഴുതി. ഒരാൾ മറ്റൊരാളെ പകർത്തുകയുണ്ടായിട്ടില്ല. സുവിശേഷരചനയ്ക്കു മററുസുവിശേഷങ്ങളും ലിഖിതമോ അല്ലാത്തതോ ആയ രേഖകളും ചിലർ ഉപയോഗിച്ചു കാണും.

അങ്ങനെ, ക്രൈസ്തവാവിഷ്കരണത്തിൻെറ ഉറവിടമായ വേദപുസ്തകം—പഴയനിയമവും പുതിയനിയമവും—അതിമാത്രം ലക്ഷണയുക്തമാകയാൽ, ആവു

ന്നത മാനുഷികപ്രാമാണ്യം ഉള്ളതെന്നു വ്യക്തമായി. അതു ചാരിത്രികപ്രാമാണ്യമുള്ള രേഖകളാണോ എന്നു് ഇനിമേൽ ഒട്ടും സംശയിക്കേണ്ടതില്ല. അതു സർവ്വഥാ വിശ്വാസയോഗ്യമാണു്.

ഒമ്പതാമദ്ധ്യായം

# ക്രിസ്തുമതം ഈശ്വരാവിഷ്കൃതമാണോ?

മൂന്നാരദ്ധ്യായത്തിൽ നിറുത്തിവച്ചതു് ഇനി ഇവിടെ തുടരുകതന്നെ. ഈശ്വരാവിഷ്കരണത്തിൻെറ ആഭ്യന്തരബാഹ്യലക്ഷണങ്ങളെല്ലാം ക്രിസ്തുമതത്തിൽ തികഞ്ഞിട്ടുണ്ടോ? അതു് ഈശ്വരപ്രകാശിതമാണോ?

### A ആഭ്യന്തരലക്ഷണങ്ങൾ

ക്രിസ്തുമതപ്രബോധനങ്ങളിൽ ബുദ്ധ്യനുശാസനങ്ങൾക്കും സാന്മാർഗ്ഗികപ്രമാണങ്ങൾക്കും എതിരായി ഒന്നുമില്ല. മാത്രമല്ല, അമാനുഷികമെന്നു തോന്നത്തക്കവണ്ണം അവ അത്രയ്ക്കു് ഉത്തമവും ഉദ്ധാരകവും, തന്നിമിത്തം, മനുഷ്യൻെറ മൗലികപ്രവണതകളെ തൃപ്തിപ്പെടുത്തുന്നതിന്നു് ഏററം പര്യാപ്തവുമാണു്.

i) നിഷേധകലക്ഷണം: ഇതരമതങ്ങളിൽ കാണാത്ത യുക്തിയുക്തതയും ധാർമ്മികത്തികവും ക്രിസ്തുമ

ത്തിനുണ്ട്. ഇതു ബോധ്യമാകണമെങ്കിൽ ഒരിടത്തു ദ്വൈതവും മറെറാരിടത്തു് അദ്വൈതവും പഠിപ്പിക്കുന്ന, താന്താങ്ങളുടെ അപ്പോഴപ്പോഴത്തെ വികാരവിചാരാദികൾക്കൊപ്പിച്ചു മാനുഷികമൃഗീയവാസനകളുടെ മൂത്തീഭാവങ്ങളായ ദേവന്മാരേയും ദേവകുടുംബങ്ങളേയും സൃഷ്ടിച്ചാരാധിക്കുന്ന, മനുഷ്യനെ പണിമൃഗമോ കളിപ്പാട്ടമോ ആക്കുന്നതിൽ അനൗചിത്യം ദർശിക്കാത്ത അനേകമനേകം മതവൈകൃതങ്ങളുടെ പശ്ചാത്തലത്തിൽ ക്രിസ്തുമതത്തെ വച്ചുനോക്കണം. വേദപുസ്തകത്തിലെങ്ങും ഇപ്രകാരമുള്ള അബദ്ധങ്ങളാകട്ടെ അനൗചിത്യങ്ങളാകട്ടെ ആരും കണ്ടുപിടിച്ചിട്ടില്ല; കണ്ടുപിടിക്കുകയുമില്ല, സ്ഥാപിതതാൽപര്യക്കാരല്ലാതെ. എന്നാൽ, ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ബുദ്ധിക്കു പിടികിട്ടുകയില്ലാത്ത പരമസത്യങ്ങൾ വേദപുസ്തകത്തിൽ കണ്ടെന്നു വരും. അവയെ കണ്ടപാടേ വിധിക്കരുതു്—"ഓ, പരമാബദ്ധം!" അല്പം ശാന്തമായി ചിന്തിക്കുക, മനുഷ്യൻ പരിമിതപ്രജ്ഞനും ദൈവം സർവ്വജ്ഞനും ആണെ് എന്ന പരമാത്ഥം.

ii) <u>സ്ഥാപകലക്ഷണം</u>: ക്രിസ്തുമതതത്വങ്ങൾ ദൈവികമെന്നു തോന്നുമാറു് ഉൽകൃഷ്ടവും ഉദാരകവുമാണു്. പ്രഗല്ഭമതികളായ ലോകപരിഷ്കത്താക്കളുടെ മതാത്മകസിദ്ധാന്തങ്ങളൊന്നും ഇത്രയേറെ പരിപാവനവും പരിപൂർണ്ണവും സർവ്വംസ്പർശിയുമായിരുന്നിട്ടില്ല. ക്രിസ്തുമതതത്വങ്ങളാകട്ടെ, മനുഷ്യൻെറ പരിചിന്തനങ്ങൾക്കു് എന്നുമെവിടെയും വിഷയമായിത്തീർന്നിട്ടുള്ള

പ്രധാനപ്രശ്നങ്ങൾക്കെല്ലാം—ദൈവത്തിന്റെ അസ്തിത്വം, സ്വഭാവം, ആത്മാവിന്റെ അനശ്വരത്വം, മനുഷ്യന്റെ ഉൽപത്തി, അന്ത്യം എന്നിവയ്ക്കെല്ലാം—വ്യക്തവും അതിമാത്രം തൃപ്തികരവുമായ സമാധാനം നല്കുന്നുണ്ട്. കൂടാതെ, ക്രിസ്തുമതം നരവംശത്തിനാകെമാനം പ്രയോജനകരവുമാണ്. പ്രചരിക്കുന്നിടത്തെല്ലാം അത് അഭിവൃദ്ധിക്കും പരിഷ്കാരത്തിനും സന്മാർഗ്ഗനിഷ്ഠയ്ക്കും പ്രേരകമാകുന്നു. ഉച്ചനീചത്വങ്ങളും ജാതിവ്യത്യാസങ്ങളും മദമാത്സര്യങ്ങളും നഷ്ടപ്രതിഷ്ഠമാകുന്നു. സുവിശേഷങ്ങൾ ഒരാവൃത്തി വായിക്കുക; അവിശ്വാസിയായ റൂസ്സോയെപ്പോലെ നമ്മളും വികാരഭരിതരായി ഉദീരണം ചെയ്യുന്നവരും: "ദിവ്യഗ്രന്ഥങ്ങളുടെ മാഹാത്മ്യം എന്നെ അത്ഭുതപരവശനാക്കി. സുവിശേഷങ്ങളുടെ പവിത്രത എന്റെ ഹൃദയത്തിൽ എപ്പോഴും മന്ത്രിച്ചുകൊണ്ടിരിക്കുന്നു. തത്വജ്ഞാനികളുടെ പ്രൗഢഗ്രന്ഥങ്ങൾ, ഈ ദിവ്യഗ്രന്ഥത്തോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ എത്ര നിസ്സാരങ്ങൾ! ഇത്ര മഹത്തും എന്നാൽ, ലളിതവുമായ ഈ ഗ്രന്ഥങ്ങൾ മനുഷ്യനിർമ്മിതങ്ങളായിരിക്കുവാൻ എങ്ങനെ കഴിയും? ആരുടെ ചരിത്രം ഈ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവോ ആ ആൾ മനുഷ്യൻതന്നെയാണോ? അദ്ദേഹത്തിന്റെ വചനങ്ങളും സിദ്ധാന്തങ്ങളും ഒരു മതഭ്രാന്തന്റേതാണോ? അദ്ദേഹത്തിന്റെ സന്മാർഗ്ഗതത്വങ്ങൾ എത്ര സാത്വികവും പരിശുദ്ധവുമായിരിക്കുന്നു! അദ്ദേഹത്തിന്റെ ഉപദേശങ്ങൾ എത്ര വിശിഷ്ടവും ആകർഷകവുമാണ്! സിദ്ധാ

ന്തങ്ങൾ എത്ര ശ്രേഷ്ഠങ്ങൾ! പ്രസംഗങ്ങൾ എത്ര ജ്ഞാനസമ്പൂർണ്ണങ്ങൾ!"—(«Rousseau, 'Emile», livre iv).

iii) സുവിശേഷസൂക്തികൾ മനുഷ്യന്റെ മൗലിക പ്രവണതകളെ, നൈസർഗ്ഗികമായ ഐന്ദ്രിയകാംക്ഷകളെ, യഥാവിധി തൃപ്തിപ്പെടുത്തുന്നുമുണ്ട്. ബുദ്ധിയും(Intellect) ഇച്ഛയും (Will) ആണ് മനുഷ്യന്റെ അതിപ്രധാനമായ ആന്തരികശക്തികൾ. ബുദ്ധിയുടെ വിഷയം (Object)സത്യമാണ്. സത്യം അന്വേഷിക്കുവാനാണ് അതിന്റെ ആസക്തി. അതിലാണതിന്റെ സംതൃപ്തി. വെറും പാദാർത്ഥികവിജ്ഞാനംകൊണ്ട് അതടങ്ങുകയില്ല. അതിലേറെ ഗഹനങ്ങളായ വിഷയങ്ങൾതേടി, ലോകോൽപത്തി, ജീവിതലക്ഷ്യം, ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ മുതലായവതൊട്ടു പരമസത്യംതന്നെയായ ഈശ്വരൻവരെയുള്ള സത്യങ്ങൾ ഗ്രഹിപ്പാൻവേണ്ടി അത് ഉഴന്നുകൊണ്ടിരിക്കും. മനുഷ്യബുദ്ധിയുടെ ഈ തീരാദാഹത്തിനുപശമനം വരുത്തുന്ന സാർഗ്ഗീയസരിത്തു ക്രിസ്തുമതത്തിനുണ്ട്.

ഇതുതന്നെ മനസ്സിന്റെ കാര്യവും: നന്മയാണതിന്റെ വിഷയം. ആനന്ദമാണതിന്റെ ലക്ഷ്യം. നശ്വരമായ ഐഹികഭാഗ്യത്താൽ മതിവരുന്നതല്ല അതിന്റെ ഉൽക്കടാഭിവാഞ്ഛ. മനസ്സ് ഉന്നംവയ്ക്കുന്ന പരമഭാഗ്യത്തെ വാഗ്ദാനം ചെയ്യുകയും അതു പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ, സുഭദ്രവും സമ്പൂർണ്ണവും സുകരവുമായ ജീവിതനിയമങ്ങൾവഴി, നിർദ്ദേശിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ടു ക്രിസ്തുമതം. മാത്രമല്ല, മനുഷ്യന്റെ

ശാരീരികേന്ദ്രിയങ്ങളുടെ ന്യായ്യമായ അഭീഷ്ടങ്ങളെ സാധിക്കുന്നതിനുതകിയ ആചാരവിധികൾക്കും ആഘോഷച്ചടങ്ങുകൾക്കുംകൂടി ക്രിസ്തുമതത്തിൽ സ്ഥാനമുണ്ട്.

ഇങ്ങനെ ഈശ്വരാവിഷ്കരണത്തിന്റെ ആന്തരികലക്ഷണങ്ങളെല്ലാം ക്രിസ്തുമതത്തിൽ ഒത്തിണങ്ങിയിട്ടുണ്ടെന്നും, അക്കാരണത്താൽത്തന്നെ അതു മിക്കവാറും ദൈവപ്രകാശിതമായിരിക്കാൻ പാടുണ്ടെന്നും ഇപ്പോൾ തീർച്ചയായല്ലോ.

## B ബാഹ്യലക്ഷണങ്ങൾ

ഈശ്വരാവിഷ്കരണം ഒരു ചരിത്രവാസ്തവമായിരിക്കെ, ക്രിസ്തുമതം യഥാർത്ഥത്തിൽ ദൈവപ്രകാശിതമാണോ എന്ന് ഇനി ചരിത്രപരമായ വാദമുഖങ്ങൾ ഉപയോഗിച്ചുതന്നെ, അന്വേഷിക്കുകയാണുവേണ്ടത്. ആ വാദമുഖങ്ങൾ — ബാഹ്യലക്ഷണങ്ങളെന്നു നാം നേരത്തേ പേർവിളിച്ചവ—പ്രധാനമായി നാലാണ്:

i) ദൈവനിയുക്തനായ മതസ്ഥാപകന്റെ സ്വഭാവശ്രേഷ്ഠത.
ii) മതത്തിന്റെ സൽഫലങ്ങൾ, ശീഘ്രപ്രചാരം, മതാനുയായികളുടെ അചഞ്ചലസ്ഥൈര്യം.
iii) അത്ഭുതങ്ങൾ.
iv) പ്രവചനങ്ങൾ.

(ഒരു വാക്ക്, നിഷേധകലക്ഷണങ്ങളെക്കുറിച്ച്. അവ നിറവേറിയിട്ടുണ്ടോ എന്ന് ഇവിടെ പ്രത്യേകം പരിശോധിക്കുന്നില്ല. അതിനാവശ്യമില്ല. സ്ഥാപകല

ക്ഷണങ്ങൾ തികഞ്ഞിട്ടുണ്ടെന്നു തെളിവാകുമ്പോൾ നിഷേധകങ്ങൾ നിറവേറിയിട്ടുണ്ടെന്നും വ്യക്തമായിക്കൊള്ളും. ഉദാ: മതസ്ഥാപകൻ അധമനല്ലെന്നു വ്യക്തമാവുകയില്ലേ, അയാൾ ഉത്തമനെന്നു് തെളിവാകുമ്പോൾ? അങ്ങനെ മററു വാദമുഖങ്ങളും.)

I ക്രിസ്തുമതസ്ഥാപകനായ ക്രിസ്തു ശ്രേഷ്ഠസ്വഭാവനാണ് — അല്ല, ദൈവസുതൻകൂടിയാണ്, അവിടുന്നുതന്നെ അവകാശപ്പെടുന്നതുപോലെ.

വിശുദ്ധലിഖിതങ്ങൾ പരിശോധിക്കുക. ശ്രേഷ്ഠവും പരിപാവനവും മനുഷ്യബുദ്ധിക്കതീതവുമായ വിശേഷങ്ങളുടെ മൂർത്തീഭാവമായി ക്രിസ്തു ആരെയുംകാൾ ഉയർന്നു നില്ക്കുന്നതു കാണാം. എല്ലാത്തിലും ദൈവത്തിന്റെ അഭീഷ്ടം മുൻനിറുത്തി പ്രവർത്തിച്ച പരമസാത്വികൻ, ന്യായ്യമായ അധികാരത്തെ എന്നും ആദരിച്ചിരുന്ന നിയമവിധേയൻ, സഹജീവികളുടെ ദുഃഖദുരിതങ്ങളിൽ അഗാധമായി സഹതപിച്ച ദീനദയാലു, 'നന്മചെയ്തുകൊണ്ടു ചുററിസ്സഞ്ചരിച്ച' മനുഷ്യസ്നേഹി, അനുതപിക്കുന്ന പാപികളെ ആലിംഗനം ചെയ്തു സ്വീകരിച്ച കാരുണ്യമൂർത്തി, അനീതിയുടേയും അക്രമത്തിന്റേയും കാപട്യത്തിന്റേയുംനേരേ സമരകാഹളം മുഴക്കിയ ആദർശധീരൻ, 'ആർക്കു് എന്നിൽ കുററമാരോപിക്കാൻ കഴിയും?' എന്നു വെല്ലുവിളിച്ച 'വഴിയും സത്യവും ജീവനും' ആയ സുകൃതനികേതനം, ജെറുസലേമിനെ നോക്കിക്കരഞ്ഞ സ്വരാജ്യസ്നേഹി, മനുഷ്യരക്ഷയ്ക്കുവേണ്ടി കുരി

ശിൽ മരിച്ച ത്യാഗസമ്പന്നൻ, തന്നെ പീഡിപ്പിച്ചവർക്കുവേണ്ടി പരാപരനോടു മാപ്പിരന്ന സ്നേഹധനൻ, "അത്ഭുതപ്രവൃത്തികളനേകംചെയ്ത വിവേകമതി" (ഫ്ലാവിയസ് ജോസഫ്), "ലോകം മുഴുവനിലും പ്രസംഗിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന രാജാധിരാജൻ" (നെപ്പോളിയൻ), "ഉപദേശങ്ങൾ വിശിഷ്ടവും ബുദ്ധി പ്രത്യുൽപന്നവും ഹൃദയവികാരങ്ങൾ നിയന്ത്രിതവും ആയ അതിമാനുഷൻ" (റൂസ്സോ), "ലോകത്തിന്റെ അസ്തിവാരവും ഭാഗധേയനിയന്താവും ആയ ദൈവികൻ" (റെനാൻ)—ക്രിസ്തു ഒരു നല്ല മനുഷ്യനല്ലെന്നോ? അതിൽക്കവിഞ്ഞു് ആരുമല്ലെന്നോ?

ക്രിസ്തുതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്, തന്റെ പരസ്യജീവിതത്തിന്റെ തുടക്കംതൊട്ട് ഒടുക്കംവരെ, രഹസ്യമായും പരസ്യമായും, മിത്രങ്ങളുടെ മുമ്പിലും ശത്രുക്കളുടെ മുമ്പിലും അവകാശപ്പെട്ടിട്ടുണ്ട്—തന്റെ പ്രേഷിതത്വവും പ്രബോധനവും ദൈവികമെന്നു്. (Cfr. യോഹ. 3: 13-18; 4: 25-26; 8: 16-42; 10: 35-36; മത്തായി 11: 2-5; 26: 63-64.... etc). ശ്രേഷ്ഠസ്വഭാവനും ദൈവികനുമായ ഒരുവൻ കള്ളംപറയുകയില്ല; വഞ്ചിതനോ വഞ്ചകനോ ആയിരിക്കുകയില്ല. അതുകൊണ്ടു ക്രിസ്തുമതം ദൈവികമായിരിക്കണം. (ക്രിസ്തുവിന്റെ ദൈവത്വത്തെ തെളിയിക്കുന്ന വരുന്നൊരദ്ധ്യായത്തിൽ ഇതു പോയിന്റു കൂടുതൽ വിശദമാകും.)

II ക്രിസ്തുമതത്തിൻെറ സൽഫലങ്ങളും പ്രചാരവും ക്രിസ്ത്യാനികളുടെ സ്ഥിരതയും.

ക്രിസ്തുമതത്തിൻെറ സവ്വതോമുഖമായ സൽഫലങ്ങൾ, ആയിരമായിരം പ്രതിബന്ധങ്ങളുണ്ടായിട്ടും അതിന്ന് അതിവേഗം ലഭിച്ച പ്രചുരപ്രചാരം, ഊരിയ കരവാളുകളുടേയും അലറിയടുക്കുന്ന ഹിംസ്രജന്തുക്കളുടേയും മുമ്പിൽ പുഞ്ചിരിച്ചുനിന്ന ക്രിസ്ത്യാനികളുടെ അചഞ്ചലസ്ഥൈര്യം ഇവ പരിഗണിക്കുമ്പോൾ പ്രത്യക്ഷമാകുന്നില്ലേ, ക്രിസ്തുമതത്തിൻെറ ദൈവികതചം? (ഇതും അന്യത്ര പ്രസ്പഷ്ടമാക്കുന്നതാണ്.)

III അത്ഭുതങ്ങൾ അനിഷേധ്യമായി സ്ഥാപിക്കുന്നു ക്രിസ്തു മതം ഈശ്വരാവിഷ്കൃതമെന്ന്.

അത്ഭുതം പ്രവത്തിക്കുവാൻ ദൈവത്തിനേ കഴിയൂ. അതിനാൽ, അത്ഭുതങ്ങളാൽ സ്ഥിരീകരിക്കപ്പെട്ടമതം ദൈവികമായിരിക്കണം. ശരി. എന്നാൽ, ക്രിസ്തുമതത്തിൻെറ ദൈവികതചത്തിന്ന് ഉപോൽബലകമായി അത്ഭുതങ്ങൾ എടുത്തുകാണിക്കാനുണ്ടോ? ഉണ്ട്. വളരെയുണ്ട്. സുവിശേഷങ്ങൾ ഒരാവൃത്തി വായിച്ചുനോക്കുക. 40-ൽ കുറെയാതെ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളവയായിഉണ്ട്. (രേഖപ്പെടുത്താത്തവയും കാണും, വി. യോഹന്നാൻ തൻെറ സുവിശേഷത്തിൻെറ അവസാനം പറയുന്നതുപോലെ. യോ. 20: 30, 31). അവതന്നെ, ക്രിസ്തുവിന്ന് സകല സൃഷ്ടവസ്തുക്കളിലും അധികാരമുണ്ടെന്നു സ്പഷ്ടമാകത്തക്കവണ്ണം, വിവിധങ്ങളുമാണ്. ക്രി

സ്തുനാഥൻ പല പ്രാവശ്യം പിശാചുക്കളെ ബഹിഷ്കരിക്കുന്നു (മത്താ. 8: 16; 9: 32; ലൂക്കാ, 4: 31-41....); കുരുടന്മാർക്കു കാഴ്ചകൊടുക്കുന്നു (മത്താ. 9: 27-31; യോഹ. 9: 1-41; ലൂക്കാ, 7: 21); തളർവാതം സുഖപ്പെടുത്തുന്നു (മത്താ. 11: 5; മർക്കോ. 2: 3); ബധിരനു കേൾവിയും ഊമനു സംസാരശക്തിയും നല്കുന്നു (മത്താ. 12: 22; മർക്കോ. 7: 32); കടൽക്കാററിനെ ശാന്തമാക്കുന്നു (മത്താ. 8: 23-27; 14: 22-34); വെള്ളം വീഞ്ഞാക്കുന്നു (യോഹ. 2: 1-11); അപ്പം വർദ്ധിപ്പിക്കുന്നു (മത്താ. 14: 13-21; 15: 29-39); മരിച്ചവരെ ഉയിർപ്പിക്കുന്നു (യോഹ. 11: 1-44; ലൂക്കാ, 7: 11-17; മർക്കോ. 5: 36-43); മരിച്ച മൂന്നാം ദിവസം തന്നെത്താൻ പുനരുത്ഥാനം ചെയ്യുന്നു (ലൂക്കാ, 24)... ഇങ്ങനെ ഇനത്തിലും എണ്ണത്തിലും ബഹുലമാണു് അവിടുത്തെ അത്ഭുതങ്ങൾ. ആർക്കുമാർക്കും അതു നിഷേധിക്കുക സാദ്ധ്യമല്ല. "ഈശോ ഗ്ലീലായിൽ എല്ലായിടത്തും സഞ്ചരിക്കുകയും... ജനതതിയുടെ എല്ലാവിധരോഗങ്ങളും സുഖപ്പെടുത്തുകയും ചെയ്തിരുന്നു...." (മത്താ. 4: 23-25).

## ക്രിസ്തുവിൻെറ അത്ഭുതങ്ങൾ ചരിത്രയാഥാർത്ഥ്യങ്ങളാണു്.

സുവിശേഷത്തിലെ പ്രബോധനങ്ങളെ വിശ്വാസയോഗ്യമായ ചരിത്രരേഖകളായിക്കരുതുകയും എന്നാൽ, അത്ഭുതപ്രവൎത്തനങ്ങളെ—അവ അത്ഭുതങ്ങളെന്ന കാര

ണത്താൽമാത്രം — ഇതിഹാസങ്ങളായി തരം താഴ്ത്തുകയും ചെയ്തിട്ടുള്ള പണ്ഡിതന്മാരുണ്ട്.(1) സുവിശേഷത്തിലെ അത്ഭുതങ്ങൾ ചരിത്രമോ ഇതിഹാസമോ? ഇതിഹാസമല്ല; ചരിത്രമാണ്.

പ്രതിയോഗികളുടെ വിമർശനങ്ങൾ ശാസ്ത്രീയവും ചരിത്രപരവുമല്ല; ആയിരുന്നെങ്കിൽ, ചരിത്രരേഖകളെ, (സുവിശേഷാത്ഭുതങ്ങൾ ചരിത്രപരമാണ്) അത്ഭുതങ്ങൾ ഉണ്ടായിട്ടില്ല, ഉണ്ടാവുക സാദ്ധ്യവുമല്ല എന്ന മുൻവിധി കൂടാതെ മുഖവിലയിൽ എടുത്തു പരിശോധിച്ചേനെ.

a) വിശ്വാസയോഗ്യമായ ചരിത്രരേഖയാണ് സുവിശേഷം എന്നതിൽനിന്നുതന്നെ സിദ്ധിക്കുന്നു, സുവി

---

(1) «It is evident that the Gospels are in part legendary, since they are interlarded with miracles and the supernatural... I say that the Gospels are legends, not because it has been proved to me that the Gospels do not deserve an unqualified faith, but because they narrate miracles» — Ernest Renan – Vie de Jesus, VI, IX. «The first duty which the rationalistic principle lays upon us, one which forms the foundation of all criticism, consists in rejecting everything supernatural from the life of Jesus. Therewith, at one stroke, what we call miracle vanishes from the Gospels..... If criticism refuses to believe in the accounts of miracles, it does not need at all to furnish proofs for the justification of its denial; what is related is false, merely because what is related could not be» — Ernest Havel, Revue des Deux Mondes.

ശേഷപ്രോക്തമായ അത്ഭുതങ്ങളുടെ ചാരിത്രികയാഥാത്ഥ്യം. ക്രിസ്തുവിന്റെ പ്രബോധനങ്ങളും പ്രവൃത്തികളും നേരിട്ടറിഞ്ഞ സുവിശേഷകൻ വസ്തുയാഥാർത്ഥ്യത്തിനനുയോജ്യമായി, വഞ്ചനാഭിലാഷമെന്നിയേ, രേഖപ്പെടുത്തിയവ ചരിത്രവസ്തുതകളാണോ എന്ന് എന്തിനു സംശയിക്കുന്നു? ഹണ്ണാക്കിനുപോലും ഇതെപ്പററി യാതൊരു സംശയവുമില്ലാതായി, ഒടുക്കമായപ്പോഴേക്കും.(1)

ഇനിയും, ക്രിസ്തുവിന്റെ സൂക്തികളുടെ ചരിത്രപ്രാമാണ്യം സമ്മതിക്കുകയും അതേസമയം അവിടുത്തെ അത്ഭുതങ്ങളുടെ ചരിത്രപ്രാമാണ്യം നിഷേധിക്കുകയും ചെയ്യുക മൗഢ്യവും ബാലിശവും നാശകരവുമാണ്. രണ്ടും-സൂക്തികളും അത്ഭുതങ്ങളും-ഊടും പാവുംപോലെ കോർത്തുകോർത്തങ്ങനെ ബന്ധപ്പെട്ടാണു കിടക്കുന്നതു്. ഹോൾട്ട്സ്മാൻ, ഫ്ലെയിഡെറർ, ഹണ്ണാക്ക് തുടങ്ങിയവർ പറയുന്നതുപോലെ.(2)

---

(1) «There was a time—in fact the great mass of the public is still in it—when it was thought that the oldest christian literature, including the New Testament, must be regarded as a tissue of deceptions and falsifications. That time is gone by. The oldest literature of the church, in its principal points and most of its details, considered from a literary and historical standpoint, is true and reliable»—Harnack, Geschichte der altechristlichen Literatur II, 1; (1897) VIII.

(2) Miraculous and non-miraculous features are «in the text so inseparably interwoven that we cannot divide the two from each other without divesting the

b) അത്ഭുതങ്ങളെ രേഖപ്പെടുത്തുന്നതിനു സുവിശേഷകന്മാർ ഉപയോഗിച്ച ഭാഷതന്നെ ചരിത്രകാരന്റേതാണ്-മഹാസംഭവങ്ങളെ വ്യക്തമായും സംക്ഷിപ്തമായും കുറിച്ചിടുന്ന ചരിത്രകാരന്റേ; കവികളുടെ, കഥാകൃത്തുക്കളുടെ ഭാഷയല്ല. അതിശയോക്തിയോ ആഡംബരപ്പുളപ്പോ ഇല്ല. ഉണ്ടായതു് ഉണ്ടായതുപോലെ പറയുന്നു. അതും ഏററം കുറഞ്ഞവാക്കുകളിൽ: "അവൻ അവരെ സുഖപ്പെടുത്തി"; "പിശാചിനെ പുറത്താക്കി"; "അവൻ കല്പിച്ചു, എഴുന്നേല്ക്കുക. മരിച്ചവൻ ഉയിർത്തെഴുന്നേററു." "കാററിനോടു് ആജ്ഞാപിച്ചു; കടൽ ശാന്തമായി." ഇവിടെയെങ്ങും മനുഷ്യൻ "കാക്കകളെ ഛർദ്ദിച്ച" പരിണാമം കാണുന്നില്ല.

c) വിവിധസാക്ഷികളുടെ വിശ്വാസയോഗ്യതയിൽനിന്നും അത്ഭുതങ്ങളുടെ ചാരിത്രികമൂല്യം തെളിയുന്നുണ്ടു്. സുവിശേഷകർത്താക്കൾതന്നെ അവയുടെ ദൃക്സാക്ഷികളാണ്: "ആദ്യം തുടങ്ങിത്തന്നെ വചനത്തിന്റെ സാക്ഷികളും ശുശ്രൂഷകരും ആയിരുന്നവർ ഞങ്ങളെ ഭരമേല്പിച്ചതുപോലെ ഞങ്ങൾക്കു സമ്മതം വന്നിരിക്കുന്ന കാര്യങ്ങളുടെ വിവരങ്ങൾ എഴുതുവാൻ പലരും ഇച്ഛിച്ചതിനാൽ, പ്രസിദ്ധനായ തിയോഫിലാ, നീ ശിഷ്യപ്പെട്ടിരിക്കുന്ന വചനങ്ങളുടെ സത്യത നീ അറിയേ

---

latter of their definite signification, and retaining in our hand merely a vague shadow» (Pfleiderer, Protestantische Monatshefte). Miracles of Jesus «cannot be eliminated from the historical reports whithout fundamentally ruining these reports»—Harnack.

ണ്ടതിന്, എല്ലാറ്റിലും ഞാൻ ശ്രദ്ധയോടെ അടുത്തു സംബന്ധിച്ചിരിക്കുക നിമിത്തം, എല്ലാം അതിന്റെ ക്രമമനുസരിച്ചു നിനക്കുവേണ്ടി എഴുതുവാൻ എനിക്കും തോന്നിയിരിക്കുന്നു" (ലൂക്കാ, 1: 1–4). "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ ഞങ്ങളോടുകൂടി നിങ്ങൾക്കു പങ്കുണ്ടാകുവാൻവേണ്ടി നിങ്ങളേയും അറിയിക്കുന്നു. . ." (1 യോഹ. 1: 3; സുവിശേഷം 20: 30; 21: 24...).

മാത്രമല്ല, ക്രിസ്തു തന്റെ അത്ഭുതങ്ങൾ മിക്കവയും വലിയവലിയ ജനസമൂഹത്തിന്റെ മദ്ധ്യത്തിലും, നിക്കൊദീമസ്, ജയറസ്, ശതാധിപൻ, വേദശാസ്ത്രികൾ, ഫരീസ്യർ, പുരോഹിതന്മാർ, സെൻഹെദ്രിൻ അംഗങ്ങൾ എന്നീ മാന്യന്മാരുടേയും പണ്ഡിതന്മാരുടേയും സാന്നിദ്ധ്യത്തിലുമാണു ചെയ്തിട്ടുള്ളതു്. ഇവരിൽ ചിലർ മിത്രങ്ങളായിരുന്നു. എന്നാൽ, ക്ഷിപ്രവിശ്വാസികളായിരുന്നില്ല. ക്രിസ്തു പലപ്പോഴും അവരുടെ അവിശ്വാസത്തെ ശാസിച്ചിട്ടുണ്ട്, "അല്പവിശ്വാസികളേ," "വിശ്വാസവിമുഖരേ," "കണ്ണുണ്ടായിട്ടും കാണാത്തവരേ," എന്നൊക്കെ വിളിച്ചു്.

മററു ചിലർ ശത്രുക്കളായിരുന്നു— അവിടുത്തെ കുടുക്കിൽ പിടിക്കാൻ അകത്തു കത്തിയും പുറത്തു പത്തിയുമായി "നോക്കി" നടന്ന സ്ക്രീബന്മാരും ഫരിസ്യരും (മർക്കോ. 3: 2; ലൂക്കാ, 6: 7; 14: 1). അവർ ക്രിസ്തുവിന്റെ ചൊല്ലുകളേയും ചെയ്തികളേയും ദുർവ്യാഖ്യാനിച്ചു; ചെറുതാക്കിക്കാണിച്ചു, അജ്ഞേയവാദികളുടെ വിമർശനവിരുതോടേ; വിദ്വേഷാന്ധരുടെ തീരാപ്പകയോടേ.

അത്ഭുതകരമായി കാഴ്ച പ്രാപിച്ച പിറവിക്കുരുടനോടും അവൻെറ സംബന്ധികളോടും അവർ ചോദിച്ച കിള്ളിക്കിഴിച്ചുള്ള ചോദ്യങ്ങളും കാട്ടിക്കൂട്ടിയ പേപ്പിടികളും പരിഗണിക്കു (യോഹ. 9: 13–35). ഇന്നത്തെ അവരുടെ താവഴിക്കാർപോലും അവരെ വെല്ലുകയില്ല. പ്രായോഗികതയിലും അവരായിരുന്നു മിടുക്കർ. ക്രിസ്തുവിൻെറ അത്ഭുതങ്ങളെ നിഷേധിക്കുക എന്ന പാഴ്‌വേലയ്ക്കു തുനിയാതെ "അവർ അവനെ കൊല്ലുവാൻ തീരുമാനിച്ചു", "അവൻ അനേകം അത്ഭുതങ്ങൾ ചെയ്യുകയും എല്ലാവരും അവനിൽ വിശ്വസിക്കുക"യും ചെയ്യാതിരിക്കാൻ (യോഹ. 11: 47, 48).

d) ജെറുസലെത്തു നിക്കോദീമസ്‌തുടങ്ങിയ യഹൂദന്മാരുടെ മാനസാന്തരത്തിനും, അപ്പോസ്തലന്മാരുടെ വിശ്വാസദാർഢ്യത്തിനും ഒരു മുഖ്യകാരണം ക്രിസ്തുവിൻെറ അത്ഭുതങ്ങളായിരുന്നു.

e) ക്രിസ്തുവിൻെറ അത്ഭുതങ്ങൾ പ്രഖ്യാതവസ്തുതകളായിട്ട് അപ്പോസ്തലന്മാരും (നടപടി 2: 22; റോമാ. 15: 19...) സഭാപിതാക്കന്മാരും (Eusebius, Hist. Eccl., 4: C. 3...) അക്രൈസ്തവചരിത്രകാരന്മാരും (Fl. Joseph. Antiquities 18: 3, 3; Talmud—Tractatus Shabboth, fol. 1046; Celsus—Origen, Contra Celsum 1: 28, 38....) പരാമർശിക്കുന്നുണ്ട്. അത്ഭുതങ്ങൾ ശിഷ്യന്മാരുടെ വെറും കണ്ടുപിടിത്തങ്ങളായിരുന്നെങ്കിൽ മതവിരോധികൾ മൗനമവലംബിക്കുമായിരുന്നോ? അതേ, അത്ഭുതങ്ങൾ ചരിത്രയാഥാർത്ഥ്യങ്ങളാണ്.

## ക്രിസ്തുവിൻെറ അത്ഭുതങ്ങൾ പ്രകൃത്യതീതങ്ങളായിരുന്നു.

a) സാധാരണജനങ്ങളുടെ കാര്യം കിടക്കട്ടെ; ക്രിസ്തുവിനോട് അതിരററ പക പുലത്തിയിരുന്ന പ്രീശന്മാരും യഹൂദപ്രമാണികളുമെങ്കിലും ക്രിസ്തുവിൻെറ അത്ഭുതങ്ങളെ, (നാം മുമ്പു കണ്ടതുപോലെ) അന്ധമായി വിശ്വസിച്ചിരുന്നില്ല. അവർ അത്ഭുതങ്ങളുടെ അതിസ്വാഭാവികത്വം ഏതെങ്കിലുംവിധത്തിൽ നിഷേധിക്കാൻ കിണഞ്ഞു ശ്രമിച്ചു; സാധിച്ചില്ല. അററകൈയ്യാണല്ലോ ക്രിസ്തുവിനെ കൊല്ലുവാൻ അവർ ഗൂഢാലോചന ചെയ്തതു്.

b) അന്നു സാധാരണജനങ്ങൾ അത്ഭുതങ്ങളുടെ പ്രകൃത്യതീതസ്വഭാവത്തെസ്സംബന്ധിച്ചു വഞ്ചിതരായെങ്കിൽ, ഇന്നു നമുക്ക് അവയുടെ ബാഹുല്യവും വൈവിധ്യവും സ്വഭാവവും സാഹചര്യങ്ങളും നോക്കി അവ പ്രകൃത്യനുസൃതമാണോ പ്രകൃത്യതീതമാണോ എന്നു വിധിക്കാൻ കഴിയും. മുപ്പത്തെട്ടു കൊല്ലം തളർവാതംപിടിച്ചു കിടന്നവൻെറ പൊടുന്നനെയുള്ള ആരോഗ്യലബ്ധി (യോഹ. 5: 5-9), പിറവിക്കുരുടൻെറ കാഴ്ചപ്രാപ്തി (യോഹ. 9: 6–7), കുഷ്ഠരോഗിയുടെ ആരോഗ്യസിദ്ധി (മത്താ. 8: 1–40), അഴിയാൻ തുടങ്ങിയ ലാസറിൻെറ പ്രത്യുത്ഥാനം (യോഹ. 11: 1–44), അശുദ്ധാത്മാക്കളുടെ ബഹിഷ്കരണം (ലൂക്കാ, 4: 41), കടൽക്കാററിൻെറ ശമനം (മർക്കോ. 4: 35-40), വെള്ള

ത്തിൻമീതെക്കൂടിയുള്ള ഗമനം (മത്താ. 14: 22-34), എല്ലാത്തിനുമുപരി ക്രിസ്തുവിൻെറ പുനരുത്ഥാനം (മർക്കോ. 16: 1-20...) ഇങ്ങനെയുള്ള 35-ൽപ്പരം അത്ഭുതങ്ങൾ പരിശോധിക്കുക. ഒരു സ്പർശനം, ഒരു വാക്ക്, ഒരു ആജ്ഞ, ഒരു മനോനിശ്ചയം മതിയായിരുന്നു പ്രസ്തുത സംഭവങ്ങൾ നടക്കുവാൻ! നമ്മുടെ ഇന്നത്തെ ശാസ്ത്രജ്ഞാനമെല്ലാംവച്ചു പരിശോധിച്ചാലും ഇവയെല്ലാം പ്രകൃത്യനുസൃതസംഭവങ്ങളായി തരംതാഴുകയില്ല(1).

c) മുൻപറഞ്ഞ അത്ഭുതങ്ങൾ അശുദ്ധാത്മപിയുടെ വേലത്തരങ്ങളുമായിരുന്നില്ല. അശുദ്ധാത്മപികളെ കൊണ്ടു പററുകയില്ല, മരിച്ചവനെ ഉയിർപ്പിക്കുവാനും ഛേദിക്കപ്പെട്ട അംഗങ്ങൾ ഞൊടിയിടയിൽ പൂർവ്വസ്ഥിതിയിലാക്കുവാനും മററും. കൂടാതെ, ക്രിസ്തുവിൻെറ സ്വഭാവശുദ്ധിയിൽനിന്നും അത്ഭുതങ്ങളുടെ വിവിധസാഹചര്യങ്ങളിൽനിന്നുമെല്ലാം ഇതു സുതരാം വ്യക്തമാകുന്നുണ്ട്.

<u>ക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചതു തൻെറ ദിവ്യത്വത്തെ — അങ്ങനെ തൻെറ പ്രബോധനങ്ങളുടെ ദൈവികത്വത്തെ — സ്ഥിരീകരിക്കുന്നതിനാണു്.</u>

തൻെറ ദിവ്യത്വത്തിൽ മനുഷ്യർ സുദൃഢം വിശ്വസിക്കണം—അതായിരുന്നു ക്രിസ്തുനാഥൻ പ്രവർത്തിച്ച അത്ഭുതങ്ങളുടെ പ്രധാനോദ്ദേശ്യം. അവിടുന്നുതന്നെ

(1) (Cfr. Christ and Critics, Vol. 2: p. 226-432).

യോ ക്രിസ്തു എന്നറിവാൻ യോഹന്നാൻമാംദാന അയച്ച ശിഷ്യദ്വയത്തോടു യേശുനാഥൻ പറഞ്ഞതെന്താണു്? "പോയി നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുവ യോഹന്നാനെ അറിയിക്കുവിൻ: കരുടർ കാണുന്നു; മുട ന്തർ നടക്കുന്നു;.... മരിച്ചവർ ഉയിർക്കുന്നു" എന്നെല്ലാം (മത്താ. 11: 4-5). ഇതിൻെറ അർത്ഥം അനുക്തസിദ്ധ മാണല്ലോ? അവിടുന്നുതന്നെയോ മിശിഹാ എന്നു ചോ ദിച്ച യഹൂദന്മാരോടും ഏതാണ്ടിതേവിധം ക്രിസ്തു ഉത്ത രംകൊടുക്കുന്നു: "ഞാൻ നിങ്ങളോടു പറഞ്ഞു; എങ്കിലും നിങ്ങൾ വിശ്വസിക്കുന്നില്ല. എൻെറ പിതാവിൻെറ നാമത്തിൽ ചെയ്യുന്ന പ്രവൃത്തികൾതന്നെ എന്നെക്കുറി ച്ചു സാക്ഷ്യം നല്കുന്നുണ്ടു്" (യോഹ. 10: 25...). ലാസറി നെ ഉയിർപ്പിച്ച അവസരത്തിലും ക്രിസ്തു ഇതുതന്നെയാ ണു് ഊന്നിപ്പറയുന്നതു്: "അവിടുന്നു് എന്നെ അയച്ചു വെന്നു് ഇവർ വിശ്വസിക്കേണ്ടതിന്നു്" (യോഹ. 11: 42). ഉദ്ദിഷ്ടഫലം പലപ്പോഴും ഉണ്ടാവുകയും ചെയ്തു. ആ യിരങ്ങളുടെ പ്രതിനിധിയെന്നപോലെ നിക്കോദീമസ് ഏററു പറയുന്നു: "ഗുരോ, നീ ദൈവത്താൽ ഉപദേഷ്ടാ വായി അയയ്ക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ അറിയു ന്നു. ദൈവം തന്നോടുകൂടിയുള്ളവനല്ലാതെ നീ ചെയ്യുന്ന ഈ അത്ഭുതങ്ങൾ ചെയ്യുവാൻ ഒരു മനുഷ്യനും കഴിയു കയില്ലല്ലോ" (യോഹ. 3: 2). ഗുരുനാഥൻ പ്രവർത്തിച്ചതു പോലെതന്നെയാണു്, അത്ഭുതങ്ങളുടെ സ്ഥാപകമൂല്യ ത്തെ ആധാരമാക്കിത്തന്നെയാണു്, ശിഷ്യന്മാരും പ്രവ ർത്തിച്ചതു്, ജനങ്ങൾ ക്രിസ്തുവിലും അവിടുത്തെ പ്രബോ ധനത്തിലും വിശ്വസിപ്പാൻ (നടപടി 2).

## ക്രിസ്തുവിനു പിമ്പും അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ട്.

അത്ഭുതങ്ങളുടെ കാലം ക്രിസ്തുവിനോടുകൂടി അവസാനിച്ചില്ല. അവിടുന്നു നല്കിയ അധികാരവും ശക്തിയുമുപയോഗിച്ച് അപ്പോസ്തലന്മാരും അത്ഭുതങ്ങൾ പ്രവത്തിച്ചിട്ടുണ്ട് – സ്വഭാവത്തിലും രീതിയിലും വിവിധങ്ങളായ ഒട്ടേറെ അത്ഭുതങ്ങൾ (നടപടി 3: 6; 5: 15; 9: 40; 14: 7; 19: 22; 20: 10). സഭാപിതാക്കന്മാരുടെകാലത്തും(1) അതിനുശേഷം മദ്ധ്യയുഗങ്ങളിലും(2) എന്നുവേണ്ടാ, ഇക്കാലത്തുപോലും അനേകമനേകം അത്ഭുതങ്ങൾ നടന്നിട്ടുണ്ട്; നടക്കുന്നുണ്ട്. ചരിത്രം സാക്ഷിയാണതിന്. സ്ഭാസ് ആവശ്യപ്പെടുന്ന വ്യവസ്ഥകളെല്ലാം നിറവേററിക്കൊണ്ട്—അനേകരുടെ സാന്നിദ്ധ്യത്തിൽ, വഞ്ചനാതീതരും വിശ്വസ്തരുമായ വിദഗ്ദ്ധജനങ്ങളുടെ കൺമുമ്പിൽവച്ചുതന്നെ—അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ട്. 1875-ൽ ബൽജിയത്തിൽ പീററർ റഡർക്കും, 1891-ൽ ലൂർദ്ദിൽ എ. ഫഗ്നോണിനും, 1898-ൽ ഡെഹാൻറിനും 1936-ൽ ചാൾസ് മാക്ഡൊനാൾഡിനും(3) അങ്ങനെ പലർക്കും ഉണ്ടായ രോ-

---

(1) Adv. Haer. 2: 32, 4; Justin, Dial. No. 30; Tertull. Apolog. C. 23, No. 93-96; Augustine, Confess. 9: 7; Hist. Persecutionis Vandalicae 5: 6...

(2) Vita S. Bernardi, 1: 3, C. 6, No. 18; Vita S. Franc. Xavier, 1: 4, C. 1...

(3) Miracle at Lourdes, by Charles McDonald, Dublin, Clonemore and Reynolds, 1954.

ഗശാന്തികൾ ഉദാഹരണങ്ങളാണ്. ലൂർദ്ദിലെ അത്ഭുതങ്ങളേയും റഡ്ഡരുടെ രോഗശാന്തിയേയുംകുറിച്ചു ചുരുക്കമായി ചിലതു പ്രതിപാദിക്കാം.

## ലൂർദ്ദ്

ഫ്രാൻസിൽ പിരണീസ്പർവ്വതനിരയുടെ അടിവാരത്തായി സ്ഥിതിചെയ്യുന്ന ലൂർദ്ദ് 1858 മുതൽ ഉവന പ്രസിദ്ധമായ ഒരു തീർത്ഥമായിരിക്കയാണ്. ക്രിസ്തുമാതാവായ കന്യകാമറിയത്തിൻെറ ഒരു ദർശനം അവിടെയുണ്ടായതാണു കാരണം. ആയിരമായിരം തീർത്ഥകർ ദിനേന ലൂർദ്ദ് സന്ദർശിക്കുന്നുണ്ട്. ആശയററ നൂറുനൂറു രോഗികൾ അത്ഭുതകരമാംവിധം സുഖം പ്രാപിക്കുന്നുണ്ട്. 1852-ൽ അവിടെ ഒരു വൈദ്യശാസ്ത്രജ്ഞസംഘം (Medical Bureau) രൂപമെടുത്തു. പ്രസ്തുതസംഘത്തിൻെറ ഉദ്ദേശ്യം അത്ഭുതകരമായി രോഗശമനം പ്രാപിച്ച രോഗികളെ ശാസ്ത്രീയമായി പരിശോധിക്കുകയും വിശദവിവരങ്ങളടങ്ങിയ റിക്കാർഡുകൾ സൂക്ഷിക്കുകയും ആയിരുന്നു. ആർക്കും, ഏതു വൈദ്യവിദഗ്ദ്ധനും ആ റിക്കാർഡുകൾ പരിശോധിക്കുന്നതിനു സൗകര്യം നല്കിപ്പോന്നു. പ്രോട്ടസ്റ്റൻറുകാരനും വൈദ്യവിശാരദനുമായ ഡോക്ടർ ഹെൻറി ഹെഡിൻെറ പ്രസ്താവന ശ്രദ്ധേയമാണ്:

"ലൂർദ്ദിലെ അധികാരികൾ എനിക്കും മററു ഡോക്ടർമാർക്കും നിർബ്ബാധവും സ്വാതന്ത്ര്യവുമായ പരിശോധന നടത്താൻവേണ്ട സകല സൗകര്യങ്ങളും നല്കിയ

തിന്ന ഞാൻ അവരെ എത്രയും അകൈതവമായും ഹൃദയംഗമമായും അഭിനന്ദിച്ചുകൊള്ളട്ടെ. ആവശ്യപ്പെട്ട സൗകര്യങ്ങളെല്ലാം അവർ ഞങ്ങൾക്കു നല്കിയിരുന്നു. രോഗശമനങ്ങളുടെ ശാസ്ത്രീയപരിശോധനകളെക്കുറിച്ചാണെങ്കിൽ, രോഗികളുടെ സർട്ടിഫിക്കററുകൾ ഉപയോഗപ്പെടുത്തിയ രീതി തികച്ചും തൃപ്തികരമാണെന്നു പറയുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഓരോ സർട്ടിഫിക്കററും ഗുണദോഷവിവേചനം ചെയ്യുന്നതിൽ കാണിച്ചിട്ടുള്ള ഉത്തരവാദിത്വബോധം അത്യാദ്ഭുതം തന്നെ." 1924-വരെ ലൂർദ്ദിൽ ഏകദേശം 5000 രോഗശമനങ്ങളെ 4000-ത്തിൽപ്പരം വൈദ്യശാസ്ത്രജ്ഞന്മാർ പരിശോധിച്ച് അവ പ്രകൃതിശക്തികളാൽ നടന്നതല്ലെന്നും, തന്മൂലം, അത്ഭുതങ്ങളാണെന്നും വിധി പ്രസ്താവിച്ചതായി കണക്കുണ്ട്.

## രോഗശമനങ്ങളുടെ പ്രത്യേകതകൾ

ലൂർദ്ദിൽ നടക്കുന്ന അത്ഭുതകരമായ ഈ രോഗശമനങ്ങളിൽ പ്രകൃതിഗതിക്കും വൈദ്യശാസ്ത്രവിധികൾക്കും ഒത്തുപോകാത്ത ചില പ്രത്യേകതകൾ ഉണ്ട്: 1) ഔഷധപ്രയോഗമില്ല. 2) ഭയങ്കരരോഗങ്ങൾ ഞൊടിയിടയിൽ സുഖപ്പെടുന്നു. ക്ഷീണം തീരാൻ കാലവിളംബമില്ല. 3) രോഗശമനങ്ങളുടെ രീതിയിലോ സാഹചര്യങ്ങളിലോ യാതൊരു നിശ്ചിതത്വവും ഐകരൂപ്യവും ഇല്ല. 4) രോഗശമനത്തിനുമുമ്പു ശരീരത്തിൽ കഠിനമായ വേദനയും ആത്മാവിൽ ഉഗ്രമായ സ്തോഭങ്ങ

ളുമുണ്ടാകുന്നു. 5) ഭംഗംഭവിച്ച ശരീരാവയവങ്ങൾ ശരിപ്പെട്ടതിന്നു ശേഷവും അവയിൽ അസാധാരണമായ ചില പൊററകളോ വടുക്കളോ പ്രത്യക്ഷമാകുന്നു. 6) രോഗം പിടിപെട്ട അവയവങ്ങൾ പൂർവ്വസ്ഥിതിയെ പ്രാപിച്ചില്ലെങ്കിലും, പ്രാപിച്ചാലെന്നപോലെ സ്വധർമ്മങ്ങൾ ശരിയായി ചെയ്യുന്നു. ഈ പ്രത്യേകതകളിൽ ഒന്നോ അതിലധികമോ ലൂർദ്ദിൽ നടക്കുന്ന രോഗശമനങ്ങളിലെല്ലാം കാണാറുണ്ട്.

### ശമനകാരണമെന്ത്?

കന്യകാമറിയത്തിന്റെ ദർശനത്തോടേ ലൂർദ്ദിൽ പൊട്ടന്നനവേ ഉണ്ടായ ഉറവയിലേ വെള്ളമാണോ അത്ഭുതകരമായ ഈ രോഗശാന്തികളുടെ കാരണം? എങ്കിൽ എന്തുകൊണ്ട് ഈ വെള്ളം ഉപയോഗിക്കുന്ന രോഗികളെല്ലാവരും സുഖം പ്രാപിക്കുന്നില്ല; ഉപയോഗിക്കാത്തവർ സുഖം പ്രാപിക്കുന്നു? ഒരേതരം രോഗികൾ ജലം ഉപയോഗിച്ചിട്ടു ഫലം ചിലപ്പോൾ വിപരീതമാണു്! അപ്പോൾ ഈ വെള്ളമല്ല രോഗശമനങ്ങൾക്കു കാരണം. അതിന്നു രോഗം പൊറുപ്പിക്കുവാൻ തക്ക വിശേഷഗുണങ്ങളൊന്നുമില്ലെന്നു വിദഗ്ദ്ധന്മാർ ശാസ്ത്രീയപരീക്ഷണങ്ങൾക്കുശേഷം വിധിപ്രസ്താവിച്ചിട്ടുണ്ട്. രോഗശാന്തി ലഭിക്കുമെന്നുള്ള പ്രത്യാശയോ വിശ്വാസമോ (മാനസികസ്തോഭങ്ങൾനിമിത്തം ഉണ്ടാകുന്ന സിരാചലനങ്ങളോ ഇതുപോലെ വല്ലതുമോ) ആണോ ഇവയ്ക്കു കാരണം? അല്ലതന്നെ. പ്രത്യാശയും വിശ്വാസവും അശേഷമില്ലാതെ, അന്യരുടെ നിർബന്ധത്താൽ

മാത്രം വന്നണയുന്ന അവിശ്വാസികളും, ഇപ്പറഞ്ഞ മാനസികവ്യാപാരങ്ങൾക്ക് അശക്തരായ പിഞ്ചുശിശുക്കൾപോലും രോഗശാന്തിനേടുന്നുണ്ട്. പ്രത്യാശാഭരിതരും ദൃഢവിശ്വാസികളും പലപ്പോഴും സുഖം ലഭിക്കാതെ പോകുന്നുമുണ്ട്! മാനസികസ്തോഭങ്ങൾനിമിത്തമുണ്ടാകുന്ന സിരാവിജൃംഭണമോ അതുപോലെ മററുവല്ലതുമോ ആയിരിക്കുമോ ഈ രോഗശമനങ്ങൾക്കു നിമിത്തം? മാനസികസ്തോഭംവഴി മാനസികവും സിരാസംബന്ധവുമായ രോഗങ്ങൾ ശമിച്ചെന്നുവരാം; അവയവങ്ങളുടെ കെടുതി (organic diseases) സുഖപ്പെടുകയില്ല. ലൂർദ്ദിലാകട്ടെ, ആഭ്യന്തരവും ബാഹ്യവുമായ അവയവങ്ങൾക്കു കേടും കെടുതിയും ഭവിച്ചവർപോലും പൂർണ്ണാരോഗ്യം പ്രാപിക്കുന്നു!

എന്നാൽ, പ്രകൃതിയുടെ നിഗൂഢശക്തികളായിരിക്കുമോ ഈ രോഗശമനങ്ങൾക്കു നിദാനം? എങ്കിൽ, പ്രകൃതിപാഠങ്ങൾക്കു സഹജമായ നിശ്ചിതത്വവും ഐകരൂപ്യവും ഈ നിഗൂഢശക്തികളെസ്സംബന്ധിച്ചും കാണണ്ടേ? എന്നാൽ, അതു കാണുന്നില്ല. അതിനാൽ, പ്രകൃതിശക്തിയല്ല, പ്രകൃത്യതീതശക്തിയാണ് അത്ഭുതകരമായ ഈ രോഗശമനങ്ങൾക്കു കാരണമെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

### റഡറുടെ രോഗശാന്തി

പ്രഖ്യാതമായ ഒരു സംഭവം പറയാം. ബൽജിയത്തിൽ ജേബെക്ക് എന്ന സ്ഥലത്ത് പീയർ ദി റഡർ എന്ന ഒരു വിറകുവെട്ടുകാരൻ ജീവിച്ചിരുന്നു. 1867-ൽ ആ

അമ്പതുകാരൻെറ കാൽ ഒരു മരംവീണ് ഒടിഞ്ഞു. ഒടിഞ്ഞിടം വീങ്ങി വ്രണപ്പെട്ടു. പനി കലശലായി. വൈദ്യന്മാർ പഠിച്ച പണിയെല്ലാം പ്രയോഗിച്ചുനോക്കി; ഫലമൊന്നുമുണ്ടായില്ല. രണ്ടു വിരൽപ്പാടു വലിപ്പമുള്ള വ്രണം. അതിനകത്തു ചലമൊലിക്കുന്ന ഒടിഞ്ഞു കറുത്ത എല്ലുകൾ. അവയുടെ അഗ്രങ്ങൾ കാൽനിവർത്തുമ്പോൾ ഒരിഞ്ചുകലത്തിലും കാൽമടക്കുമ്പോൾ വ്രണത്തിൽക്കൂടി പുറത്തേക്കു തള്ളിയും നിന്നിരുന്നു. വിരലുകൾ പുറകോട്ടു തിരിയത്തക്കവിധം കാൽതിരിക്കുവാൻ വിഷമമില്ലായിരുന്നു. വൈദ്യന്മാർ കൈയൊഴിഞ്ഞ റഡർ എട്ടാം കൊല്ലം വലിഞ്ഞിഴഞ്ഞു്, വഴിനീളെ ചലമൊഴുക്കി ഊസ്റ്റക്കർ എന്ന സ്ഥലത്തു ലൂർദ്ദ്മാതാവിൻെറ നാമത്തിലും ലൂർദ്ദിലേ മാതിരിയിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗ്രോട്ടോയിലെത്തി. അയാൾ കന്യകാമാതാവിനോടു പ്രാർത്ഥിച്ചു. കാലിലേ മുറിവു പൊടുന്നനെ സുഖപ്പെട്ടു. വിറകുവെട്ടിയായിത്തന്നെ ഇരുപത്തഞ്ചുകൊല്ലംകൂടി അയാൾ ജീവിക്കുകയും ചെയ്തു.

ഈ സംഭവം ശാസ്ത്രീയമായ അനവധി പരിശോധനകൾക്കും വിമർശനങ്ങൾക്കും വിഷയീഭവിച്ചു. പണ്ഡിതരും സത്യസന്ധരുമായ ദൃക്സാക്ഷികൾ തെളിവുകൾ നല്കി. രോഗശമനമുണ്ടായതിൻെറ എട്ടാംദിവസം പ്രഭുക്കന്മാരും, നഗരസമിതിയിലേ അംഗങ്ങളും ഉൾപ്പെട്ട വലിയൊരു ജനതതി ലോകത്തിനു സമർപ്പിച്ച ഒരു പ്രമാണം കാണുക:

"താഴെ പേരെഴുതി ഒപ്പിടുന്ന ജേബെക്കു് ഇടവക

യിലെ നിവാസികളായ ഞങ്ങൾ പ്രഖ്യാപനം ചെയ്യുന്നതെന്തെന്നാൽ, ഈ സ്ഥലത്തു ജനിച്ചു ജീവിച്ചുവരുന്ന 50 വയസ്സായ പിയേർ ദി റഡ്ഡരുടെ കാലിലെ എല്ല് 1867 ഫെബ്രുവരി 16-ാം തീയതി ഒരു വൃക്ഷം വീണു ഭയങ്കരമായി ഒടിയുകയും, ശസ്ത്രവൈദ്യത്തിനു സാധിക്കുന്ന സകല പ്രതിവിധികളും പ്രയോഗിച്ചു നോക്കിയ ശേഷം അയാളുടെ മുറിവു സുഖപ്പെടുക അസാദ്ധ്യമാണെന്നു ഡോക്ടർമാർ വിധിപ്രസ്താവിക്കുകയും, അയാളുടെ രോഗസ്ഥിതി അറിഞ്ഞവരെല്ലാം ആ അഭിപ്രായത്തോടു അനുകൂലിക്കുകയുമുണ്ടായി. അയാൾ ഊസ്റ്റക്കറിൽ ചെന്നു അവിടെ അഭിവന്ദിക്കപ്പെടുന്ന ലൂർദ്ദ്മാതാവിൻെറ മാദ്ധ്യസ്ഥ്യം അഭ്യർത്ഥിക്കുകയും, പരിപൂർണ്ണസുഖം പ്രാപിച്ച് ഊന്നുവടിയുടെ സഹായംകൂടാതെ നടക്കുവാൻ പ്രാപ്തനായി സ്വഗൃഹത്തിൽ മടങ്ങിയെത്തുകയും ചെയ്തു. കാൽ ഒടിയുന്നതിനുമുമ്പു ചെയ്തിരുന്ന സകല ജോലികളും ചെയ്യുന്നതിന് അയാൾക്ക് ഇപ്പോൾ സാധിക്കുന്നുണ്ട്. പൊടുന്നനവെയുള്ളതും അത്ഭുതകരവുമായ ഈ രോഗശാന്തി 1875 ഏപ്രിൽ 7-ാം തീയതിയിലു നടന്നതെന്നു ഞങ്ങൾ പരസ്യമായി പ്രസ്താവിക്കുന്നു"(1).

റഡ്ഡറിനെ നേരിട്ടുകണ്ടു വിവരങ്ങൾ സൂക്ഷ്മമായാഗ്രഹിച്ച ഒരു പണ്ഡിതൻ 1876 സെപ്റ്റംബർ 23-ാം

---

(1) "യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക്" പേജ് 68-69.

തീയതി, L'ordre et la Liberte എന്ന പത്രത്തിൽ, ഇപ്രകാരം എഴുതി:

"ജെബെക്കിലെ ഒരു തൊഴിലാളിയായ പീയേർ ദിറഡർ ബൽജിയത്തിൽ ഗെൻറിനു സമീപമുള്ള ഊസ്റ്റക്കറിൽ ഒരു തീർത്ഥാടനസഞ്ചാരം കഴിച്ചതിനിടയ്ക്കു ലൂർദ്ദ് മാതാവിൻെറ മാദ്ധ്യസ്ഥ്യത്താൽ പൊട്ടന്നനവേ പരിപൂർണ്ണരോഗശാന്തി പ്രാപിച്ചുവെന്നു ഞാൻ ഉറപ്പുപറയുന്നു. മേല്പറഞ്ഞ സ്ഥലം സന്ദർശിച്ച്, ഞാൻ പ്രസ്താവിക്കുന്ന ഈ സംഭവം കളവാണെന്നു കാണിക്കുന്ന തെളിവുകളോടു മടങ്ങിവരുന്ന ആദ്യത്തെ ആൾക്കു ഞാൻ ഒന്നാം ക്ലാസ് തീവണ്ടിച്ചാർജ്ജും മററു യാത്രച്ചിലവിനു 500 ഫ്രാങ്കും കൊടുക്കുന്നതാണ്." ഈ വെല്ലുവിളിക്ക് ഒരു മറുപടിയുമുണ്ടായില്ല. ബ്രൂജ്ജപട്ടണത്തിലെ വേദശാസ്ത്രാലയത്തിൻെറ ഡയറക്ടരായ റവ. കാർവോർട്ട് എന്ന വൈദികൻ റഡർ മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കുമുമ്പ് അയാളുടെ രണ്ടു കാലിൻേറയും റേഡിയോ ഛായാപടം ഭാഗ്യവശാൽ എടുക്കുവാനിടയായി. ലുവെയിനിലെ പ്രസിദ്ധനായ ഡോക്ടർ ദെഷാമ്പ്, റഡറിനെ രോഗാവസ്ഥയിൽ സന്ദർശിക്കുകയും ചികിത്സിക്കുകയും ചെയ്തു വേറെ ചില ഡോക്ടർമാർ ഒരുമിച്ച്, എഴുത്തുകുത്തുകൾ നടത്തിയതിൻെറ ഫലമായി മരിച്ചു സംസ്കരിക്കപ്പെട്ട റഡറിൻെറ കാൽ രണ്ടും അദ്ദേഹത്തിൻെറ ഭാര്യയുടെ സമ്മതത്തോടെയും പലേ സാക്ഷികളുടെ സാന്നിദ്ധ്യത്തിലും മുറിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റർകൊണ്ടും ചെമ്പുകൊണ്ടും അവയുടെ പല

പ്രതിരൂപങ്ങൾ നിർമ്മിച്ചിട്ടുള്ളവയിൽ ഒന്നു ലൂർദ്ദിൽ ഇന്നും ഔദ്യോഗികമായി സൂക്ഷിച്ചുപോരുന്നു.(1)

## സംഭവകാരണം പ്രകൃത്യതീതം

ഒടിവുകൾ ശരിപ്പെടുന്നതു് ആഹാരത്തിൽനിന്നുണ്ടാകുന്ന ഫോസ്ഫേററു് ഓഫ് ലൈം (Phosphate of Lime) മുറിവുള്ളെടത്തു ക്രമേണ വന്നടിഞ്ഞുകൂടുന്നതുകൊണ്ടാണു് എന്നത്രേ വൈദ്യശാസ്ത്രവിധി. അതിനു പലേ പ്രവർത്തനങ്ങൾ ശരീരത്തിൽ നടക്കണം: 1) ഭക്ഷണസാധനം ആമാശയത്തിൽ ചെല്ലണം. 2) ഭക്ഷണത്തിൽനിന്നു കുടലിനകത്തുള്ള ഗ്രന്ഥികളുടെ (glands) പ്രവൃത്തിയാൽ ഫോസ്ഫേററ് ഓഫ് ലൈം ഉണ്ടാകണം. 3) ഓടുന്ന രക്തം ഈ ഫോസ്ഫേററിനെ മുറിവുള്ളിടത്തു കൊണ്ടുചെല്ലണം. 4) അസ്ഥിപ്പഴുതുകൾ ഫോസ്ഫേററ്കൊണ്ടടയണം. 5) അസ്ഥിജനകമായ കാല്ലസ് (callus) അവിടെ ഉണ്ടായി ഉറച്ചുവരികയും അങ്ങനെ മുറിവു നികക്കുകയും വേണം. പരസ്പരം ആശ്രയിച്ചു നില്ക്കുന്ന ഈ പ്രവർത്തനങ്ങൾ അനുക്രമം സാവധാനം നടക്കേണ്ടതാണു്. റഡറുടെ രക്തത്തിൽ ഫോസ്ഫേററിൻെറ അംശം പറയാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും അതു വളരെയുണ്ടായാൽ സംഭവിക്കാവുന്നവിധം മുറിവു സുഖപ്പെട്ടു. അതും പൊടുന്നനേ! തന്മൂലം,

(1) "യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക്" പേജ് 69–70.

അത്ഭുതനിഷേധികളായ 'പ്രകൃതിമാത്ര'രുടെ തലപൊളിക്കുന്ന അത്ഭുതങ്ങളുടെ എണ്ണം ഒന്നുകൂടി വർദ്ധിച്ചു.

അത്ഭുതങ്ങൾ മന:പൂർവ്വം നിഷേധിക്കുന്ന തൽപരകക്ഷികൾ വാദിച്ചേക്കും— രോഗശമനത്തിന്റെ കാരണം പ്രകൃതിയുടെ വല്ല നിഗൂഢശക്തിയുമായിരിക്കും! മുമ്പൊരിടത്തു നാം ഇതിനുത്തരം നല്കിയതാണ്(1). റഡറിന്റേതുപോലുള്ള ഒരു രോഗശമനത്തിന്റെ കാരണം അറിയാൻ പ്രകൃതിശക്തികളെല്ലാം അറിയണമെന്നില്ല പ്രകൃതിഗതിയിൽ ആ രോഗശമനത്തിനു സാധാരണമായി പ്രവർത്തിക്കുന്ന ശക്തികളേവയെന്നും അവ ആ ഫലം പുറപ്പെടുവിക്കാൻ സ്വതേ പര്യാപ്തങ്ങളാണോ എന്നും അറിഞ്ഞാൽ മതിയാകും. ഒടിഞ്ഞ അസ്ഥികൾ മുറികൂടുന്നതിനു ശരീരത്തിൽ ഇന്നിന്ന പ്രവൃത്തികൾ നടക്കണമെന്നും അതിന് ഇത്ര ദിവസങ്ങൾ വേണമെന്നും വൈദ്യശാസ്ത്രം നിരീക്ഷണപരീക്ഷണങ്ങൾ നടത്തി ശരീരത്തിന്റെ സഹജമായ വ്യാപാരങ്ങളെ അടിസ്ഥാനപ്പെടുത്തി കണ്ടുപിടിച്ചിട്ടുണ്ട്.

## IV പ്രവചനങ്ങൾ സ്ഥാപിക്കുന്നു ക്രിസ്തുമതം ഈശ്വരാവിഷ്കൃതമെന്ന്

ഈശ്വരാവിഷ്കരണത്തിന്റെ മറെറാരു ലക്ഷണമാണ്, അതിപ്രധാനമായ മറെറാരു ദൈവികലക്ഷണമാണു പ്രവചനം. അസംഖ്യം പ്രവചനങ്ങൾ ക്രിസ്തുവിനേയും ക്രിസ്തുമതത്തേയുംകുറിച്ച് ഉണ്ടായിട്ടുണ്ടെന്ന്

(1) Cfr. 'അത്ഭുതം–എതിർവാദങ്ങൾ' പു. 152–162.

വിശുദ്ധ ഗ്രന്ഥത്തിലെവിടെത്തിരഞ്ഞാലും കാണാം. ഇവിടെ പ്രഖ്യാതങ്ങളായ ചില പ്രവചനങ്ങൾമാത്രം ഉദ്ധരിക്കാം.

a) ആദ്യം പഴയനിയമത്തിൽനിന്നു്

അബ്രാഹത്തിൻെറ പുത്രൻ (ഉൽപത്തി, 22: 18), യൂദായുടെ ഗോത്രം (ഉൽപ. 49: 10), ദാവീദിൻെറ സന്താനം (സങ്കീ. 88), എല്ലാജനങ്ങളാലും പ്രതീക്ഷിക്കപ്പെട്ട മിശിഹാ (ഉൽപ. 49: 10), കന്യകയിൽനിന്നു ജനിക്കും (ഏശ. 7), ബെസ്ലഹേം പട്ടണത്തിൽ (മിഖ. 5: 12), ജാതി കീഴ്പെടുന്നതിനു മുമ്പ് (ഉൽപ. 49), ഓർശ്ലേം ദൈവാലയം വീണ്ടും പണിയുന്നതിനുള്ള വിളംബരത്തിനുശേഷം എഴുപതാം വർഷത്തിൽ $=70\times7=$ 490-ാം കൊല്ലം (ദാനിയേൽ 9: 24-27), ഈ രണ്ടാം ദൈവാലയം ഒരു വിദേശീയജാതിക്കാരാൽ നശിപ്പിക്കപ്പെടുന്നതിനുമുമ്പ് (മിഖ. 5: 2)... അവൻെറ (ക്രിസ്തുവിൻെറ) ആഗമനം ഒരു സാർവ്വത്രികസമാധാനത്തെത്തുടർന്നാണു് (ദാനി. 2); അവൻെറ മാർഗ്ഗം ഒരു പ്രത്യേക പ്രതിപുരുഷൻ അറിയിക്കുകയും (മലാക്കി. 3), ഈ പ്രതിനിധിയുടെ സ്വരം മരുഭൂമിയിൽ പ്രതിധ്വനിക്കുകയും ചെയ്യും (ഏശ. 40)... മിശിഹാ സ്വഭാവത്തിലും നാമത്തിലും ഈശോ, അഥവാ, രക്ഷകൻ(ഹബക്കുക്, 3; ഏശ 41),ക്രിസ്തു, അഥവാ, ദൈവത്തിൻെറ അഭിഷിക്തൻ (സങ്കീ. 2; 44; ഏശ. 51), ദൈവപുത്രൻ (സങ്കീ. 2; ഹോശ. 11).... കിഴക്കുനിന്നു രാജാക്കന്മാർ വന്നു് അവനെ ആരാധിക്കുകയും അവനു പൊന്നും മീറയും കാഴ്ചവയ്ക്കുകയും ചെയ്യും (സങ്കീ. 71; ഏശാ. 60). രക്ഷകൻ

ഈജിപ്തിലും (ഹോശാ 2) ഗ്ലീലായിലെ നസ്രത്തിലും (ഏശായാ 9) തന്റെ സാന്നിദ്ധ്യത്താൽ ദൈവാലയത്തെ മാനിക്കും അഗ്ഗേയസ 2; മലാക്കി 3)... അവൻ ദരിദ്രനും യൗവനംമുതൽ ബുദ്ധിമുട്ടുള്ളവനുമായിരിക്കും (സങ്കീ. 87); എന്നാലും അവിടുന്നു രാജാവും ഭൂമിയുടെ അതിർത്തിവരെയെത്തുന്ന ഒരു രാജ്യത്തിന്റെ ഉടമസ്ഥനും ആയിരിക്കും (സങ്കീ. 2)... തന്റെ അത്ഭുതങ്ങളാൽ അവിടുന്നു് അന്ധനു കാഴ്ചയും ബധിരനു കേൾവിയും മൂകനു സംഭാഷണശക്തിയും നല്കും (ഏശായാ 35; 42)... അവിടുന്നു നമ്മുടെ പാപങ്ങളെ പേറുകയും വ്യസനങ്ങളെ വഹിക്കുകയും ചെയ്യും... നമ്മുടെ അധർമ്മങ്ങൾക്കു വേണ്ടി മുറിവേല്പിക്കപ്പെടുകയും പാപങ്ങളെപ്രതി നുറുങ്ങപ്പെടുകയും ചെയ്യും.... അദ്ദേഹം മനുഷ്യരാൽ ധിക്കരിക്കപ്പെടും; ത്യജിക്കപ്പെടും (ഏശാ. 80). എന്റെ കൈകളും പാദങ്ങളും അവർ തുളച്ചു; അസ്ഥികൾ എല്ലാം അവർ എണ്ണി. അവർ എന്റെമേൽ സൂക്ഷിച്ചുനോക്കി; എന്റെ വസ്ത്രങ്ങളെ അവർ തങ്ങളുടെയിടയിൽ വിഭജിച്ചു; എന്റെ ഉടുപ്പിനവർ ചിട്ടിയിട്ടു... (സങ്കീ. 21).

സഭാസ്ഥാപനത്തെക്കുറിച്ചും പ്രവചനങ്ങൾ ഉണ്ടു: “ദൈവം തന്റെ അരൂപിയെ ഓർശ്ലേംനിവാസികളുടെ മേൽ ചൊരിയും. അവൻ ഒരു പുതിയ ഹൃദയത്തെ അവർക്കു നല്കുകയും പുതിയൊരു അരൂപിയെ അവരിൽ ഉളവാക്കുകയും ചെയ്യും (ഏശാ. 46; ഹെസക്കിയേൽ 36; യോവേൽ 2). സിയോണിൽ ആദ്യം പ്രസംഗിക്കപ്പെട്ട ദൈവവചനം (ഏശാ. 2) വിശ്വസ്തസാക്ഷിക

ളാൽ ലിദിയാ, ആഫ്രിക്കാ, ഇററലി, ഗ്രീസ്, ദ്ദൂരസ്ഥ ദ്വീപുകറം എന്നിവിടങ്ങളിലേക്കും അന്ധകാരത്തിൽ നിമഗ്നമായിക്കിടക്കുന്ന ജനങ്ങളിലേക്കും കൊണ്ടുവരപ്പെട്ടും (ഏശാ. 60; 63). ഒരു പുതിയ ഉടമ്പടി എല്ലാജനങ്ങളേയും യോജിപ്പിക്കും" (ഏശാ. 49; ജെറമിയാസ് 31).

പഴയനിയമത്തിലെ ഈ പ്രവചനങ്ങറം അക്ഷരം പ്രതി നിറവേറിയിട്ടുണ്ടെന്നു ബോധപ്പെടുവാൻ സുവിശേഷങ്ങറം ഒന്നു വായിച്ചാൽമതി. ക്രിസ്തുവിൻെറ ജനനത്തേയും ജീവിതത്തേയും മരണത്തേയും അവിടുന്നു സ്ഥാപിച്ച സഭയേയും സംബന്ധിച്ച കാര്യങ്ങറം, അവയുടെ വിശദാംശങ്ങറംപോലും, അനേകയുഗങ്ങറംക്കുമുമ്പുണ്ടായ ദീർഘദർശനങ്ങളുടെ നിവ്വഹണമാണെന്നു കാണാം.

## b) പുതിയനിയമത്തിൽനിന്നു്

ക്രിസ്തുതന്നെ പലേസംഗതികറം പ്രവചിച്ചിട്ടുണ്ട്. ചിലതു തന്നേയും ശിഷ്യന്മാരേയും സഭയേയുംകുറിച്ചാണ്. മററു ചിലതു യഹൂദജനതയേയും ലോകാവസാനത്തേയും സ്പർശിച്ചും. അവയിൽ ഏററം പ്രസക്തവും പ്രധാനവുമായവ ഇവിടെക്കുറിക്കാം:

### 1) ക്രിസ്തുവിൻെറ മരണവും ഉയിർപ്പും

"ഇതാ, നാം ഓർശ്ലത്തേക്കു കയറിച്ചെല്ലുന്നു. മനുഷ്യപുത്രൻ പ്രധാനാചാര്യന്മാർക്കും

"അവർ ഈശോയെ പിടിച്ചു പ്രധാനാചാര്യനായ കയ്യപ്പായുടെ അടുക്കൽ, നിയ

നിയമജ്ഞന്മാർക്കും കൈയേല്പി ക്കപ്പെടും. അവർ അവനെ മരണത്തിനു വിധിക്കുകയും പുറജാതികൾക്ക് ഏല്പിച്ചു കൊടുക്കുകയും ചെയ്യും" (മാർക്കോ. 10: 33).

മജ്ഞന്മാരും മൂപ്പന്മാരും കൂടിയിരുന്നിടത്തേക്ക് കൊണ്ടുപോയി........ അവർ ഈശോയെ കൊല്ലുവാൻ അവനു വിരോധമായി സാക്ഷികളെ അന്വേഷിച്ചു........ ബന്ധിച്ചു കൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏല്പിച്ചു.. ഈശോയെ ചമ്മട്ടികൾ കൊണ്ടടിച്ചു; കുരിശിൽ തറയ്ക്കുവാൻ ഏല്പിക്കുകയും ചെയ്തു...." (മത്താ. 26: 57; 27: 26).

"അവർ അവനെ പരിഹസിക്കുകയും ചമ്മട്ടികൊണ്ടടിക്കുകയും കുരിശിൽ തറയ്ക്കുകയും ചെയ്യും. മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേല്ക്കും" (മത്താ. 20: 19; 12: 39–40).

"കുരിശിൽ തറയ്ക്കപ്പെട്ട ഈശോ... അരുളിച്ചെയ്തിരുന്നതുപോലെ ഉയിർത്തെഴുന്നേററു" (മത്താ. 28: 5–6).

## 2) ശിഷ്യന്മാരെക്കുറിച്ച്

### a) ശിഷ്യന്മാരുടെ ഉപേക്ഷിച്ചുപോകൽ.

"നിങ്ങൾ എല്ലാവരും ഈ രാത്രിയിൽ എന്നിൽ ഇടറും. ഇടയനെ ഞാൻ അടിക്കും. അവൻെറ ആട്ടിൻകൂട്ടത്തിലെ ആടുകൾ ചിതറിപ്പോകുമെന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ" (മത്താ. 26: 31).

"അപ്പോൾ ശിഷ്യന്മാരെല്ലാം അവനെ വിട്ട് ഓടിപ്പോയി" (മത്താ. 26: 56).

### b) പത്രോസിന്റെ നിഷേധിച്ചു പറയൽ

"ഞാൻ സത്യമായി നിങ്ങളോടു പറയുന്നു; ഈ രാത്രി കോഴി കൂവുന്നതിനുമുമ്പു മൂന്നുപ്രാവശ്യം നീ എന്നെ ഉപേക്ഷിച്ചു പറയും" (മത്താ. 26: 34).

"നിങ്ങൾ പറയുന്ന ഈ മനുഷ്യനെ ഞാൻ അറിയുകയില്ല എന്നു് അവൻ ശപിക്കുവാനും ആണയിടുവാനും തുടങ്ങി. ആ സമയത്തുതന്നെ പൂവൻകോഴി രണ്ടാംപ്രാവശ്യം കൂവുകയും ചെയ്തു" (മർക്കോ. 14: 71–72).

### c) യൂദായുടെ ഒററിക്കൊടുക്കൽ

"നിങ്ങളിൽ ഒരുത്തൻ എന്നെ ഒററിക്കൊടുക്കുമെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (മത്താ. 26: 21).

"അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഇതാ, പന്ത്രണ്ടുപേരിൽ ഒരുവനായ ഒററുകാരൻ യൂദായും, അവനോടുകൂടെ... വളരെ ജനങ്ങളുടെ കൂട്ടവും വന്നെത്തി" (മത്താ. 26: 47).

### d) അപ്പോസ്തലന്മാർക്കുണ്ടാകുവാനിരുന്ന ഞെരുക്കങ്ങൾ

"അവർ ന്യായാധിപന്മാരുടെ കച്ചേരിയിൽ നിങ്ങളെ ഏല്പിക്കുകയും തങ്ങളുടെ സംഘങ്ങളിൽവച്ചു നിങ്ങളെ അടിക്കുകയും ചെയ്യും" (മത്താ. 10: 17...).

"അവർ അവരെ അടിക്കുകയും സന്ധ്യയായതിനാൽ പിറേറ ദിവസത്തേക്കു് അവരെ സൂക്ഷിക്കുകയും ചെയ്തു" (നടപടി 4: 1–18). "അവർ ശ്ലീഹന്മാരുടെമേൽ കൈവച്ചു് അവരെ പിടിച്ചു കാരാഗൃഹത്തിൽ ബന്ധിച്ചു" (നടപടി 5: 18...).

## 3) സഭയെക്കുറിച്ച്

"നീ കേപ്പായാകുന്നു; ഈ കേപ്പായിന്മേൽ എന്റെ പള്ളിയെ ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല" (മത്താ. 16: 18). "ആകയാൽ നിങ്ങൾ പോയി എല്ലാജാതികളേയും പഠിപ്പിക്കുവിൻ...... ഞാൻ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ട്" (മത്താ. 28: 19–20).

ശിഷ്യന്മാരുടെ പ്രബോധനസ്വരം ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടു (നടപടി 2. 1-21). ഇന്നും മാറ്റൊലിക്കൊള്ളുന്നു. ബഹുവിധപ്രാതികൂല്യങ്ങളെ തരണംചെയ്തുകൊണ്ടു ക്രിസ്തുവിന്റെ സഭ ലോകത്തെവിടെയും മുന്നേറുന്നതു കാണുക (1. തെസ്സ. 1: 8; കൊലോ. 1: 6).

## 4) ഓർശ്ലത്തിന്റെ നാശത്തേയും യഹൂദന്മാരേയും സംബന്ധിച്ച്

"ജനം ജനത്തിന്നെതിരായും രാജ്യം രാജ്യത്തിന്നെതിരായും നില്ക്കും. ക്ഷാമങ്ങളും പകർച്ചവ്യാധികളും ഭൂകമ്പങ്ങളും അവിടെയെല്ലാമുണ്ടാകും... വളരെ വ്യാജപ്രവാചകന്മാർ പുറപ്പെട്ടുവരുകയും പലരെ തെറ്റിക്കുകയും ചെയ്യും" (മത്താ. 24: 7–16). "സൈന്യം ഓർശ്ലത്തെ വളഞ്ഞിരിക്കുന്നതായി നിങ്ങൾ കാണുമ്പോൾ അതിന്റെ നാശം അടുത്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊള്ളുവിൻ... അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും

ഇവയെല്ലാം 70–ാം വത്സരം സംഭവിച്ചെന്നു ക്രൈസ്തവേതര ഗ്രന്ഥകർത്താക്കൾ തന്നെ വിവരിക്കുന്നു. നീറോയുടെ മരണത്തോടുകൂടി പല പ്രവിശ്യകളിലും വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പഞ്ഞവും വസന്തയുംമൂലം അനേകർ മരിച്ചു (Seuton. Claudius 18; Tacitus, Annals, 14, 13; Jewish Wars-Joseph, 6: 9, 3). പല സ്ഥലങ്ങളിലും ഭൂകമ്പങ്ങളുണ്ടായി (Tacitus-Annals: 14, 27...). ട്രൈ

എല്ലാ സ്ഥലങ്ങളിലേക്കും അടിമകളായി കൊണ്ടുപോകപ്പെടുകയും പുറജാതികളുടെ കാലം പൂർത്തിയാകുന്നതുവരെ ഓർശ്ലേം പുറജാതികളാൽ ചവിട്ടപ്പെടുകയും ചെയ്യും" (ലൂക്കാ 19: 43..... 21: 20–24).

ഡസ് (Teudas), സൈമൺ മാഗ്രൂസ് (Simon Magus), യൂദാസ് ഗൗലോനിററിഡസ് (Judas Gaulonitides) തുടങ്ങിയ കള്ളപ്രവാചകന്മാർ യൂദയായിൽ തലപൊക്കി (Joseph. Antiq. 20: 5, 1-2; Bellum Judaicum 2: 13, 5). ഇവരാൽ പ്രചോദിതരായി യഹൂദന്മാർ റോമാക്കാർക്കെതിരേ വിപ്ളവത്തിനൊരുങ്ങി. വെസ്പാസിയൻ സൈന്യസന്നാഹങ്ങളോടെ ഗലീലിയ ആക്രമിച്ച്, വളരെയേറെ യഹൂദന്മാരെ കൊന്നൊടുക്കി. വെസ്പാസിയനുശേഷം മകൻ ടൈററസ് സമരം തുടർന്നു. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ പ്രവചനം മനസ്സിൽ വച്ചുകൊണ്ട്, അവിടെനിന്നു "പെല്ല" എന്ന നഗരത്തിലേക്കു പോയി പാർപ്പുറപ്പിച്ചു. ടൈററസാകട്ടെ, ഒലിവെററ് മലയിൽ താവളമുറപ്പിച്ച്, പട്ടണത്തെ വളഞ്ഞു് ആക്രമണം ആരംഭിച്ചു. ദൈവാലയം അഗ്നിക്കിരയായി നിശ്ശേഷം നശിച്ചു. എണ്ണമില്ലാതെ യഹൂദന്മാർ കൊല്ലപ്പെട്ടു. (1,100,000 എന്നു് ഫ്ളാവിയസ് ജോസഫ് സംഖ്യ നിർണ്ണയിക്കുന്നു). ചിലർ അടിമ

"ഇവയെല്ലാം സംഭവിക്കുന്നതിനുമുമ്പ് ഈ തലമുറകടന്നുപോകയില്ല" (മത്താ 24: 34).

കളായി പിടിക്കപ്പെട്ടു. ശേഷിച്ചവർ വിരണ്ടോടി. ഇതെല്ലാം സംഭവിച്ചതു ക്രിസ്തുവിന്റെ മരണത്തിനുശേഷം 37 കൊല്ലം കഴിഞ്ഞപ്പോഴാണ്. (Josephus-Bellum Judaicum...)

ആവിഷ്കൃതമതത്തിന്റെ നിർണ്ണായകലക്ഷണങ്ങൾ ഏവയെന്നും ആ ലക്ഷണങ്ങൾ—ആഭ്യന്തരവും ബാഹ്യവും ദൈവികവുമായ അടയാളങ്ങൾ—എങ്ങനെ ക്രിസ്തുമതത്തിൽ നിറവേറിയിട്ടുണ്ടെന്നും നാം വിശദമായിത്തന്നെ ചർച്ച ചെയ്തു. സ്വാഭാവികവും അപ്രമാദവുമായ ഒരു നിഗമനത്തിൽ ചെന്നെത്താൻ ഇപ്പോൾ നാം നിർബദ്ധരത്രേ—ക്രിസ്തുമതം തീർച്ചയായും ഈശ്വരപ്രകാശിതമാണ്.

ബാഹ്യലക്ഷണങ്ങളിൽ ശേഷിച്ച രണ്ടെണ്ണംകൂടി എങ്ങനെ ക്രിസ്തുമതത്തിൽ ഒത്തിണങ്ങി നില്പുണ്ടെന്ന് മൂന്നാംഭാഗത്തിൽ വിശദമാക്കുന്നതാണ്.

# ശുദ്ധിപത്രം

## മതം ശാസ്ത്രവേദിയിൽ

(രണ്ടാംഭാഗം)

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 71 | 17 | മൗലികത്വ | മൗലികതത്വ |
| 72 | 19 | Feteshism | Fetishism |
| 76 | 5 | മനുഷ്യനെത്തന്നെ | മനുഷ്യനുതന്നെ |
| 85 | 12 | വിസ്മയാമഹ | വിസ്മയാവഹ |
| 95 | 8 | ചൂണ്ടിക്കാണിച്ച | ചൂണ്ടിക്കാണിച്ച |
| 95 | 9 | വിശ്വാസമുണ്ടെന്നും | വിശ്വാസമുണ്ടെന്ന് |
| 122 | 6 | രഹസ്യങ്ങൾ | രഹസ്യങ്ങൾ ആവി [ഷ്കരിക്കുക |
| 138 | 19 | അപായമില്ല | അപാകമില്ല |
| 138 | 23 | ആകെത്തുക്കം | ആക്കത്തുക്കം |
| 139 | 4 | തെളിയിക്കുവാൻ | തെളിക്കുവാൻ |
| 149 | 9 | ചാരിത്രകത | ചാരിത്രികത |
| 157 | 7 | താഴ്ത്തുന്നു | താഴുന്നു |
| 161 | 15 | നിവേചന | നിവേശന |
| 164 | 6 | പ്രവന | പ്രവചന |
| 194 | 11 | ആളുകൾ | താളുകൾ |
| 210 | 12 | Syncteism | Syncretism |
| 224 | 21 | ആശ്രയിച്ച്, | ആശ്രയിച്ചു, |
| 234 | 10 | വിശേഷങ്ങൾ | ഗുണവിശേഷങ്ങൾ |
| 252 | 18 | തീയതിയിണു | തീയതിയാണ് |
| 252 | 21 | സൂക്ഷ്മമായാ | സൂക്ഷ്മമായി |
| 253 | 10 | തെളിവുകളോട്ട് | തെളിവുകളോട്ടുകൂടെ |

JEEVAS LIBRARY

# ഞങ്ങളുടെ ചില പുതിയ പുസ്തകങ്ങൾ

| | | | രൂ. | ന.പൈ |
|---|---|---|---|---|
| 1 | തിരുഹൃദയാനുകരണം | (മേനിക്കടലാസ്) | 4 | 00 |
| | ,, ,, | (സാധാരണകടലാസ്) | 3 | 50 |
| 2 | ഗലിലേയന്റെ സേനയിൽ | | 2 | 62 |
| 3 | മനുഷ്യപുത്രൻ | | 2 | 00 |
| 4 | ചിന്താമണി | | 1 | 75 |
| 5 | മരിയൻ പ്രേഷിതജീവൻ | | 1 | 62 |
| 6 | സ്വർഗ്ഗീയകുസുമങ്ങൾ | (മൂന്നാംഭാഗം) | 1 | 62 |
| 7 | ,, | (നാലാംഭാഗം) | 1 | 62 |
| 8 | ദിവ്യബലി | | 1 | 62 |
| 9 | മതബോധനകഥകൾ | (ഒന്നാംഭാഗം) | 1 | 50 |
| 10 | വിശ്വറാണി | | 1 | 37 |
| 11 | അധ്യാത്മസമരം | | 1 | 37 |
| 12 | ഹൃദയനാഥൻ | | 0 | 87 |
| 13 | ജീവദായകൻ | | 0 | 87 |
| 14 | പുരോഗതിയുടെ മാർഗ്ഗത്തിൽ | | 0 | 69 |
| 15 | വളരുന്ന തലമുറ | | 0 | 69 |
| 16 | ലക്ഷങ്ങളുടെ വിശ്വാസം | | 1 | 12 |
| 17 | മാതൃസഭയിലേക്ക് | | 0 | 62 |
| 18 | കപ്പയിലെ മാണിക്യം | | 0 | 62 |
| 19 | സദാചാരശാസ്ത്രം | | 0 | 62 |
| 20 | പീഡാനുഭവരംഗങ്ങളിലൂടെ | | 0 | 37 |
| 21 | ജോസിസം കേരളത്തിൽ | | 0 | 25 |
| 22 | ദൈവവിളിസ്മരണകൾ | | 0 | 25 |
| 23 | എന്റെ ആദ്യകുർബാനകൈക്കൊള്ളൽ | | 0 | 22 |
| 24 | ഹൃദയനാദം | (പാട്ട്) | 0 | 12 |

ജനറൽ സെക്രട്ടറി,
എസ് എച്ച്. ലീഗ്,
ആലുവാ നോർത്ത് P. O.

III B 129
3067

# മതം ശാസ്ത്രവേദിയിൽ

— രണ്ടാംഭാഗം —

## അതിസ്വാഭാവികമതം

Indic Digital Archive Foundation
gpura.org